ISSN 2456-2777
9 772456 277701
2024 ഓഗസ്റ്റ് പുസ്തകം 9 ലക്കം 10 ₹ 40

# എഴുത്ത് മാസിക

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

## രാത്രിയിൽ കിട്ടിയതുകൊണ്ടാണോ സ്വാതന്ത്ര്യം ഇരുണ്ടിരിക്കുന്നത്?

കെ.വി. മോഹൻകുമാർ
ബാലചന്ദ്രൻ വടക്കേടത്ത്
അൻവർ അബ്ദുള്ള
ഡോ. മാർട്ടിൻ ശങ്കൂരിക്കൽ



**മലയാളത്തിനും സ്വാതന്ത്ര്യം നിഷേധിക്കുന്നവർ**
ഡോ. ശിവപ്രസാദ് പി.

**ആദിവാസി ദലിത് വിദ്യാർഥികൾ ആശങ്കയിൽ**
ഷാജു വി. ജോസഫ്

കവിത
ജോയ് വാഴയിൽ
വിമീഷ് മണിയൂർ
മാങ്ങാട് രത്നാകരൻ
പി. സുധാകരൻ
സതീഷ് കളത്തിൽ

കെ.പി. ഫാബിയാൻ
വൈക്കം മുരളി
കെ. അരവിന്ദാക്ഷൻ
ഇ.എം. ഹാഷിം
ഡോ. സെബാസ്റ്റ്യൻ ജോസഫ്

കഥ
വി. ജയദേവ്

ശാസ്ത്രം
അനുപമ ബി.
പി.കെ. സുരേഷ്

## ഏറ്റവും നല്ലത് എഴുത്തിൽ തന്നെ

# എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

### മലയാള ഭാവനയുടെ ഭാവിരൂപം

ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് പ്രസിദ്ധീകരിക്കുന്ന മാസിക



ഒറ്റപ്രതി : 40.00

| | | വരിസംഖ്യ | [illegible] |
|---|---|---|---|
| 1 വർഷം | - | 480 | 480 |
| 2 വർഷം | - | 960 | 950 |
| 3 വർഷം | - | 1440 | 1400 |
| 5 വർഷം | - | 2400 | 2300 |

വരിക്കാരാകാൻ ഫോണിലെ
UPI App ഉപയോഗിച്ച്
QR Code സ്കാൻ ചെയ്യുക

Cheque/DD/Money Order in favor of
**LOYOLA PEACE TRUST,**
**STATE BANK OF INDIA,**
**DESHABHIMANI JN., KALOOR BRANCH**

വരിസംഖ്യ അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാം
Cash Remittance നടത്തുന്നവർ
Bank Charge ഉം കൂടി ഉൾപ്പെടുത്തണം


**A/C. No. 35112898418**
**MICR: 682002906 IFSC: SBIN0070327**

(തുക അക്കൗണ്ടിലടച്ചശേഷം വിവരം അറിയിക്കണം)

മാനേജിംഗ് എഡിറ്റർ
എഴുത്ത് മാസിക, ലൂമൻ ജ്യോതിസ്, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17
ഫോൺ: 0484 2334048, 81292 16033 ezhuthumagazine@gmail.com

മുൻവാക്ക്

സി. രാധാകൃഷ്ണൻ



# എന്റെ കാലിലെ ചങ്ങല



ഒരു സ്വാതന്ത്ര്യദിനംകൂടി വരുന്നു. ഇപ്പോൾ നാം സ്വാഭാവികമായും ആലോചിക്കുന്നത് നമുക്ക് എന്ത് സ്വാതന്ത്ര്യമാണ് അതിനുമുൻപ് ഇല്ലാതിരുന്നത്, കിട്ടിയത് എന്താണ്, അതിന്റെ അവസ്ഥ ഇപ്പോൾ എങ്ങനെ എന്നൊക്കെ.

സ്വാതന്ത്ര്യം എന്നാൽ എന്താണ്, എങ്ങനെയിരിക്കണം എന്നുകൂടി ചിന്തിക്കുന്നത് നന്നാവും എന്ന് തോന്നുന്നു.

ലോകത്തെങ്ങും ഈ വാക്കിന് അർഥഭേദം ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ നാം ഉപയോഗിക്കുന്ന ഇതൊരു സംസ്കൃതപദമാണ്. നമ്മൾ ഇന്ന് ധരിക്കുന്നതായിരുന്നില്ല അതിന്റെ ശരിയായ പഴയ അർഥം. അസുഖകരമായ ഒരു അവസ്ഥ എന്നായിരുന്നു. അതായത് സ്വന്തം കൗശലംകൊണ്ട് ജീവിക്കേണ്ടുന്ന ദുഃസ്ഥിതി. ആരുടെയും ഒരു പരിരക്ഷയും നിരുപാധികം പ്രതീക്ഷിക്കാനില്ല. സ്വന്തം കൗശലംകൊണ്ട് കഴിയണം. ഈ സ്ഥിതി സമൂഹത്തിൽ ആർക്കും, വിശേഷിച്ച് സ്ത്രീക്ക്, ഉണ്ടാകരുത് എന്നാണ് മഹർഷി "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നതുകൊണ്ട് ഉദ്ദേശിച്ചത്. ആ ശിക്ഷ അർഹിക്കുന്നില്ല എന്നുതന്നെ.

കാലം നാറിയപ്പോൾ (അല്ല, അക്ഷരത്തെറ്റല്ല) പുരുഷമൃഗങ്ങൾ ഇത് തെറ്റായി വ്യാഖ്യാനിച്ചു എന്നതു ശരി. അതിനു മഹർഷി എന്തു പിഴച്ചു? പറഞ്ഞുനോക്കി അദ്ദേഹം, അരുത് കാട്ടാളാ എന്നുവരെ.

ആരൊക്കെ എന്തൊക്കെ സിദ്ധാന്തവത്കരിച്ചാലും ഒരുകാര്യം തീർച്ചയാണ്: എല്ലാവരും മറ്റെല്ലാവർക്കും വേണ്ടി ജീവിക്കുന്ന ഒരു ലോകത്തു മാത്രമേ ഒരുതരം ബന്ധനവും ആർക്കും ഇല്ലാതിരിക്കൂ. വാദിയും പ്രതിയും ന്യായാധിപനും ഒരേ ഒരാളായിരിക്കെ മാത്രമേ അന്യൂനമായ നീതി നടപ്പിലാവൂ.

എന്റെ ചെറിയ അറിവിൽ ഒരു മതവും വിശ്വാസവും ഇതിന് എതിരല്ല.

ഒരുകാര്യം നമുക്ക് മറക്കാവുന്നതല്ല: ആഫ്രിക്കൻ വൻകരയിൽ ഉള്ളവരോട് യൂറോപ്യർ കാണിച്ച ക്രൂരതകൾ ഒന്നും ബ്രിട്ടീഷുകാർ നമ്മോട് ചെയ്തിട്ടില്ല. ഇവിടത്തെ മഹാരാജക്കന്മാരിൽ പലരും ചെയ്തുകൊണ്ടിരുന്ന മഹാക്രൂരതകളെ അപേക്ഷിച്ച് വളരെ സ്വാഗതാർഹമായിരുന്നു വെള്ളക്കാരുടെ പൊതു പെരുമാറ്റം.

സർവ ചരാചരങ്ങളുടെയും ഹിതത്തിനുവേണ്ടി ജീവിക്കുക എന്നാണ് മഹർഷി പറഞ്ഞത്. ആ 'സർവ'ത്തിൽ ഞാനും പെടുന്നതുകൊണ്ട് എന്റെ സ്വാതന്ത്ര്യമോ സുഖമോ അപ്പോൾ പ്രത്യേകമായി പറയേണ്ട കാര്യമില്ലല്ലോ. അതല്ലാതെ മറ്റാർക്കും ഇല്ലാതെ എനിക്കുമാത്രം സുഖ,സ്വാതന്ത്ര്യങ്ങൾ എന്നു പറയുമ്പോൾ ഇപ്പോഴുള്ള ലോകക്രമം തന്നെയേ കിട്ടൂ.

ഒരു തന്ത്രംകൊണ്ടും വെള്ളത്തിൽ ഒരു കൂമ്പാരം കൂട്ടാൻ കഴിയില്ല, സമുദ്രത്തിൽ ഒരു കുഴികുഴിച്ച് നിലനിർത്താനും പറ്റില്ല. ഓരോ ജലകണികയും മറ്റെല്ലാ കണികകളുമായി സമതുലനാവസ്ഥയിൽ നില്ക്കാനാണ് എപ്പോഴും ശ്രമിക്കുക. നമുക്കാണ് രാഷ്ട്രതന്ത്രം, ഭരണതന്ത്രം, ധനതന്ത്രം എന്നു തുടങ്ങിയ കുന്ത്രാണ്ടങ്ങൾ (tricks) ആവശ്യം. എന്റെ തന്ത്രം എന്നെ ബന്ധിക്കില്ല എന്നാണ് എന്റെ വിചാരം. ഫലമോ എന്റെ രണ്ടുകാലിലും ചങ്ങല. എന്നോട് ചിലർ പറയുന്നു അതു നിന്റെ രക്ഷയ്ക്കാണ്. അല്ലെന്ന നേര് എങ്ങാൻ പറഞ്ഞുപോയാൽ ആദ്യംകിട്ടുന്നത് തല്ല്. അതു വെറും മിനിമം. ശിക്ഷയുടെ പെരുക്കപ്പട്ടിക കുരിശുമരണം വരെ.

അതിനാൽ ഈ സ്വാതന്ത്ര്യദിനത്തിലെങ്കിലും നമുക്ക് കാര്യമായി ആലോചിക്കാം: വേണ്ടേ നമുക്ക് സ്വാതന്ത്ര്യം? അഴിക്കാൻ തയാറാണോ നാം നമ്മുടെ കാലിലെ എല്ലാ ചങ്ങലകളും?

എന്നെ ചങ്ങലക്കിടുന്നത് ഞാൻ തന്നെയാണ് എന്ന കഥ എന്നാണ് എനിക്ക് തിരിച്ചറിയാനാവുക.

ഞാൻ വേറെയാണ്, എന്റെ ലക്ഷ്യം എന്റെ സുഖം മാത്രമാണ്, എന്റെ സഹോദരന്റെ ചോരയ്ക്ക് ഞാൻ കാവൽക്കാരനല്ല എന്ന മനോഭാവം ആദ്യപാപം. അതോടെ സ്വർഗരാജ്യത്തിൽനിന്ന് പുറത്തായ എനിക്ക് അവിടെ തിരിച്ചുചെല്ലാൻ ഒരു പ്രയാസവും വാസ്തവത്തിൽ ഇല്ല. സ്വയം തിരഞ്ഞെടുക്കുന്നതല്ലേ, അടിച്ചേല്പിക്കുന്ന ഒന്നല്ലല്ലോ, സ്വർഗരാജ്യത്തിൽ ഒരു കാര്യവും – സ്വാതന്ത്ര്യം ഉൾപ്പെടെ.●

# എഴുത്ത്
ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

പുസ്തകം ഒൻപത് | ലക്കം പത്ത്
2024 ആഗസ്റ്റ് | 1199 കർക്കിടകം-ചിങ്ങം 1200



രക്ഷാധികാരി : ഇ.പി.മാത്യു എസ്.ജെ

ഉപദേശക സമിതി : എം.തോമസ് മാത്യു
കെ.സി.നാരായണൻ
മ്യൂസ് മേരി ജോർജ്
സുനിൽ പി. ഇളയിടം
തമ്പി ആന്റണി
എം.വി.ബെന്നി

മാനേജിങ് എഡിറ്റർ : ബിനോയ് പിച്ചളക്കാട്ട്

എഡിറ്റർ : ബിജു ജോർജ്

കൺസൾട്ടന്റ് : വി.ജി. തമ്പി
മോൻസി ജോസഫ്

സീനിയർ സബ് എഡിറ്റർ : മനോജ് എ.ആർ

എഡിറ്റോറിയൽ ബോർഡ് : അഗസ്റ്റിൻ പാംപ്ലാനി
: രോഷ്നി സ്വപ്ന

അഡ്വർടൈസ്മെന്റ്: ജോ മാത്യു

സർക്കുലേഷൻ : രാധാകൃഷ്ണൻ പി.ജി

ഓഫീസ് : ഷിനു പ്രദീപ്

ലേഔട്ട് : സിപ്സൺ ചെല്ലാനം

കവർ : ഗൗരി പ്രദീഷ്

ഡി.ടി.പി. : വിനോഷ് പൊന്നുരുന്നി



facebook.com/Ezhuthumagazine

ഇ-കോപ്പി വാങ്ങാം

എഴുത്ത് മാസിക
ലൂമൻ, പോണോത്ത് റോഡ്
കലൂർ, കൊച്ചി -17
മൊബൈൽ 81292 16033
ezhuthumagazine@gmail.com
editorezhuthu@gmail.com

പ്രസാധനം
ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
പീസ് ആന്റ് ഇന്റർനാഷണൽ
റിലേഷൻസ്, കൊച്ചി - 17

https://www.magzter.com/IN/LIPI/Ezhuthu/Art/

www.ezhuthu.org/subscription/ എന്ന വിലാസത്തിൽ ലോഗിൻ ചെയ്ത് വരിക്കാരാകാവുന്നതാണ്.
ബന്ധപ്പെടുക : subscribetoezhuthu@gmail.com

ഒരു ജസ്വിറ്റ് സംരംഭം





**03/ മുൻവാക്ക്**
**എന്റെ കാലിലെ ചങ്ങല**
സി. രാധാകൃഷ്ണൻ

**ഫോക്കസ്**

**06/ യഥാർഥ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഇനിയും അകലെയാണ്**
കെ.വി.മോഹൻകുമാർ

**08/ വിയോജിക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന ഇന്ത്യ**
ബാലചന്ദ്രൻ വടക്കേടത്ത്

**12/ സ്വാതന്ത്ര്യമെന്നത് ചോരക്കൊതിയുടെ മറ്റൊരു പേരു മാത്രമോ?**
അൻവർ അബ്ദുള്ള

**18/ രാത്രിയിൽ കിട്ടിയതു കൊണ്ടാണോ നമ്മുടെ സ്വാതന്ത്ര്യമിപ്പോഴും ഇരുണ്ടിരിക്കുന്നത്?**
ഡോ. മാർട്ടിൻ ശങ്കൂരിക്കൽ

**ലേഖനം**

**24/ ഭാഷയ്ക്കും സാഹിത്യത്തിനും ആരാണ് സ്വാതന്ത്ര്യം നിഷേധിക്കുന്നത്?**
ഡോ. ശിവപ്രസാദ് പി.

**40/ രാഹുൽ ഗാന്ധിയിലെ ധാർമിക ഭാവം; നമ്മിലെയും**
കെ.അരവിന്ദാക്ഷൻ

**ശാസ്ത്രം**

**30/ സുചിൻഷാനും മറ്റ് അതിഥികളും**
അനുപമ.ബി / പി.കെ.സുരേഷ്

കഥ

**34/ ഒരു ഉടലിൽ ഒരു ഹൃദയമേയുള്ളൂ എന്ന അസംബന്ധം**
വി. ജയദേവ്

സമകാലികം

**57/ പ്രതിസന്ധി നേരിടുന്ന അടിസ്ഥാനജന വിദ്യാഭ്യാസം**
ഷാജു വി. ജോസഫ്

വായന

**43 / കാവ്യാത്മകത തുടിക്കുന്ന ഡയറിക്കുറിപ്പുകൾ**
വൈക്കം മുരളി

പംക്തി

**22/ നോട്ടം**
വിനോദ് നാരായണൻ

**48/ മൊഴിയാഴം**
എൻ.ഇ. സുധീർ

**52/ ദിനവൃത്താന്തം**
എം.വി.ബെന്നി

കവിത

**42/ സത്യമേവ ജയതേ**
ജോയ് വാഴയിൽ

**47/ യുദ്ധംകൊണ്ടുള്ള ആറേഴ് തമാശകൾ**
വിമീഷ് മണിയൂർ

**56/ ഇലകളുടെ ആൽബം**
പി സുധാകരൻ

**63/ ആത്മകഥാ ശീർഷകങ്ങൾ**
മാങ്ങാട് രത്നാകരൻ

**66/ ഒരിക്കൽക്കൂടി**
സതീഷ് കളത്തിൽ

**64/ വായനക്കാരുടെ വാക്കുകൾ**

**65/ പുസ്തകപ്പൂമുഖം**

കുറിപ്പ്

**60/ കബറിന്നടിയിലെ ദൈവം**
ഇ.എം.ഹാഷിം

സിനിമ

**67/ പുഴയിൽനിന്നു മരുഭൂമിയിലെത്തിയ ആടുജീവിതം**
ഡോ. സെബാസ്റ്റ്യൻ ജോസഫ്

പീസ് കോർണർ

**74/ സമൂഹമൈത്രി മാനുഷികതയുടെ വിളക്ക്**
കെ.പി.ഫാബിയാൻ


## എഡിറ്റോറിയൽ

# ആർക്കുകിട്ടി സ്വാതന്ത്ര്യം ?

സ്വാതന്ത്ര്യം എന്ന മൂല്യത്തെയും രാഷ്ട്രീയ സ്വാതന്ത്ര്യസമരത്തെയും ഇന്ത്യ ഓർത്തെടുക്കുന്ന മാസമാണ് ആഗസ്റ്റ്. ഒരു രാജ്യമെന്ന നിലയിൽ അസ്വാതന്ത്ര്യത്തിന്റെ സങ്കീർണമായ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടാണ് നാം ഇപ്പോഴും ജീവിക്കുന്നത്. കോളനിവാഴ്ചയിൽ നിന്നുമാത്രമേ ഭൂരിഭാഗം ഇന്ത്യക്കാരും മോചിതരായിട്ടുള്ളവെന്ന തിരിച്ചറിവ് ആശങ്കപ്പെടുത്തുന്നതാണ്. സ്വാതന്ത്ര്യം അന്യമാകുന്നിടത്ത് മനുഷ്യനെന്ന അപാരമായ സാധ്യതയാണ് പൊയ്പ്പോകുന്നത്. നമ്മൾ ഇപ്പോഴും അന്വേഷിച്ചുനടക്കുന്നത് നഷ്ടപ്പെട്ടുപോയ സ്വാതന്ത്ര്യത്തിന്റെ പറുദീസയാണ്. സ്വതന്ത്രജീവിതം സാധ്യമാണ് എന്ന് വിശ്വസിക്കുമ്പോഴും അങ്ങേയറ്റം അരക്ഷിതാവസ്ഥയിൽ കഴിയേണ്ടിവരുന്നവരുണ്ട്. ചോരയും ചലവും ചൊരിഞ്ഞല്ല ലോകം സ്വാതന്ത്ര്യത്തിലേക്ക് സഞ്ചരിക്കേണ്ടതെന്ന് വിശ്വസിക്കുന്നവർ. ഇത്തരം മനുഷ്യരുടെ മനസ്സിൽ ഒരു സ്വാതന്ത്ര്യസമരം ഇന്ന് അരങ്ങേറുന്നുണ്ട്. എഴുത്ത് മാസികയുടെ ഈ ലക്കം ഇവർക്കൊപ്പം ചിന്തിക്കുന്നു.

അരുവിയെപ്പോലെ ശാന്തമായ ജീവിതസഞ്ചാരം, ഒരു മരമെങ്ങനെ മരമായിത്തീരുന്നുവോ അങ്ങനെ നാം നാമായിത്തീരാൻ, ഞാനെന്താണോ അതായി മരണമെന്ന ബിന്ദുവിലെത്തുംവരെ ജീവിക്കാൻ കഴിയുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചാണ് കെ.വി.മോഹൻകുമാർ എഴുതുന്നത്. അരുന്ധതി റോയ് ഒരു സ്വാതന്ത്ര്യമാണ് എന്നു തിരിച്ചറിഞ്ഞുകൊണ്ട്, മനുഷ്യാവകാശം നിഷേധിക്കപ്പെടുമ്പോഴെല്ലാം നാം സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കുക സ്വാഭാവികമെന്ന് പറയുന്നു ബാലചന്ദ്രൻ വടക്കേടത്ത്. ആധുനികലോകത്തിന്റെ മുദ്രാവാക്യമായ സ്വാതന്ത്ര്യത്തെ ലോകരാഷ്ട്രചരിത്രവുമായി ബന്ധിപ്പിച്ച് കാണുകയാണ് അൻവർ അബ്ദുള്ള. രാജാവ് നഗ്നനാണെന്ന് പറയുന്ന സ്ഥാപകശിരസ്സുകൾ വെള്ളിത്താലത്തിൽ കോർപറേറ്റ് സലോമിമാർക്ക് വിളമ്പുന്ന നെറികെട്ടകാലത്തെ മാർട്ടിൻ ശങ്കൂരിക്കൽ തുറന്നുകാണിക്കുന്നുണ്ട്. വിദ്യാഭ്യാസമേഖലയിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും സ്വാതന്ത്ര്യം നിഷേധിക്കുന്ന പരിഷ്കരണങ്ങളെക്കുറിച്ചുള്ള പി. ശിവപ്രസാദിന്റെ ലേഖനവും ഇതോടു ചേർത്തു വായിക്കേണ്ടതുണ്ട്.

ആദിവാസി – ദലിത് വിദ്യാർഥികൾ നേരിടുന്ന വിദ്യാഭ്യാസ പ്രതിസന്ധിയെക്കുറിച്ച് എഴുതുന്ന ഷാജു വി.ജോസഫ് നമ്മൾ കൊണ്ടാടുന്ന സ്വാതന്ത്ര്യത്തിന്റെ പൊള്ളയായ ഉള്ള് കാണാൻ സഹായിക്കുന്നു. അടിസ്ഥാനജനവിഭാഗത്തിലെ വിദ്യാർഥികൾ വിദ്യാഭ്യാസ ഗ്രാന്റുകൾ കൃത്യമായി ലഭിക്കുവാനും അവരുടെ വിദ്യാഭ്യാസപ്രശ്നങ്ങൾക്ക് പരിഹാരം തേടിയും തെരുവിലേക്ക് സമരവുമായി ഇറങ്ങേണ്ടിവരുന്ന അവസ്ഥ. കൊടിമരച്ചുവട്ടിൽനിന്ന് സ്വാതന്ത്ര്യനേട്ടങ്ങളെക്കുറിച്ച് വാചാലരാകുന്നവരോട് തെരുവിൽനിന്നുയരുന്നു നെഞ്ചുകീറി ഒരു ചോദ്യം: ആർക്കുകിട്ടി സ്വാതന്ത്ര്യം?

എഡിറ്റർ

ഫോക്കസ്



കെ.വി.മോഹൻകുമാർ

# യഥാർഥ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഇനിയും അകലെയാണ്

**രാജാവ് നഗ്നനാണെന്നു വിളിച്ചുപറയാൻ ഉള്ളു വെമ്പൽകൊള്ളുമ്പോഴും ജീവൽഭയത്താൽ അതിനുകഴിയാതെ വരുന്ന പ്രജകൾ സത്യത്തിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടോ?**

എന്നുമെനിക്കിങ്ങനെ തെരുവുകളിലൂടെ അലയണം. അതാണെനിക്കു സ്വാതന്ത്ര്യം. സ്നേഹത്തിന്റെ സംവാദം.കാട്ടിലെ അരുവിയുടെ സ്വച്ഛന്ദമായ പ്രവാഹം. അതല്ലോ സ്വാതന്ത്ര്യം.' ഹെർമൻ ഹെസ്സേയുടെ ദേശാടനത്തിലെ (വാണ്ടറിംഗ്സ്) വരികളാണിത്.

കാട്ടിലെ അരുവിയെപ്പോലെ ശാന്തമായ ജീവിതസഞ്ചാരമാണു ശരിയായ സ്വാതന്ത്ര്യം. ഞാനെന്താണോ അതായി മരണമെന്ന ബിന്ദുവിലെത്തുംവരെ ജീവിക്കാനുള്ള സ്വാതന്ത്ര്യം. എന്നെ ഞാനാക്കിയെടുക്കാനും നിലനിറുത്താനും അതിലൂടെ ഈ ലോകത്തെ അറിയാനും അനുഭവിക്കാനുമുള്ള സ്വാതന്ത്ര്യം. അതില്ലാതെ സ്വാതന്ത്ര്യമെന്ന വാക്കിന്റെ പൊരുളെന്ത്?

സർഗാത്മകതയുടെ ലോകത്തു സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ കാലമാണിത്. നവ സിനിമയിലും സാഹിത്യത്തിലും ചിത്രകലയിലുമൊക്കെ നമുക്കതു കാണാൻ കഴിയും. പിക്കാസോയും ഷെഗാലുമെല്ലാം ഒരു കാലത്ത് ക്യൂബിസത്തിലേക്കു പോയെങ്കിലും ഷെഗാൽ പിന്നീട് സർറിയലിസത്തിലേക്ക് വന്നതിനെക്കുറിച്ച് ഗുരു നിത്യചൈതന്യ യതിയുടെ നിരീക്ഷണം ഇങ്ങനെയായിരുന്നു.'ആ മടങ്ങിവരവിലൂടെ ഷെഗാൽ മനസ്സിലാക്കിയൊരു രഹസ്യമുണ്ട്,'യതി പറയുന്നു. 'ഇടത്തോട്ടും വലത്തോട്ടും തിരിയാനാവാത്തവിധേന കീഴ്‌വഴക്കങ്ങളുടെയും നിബന്ധനകളുടെയും ബന്ധനത്തിൽ



കുടുങ്ങേണ്ടിവന്നാൽ ഒരു സർഗാത്മക കലാകാരനതിനെ പൊട്ടിച്ചെറിഞ്ഞുകൊണ്ട് ആരോടും വിധേയത്വമില്ലാതെ സ്വാതന്ത്രംപ്രഖ്യാപിക്കുവാൻ മുതിരും'. നമ്മുടെ ഭാഷയിലും രചനാലോകത്തും അതിന്റെ പ്രതിഫലനങ്ങൾ കണ്ടുവരുന്നുണ്ട്. നവമാധ്യമങ്ങളിലൂടെ പിറവിയെടുക്കുന്ന രചനകളിൽ വിശേഷിച്ചും. എന്തെഴുതണം, എങ്ങനെയെഴുതണം എന്നു നിഷ്കർഷിക്കുന്ന എഴുത്തിന്റെ പാണിനിമാരുടെ കാലം കഴിഞ്ഞു. രചനയ്ക്ക് നിയതമായ ചട്ടക്കൂടുകൾ ആവശ്യമുണ്ടോ എന്നതു തന്നെ തർക്കവിധേയമാണ്. 'ഞാൻ എന്തെഴുതുന്നു, എങ്ങനെയെഴുതുന്നു, അതാണു എന്റെ രചന', എന്ന നിലപാടും ആ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ഭാഗമാണല്ലോ?


എന്നാൽ പൗരനെന്ന നിലയിൽ ഓരോ വ്യക്തിക്കും ഈ സ്വാതന്ത്ര്യപ്രഖ്യാപനം സാധ്യമാണോ? ഇന്ത്യ വൈദേശികാധിപത്യത്തിൽനിന്നു സ്വതന്ത്രമായി എഴുപത്തേഴു സംവത്സരങ്ങൾ പിന്നിടുമ്പോഴും 'അല്ല' എന്നു തന്നെയാണുത്തരം. സ്വാതന്ത്ര്യത്തിന്റെ വായുപടലം ഓരോ വർഷം കഴിയുന്തോറും ദുഷിച്ചു വരുന്നതായാണനുഭവം.

സ്വതന്ത്രജീവിതം യാഥാർഥ്യമാകുന്നതെപ്പോഴാണ്? ജീവിതം തട്ടുംതടവുമില്ലാതെ ഒഴുകുമ്പോഴാണ്. വൈകാരികമായ സ്വാതന്ത്ര്യം, സാമൂഹികമായ സ്വാതന്ത്ര്യം, സാമ്പത്തികമായ സ്വാതന്ത്ര്യം, അതിനൊക്കെപ്പുറമേ വ്യക്തിയെന്ന ഏകകത്തിൽ ഒരു വൃക്ഷത്തെപ്പോലെ തനിച്ചുനിന്നും സമൂഹമാകുന്ന വനത്തിന്റെ ഭാഗമായും അനുഭവിക്കാനാവുന്ന സ്വാതന്ത്ര്യം. ഒരു മരമെങ്ങനെ മരമായി നിലകൊള്ളുന്നുവോ അതേപോലെ നമുക്കോരോരുത്തർക്കും നാമായിരിക്കാൻ കഴിയണം. സമകാലിക ജീവിതപരിസരം നിരീക്ഷിച്ചാൽ നമുക്കതിനു കഴിയുന്നില്ല എന്നു തിരിച്ചറിയാനാകും. അരക്ഷിതവും അപരിഷ്കൃതവുമായൊരു സമൂഹത്തിൽ നമുക്കെവിടെയാണു സുരക്ഷിതത്വം? ഒളിഞ്ഞുനോട്ടക്കാർക്കിടയിലാണു

**കാട്ടിലെ അരുവിയെപ്പോലെ ശാന്തമായ ജീവിതസഞ്ചാരമാണ ശരിയായ സ്വാതന്ത്ര്യം. ഞാനെന്താണോ അതായി മരണമെന്ന ബിന്ദുവിലെത്തുംവരെ ജീവിക്കാനുള്ള സ്വാതന്ത്ര്യം.**

നാം ജീവിക്കുന്നത്. പരിഷ്കൃത രാജ്യങ്ങളിലെ ജീവിതവുമായി നമുക്ക് നാം സ്വപ്നംകാണുന്ന വ്യക്തിസ്വാതന്ത്ര്യത്തെ തുലനം ചെയ്യാനാവില്ല. ഞാൻ സഞ്ചരിച്ചിട്ടുള്ള വികസിത മതേതരരാജ്യങ്ങളിലെങ്ങും വ്യക്തിജീവിതത്തിലേക്കുള്ള ഒളിഞ്ഞുനോട്ടങ്ങളോ സമൂഹത്തിന്റെയോ അധികാരകേന്ദ്രങ്ങളുടെയോ ഇടപെടലുകളോ കണ്ടിട്ടില്ല. പ്രണയത്തിന്റെയോ രതിയുടെയോ വിഷയത്തിൽപ്പോലും. നിങ്ങൾ ക്യാമറയുടെ നിരീക്ഷണത്തിലാണെന്ന് ആധുനിക സാങ്കേതികവിദ്യ നമ്മെ ജാഗരൂകരാക്കുമ്പോഴും മറ്റൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെയോ സുരക്ഷയെയോ കുറ്റകരമായ വിധത്തിൽ ഹനിക്കുമ്പോൾ മാത്രമേ ആ ക്യാമറക്കണ്ണുകൾ നമ്മുടെ നേർക്കു തുറിക്കുന്നുള്ളൂ. അധികാരസംവിധാനങ്ങൾക്കു രാഷ്ട്രീയത്തിന്റെയോ മതത്തിന്റെയോ ലിംഗത്തിന്റെയോ പേരിൽ വേട്ടയാടാനുള്ള ഉപകരണമായി ആ ക്യാമറകൾ ഉപയോഗിക്കപ്പെടുന്നില്ല.

സ്വതന്ത്രമായ ആശയവിനിമയവും എഴുത്തും മാധ്യമപ്രവർത്തനവും അധികാരത്തിന്റെയും സ്ഥാപിത മത വിശ്വാസങ്ങളുടെയും വംശ-ജാതി വൈരത്തിന്റെയും കൂർത്ത നഖമുനകളിൽ കുരുങ്ങുന്ന കാലമാണിത്. ഇന്ന് ലോകത്ത് ആവിഷ്കാരസ്വാതന്ത്ര്യം ഏറ്റവും ഭീഷണി നേരിടുന്നത് സമഗ്രാധിപത്യങ്ങളിൽനിന്നും മത മൗലികവാദങ്ങളിൽനിന്നുമാണ്. രാഷ്ട്രീയം, മതം, അധികാരം,സമ്പത്ത്,സ്വാധീനം എന്നീ പദങ്ങളോടൊപ്പമാണ് ഇന്ത്യൻ ഭരണഘടന 'ഉറപ്പാക്കുന്ന' ആവിഷ്കാരസ്വാതന്ത്ര്യം കെട്ടുപിണഞ്ഞുകിടക്കുന്നത്. സൽമാൻ റുഷ്ദിയുടെ 'സാത്താനിക്ക് വേഴ്സസ്' ലോകത്തിലാദ്യമായി തടഞ്ഞത് ആവിഷ്കാരസ്വാതന്ത്ര്യം പൗരന്റെ അവകാശമാണെന്നു പ്രഖ്യാപിക്കുന്ന നമ്മുടെ രാജ്യമാണ്. പരമാർഥങ്ങൾ വെളിച്ചത്തു കൊണ്ടുവന്നതിനു 'ദി വയർ' പോലുള്ള നവ ഡിജിറ്റൽ മാധ്യമങ്ങളുടെ സാരഥികൾ പ്രതിക്കൂട്ടിലായത് സമീപകാലത്താണല്ലോ? ആധുനിക ജനാധിപത്യത്തിന്റെ മിക്ക സൂചകങ്ങളും ഇന്ത്യ ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും തകർച്ചയിലാണിന്ന്. മാധ്യമപ്രവർത്തകർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തുകയും ദേശവിരുദ്ധരായി അവരെ ചാപ്പ കുത്തുകയും ചെയ്യുന്നു. സ്വതന്ത്രചിന്തകർ ദുരൂഹമാംവിധം കൊലചെയ്യപ്പെടുന്നു. സുസ്ഥാപിതമായ പല മാധ്യമങ്ങളും അതിൽനിന്നൊക്കെ രക്ഷപ്പെടാൻ അധികാരത്തിന്റെ ഇടനാഴികളോടു ചേർന്നുനില്ക്കുന്നു.രാജാവ് നഗ്നനാണെന്നു വിളിച്ചുപറയാൻ ഉള്ളു വെമ്പൽകൊള്ളുമ്പോഴും ജീവൽഭയത്താൽ അതിനുകഴിയാതെവരുന്ന പ്രജകൾ



സത്യത്തിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടോ? ദലിത് സമൂഹവും പാർശ്വവത്കരിക്കപ്പെട്ട ജനതയും സാമ്പത്തികമായും സാമൂഹികവുമായും പിന്നാക്കം നില്ക്കുന്ന ഇതര ജനങ്ങളും കടുത്ത സാമ്പത്തിക ക്ലേശങ്ങളിൽ കഴിയേണ്ടിവരുന്നു. നീതിപീഠങ്ങളെ സമീപിച്ചു നീതി ലഭ്യമാക്കാൻപോലും പണം വലിയൊരു ഘടകമാണ്. രാജ്യത്തിന്റെ ആളോഹരി വരുമാനം സ്ഥിതി വിവരക്കണക്കുകളിൽ പൊലിപ്പിച്ചു കാണിക്കുകയും യഥാർഥസമ്പത്തിന്റെ സിംഹഭാഗവും ഏതാനും വ്യാവസായികകുടുംബങ്ങളും കോർപ്പറേറ്റുകളും അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായി നില്ക്കുന്നവരും കൈയടക്കി വയ്ക്കുകയുംചെയ്യുന്നു. ഇതാണ് ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ. ഈ പശ്ചാത്തലത്തിൽ സാമ്പത്തികസമത്വം, സ്വാതന്ത്ര്യം എന്നീ പദങ്ങൾക്കു പ്രസക്തിയില്ലല്ലോ?

വൈദേശിക ആധിപത്യത്തിൽനിന്നു മാത്രമേ ബഹുഭൂരിഭാഗം ഇന്ത്യൻ ജനതയും മോചിതരായിട്ടുള്ളൂ.യഥാർഥ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഇനിയും അകലെയാണ്. ●



ബാലചന്ദ്രൻ വടക്കേടത്ത്

# വിയോജിക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന ഇന്ത്യ



**രൂപഭാവങ്ങൾ മാറുന്ന സ്വാതന്ത്ര്യമാണ് ഇന്ന് ഇന്ത്യയുടെ ചിത്രം. നാളിതുവരെ സാധ്യമായ സ്വാതന്ത്ര്യത്തെക്കുറിച്ച് ആനന്ദിക്കുകയും ആഹ്ളാദിക്കുകയും ചെയ്യുന്നവർ സ്വാതന്ത്ര്യത്തിന്റെ നേർ വിപരീതാവസ്ഥയിൽ ഞെട്ടുന്നു. ഭരണഘടന നല്കുന്ന മൗലികാവകാശങ്ങളും സ്വാതന്ത്ര്യവും വ്യാജമാണോ എന്ന പര്യാലോചനകൾക്ക് ഇടം നല്കുന്ന വ്യത്യസ്തമായ രാഷ്ട്രീയം രൂപപ്പെട്ടുകഴിഞ്ഞു.**

ഒരു പഴയ പദമാണ് സ്വാതന്ത്ര്യം. പഴക്കമുള്ളതുകൊണ്ട് ഒരു വാക്കിന് അതിന്റെ അർഥവും മൂല്യവും നഷ്ടപ്പെടുമെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ വരണമെങ്കിൽ, തത്തുല്യമായ അർഥവും ചോദനയും പ്രദാനം ചെയ്യുന്ന മറ്റൊരു പദം ആകൃതപ്പെടണം. സ്വാതന്ത്ര്യത്തിനു പകരം ഇതുവരെ വേറൊരു വാക്ക് രൂപപ്പെട്ടിട്ടില്ല എന്നതല്ലേ നേര്. ആ പദം ഡിക്ഷണറിയിൽ ഒതുങ്ങിപ്പോയിട്ടുമില്ല. ഈ പദം വ്യവഹാരത്തിലുള്ളതുകൊണ്ട് ഓരോ കാലത്തും വിപുലമായ അർഥവും വിപുലമായ ജീവിതവും സ്വായത്തമാക്കാൻ കഴിയുന്നു. മനുഷ്യൻ സമൂഹജീവിയായതോടെ അവന്റെ നിലനില്പിനെ സംബന്ധിക്കുന്ന ആലോചനകൾ നടന്നിരിക്കുമല്ലോ. മനുഷ്യന്റെ നിലനില്പിന്റെ ഭാഗമായി സ്വാതന്ത്ര്യവും വിശദീകരിക്കപ്പെട്ടു തുടങ്ങി. പിന്നീട് നിലനില്പ് ഒരു സാഹിത്യവിഷയമാകുകയും സ്വാതന്ത്ര്യം ഒരു

രാഷ്ട്രീയ ആശയമാവുകയും ചെയ്തു എന്നതാണ് ചരിത്രം.

ജീവിതവും പ്രകൃതിയുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യത്തെ ഒരു രൂപകമായി മനുഷ്യൻ വികസിപ്പിച്ചെടുത്തിട്ടുള്ളതു കാണാം. രാഷ്ട്രീയസമൂഹത്തിൽ സ്വാതന്ത്ര്യം ഒരു പോരാട്ടത്തിന്റെ മൂല്യവും ലക്ഷ്യനിർവഹണത്തിന്റെ കനലുമായിരുന്നല്ലോ. സ്വാതന്ത്ര്യസമരം നടക്കാത്ത ഒരു മനുഷ്യമനസ്സും ഉണ്ടെന്ന് തോന്നുന്നില്ല. ഓരോ കാലത്തും ഉണ്ടാകുന്ന വ്യവസ്ഥാനുഭവങ്ങളിൽനിന്ന് മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിനിഷ്ഠമായും സാമൂഹികമായും സ്വതന്ത്രരാവുക എന്നതും ഓരോ പൗരന്റെയും അവകാശമായിരുന്നല്ലോ. സ്വാതന്ത്ര്യം എന്ന പദം ജീവിതവുമായി ബന്ധപ്പെട്ട ഒരു പ്രത്യയശാസ്ത്ര കല്പനയുടെയും വിമോചനമൂല്യത്തിന്റെയും അടയാളപ്പെടുത്തലായി മാറി. സ്വാതന്ത്ര്യം ഇന്ന് വലിയൊരു ആശയമാണ്. റഷ്യൻവിപ്ലവംമുതൽ മുല്ലപ്പൂവിപ്ലവംവരെ നാം കണ്ടു. പലസ്തീനിൽ ജനതസ്വാതന്ത്ര്യത്തിനുവേണ്ടി അധിനിവേശത്തിനെതിരായി പോരാടുന്നു. നിരവധികാലം സ്വാതന്ത്ര്യപ്രക്ഷോഭങ്ങൾ നടന്ന സമൂഹമാണ് നമ്മുടേതും. സ്വാതന്ത്ര്യം ലഭിച്ചിട്ട് എഴുപത്തേഴ് വർഷം പിന്നിട്ടിട്ടും സ്വാതന്ത്ര്യസമരത്തിന്റെ ഗൃഹാതുരതയിൽനിന്ന് നാം വിമോചിതരായിട്ടില്ല.

മനുഷ്യാവകാശം നിഷേധിക്കപ്പെടുമ്പോഴെല്ലാം മനുഷ്യൻ സ്വാതന്ത്ര്യത്തെക്കുറിച്ചാലോചിക്കുക സ്വാഭാവികം. ഒരു വ്യക്തിയെന്ന നിലയിൽ ഒരാൾ സമൂഹത്തിൽ എപ്രകാരം ഇടപെടുന്നു എന്നത് പ്രധാന കാര്യംതന്നെ. സതി നിർത്തലാക്കിയതിന്റെ പിറകിൽ വലിയൊരു മൂല്യബോധത്തിന്റെ പുനർനിർമിതിയുണ്ടായിരുന്നില്ലേ. ദേശീയ നവോത്ഥാന പ്രക്രിയകൾ തുടങ്ങുമ്പോൾ ആത്മീയമായി മാത്രം ചിന്തിച്ച ഒരു ജനതയായിരുന്നു നാം. രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ഉൾക്കൊള്ളാൻ അത് പിന്നീട് പ്രേരണയായി. അയിത്തം, തൊട്ടുകൂടായ്മ എന്നിവ സൃഷ്ടിച്ച ഇരുണ്ട കേരളീയാവസ്ഥയെ പ്രകാശമാനമാക്കാനാണ് ആശാനെപ്പോലുള്ള കവികൾ ശ്രദ്ധിച്ചത്. സവർണമേൽക്കോയ്മയുടെ, അധിനിവേശത്തിന്റെ മേൽ ശ്രീനാരായണഗുരു നടത്തിയ സ്വാതന്ത്ര്യത്തിന്റെ നാട്യപ്രതിരോധമായിരുന്നു അരുവിപ്പുറം പ്രതിഷ്ഠ. പിന്നീടത് രാഷ്ട്രീയമനസ്സാക്ഷിയെ അപ്പാടെ സ്വാധീനിച്ച ആത്മീയപ്രവർത്തനമായി മാറി. അടിച്ചമർത്തപ്പെട്ടവരുടെ ആത്മീയസ്വാതന്ത്ര്യമായിരുന്നു സ്വാമിജിയുടെ ലക്ഷ്യം. ഒരു മതസമൂഹമായിരുന്നല്ലോ നമ്മുടേത്. ഉച്ചനീചത്വനിഷേധം മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്റെ പ്രകടനമായിരുന്നു.

മതവും ആത്മീയതയും നിറഞ്ഞ ഒരു സാമൂഹികസാഹചര്യത്തിൽനിന്ന് മനുഷ്യൻ ആവശ്യപ്പെടാനിടയുള്ള ഒരു രാഷ്ട്രീയവിമോചനം സ്വാതന്ത്ര്യസമരമായി ആവിർഭവിക്കുന്നതും നാം കണ്ടു. സ്വാതന്ത്ര്യത്തിന്റെ രണ്ടാംഘട്ടം ഇവിടെനിന്നു തുടങ്ങുന്നു. സ്വാതന്ത്ര്യം ഒരു രാഷ്ട്രീയപ്രശ്നമായി ഉയർത്തിക്കൊണ്ടുവന്നത് ദേശീയ പ്രസ്ഥാനമാണ്. ബ്രിട്ടീഷ് അധിനിവേശത്തിൽനിന്ന് സ്വതന്ത്രമാകാൻ രാജ്യത്തുടനീളം സമാരംഭിച്ച സമരങ്ങൾ ജീവിതവ്യവസ്ഥയെത്തന്നെ മാറ്റിമറിച്ചു. 'ക്വിറ്റ് ഇന്ത്യ' എന്ന പ്രയോഗത്തിൽ ഉള്ളടക്കപ്പെട്ട സ്വാതന്ത്ര്യം എന്ന ആശയം ഒരു മനോഭാവമായി ജനത സ്വീകരിക്കുകയും ചെയ്തു. ആരും വ്യക്തിനിഷ്ഠമായി ചിന്തിച്ചില്ല. ഒരു ബഹുസ്വരസമൂഹത്തിൽ സ്വാതന്ത്ര്യബോധം




എല്ലാവരെയും കൂട്ടിച്ചേർക്കുന്ന ഘടകമായി മാറിയത് നാം അനുഭവിച്ചു.

രാഷ്ട്രവുമായി ബന്ധപ്പെട്ട സ്വാതന്ത്ര്യം വിപുലപ്പെടുന്നത് നാം കാണാതിരുന്നില്ല. വ്യത്യസ്തമായ ആശയങ്ങൾ സ്വാതന്ത്ര്യവുമായി ചേർത്തുവച്ച് വിലയിരുത്തുവാൻ ഇടയായി. ദേശീയസ്വാതന്ത്ര്യം വലിയൊരു സമരമുദ്രാവാക്യമായി വളർന്നുവന്നു. സ്വാതന്ത്ര്യസമരകാലത്ത് മാധ്യമസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള വാദം ശക്തമായിരുന്നു. ബ്രിട്ടീഷ് അധിനിവേശം മാധ്യമങ്ങളെ കീഴടക്കിവയ്ക്കാനും സ്വതന്ത്ര അഭിപ്രായങ്ങളെ നിഷേധിക്കാനും തയാറായത് കൂടുതൽ കുഴപ്പങ്ങളുണ്ടാക്കി. വാർത്തകൾ ഏകപക്ഷീയമാകുന്നു. തങ്ങൾക്കെതിരെയുണ്ടാവുന്ന വിമർശനങ്ങളെ അധിനിവേശം മറച്ചുപിടിക്കുന്നു. മാധ്യമങ്ങൾ നല്കുന്ന തെറ്റായ വാർത്തകൾ സ്വാതന്ത്ര്യസമരത്തിന്റെ ആവേശത്തെ കെടുത്തിക്കളയുമെന്നും ഭയന്നു. അങ്ങനെയാണ് സ്വാതന്ത്ര്യസമരപോരാട്ടങ്ങളുടെ ഒരു പ്രധാനഭാഗമായി മാധ്യമസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള

**സ്വാതന്ത്ര്യസമരം നടക്കാത്ത ഒരു മനുഷ്യമനസ്സും ഉണ്ടെന്ന് തോന്നുന്നില്ല. ഓരോ കാലത്തും ഉണ്ടാകുന്ന വ്യവസ്ഥാനുഭവങ്ങളിൽനിന്ന് മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിനിഷ്ഠമായും സാമൂഹികമായും സ്വതന്ത്രരാവുക എന്നതും ഓരോ പൗരന്റെയും അവകാശമായിരുന്നല്ലോ. സ്വാതന്ത്ര്യം എന്ന പദം ജീവിതവുമായി ബന്ധപ്പെട്ട ഒരു പ്രത്യയശാസ്ത്ര കല്പനയുടെയും വിമോചനമൂല്യത്തിന്റെയും അടയാളപ്പെടുത്തലായി മാറി.**

സമരം രൂപപ്പെട്ടത്.

സ്വാതന്ത്ര്യസമരത്തിന് ആശയവും ആവേശവുമായിരുന്ന ഗാന്ധി, മനുഷ്യന്റെ നീതിബോധത്തിൽ ഊന്നിയാണ് പ്രവർത്തിച്ചത്. നീതിനിഷേധിക്കപ്പെട്ട ഒരു സമൂഹവ്യവസ്ഥ ബ്രിട്ടീഷ് കോളനീകരണത്തിന്റെ ശൈലിയായി മാറിയിരുന്നു. മാനവികമൂല്യങ്ങൾ നിലനില്ക്കുക മിക്കവാറും നീതിയിലധിഷ്ഠിതമായിട്ടാണ് എന്ന് ഗാന്ധി വാദിച്ചു. സാമ്രാജ്യത്വവും അധിനിവേശവും ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യത്തെ കവർന്നെടുക്കുകയും നീതിയില്ലാത്ത സാഹചര്യങ്ങൾ അവനുചുറ്റും വളർത്തിയെടുക്കുകയും



ചെയ്തത്, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആവേശം ജ്വലിപ്പിച്ച കാലമായിരുന്നല്ലോ. ഗാന്ധിക്ക് സ്വാതന്ത്ര്യമെന്നാൽ നീതിനിഷേധമല്ല. നീതി അവകാശമാണ്. മനുഷ്യന്റെ സ്വതന്ത്രമായ നിലനില്പിനെ ബാധിക്കുന്ന ആ നിഷേധപ്രത്യയശാസ്ത്രമായി നീതിയെ വളർത്തുക എപ്പോഴും അധിനിവേശമാണ്. കൊളോണിയൽ ഭരണകൂടങ്ങളാണ്, പട്ടാളവും പോലീസും അധികാരവുമാണ്.

ഗാന്ധിക്ക് സത്യവും അഹിംസയും നീതിശൂന്യമല്ലാത്ത സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യത്തിന്റെ ആശയരൂപങ്ങളാണ് അഹിംസയും സത്യഗ്രഹവും സത്യവും നീതിയും. സ്വാതന്ത്ര്യത്തിന് ഒരു നീതിയുടെ മുഖം കൈവന്നത് സ്വാതന്ത്ര്യസമരത്തോടുകൂടിയാണ്.

രാജ്യം സ്വതന്ത്രമായി. ഭരണഘടന വന്നു. പാശ്ചാത്യ ജനാധിപത്യത്തിന് ഇന്ത്യൻ ഭരണഘടനാനിർമിതിയിൽ സ്വാധീനമുണ്ട് എന്നു പറയാമെങ്കിലും വ്യക്തിനിഷ്ഠ സ്വാതന്ത്ര്യം ഭരണഘടന കൊണ്ടുവന്നു. ഈ ഭരണഘടനയും കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ ഭരണഘടനകളും തമ്മിലുള്ള വ്യത്യാസം അതാണ്. പാർട്ടി ഏകാധിപത്യം, ഉൾപ്പാർട്ടി ജനാധിപത്യം എന്നൊന്നും നാം പറയാറില്ല. മതേതരത്വവും ജനാധിപത്യവും സ്വാതന്ത്ര്യം നിഷേധിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തിന് ഊന്നൽ നല്കുന്നു. ഇന്ത്യൻ ഭരണഘടന പൗരന്റെ സ്വാതന്ത്ര്യവും നിലനില്പും ഉറപ്പുവരുത്തുന്നു. സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള സംവാദങ്ങൾക്കിടയിൽ വിട്ടുപോകാൻ ഇടയുള്ള പ്രശ്നം രാഷ്ട്രീയ ഭാഷയുടേതാണ്. നിരവധി ഡെമോക്രാറ്റുകളുണ്ടായി. അവരിലൂടെ വ്യത്യസ്തമായ ഒരു ഭാഷ രൂപപ്പെട്ടു. മനുഷ്യസ്നേഹവും വിഭാഗീയതയുമില്ലാത്ത ഒരു സ്വാതന്ത്ര്യമായിരുന്നു അന്ന് ഭാഷ. ചുരുക്കിപ്പറഞ്ഞാൽ സ്വാതന്ത്ര്യത്തെക്കാൾ ആശയകല്പനകൾ അതിന്റേതായ വ്യവഹാരങ്ങൾ സൃഷ്ടിക്കുന്നതും ഡെമോക്രാറ്റുകളെ സൃഷ്ടിക്കുന്നതും ചെറിയ കാര്യമല്ല.

സ്വാതന്ത്ര്യം മാറുകയാണ്. സ്വാതന്ത്ര്യം കൂടുതൽ വ്യക്തികേന്ദ്രിതമാവുകയാണ്. വ്യക്തിക്ക് ആവശ്യമുള്ളതെല്ലാം അവകാശങ്ങളായി മാറുമ്പോൾ സ്വാതന്ത്ര്യം അവകാശമായി മാറും. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, സ്വതന്ത്രചിന്ത എല്ലാം മനുഷ്യാവകാശത്തിന്റെ തലത്തിലാണ്. രാഷ്ട്രീയവും പൊതുവെ ഇതെല്ലാം അംഗീകരിച്ചുകഴിഞ്ഞു. സ്വാതന്ത്ര്യം വ്യക്തികേന്ദ്രിതമായി. ഈ അവസ്ഥ എത്രകാലം നിലനിൽക്കും എന്നതാണ് ഇന്നു നമ്മെ അലട്ടുന്ന മുഖ്യമായ പ്രശ്നം. നമ്മുടെ പരിമിതികളെക്കുറിച്ച് എല്ലാവർക്കുമറിയാം. ആ പരിമിതിയിൽനിന്നുകൊണ്ടു പ്രകൃതിയും ജീവജാലങ്ങളുമൊക്കെയായി ബന്ധപ്പെടുത്തി സ്വാതന്ത്ര്യം വ്യാഖ്യാനിക്കാൻ തയാറാവുന്നു. ബഷീർ പറഞ്ഞതാണ് കാര്യം: "ഭൂമിയുടെ അവകാശികൾക്കെല്ലാം സ്വാതന്ത്ര്യം അവകാശമാണ്".

ആശയലോകത്തെ അപ്പാടെ പരിവർത്തിക്കുന്ന ഒന്നായി സ്വാതന്ത്ര്യം മാറുന്നു. ആദിവാസി-ദലിത് പ്രസ്ഥാനങ്ങളും സ്ത്രീപക്ഷവാദികളും മനുഷ്യാവകാശ ചിന്തകന്മാരും സ്വാതന്ത്ര്യത്തിന്റേതായ പുതിയ അനുഭവങ്ങൾ കൊണ്ടുവരുന്നു. ആത്മീയ-തത്ത്വചിന്താതലങ്ങളിലും വ്യതിയാനങ്ങൾ നാം കാണുന്നു.

രൂപഭാവങ്ങൾ മാറുന്ന സ്വാതന്ത്ര്യമാണ് ഇന്ന് ഇന്ത്യയുടെ ചിത്രം. നാളിതുവരെ സാധ്യമായ സ്വാതന്ത്ര്യത്തെക്കുറിച്ച് ആനന്ദിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നവർ സ്വാതന്ത്ര്യത്തിന്റെ നേർ വിപരീതാവസ്ഥയിൽ ഞെട്ടുന്നു.



ഭരണഘടന നല്കുന്ന മൗലികാവകാശങ്ങളും സ്വാതന്ത്ര്യവും വ്യാജമാണോ എന്ന പര്യാലോചനകൾക്ക് ഇടം നല്കുന്ന വ്യത്യസ്തമായ രാഷ്ട്രീയം രൂപപ്പെട്ടുകഴിഞ്ഞു. സംഘപരിവാർ അധികാരത്തിൽ വന്നതോടെ ഭരണകൂടസ്വാതന്ത്ര്യമായി രാഷ്ട്രീയവിഷയം. തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഭരണകൂടംതന്നെ സ്വന്തം ജനതയെ കോളനിവത്കരിക്കുന്ന കാഴ്ച നാം കണ്ടു. രാജ്യദ്രോഹികളും രാജ്യസ്നേഹികളും എന്നിങ്ങനെ പൗരന്മാർ വിഭജിക്കപ്പെട്ടു. മതവിഭാഗീകരണമുണ്ടായി. വ്യക്തികളുടെ സ്വകാര്യതകളിൽ ഇടപെടുന്ന രാഷ്ട്രീയം വന്നു. ആൾക്കൂട്ട കൊലപാതകങ്ങളുണ്ടാവുന്നു. സ്ത്രീപീഡനങ്ങളും ദലിത് കൊലപാതകങ്ങളും നിരന്തരം നടക്കുന്നു. മോദിക്ക് സ്വാതന്ത്ര്യം എന്നത് പൗരന്മാരുടെ അവകാശമല്ലാതായി. തങ്ങൾക്കെതിരെ പ്രയോഗിക്കാനുള്ള



ആയുധമായി എഴുത്തുകാരും ചിന്തകന്മാരും ബുദ്ധിജീവികളും സ്വാതന്ത്ര്യം ഉപയോഗിക്കുന്നു എന്ന ധാരണ സാമൂഹിക വും സാംസ്കാരികവുമായ കുഴപ്പത്തിൽ അധികാരത്തെ കൊണ്ടുചാടിച്ചു. മാധ്യമപ്രവർത്തകരും എഴുത്തുകാരും നിരന്തരം വധിക്കപ്പെട്ടു. സ്വാതന്ത്ര്യചിന്ത അംഗീകരിക്കില്ലെന്ന പിടിവാശി പുലർത്തിയ മോദിസർക്കാർ വാസ്തവത്തിൽ കു റ്റവാളികൾക്ക് നല്കിയ സ്വാതന്ത്ര്യമായിരുന്നു അത്. എത്രയോ സ്വതന്ത്രപത്രപ്രവർത്തനം നടത്തിയ മാധ്യമപ്രവർത്തക രെയാണ് കുറ്റവാളികളാക്കി ജയിലിലടച്ചത്. ഇതാണ് സാ ഹചര്യമെന്നിരിക്കെ ജനാധിപത്യസ്ഥാപനങ്ങൾപോലും സ്വാതന്ത്ര്യം ഇല്ലാത്തതായി മാറിയതിൽ അദ്ഭുതമില്ല.

ഇതൊക്കെ ഇടയ്ക്കിടെ ആലോചിക്കുന്നവരാണ് നാമെല്ലാം. ജനാധിപത്യത്തിൽ വിയോജിക്കാനുള്ള സ്വാതന്ത്ര്യം നഷ്ട പ്പെടുന്നത് എത്രമാത്രം ആപൽക്കരമാണ് എന്ന് ചിന്തിക്കാ തിരുന്നിട്ടില്ല. ഈയിടയ്ക്കാണ് എഴുത്തുകാരി അരുന്ധതിറോ യിയെ പ്രോസിക്യൂട്ട് ചെയ്യാൻ ദൽഹി ലഫ്റ്റനന്റ് ഗവർണർ പോലീസിന് നല്കിയ അനുമതിയുടെ വാർത്ത വരുന്നത്. എന്നെ ഞെട്ടിച്ച സംഭവമായിരുന്നു അത്. പ്രശസ്തയായ ഒരു എഴുത്തുകാരിയെ എന്തു കാരണമായാലും പ്രോസി ക്യൂട്ട് ചെയ്യുന്നതെന്തിന്? പതിനാലുവർഷം മുൻപ് കശ്മീർ പ്രശ്നവുമായി ബന്ധപ്പെട്ട് അരുന്ധതി നടത്തിയ പ്രഭാഷണത്തിലെ ചില പരാമർശ നങ്ങളാണത്രെ ഈ നടപടിക്കടിസ്ഥാനം. ഇന്ത്യവിരുദ്ധ പരാമർശം നടത്തിയെന്നാണ് പരാതി. രാജ്യം നിലവിൽവന്നപ്പോൾ കശ്മീർ ഇന്ത്യയുടെ ഭാഗമായിരുന്നില്ല എന്നത് ചരിത്രസത്യമല്ലേ? പല ലേഖന ങ്ങളിലും അപ്രകാരം ഞാൻ വായിച്ചിട്ടുണ്ട്. കേരളത്തിൽ തിരുവിതാംകൂറും അന്നു ഭാഗമായിരുന്നില്ലല്ലോ. പിന്നീട് നെഹ്റുവിന്റെ രാഷ്ട്രനിർമിതിയുടെ ഭാഗമായി വിട്ടുനിന്നിരുന്ന പല കോളനികളും പ്രദേശങ്ങളും ഇന്ത്യയിലേക്ക് വരാൻ താത്പര്യം കാണിച്ചിരിക്കാം. കശ്മീർ പാക്കിസ്ഥാനിലേക്ക് പോയില്ല. ഇന്ത്യയുമായി അഭേദ്യമായ ഒരു കാര്യത്തിലല്ല അരുന്ധതിയുടെ പ്രസംഗവും.



**മനുഷ്യാവകാശം നിഷേധിക്കപ്പെടുമ്പോഴെല്ലാം മനുഷ്യൻ സ്വാതന്ത്ര്യത്തെക്കുറിച്ചാലോചിക്കുക സ്വാഭാവികം. ഒരു വ്യക്തിയെന്ന നിലയിൽ ഒരാൾ സമൂഹത്തിൽ എപ്രകാരം ഇടപെടുന്നു എന്നത് പ്രധാന കാര്യം തന്നെ.**


ആരാണ് അരുന്ധതിറോയി? അരുന്ധതിറോയ് ഒരു സ്വാതന്ത്ര്യമാണ്. അരുന്ധതിക്കെതിരായ പോലീസ് നട പടിയെ ശശി തരൂർ കാണുന്നത് സ്വതന്ത്രപ്രഭാഷണത്തി നുള്ള (free speech) വിലക്ക് എന്ന രീതിയിലാണ്. മോദി സ്വതന്ത്രചിന്ത ഒരിക്കലും സ്വീകരിച്ചിട്ടില്ല. ഹിന്ദുദേശീയത നടപ്പാക്കുന്നതിനായി ഒരു വ്യവസ്ഥീകരണം അധിനിവേശം ആവശ്യപ്പെട്ടിരുന്നു. കശ്മീർ വിഭജനവും ഏകസിവിൽകോ ഡും പൗരത്വനിയമവുമെല്ലാം അതിന്റെ ഭാഗമായിരുന്നു. അപ്പോൾ അതിനെതിരെ ഒരു വാക്ക് വന്നാൽ, ആ വാക്കിന്റെ ഉടമ രാജ്യദ്രോഹിയാവുക മാത്രമല്ല ഭീകരപ്രവർത്തനവിരു ദ്ധനിയമത്തിനകത്തേക്കു വരികയും ചെയ്യും.

അരുന്ധതിയുടെ രാഷ്ട്രീയവുമായി നമുക്ക് വിയോജിക്കാം. ചരിത്രപരമായി സ്വാതന്ത്ര്യ ത്തോടെ അവർ പറയുന്ന കാര്യങ്ങൾ നമുക്ക് നിഷേധിക്കാനാവില്ല. സാഹിത്യ പരിധികൾക്കകത്ത് നടക്കുന്ന യുദ്ധങ്ങളല്ല പ്രധാന യുദ്ധങ്ങളെന്ന് അവർ കരുതുന്നു. ജീവിതത്തിന്റെ തെരുവുകളിൽ (streets of life) ആണ് ആ യുദ്ധം. എഴുത്തുകാ രിയായതുകൊണ്ടുമാത്രം രാഷ്ട്രീയവും ചരിത്രവും പറയുന്നതല്ല. രാഷ്ട്രീയം മറ്റൊരു വഴിയാണ് എന്ന് റോയി വിശ്വസിക്കുന്നു. മാത്ര വുമല്ല നീതിബോധം അവരുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഘടകമാണ് എന്നു ഞാൻ കരുതുന്നു. അരുന്ധതിറോയ് പറയുന്നു: "If we fight for ourselves, it is not a fight for justice. It is when we fight for each other that it is a fight for justice."

പെൻപിന്റർ അവാർഡ് ജേതാവും നോവലിസ്റ്റുമായ അരുന്ധതിറോയിക്കെതിരെ നിയമനടപടികൾ പാടില്ല. അവരെ സ്വതന്ത്രമാക്കുകയാണ് വേണ്ടത്. അവർ ഒരു സ്വാതന്ത്ര്യമാണ് എന്ന് മോദി തിരിച്ചറിയണം.

മറ്റൊരു കാര്യംകൂടി പറയാതെ ഈ ലേഖനം അവസാ നിപ്പിക്കുന്നത് ശരിയല്ല എന്നു തോന്നുന്നു. തിരഞ്ഞെടുപ്പു കാലത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി, ഗാന്ധിയെക്കുറിച്ച് പറഞ്ഞത് വാർത്തയാക്കപ്പെട്ടു: "ബ്രിട്ടീഷ് സംവിധായകൻ റിച്ചാർഡ് ആറ്റൻബറോയുടെ 'ഗാന്ധി' സിനിമ 1982-ൽ പുറത്തിറങ്ങുന്നതുവരെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി യെ ലോകം അറിഞ്ഞിരുന്നില്ല". (മാതൃഭൂമി ദിനപത്രം, 2024,മെയ്-30) ഭീകരമായ നിരുത്തരവാദിത്വം തുളുമ്പുന്ന ഭാഷയല്ലാതെ മറ്റെന്താണിത്? ഗാന്ധി ആരെന്ന് ആർക്കും അറിയാത്തതല്ല. ഗാന്ധി എന്ന പേര് പറയാതെ ദേശീയ സ്വാതന്ത്ര്യസമരം ഇല്ല. അപ്പോൾ ഒരു പത്രവായനക്കാരൻ ഫോണിൽ എന്നോട് ചോദിച്ചു. 'അരുന്ധതിറോയിയാണോ രാജ്യദ്രോഹക്കുറ്റം ചെയ്തത്?' ●

ഫോക്കസ്



അൻവർ അബ്ദുള്ള

# സ്വാതന്ത്ര്യമെന്നത് ചോരക്കൊതിയുടെ മറ്റൊരു പേരു മാത്രമോ?



സ്വാതന്ത്ര്യവും കേവലം ഒരു തത്വം മാത്രമാണ്. തത്വം എന്ന നിലയിൽ അത് ഐഡിയലുമാണ്. എന്നാൽ, ഈ ഐഡിയൽ അവസ്ഥയിൽ അല്ലാതെ സ്വാതന്ത്ര്യം പ്രവർത്തിക്കുകയേയില്ല. രണ്ടു പേർക്കിടയിൽപ്പോലും അതു പ്രവർത്തിക്കുകയില്ല. അപ്പോൾപ്പിന്നെ, രാഷ്ട്രങ്ങൾക്കിടയിലോ മതങ്ങൾക്കിടയിലോ, ജനതകൾക്കിടയിലോ ഒക്കെ അതു പ്രവർത്തിക്കുമെന്നു കരുതുന്നതുതന്നെ മണ്ടത്തരമാണ്.

സ്വാതന്ത്ര്യത്തെപ്പറ്റിപ്പാടാത്ത കവികളില്ല; അതു മഹത്തരമെന്നും ശ്രേഷ്ഠതമമെന്നും, അതില്ലെന്നും ഉണ്ടെന്നും ഉണ്ടെങ്കിലും അനുഭവവേദ്യമല്ലെന്നും അനുഭവവേദ്യമാകുമ്പോഴും ഭേദ്യമാകാറുണ്ടെന്നും എല്ലാമെല്ലാം കവികൾ പാടിയിരിക്കുന്നു. നമ്മുടെ കുമാരനാശാൻ സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും കവിയെന്നറിയപ്പെടാറുണ്ട്.

'സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം.'

എന്നദ്ദേഹം പാടി. അത് ആശാനെ അന്യഥാ വായിക്കാത്തവർക്കുപോലും മനപ്പാഠവുമാണ്. നിക്കനോർ പാർറ എന്ന കവി കുറച്ചുകൂടി കനത്തിലാണ് ഒരൊറ്റവരിക്കവിത എഴുതിയത്:

സ്വാതന്ത്ര്യം,
ഒ
രു
പ്ര
തി
മ
മാത്രമായ
അമേരിക്ക.



**ആയിരത്തിത്തൊള്ളായിരത്തമ്പതുകളോടെ ലോകത്തെ അടിമരാജ്യങ്ങൾ അഥവാ, കോളനിരാജ്യങ്ങളിൽ മിക്കതും സ്വതന്ത്രമായി. അതിന്, അരഡസൻ കൊടുംവിപ്ലവങ്ങളും രണ്ടു ലോകമഹായുദ്ധങ്ങളും വേണ്ടിവന്നുവെന്നുമാത്രം. അത്രയും ചോരയും ചലവും ചൊരിഞ്ഞാണ് ലോകം സ്വാതന്ത്ര്യത്തിലേക്കു കുതിച്ചത്.**

എന്നാണ് പാർറ എഴുതിയത്. 'എങ്ങെങ്ങു മർത്ത്യന്റെ കൈകളിൽ ചങ്ങലയുണ്ടോ, എങ്ങെങ്ങു മർത്ത്യന്റെ ചുമലിൽ താഡനമേൽക്കുന്നുണ്ടോ, എങ്ങെങ്ങു ചട്ടികലങ്ങൾ വലിച്ചെറിയപ്പെടുന്നുണ്ടോ, അങ്ങെങ്ങും ഇല്ല സ്വാതന്ത്ര്യം' എന്നും നമ്മുടെ ഒരു സുപ്രധാനകവി സൂചിപ്പിച്ചു. ഏതായാലും, സ്വാതന്ത്ര്യം എന്നത് ആധുനികലോകത്തിന്റെ ഏറ്റവും വലിയ മുദ്രാവാക്യവും ആപ്തവാക്യവുമാണ്. അതെന്താണ് എന്ന് ആരും യഥാർഥത്തിൽ അറിയുന്നില്ലെങ്കിലും.

ചൂഷണകേന്ദ്രിതമായ, കച്ചവടസ്ഥാപിതമായ, ഒരു ചരിത്രം ലോകത്തിന്റെമേൽ അടിച്ചേല്പിച്ചിരിക്കുന്നത് 1500-കൾ മുതൽ കാണാം. മറ്റു ദേശങ്ങളിൽ കേറിയും കടന്നുംചെന്ന് അവിടെ ആദ്യം കച്ചവടാധിപത്യവും പിന്നെ, സാമൂഹികാധിപത്യവും രാഷ്ട്രീയാധിപത്യവും പിന്നെ, സാംസ്കാരിധിപത്യവും സ്ഥാപിച്ച കോളനിയുടമരാഷ്ട്രങ്ങളുടെ കാലം തുടങ്ങുന്നത് അവിടെയാണ്. അത് രണ്ടുരണ്ടര നൂറ്റാണ്ടു പിന്നിട്ടപ്പോൾ, ലോകമൊട്ടാകെ, അടിമത്തത്തിന്റെയും പാരതന്ത്ര്യത്തിന്റെയും ഭാരിച്ച അമർച്ച സജീവമായി. ഒന്നു നിവർന്നുനില്ക്കാൻ മനുഷ്യൻ ശ്രമിച്ചു. ചുമലിലിരുന്ന ചാക്കുകളിൽ ചിലത്, ചിലരുടേത് തെറിച്ചുപോയി. മനുഷ്യനു ജീവിക്കാൻ 'റൊട്ടി, കപ്പടാ, ഓർ മക്കാൻ' പോരാ, അല്പം സ്വാതന്ത്ര്യവും സ്വല്പം സ്നേഹവുംകൂടി വേണമെന്ന് മനുഷ്യനു തോന്നിത്തുടങ്ങി. എല്ലാവർക്കും തോന്നിയോ? അറിയില്ല. മിക്കവർക്കും തോന്നിയില്ലെന്നും ഒരിക്കലും തോന്നുകയില്ലെന്നും തോന്നിയിട്ടും കാര്യമില്ലെന്നും ഓരോ ഉരുളുപൊട്ടലിലും ഒന്നു കലങ്ങി, അവർ വീണ്ടും തടവിന്റെ പടുകുഴികളിൽ അമരുകയേ ഉള്ളൂവെന്നും ശ്രദ്ധയോടെ ചുറ്റും (സ്ഥലത്തിലും കാലത്തിലും) നോക്കിയാൽ കാണാനാകും.

കൃഷിയിൽനിന്നു മാറി നിർമാണത്തൊഴിലിലേക്ക് ആൾക്കൂട്ടം എത്തിയതിനെത്തുടർന്നുള്ള ലോകത്തെയാണു നമുക്കു 'മോഡേൺ ലോകം', 'മോഡേൺ ടൈംസ്' എന്നെല്ലാം വിളിക്കാനാകുന്നത്. അതുകൊണ്ടാണു ചാപ്ലിൻ അതിനെ അങ്ങനെ വിളിച്ചതും.

ആ നവലോകത്തിൽ മനുഷ്യൻ സ്വതന്ത്രനാണ് എന്നൊരു സങ്കല്പം ഉടലെടുത്തുവന്നു. അവൻ/അവൾ (അതു കുറെക്കഴിഞ്ഞിട്ടാണ്) സ്വതന്ത്രനായി ജനിക്കുന്നു, തടവിൽ ജീവിക്കുന്നു എന്നൊരു തത്ത്വം എളുപ്പം മനസ്സിലാക്കാൻ പോന്നതായി. ഏതായാലും, ദേശം ദേശത്തിനുമേൽ, അല്ലെങ്കിൽ രാജ്യം രാജ്യത്തിനുമേൽ സ്ഥാപിച്ച അഹങ്കാരനിർഭരമായ ഭരണകൂടങ്ങളെ തെറിപ്പിച്ചെറിയാൻ തദ്ദേശജനത ലോകമൊട്ടാകെ, ഏതാണ്ടൊരേകാലത്ത് ഉണർവു കാണിച്ചിട്ടുണ്ട്. ആയിരത്തെണ്ണൂറുകളുടെ പാതിമുതലുള്ള ഒരു നൂറ്റാണ്ടു കാലം അതിന്റെ ജാഥയും ഘോഷയാത്രയുമായിരുന്നു. ആയിരത്തിത്തൊള്ളായിരത്തമ്പതുകളോടെ ലോകത്തെ അടിമരാജ്യങ്ങൾ അഥവാ, കോളനിരാജ്യങ്ങളിൽ മിക്കതും സ്വതന്ത്രമായി. അതിന്, അരഡസൻ കൊടുംവിപ്ലവങ്ങളും രണ്ടു ലോകമഹായുദ്ധങ്ങളും വേണ്ടിവന്നുവെന്നുമാത്രം. അത്രയും ചോരയും ചലവും ചൊരിഞ്ഞാണ് ലോകം സ്വാതന്ത്ര്യത്തിലേക്കു കുതിച്ചത്.

പക്ഷേ, അന്നുകൊടുത്ത വിലകൊണ്ട് ഒന്നും പൂർണമായിരുന്നില്ല. എല്ലാം കടംപറഞ്ഞനിലയായിരുന്നു. പിന്നെ, സ്വാതന്ത്ര്യത്തിന്റെ ഭാഗംവയ്ക്കലുകൾക്കുവേണ്ടിയുള്ള യുദ്ധങ്ങളായി. ഇന്ത്യയും പാകിസ്ഥാനും ബംഗ്ലാദേശും ചേർന്ന ത്രികോണസംഗ്രാമസന്ദർഭങ്ങൾ ചെറുതല്ല. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ പുതുലോകത്തിലെ മതിലുകളും വേലികളും അതിരുകളും മൈൻപാകിയ 'നോമാൻസ് ലാന്റു'കളും സൃഷ്ടിച്ച കെടുതികൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനംവരെ അതിഗംഭീരമായി നീണ്ടുനിന്നു. ഈ നൂറ്റാണ്ടിലും, ഇന്നും അതു തുടരുന്നു. റഷ്യ- ഉക്രൈൻ യുദ്ധമായി, പലസ്തീൻ - ഇസ്രയേൽ കൊല്ലാക്കൊലാപരമ്പരകളായി.

ജർമനിയുടെ മുറിവും അതിന്റെ കൂടിച്ചേരലും യു.എസ്.എസ്.ആറിന്റെ കൂടിച്ചേരലും മുറിയലും ആഫ്രിക്കൻ രാജ്യങ്ങളുടെ വൈകിയ സ്വാതന്ത്ര്യലബ്ധി സൃഷ്ടിച്ച പോർമുഖങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. 'സോദരർ തമ്മിലെ പോരൊരു പോരല്ല, സൗഹൃദത്തിന്റെ കലങ്ങിമറിയലാം' എന്നു വള്ളത്തോളിനു പറയാം. പക്ഷേ, എല്ലാ പോരും പോരുതന്നെ. ലഭിച്ച സ്വാതന്ത്ര്യത്തിനുശേഷം, അതിന്റെ മുഴുത്ത കഷണത്തെച്ചൊല്ലിയുള്ള തർക്കം നിത്യഹത്യക



ഐലാൻ കുർദി

ളിലേക്കല്ലേ നമ്മെ നയിച്ചിട്ടുള്ളൂ. റുവാണ്ടയിലെ വംശീയകലാപവും വംശഹത്യയും മുതൽ ഗുജറാത്തിൽ അരങ്ങേറിയ സ്പോൺസേഡ് കൂട്ടക്കൊലയിലൂടെ റോഹിങ്ക്യൻ മുസ്ലിംകളുടെ വംശച്ഛേദനത്തിൽത്തൊട്ട്, കുക്കി, മെയ്തെയ് വിഭാഗങ്ങൾ തമ്മിലുള്ള മണിപ്പൂർ സമകാലികസംഘർഷംവരെയായി അതങ്ങനെ തുടർന്നുപോകുന്നു. പലായനംചെയ്ത പിഞ്ചുകുഞ്ഞുങ്ങളെത്ര? അതിനിടയിൽ കമഴ്ന്നു ജഡമായ ഐലാൻ കുർദിമാരെത്ര? ഇറാക്കിൽ അമേരിക്ക നടത്തിയ ക്രൂരകൃത്യങ്ങളുടെ ബാക്കിയായിത്തീർന്ന അലിമാരെത്ര? കൂപ്പുകൈയുമായി കരഞ്ഞുനിന്ന സൊഹ്റാബുദ്ദീൻമാരെത്ര? അൻസാരിമാരെത്ര? നാപ്പാം ബോംബു വീണപ്പോൾ അലറിക്കരഞ്ഞോടിയ വിയറ്റ്മീസ് നഗ്നബാലികമാരെത്ര? സാരി വലിച്ചിഴയ്ക്കപ്പെട്ട തസ്‌ലിമ നസ്രീൻമാരെത്ര? പകവിഷം പുരട്ടിയ കത്തിയിൽക്കൊരുത്ത് കണ്ണുകീറിപ്പോയ സൽമാൻ റുഷ്ദിമാരെത്ര?

1920-കൾ മുതൽ ഉരുവംകൊണ്ടുവന്ന പശ്ചിമേഷ്യൻ പ്രശ്നങ്ങൾ. ബ്രിട്ടന്റെ സ്വകാര്യതാത്പര്യങ്ങളുടെ വിലക്ഷണമായ നടത്തിപ്പിന്റെ ഭാഗമായി 1948-ൽ അവിടെ ആകാശമാർഗം സ്ഥാപിക്കപ്പെട്ട ഇസ്രയേൽ സൃഷ്ടിച്ച പാതകഘടനയെപ്പറ്റി ആലോചിച്ചാൽ മനുഷ്യചരിത്രത്തിൽ സ്വാതന്ത്ര്യമെന്നത് ചോരക്കൊതിയുടെ മറ്റൊരു പേരു മാത്രമാണെന്നു കരുതേണ്ടിവരും. ഇങ്ങനെ പറയുമ്പോൾ, തെറ്റിദ്ധാരണയൊഴിവാക്കാൻ പറയട്ടെ, പലസ്തീൻ ഒരു നൂറ്റാണ്ടായി കാട്ടിക്കൂട്ടുന്ന വെകിളിത്തരങ്ങൾക്ക് ഇസ്രയേലിനുള്ളതിന്റെ പാതി പങ്കെങ്കിലും ഈ ചോരചൊരിച്ചിലിൽ ഉണ്ടെന്നുകൂടി വിശ്വസിക്കുന്ന ആളാണ് ഇതെഴുതുന്നത്. ഇപ്പോൾത്തന്നെ, ഇസ്രയേൽ ജനത്തെ ബന്ദികളാക്കിയതിന്റെ പരിണിതഫലം പലസ്തീൻ ജനത അനുഭവിക്കുമ്പോൾ, തീക്കൊള്ളി കൊണ്ടല്ലേ പലസ്തീൻ എന്നത്തെയും പോലെ തലചൊറിഞ്ഞത് എന്നു സന്ദേഹിക്കാതെ വയ്യ.

കുന്ദേരയെ വായിക്കുമ്പോൾ ചെക്കിനെയും സ്ലോവാക്യയെയും റഷ്യ എങ്ങനെ സ്നേഹംകൊണ്ടു വീർപ്പുമുട്ടിച്ചു കൊന്നു എന്നു മനസ്സിലാകും. ഹൊസേനിയെ വായിക്കുമ്പോൾ അതേ റഷ്യ എങ്ങനെ അഫ്ഗാനെ പരിരംഭണത്തിലമർത്തി ഭീമഹിംസ ചെയ്തുവെന്നുറപ്പാകും. കനേറ്റിയെ വായിക്കുമ്പോൾ വ്യക്തികൾക്കിടയിൽ അധികാരം എങ്ങനെ സ്വാതന്ത്ര്യം അല്പാല്പമായി ചോർത്തി, സ്നേഹത്തെ വെറുപ്പാക്കി മാറ്റുമെന്നു തിരിച്ചറിയാം. അതുതന്നെ, ക്ലോദ് സിമോങിലും യോസയിലും അലെന്ദേയിലും ഒക്കെ കാണാനാകുന്നു. അപ്പൻ അലെന്ദേയെ പിനോഷെ ശരിപ്പെടുത്തുന്നു. പിനോഷെ അത്ര പിശാചായിരുന്നോ? ആർക്കറിയാം?

സാഹിത്യത്തിൽ മാത്രമല്ല, സുകുമാരകലകളൊന്നടങ്കം സ്വാതന്ത്ര്യത്തെപ്പറ്റി തലപുണ്ണാക്കിക്കൊണ്ടേയിരിക്കുന്നു. ടാഗോറിന്റെ പരമസ്വാതന്ത്ര്യവാഞ്ഛയായിരുന്നു അദ്ദേഹത്തിന്റെ മുഴുവൻ കലാസാഹിത്യപ്രവർത്തനവും. അദ്ദേഹം, ആശാനിൽനിന്നു വ്യത്യസ്തമായി വ്യക്തിയുടെയും കുടുംബത്തിന്റെയും നഗരത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വാതന്ത്ര്യങ്ങളെപ്പറ്റി വിശാലമായി ആലോചിച്ചു. പരമമായി നിർവാണാനന്ദനിരാമയമായ, എടുക്കാനും കൊടുക്കാനും പറ്റാത്ത സ്വാതന്ത്ര്യത്തെപ്പറ്റിയും.

ഇപ്പേർപ്പെട്ട സ്വാതന്ത്ര്യം നിലവിലുണ്ടോ എന്നതാണ് ഈ വൈകാത്ത വേളയിൽ നാം സ്വയമെങ്കിലും അല്പം ഉറക്കെ ചോദിക്കേണ്ട ചോദ്യമെന്നു തോന്നുന്നു. സ്വാതന്ത്ര്യം മാത്രമല്ല, സ്നേഹം, വിശ്വാസം, സത്യം, ധർമം, നീതി, സാഹോദര്യം, മതേതരത്വം തുടങ്ങി ഒട്ടനേകം മൂല്യപദ്ധതികൾ ആധുനികതയുടെ ഭാഗമായി ശാസ്ത്രീയവ്യക്തതയുടെ സ്വഭാവത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. അതിൽ വല്ലതുംതന്നെ നിലവിലുള്ളതാണോ? അതോ, അവയെല്ലാം കേവലം തെറ്റുദ്ധാരണ മാത്രമാണോ?


ഈ മൂല്യവ്യവസ്ഥകളെല്ലാം സംസ്കാരത്തിന്റെയും ബുദ്ധിവ്യാപാരത്തിന്റെയും സാമൂഹികമര്യാദകളുടെയും പേരിൽ രൂപപ്പെട്ടുവന്നവയാണല്ലോ. ഇത്തരം ചില നിയമങ്ങൾ ഇല്ലെങ്കിൽ, സമൂഹം മുന്നോട്ടു സുഗമമായി ചരിക്കുകയില്ല. അത്രയധികം ആളുകൾ നിറഞ്ഞ ഒരു മഹാജനസഞ്ചയമാണല്ലോ ലോകത്തുള്ളത്. എന്നുവച്ച് ഇവ യഥാർഥത്തിൽ ലോകത്തിലുണ്ട് എന്ന് ഇതിനർഥമില്ല. ഒരു റോഡ് വൺവേ ആയി നിശ്ചയിക്കുക എന്നത് ഒരു നിയമനിർമാണമാണ്. ആ നിർമിതനിയമത്തിന്റെ നിർവഹണത്തിന്റെ ഭാഗമാണ് ആരും അതിലേ എതിർയാത്ര ചെയ്യാതിരിക്കുക എന്നത്. അങ്ങനെ ചെയ്താൽ, ശരിയായി നിശ്ചയിച്ചിരിക്കുന്ന മാർഗത്തിൽ വരുന്നവർക്ക് അപകടംപറ്റാൻ ഇടയുണ്ട്. തെറ്റായിവരുന്നവർക്കും അപകടംപറ്റാം, എന്നാൽ, ശരിയായ ദിശയിൽ വരുന്നവർക്ക് അപകടംപറ്റുന്നത് അസ്വാഭാവികമായി പരിഗണിക്കണം. എന്നാൽ, ശരിയായ ദിശയിൽ ആരുംതന്നെ വരാത്ത ഒരു സമയത്ത് തെറ്റായ ദിശയിൽ ഒരാൾ വണ്ടിയോടിച്ചാൽ, അതുകൊണ്ടു കുഴപ്പമുണ്ടോ?




മിലൻ കുന്ദേര

**ബ്രിട്ടന്റെ സ്വകാര്യതാത്പര്യങ്ങളുടെ വിലക്ഷണമായ നടത്തിപ്പിന്റെ ഭാഗമായി 1948-ൽ അവിടെ ആകാശമാർഗം സ്ഥാപിക്കപ്പെട്ട ഇസ്രയേൽ സൃഷ്ടിച്ച പാതകഘടനയെപ്പറ്റി ആലോചിച്ചാൽ മനുഷ്യചരിത്രത്തിൽ സ്വാതന്ത്ര്യമെന്നത് ചോരക്കൊതിയുടെ മറ്റൊരു പേരു മാത്രമാണെന്നു കരുതേണ്ടിവരും.**

യഥാർഥത്തിൽ ഇല്ല. എന്നാൽ, അപ്പോഴും അയാളെ ശിക്ഷിക്കേണ്ടിവരും. എങ്കിൽമാത്രമേ, നിയമനിർവഹണം പൂർത്തിയാകുകയുള്ളൂ. അതായത്, പ്രയോഗത്തിൽ, അയാൾ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും, തത്ത്വത്തിൽ അയാൾ പൊതുതീരുമാനത്തിനെതിരെ ചലിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ,



↘ രവീന്ദ്രനാഥ ടാഗോർ



മഹാത്മാഗാന്ധി ↙

**സ്വാതന്ത്ര്യം മാത്രമല്ല, സ്നേഹം, വിശ്വാസം, സത്യം, ധർമം, നീതി, സാഹോദര്യം, മതേതരത്വം തുടങ്ങി ഒട്ടനേകം മൂല്യപദ്ധതികൾ ആധുനികതയുടെ ഭാഗമായി ശാസ്ത്രീയവ്യക്തതയുടെ സ്വഭാവത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്.**

ഈ പൊതുതീരുമാനം എന്നതിലപ്പുറം, വൺവേ എന്ന തത്ത്വം അവിടെ നിലനില്ക്കുന്നില്ല. അതിന്റെ പ്രയോഗത്തിലൂടെയാണ് അതു നിലവിൽ വരുന്നത്.

സ്നേഹവും അങ്ങനെത്തന്നെയാണ്. സ്നേഹവുമായി ബന്ധപ്പെട്ട് പൊതുവായ ചില ആദർശങ്ങൾ, ആശയങ്ങൾ, സംഹിതകൾ ഒക്കെ നമ്മൾ ഒരുക്കിയിരിക്കുന്നു. അവയ്ക്ക് സ്നേഹം എന്ന വികാരവുമായി യഥാർഥത്തിൽ നേരിട്ടു ബന്ധമൊന്നുമില്ല. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും സ്നേഹിക്കുന്നൊക്കെയുണ്ട്. പക്ഷേ, അത് വളരെ താൽക്കാലികമായ ഒരു ആവശ്യാർഥപരിപാടി മാത്രമാണ്. അച്ഛനമ്മമാരും മക്കളും തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും കാമുകീകാമുകന്മാർ തമ്മിലും സുഹൃത്തുക്കൾ തമ്മിലും ഒക്കെയുള്ള, നിസ്സാരവും അല്പകാലികവുമായ ആവശ്യങ്ങളെപ്രതിയുള്ള ഒത്തുതീർപ്പും വഴങ്ങലും പൊരുത്തപ്പെടലും മാത്രമാണ്. അതാണ്, അതിന്റെ പ്രയോഗവശം. എന്നാൽ, താത്ത്വികമായി സ്നേഹം എന്നത് ശാശ്വതമോ, കുറഞ്ഞപക്ഷം, ദീർഘകാലക്ഷമമോ ആണ്. അതിന്റെ പ്രയോഗത്തിലെ ഹ്രസ്വകാലക്ഷമത നമ്മെ അസ്വസ്ഥരാക്കും.

ഇതേപോലെ, സ്വാതന്ത്ര്യവും കേവലം ഒരു തത്ത്വം മാത്രമാണ്. തത്ത്വം എന്ന നിലയിൽ അത് ഐഡിയലുമാണ്. എന്നാൽ, ഈ ഐഡിയൽ അവസ്ഥയിൽ അല്ലാതെ സ്വാതന്ത്ര്യം പ്രവർത്തിക്കുകയേയില്ല. രണ്ടു പേർക്കിടയിൽപ്പോലും അതു പ്രവർത്തിക്കുകയില്ല. അപ്പോൾപ്പിന്നെ, രാഷ്ട്രങ്ങൾക്കിടയിലോ മതങ്ങൾക്കിടയിലോ, ജനതകൾക്കിടയിലോ ഒക്കെ അതു പ്രവർത്തിക്കുമെന്നു കരുതുന്നതുതന്നെ മണ്ടത്തരമാണ്.

സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം, സാഹോദര്യം എന്നീ നാലു സങ്കല്പങ്ങളെ നവീനമാനവകുലത്തിന്റെ സങ്കല്പലോകത്തെ കെട്ടിയുയർത്തിയിരിക്കുന്ന നാലു തൂണുകളെന്നു പറയാം. ഇവയൊന്നുംതന്നെ പ്രയോഗതലത്തിൽ പ്രവർത്തിക്കുകയില്ല. ജനാധിപത്യം എന്നത്, രാഷ്ട്രത്തിലെ (ലോകത്തിലെ എന്നായാൽ കൂടുതൽ ശരിയായി) അവസാനത്തെ മനുഷ്യന്റെ അവകാശത്തിനുവേണ്ടിക്കൂടി മറ്റു മുഴുവൻ മനുഷ്യരും നില്ക്കുകയെന്നതാണ് എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അതൊരു വിചാരം മാത്രമാണ്. എന്നാൽ, തത്ത്വത്തിൽ അതാണോ ജനാധിപത്യം എന്നു ചോദിച്ചാൽ നമുക്ക് ആണ് എന്നു പറയാൻ ആവുകയില്ല. എന്നാൽ, ഭൂരിപക്ഷത്തിന്റേതാണോ എന്നു ചോദിച്ചാൽ, 99-1 (100-0 ആയാൽ അത് ഐഡിയലായി) ആകുമ്പോഴാണോ 51-49 ആകുമ്പോഴാണ് ജനാധിപത്യം കൃത്യമാകുക എന്നു മറുചോദ്യമുന്നയിക്കേണ്ടിവരും. 99-1 എന്ന നിലയിൽ ജയലളിതയുടെ സാരി സഭാമധ്യത്തിൽ പിച്ചിയെറിഞ്ഞതും പകരത്തിനുപകരമായി കരുണാനിധി മുണ്ടില്ലാതെ, കാപ്പാത്തുങ്കോ എന്നു നിലവിളിച്ച് ഓടിയതും ചിത്രത്തിലെത്തും. സെന്റ് ഫോർട്ട് കോട്ടയിൽവച്ച് അപമാനിക്കപ്പെട്ടതിന് ജയലളിത മുഖ്യമന്ത്രിയായപ്പോൾ ആ സഭാമന്ദിരം ഉപേക്ഷിച്ച്, പുതിയ മന്ദിരം പണിത് അവിടേക്ക് ഭരണം മാറ്റിയതും, അതിനുപകരമായി, ജയലളിത പോയപ്പോൾ, ആ മന്ദിരം ആശുപത്രിയാക്കി എതിർചേരിക്കാർ മാറ്റിയതും നാം കാണാനിടയാകും. 51-49-ന്റെ കളിയായിരുന്നു ഉമ്മൻചാണ്ടി ഭരണകാലത്ത് നാം കണ്ട പ്രതിപക്ഷ അത്യാചാരങ്ങൾ. ഉത്തരേന്ത്യയിലൂടെ സഞ്ചരിച്ചാൽ, നാം ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 'രാജകീയ' എന്ന വാക്കു ചേർത്ത് എഴുതിയിരിക്കുന്നത് കാണും. രാജകീയ അസ്പതാൽ എന്നു തുടങ്ങി. കേരളത്തിൽ, മലയാളമല്ലാത്ത ഒരു വാക്കാണ് നാം ഗവൺമെന്റ് എന്നതിനു പകരമായി ഉപയോഗിക്കുന്നത്; സർക്കാർ - വാഹ്, സർക്കാർ വാഹ്.

ഹുജൂറും സർക്കാരും രാജകീയവും ഒക്കെയാണു നമ്മുക്കിന്നുമുള്ളത്. ഗവൺമെന്റ് എന്ന ആധുനികപദത്തിനു സമാനമായ ഒരു ജനാധിപത്യപദംപോലും നമുക്കു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. കേരളസർക്കാർ ആഴ്ചയിൽ ഒരു ദിവസം സർക്കാർ ഉദ്യോഗസ്ഥർക്കു മുണ്ട് (അതും ഖദർ) നിർബന്ധമാക്കിയപ്പോൾ, ആയതിന്റെ ഉത്തരവ് കല്ലിൽകൊത്തിയാണു തെരുവുകളിൽ വച്ചത്. ഈ സംഭവങ്ങളിലെല്ലാം നമ്മുടെ ജനാധിപത്യസങ്കല്പവും സ്വാതന്ത്ര്യസങ്കല്പവുമുണ്ട്. അല്ലെങ്കിൽ, ഇങ്ങനെ പറയാം: ഇത്രയൊക്കെയേയുള്ളൂ നമ്മുടെ സ്വാതന്ത്ര്യവും സ്വാതന്ത്ര്യബോധവും.

എങ്കിലും ഈ സ്നേഹം, നീതി, ധർമം, സ്വാതന്ത്ര്യബോധം തുടങ്ങിയവയൊക്കെ ഒരിക്കലും നിലവിലോ നടപ്പിലോ വരികയില്ലേ എന്നു ചോദിച്ചാൽ, വരുത്താനാകും എന്നു തന്നെയാണു മറുപടി. അതിന്, ആദർശാത്മകറിപ്പബ്ലിക് നിലവിൽ വരണമെന്നുമാത്രം. ഈ ടൈപ്പ് ആദർശാത്മക റിപ്പബ്ലിക്കിലാണ് കവികളെ കയറ്റുകില്ലെന്ന് പ്ലേറ്റോ പറഞ്ഞത്. ആളുകൾ അതിന് മൂപ്പരെ മുണ്ടൻവടിക്കടിക്കാൻ നടക്കുന്നതു കണ്ടിട്ടുണ്ട്. പക്ഷേ, സത്യമെന്താണെന്നുവച്ചാൽ, ഈ ടിപ്പിക്കൽ ആദർശാത്മക റിപ്പബ്ലിക്ക് വന്നാൽ, അവിടെ കവികളെ നിരോധിക്കേണ്ടിവരില്ല. അജ്ജാതി

മൊയ്ന്തുകൾക്ക് അവിടെ ഒരു പണിയുമുണ്ടാകില്ല. എന്തു മത്തങ്ങയെപ്പറ്റി കവിതയെഴുതാനാണ്? അവറ്റ പട്ടിണികിടന്ന് സ്വയം സിദ്ധികൂടിക്കോളും; അത്രയുമേ പ്ലേറ്റോസാറും ഉദ്ദേശിച്ചിട്ടുള്ളൂ.

യേസ്, അപ്പോൾ, അങ്ങനൊരു ഐഡിയൽ റിപ്പബ്ലിക്ക്. അവിടെ നീതിയും ധർമവും സത്യവും പുലരും. അവിടെ, വക്കീലന്മാർ സത്യമേ പറയൂ. വക്കീലന്മാർ സത്യം മാത്രമേ പറയൂ എന്നു വന്നാൽ, നീതി ബ്രെഷ്ടച്ചായൻ പറഞ്ഞതുപോലെ, അന്നേക്കന്നു വൈകീട്ട് ആറുമണിക്കു സൂര്യൻ അസ്തമിക്കുന്നതിനുമുൻപ് നടപ്പാകുക തന്നെ ചെയ്യും. ഒരു നഗരവും അതിന്റേപേരിൽ കത്തിച്ചാമ്പലാവില്ല; അഗ്നിശമനസേനക്കാർക്ക് ചുമ്മാതെയിരിക്കാൻ പറ്റും. എന്നുവച്ചു സാഹിത്യമെഴുതാൻ വകുപ്പുണ്ടാവില്ല, കൂടിപ്പോയാൽ വല്ല പാട്ടോ ആട്ടമോ ഉണ്ടാവും. എങ്കിലും അവയ്ക്കും ആശയമോ കഥയോ വരികളോ ഒന്നുമുണ്ടാകില്ല. ഒരു വൈപരീത്യമുണ്ട്. ഒരു അഗ്നിശമനസേനാംഗം ഒരു പണിയുമില്ലാതെ, മടുത്ത്, മടുപ്പിനെപ്പറ്റി ഒരു പാട്ടുണ്ടാക്കിപ്പാടിയെന്നുവരാം. അതോടെ, ആ ആദർശലോകം തകർന്നുതുടങ്ങുകയായി. വിത്തിൻ നോ ടൈം, ക്രമേണ അത് നമ്മുടെ ഇപ്പോഴത്തെ ലോകമായിത്തീരും. മോദി മൂന്നാമതും ഭരിക്കും, ട്രംപ് ട്രംപറ്റുമൂതിവരും, എർദോഗാൻ എരമ്പിഭരിക്കും.

**സ്വാതന്ത്ര്യം എന്നത് ഒരു സാധ്യതയോ പ്രത്യാശയോ അല്ല. സ്വാതന്ത്ര്യം ഉത്തരവാദിത്വങ്ങളുടെ ഘോഷയാത്രയ്ക്ക് മാനവനവീനത നല്കിയ ഒരു ചെല്ലപ്പേരു മാത്രമാണ്.**

നമ്മളീപ്പറയുന്ന ആധുനികലോകത്തിനുമുൻപ് വല്ല സ്വാതന്ത്ര്യവുമുണ്ടായിരുന്നോ. നമുക്കറിയാവുന്നതും എഴുതപ്പെട്ടതുമായ കഥകളിലെല്ലാം ഓരോരോ ജനത സ്വാതന്ത്ര്യത്തിനുവേണ്ടി തടവിന്റെ കൂച്ചുചങ്ങലകളിൽക്കിടന്നമറിയ കഥകളുണ്ട്. മോശയുടെ വംശം നാനൂറുകൊല്ലത്തെ അടിമജീവിതത്തിനും നാല്പതുകൊല്ലത്തെ അലച്ചിലിനും ഇടയായി. അവർ എങ്ങനെ മിസ്രയീമിൽ തടവിലായി. ബെന്യമീനെ തടവിലാക്കാൻ (കൊല്ലാനായിരുന്നു ആദ്യത്തെ പദ്ധതി) അവന്റെ സ്വന്തം സഹോദരങ്ങൾ ശ്രമിച്ചതിന്റെ ഫലമായി ബെന്യാമീൻ അവിടെ തടവിലായി. അവിടന്ന് അവൻ ഭാഗ്യത്തിന്റെയും സാമർഥ്യത്തിന്റെയും ഫലമായി രാജപ്രമുഖനായി വളരുന്നു. അതിസമ്പന്നനും മുഖ്യനുമായി മാറിയ ബെന്യാമീൻ തന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും മിസ്രയീമിലേക്കു കൊണ്ടുവരുന്നു. അവിടെ അവർ പ്രമാണിമാരായി താമസം തുടങ്ങുന്നു. ആ പ്രമാണിത്തം തലമുറ കുറെപ്പോകെ, മിസ്രയീമ്യർക്ക് അനിഷ്ടനീരസങ്ങൾക്കു കാരണമായതിന്റെ ഫലമായാണ് യഹൂദർ അവിടെ അടിമകളായിത്തീരുന്നത്. ആധുനികകാലത്ത് 1920-കളിൽത്തൊട്ട് ഇതേ ഈജിപ്തിന്റെ മറ്റൊരുഭാഗത്ത് മൊട്ടക്കുന്നുകളും തരിശുനിലങ്ങളും വാങ്ങാനെത്തിയ ഭാഗ്യാന്വേഷികളായ അഭയാർഥികളുടെ രൂപത്തിൽവന്ന് ഇതേ ഇസ്രേല്യർ രണ്ടായിരത്തിലധികം നൂറ്റാണ്ടു നീണ്ടുനിന്ന അവരുടെ തടവുപ്രവാസകാലത്തിന്റെ അന്ത്യം കുറിച്ച് സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കുന്നതും കാണാനാകുന്നില്ലേ. ഒന്നാം ലോകമഹായുദ്ധത്തിലെ സഹായത്തിനു പ്രത്യുപകരകാരമായി ഇസ്രയേൽ എന്ന വാഗ്ദാനം മുന്നോ



↘ 1947 ആഗസ്റ്റ്15, ലോർഡ് മൗണ്ട് ബാറ്റൺ ഇന്ത്യൻ പതാകയെ അഭിവാദ്യം ചെയ്യുന്നു. കൂടെ ഭാര്യ എഡ്വിനയും ജവഹർലാൽ നെഹ്റുവും.

**അധികാരത്തിലിരിക്കുന്നവർ അഹങ്കാരം കാട്ടുമ്പോൾ, കീഴോട്ടുള്ള ഓരോ ഘടകത്തിലും ഏകകത്തിലും അതു പ്രതിഫലിക്കുന്നു. ഒരു സ്വേച്ഛാധികാരി ഭരിക്കുന്ന നാട്ടിൽ നോക്കിയാൽ, ഓരോ വ്യക്തിയും ആ സ്വേച്ഛാധികാരിയുടെ കൊച്ചുകൊച്ചു പ്രതിരൂപങ്ങളും പ്രതിനിധികളുമായിരിക്കുന്നതറിയാം.**



↘ അഡോൾഫ് ഹിറ്റ്ലർ



സ്റ്റാലിൻ ↙

ട്ടുവച്ച ബ്രിട്ടൻ അത് എവ്വിധവും നടത്തിയെടുത്തതിന്റെ ബദൽചരിത്രം കൂടിയാണത്. അപ്പോഴും ആകാശത്തുനിന്ന് നവരാഷ്ട്രത്തിന്റെ ഭൂപടം മാത്രമേ ദൈവികാവകാശത്തിനനുസൃതം ആധുനികരാഷ്ട്രങ്ങൾ ഇറക്കിയിട്ടുള്ളൂ. ജനത അപ്പോഴേക്കും അവിടെ ഉടലെടുക്കുകയും പന്തലിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. അത് പതിന്നാലു നൂറ്റാണ്ടു പണിയെടുത്തിട്ടും ഇസ്ലാംമതത്തിന് അവസാനിപ്പിക്കാൻ കഴിയാതിരുന്ന ഫ്യൂഡ് ഫൈറ്റുകളുടെ ഫലംകൂടിയാണ്. അല്ലെങ്കിലും ഇസ്ലാംമതം സ്വയം ഫ്യൂഡ് ഫൈറ്റിന്റെ ഉപോല്പന്നം മാത്രമാണെന്നാണ് സൂക്ഷ്മത്തിൽ മതചരിത്രം മനസ്സിലാക്കുമ്പോൾ ബോധ്യപ്പെടുക.

മഹാഭാരതത്തിലേക്കോ രാമായണത്തിലേക്കോ നോക്കിയാലും നമുക്ക് സ്വാതന്ത്ര്യത്തിന്റെ പരിമിതിയും അർഥശൂന്യതയും വ്യക്തമാകും. ധർമത്തിന്റെ തടവുകാരനായ യുധിഷ്ഠിരനും സത്യത്തിന്റെ തടവുകാരനായ രാമനും പക്ഷേ, സത്യധർമാദികളുടെ സങ്കീർണസമസ്യകളെക്കൂടി ഓർമിപ്പിക്കുന്നുണ്ട്.



↘ വി.സി. ഹാരിസ്

സത്യത്തിൽ, സ്വാതന്ത്ര്യം എന്നത് ഒരു സാധ്യതയോ പ്രത്യാശയോ അല്ല. സ്വാതന്ത്ര്യം ഉത്തരവാദിത്വങ്ങളുടെ ഘോഷയാത്രയ്ക്ക് മാനവനവീനത നല്കിയ ഒരു ചെല്ലപ്പേരു മാത്രമാണ്. സത്യം മാത്രം പറയുന്ന അഭിഭാഷകരും പ്രാഡ്വിവാകന്മാരും ഉള്ള ഒരു ലോകത്ത് നീതി പരിലസിക്കും എന്നതുപോലെ, അന്യനെ തനിക്കുമുകളിൽ പരിഗണിക്കുന്ന മനുഷ്യരുള്ള ഒരു ലോകത്തുമാത്രമേ സ്വാതന്ത്ര്യം നിലവിലുണ്ടായിരിക്കുകയുള്ളൂ. അഭിഭാഷകർ സത്യം മാത്രം പറയുന്ന ഒരു കാലത്തും ലോകത്തും അനീതി ഉണ്ടാകുകയില്ല, അതിനാൽത്തന്നെ കോടതികൾ ആവശ്യവുമില്ല. അതുപോലെ, മറ്റുള്ളവരെ അവരവരേക്കാൾ പരിഗണിക്കുന്ന ആളുകളുണ്ടായിരിക്കുന്ന ഒരു ലോകത്തും കാലത്തും പാരതന്ത്ര്യം എന്നത് അനുഭവവേദ്യമേ ആയിരിക്കില്ല.

അധികാരം അസ്വാതന്ത്ര്യവും അസ്വസ്ഥതയുമുണ്ടാക്കുന്നു. ഓരോരുത്തരും അധികാരി ആയിരിക്കുകയും ചെയ്യുന്നു. അധികാരത്തിലിരിക്കുന്നവർ അഹങ്കാരം കാട്ടുമ്പോൾ, കീഴോട്ടുള്ള ഓരോ ഘടകത്തിലും ഏകകത്തിലും അതു പ്രതിഫലിക്കുന്നു. ഒരു സ്വേച്ഛാധികാരി ഭരിക്കുന്ന നാട്ടിൽ നോക്കിയാൽ, ഓരോ വ്യക്തിയും ആ സ്വേച്ഛാധികാരിയുടെ കൊച്ചുകൊച്ചു പ്രതിരൂപങ്ങളും പ്രതിനിധികളുമായിരിക്കുന്നതറിയാം. ഇന്ദിരാഗാന്ധി ഭരിക്കുമ്പോൾ, ബസ്സിലെ കണ്ടക്ടറും താലൂക്കാപ്പീസിലെ ശിപായിയും ആശുപത്രിയിലെ നേഴ്സും തെരുവിലെ തൂപ്പുകാരിയുംവരെ ചെറിയചെറിയ ഇന്ദിരാഗാന്ധികളായിരിക്കുന്നു. ഭരിക്കുന്നതു സ്റ്റാലിനാണെങ്കിൽ എല്ലാവരും സ്റ്റാലിൻ. ഹിറ്റ്ലറാണെങ്കിൽ ഹിറ്റ്ലർ.

ഒരു തൊഴിൽ ചെയ്യുന്ന ആളെന്ന നിലയിൽ ഈ വൈയക്തിക ഡിക്റ്റേറ്റർഷിപ്പ് വ്യക്തിപരമായിത്തന്നെ അറിയാം. അതുപോലെ, ഒരു സ്ഥാപനം അതിലെ വ്യക്തികൾ എങ്ങനെ സ്വാതന്ത്ര്യത്തിന്റെ അണുമാത്രവായുപോലും കടക്കാത്ത ഇരുട്ടറ ആക്കിമാറ്റുന്നുവെന്നും ദൈനംദിനജീവിതത്തിലൂടെ അറിയാം. പദവി സഹകരണത്തോടെയുള്ള സുഗമസംഘാടനത്തിനുള്ള അവസരമായി ഉപയോഗപ്പെടുത്തിയ ഒരു വ്യക്തിയെ നേരിട്ടറിയാം. അത് ഡോ. വി.സി. ഹാരിസ് ആണ്. അദ്ദേഹം സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ തലവനായിരുന്ന കാലത്ത് തന്റെ പദവിയെ എങ്ങനെ അധികാരനിർവേദപരമായി ഉപയോഗിച്ചു എന്നു നോക്കിക്കണ്ടിട്ടുണ്ട്. എന്നാൽ, മറ്റെങ്ങും ആ നിർവേദാനന്ദസാധ്യത കണ്ടിട്ടേയില്ല. അധ്യാപകർ പദവി വിദ്യാർഥികളെ ദ്രോഹിക്കാനുള്ള 'വിപ് പവർ' ആയി ഉപയോഗിക്കുന്നത് നിത്യേനയെന്നോണം കാണുന്നു. അധികൃതർ അധഃകൃതരായി സേവിതരെ കൈകാര്യം ചെയ്യുന്നത് നിത്യേന കാണുന്നു. എവിടെയും സ്വാതന്ത്ര്യം ഒരു തരിമ്പുപോലും കാണപ്പെടുന്നില്ല. എന്നല്ല, ഒരിക്കലും കണ്ടിട്ടേയില്ല.

വളരെ താൽക്കാലികവും സോപാധികവുമായ ഒരു അനുഭവം മാത്രമാണു സ്വാതന്ത്ര്യം. താൽക്കാലികതയും ഉപാധികളും അതിനെ അസ്വതന്ത്രമാക്കുകയും ചെയ്യുന്നു. ഇതെല്ലാംകൊണ്ടാണ് ഒറ്റവാക്യത്തിൽ കാര്യം പറഞ്ഞുതുടങ്ങിയവസാനിപ്പിക്കുന്നത്: സ്വാതന്ത്ര്യത്തെപ്പറ്റി അധികം പറയണ്ട. ●

ഫോക്കസ്



ഡോ. മാർട്ടിൻ ശങ്കൂരിക്കൽ

# രാത്രിയിൽ കിട്ടിയതു കൊണ്ടാണോ നമ്മുടെ സ്വാതന്ത്ര്യമിപ്പോഴും ഇരുണ്ടിരിക്കുന്നത്?


**സോഷ്യൽമീഡിയയിൽനിന്ന് ജയിലിലേക്ക് വാതിൽ തുറക്കുന്ന ഒരു കാലഘട്ടത്തിൽ നിരോധനങ്ങളുടെ ഫത്വവത്കരണം കാരണം സാഹിത്യകാരന്മാരും ചിന്തകരും അസ്തിത്വ പ്രതിസന്ധിയിലാണ്. എഴുത്തോ നിന്റെ കഴുത്തോ എന്ന ചോദ്യത്തിന് കഴുത്തു കാണിച്ചുകൊടുക്കാൻ അധികം ആളുകളില്ല എന്നത് ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. രാജാവ് നഗ്നനാണെന്നുപറയുന്ന സ്നാപകശിരസ്സുകൾ വെള്ളിത്താലത്തിൽ കോർപറേറ്റ് സലോമിമാർക്ക് വിളമ്പുന്ന നെറികെട്ട കാലം.**



## സ്വാതന്ത്ര്യത്തിന്റെ നാനാർഥങ്ങൾ

പറവ മത്സ്യത്തോട് ചോദിച്ചു: നിനക്ക് എന്റെ സ്വാതന്ത്ര്യം ഉണ്ടോ? മത്സ്യം തിരിച്ച് പറവയോട് ചോദിച്ചു: നിനക്ക് എന്റെ സ്വാതന്ത്ര്യമുണ്ടോ? പറക്കാനുള്ള കഴിവ് നോക്കി മത്സ്യത്തെയും നീന്താനുള്ള കഴിവ് നോക്കി പക്ഷിയെയും വിലയിരുത്തരുത്. പറഞ്ഞത് വിഖ്യാത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ ആണ്. Medium determines the nature of freedom and capability എന്ന തത്ത്വത്തിന്റെ വിശദീകരണമാണിത്. മത്സ്യത്തിന്റെ മീഡിയം വെള്ളവും പക്ഷിയുടേത് വായുവുമാണ്. വെള്ളമല്ല പക്ഷിയുടെ സ്വാതന്ത്ര്യപ്രകാശനവേദി; വായുവല്ല മത്സ്യത്തിന്റെ സ്വാതന്ത്ര്യപ്രഖ്യാപനമാധ്യമം. അതിനാൽത്തന്നെ അപരിചിതമായ മാധ്യമങ്ങളിൽ സ്വത്വപ്രകാശനത്തിനും സ്വാതന്ത്ര്യപ്രകാശനത്തിനും വിധിക്കപ്പെടുന്നവരെ കരുതലോടെ ഓർക്കേണ്ട ദിനമാണ് സ്വാതന്ത്ര്യദിനം. ഒപ്പം കരയിലേക്ക് വലിച്ചെറിയപ്പെടുന്ന മത്സ്യങ്ങളെയും വെള്ളത്തിൽ വീഴ്ത്തപ്പെടുന്ന പറവകളെയും ചേർത്തുപിടിക്കാനുമുള്ള ദിവസംകൂടിയാണിത്.

Man is condemned to be free (മനുഷ്യൻ സ്വതന്ത്ര



↘ പ്ലേറ്റോ



ഴാങ് പോൾ സാർത്ര് ↙

**പൊളിറ്റിക്കൽ ഹിന്ദുത്വയെ ഇന്ത്യൻ ദേശീയതയാക്കി അവതരിപ്പിക്കുകയും അതിനെ സ്വന്തം സംസ്കാരമായി സ്വീകരിക്കാൻ മറ്റുള്ളവരെ നിർബന്ധിക്കുകയും ചെയ്യുന്ന ഒരു നവഹിന്ദുത്വ കൊളോണിയലിസം ഇന്ത്യൻ ജീവിതത്തിന്റെ മുഖ്യധാരയിൽ സജീവമാണ്.**

നായിരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു) എന്ന് എഴുതിയത് ഫ്രഞ്ച് അസ്തിത്വവാദിയായ ഴാങ് പോൾ സാർത്ര് (Jean Paul Sartre) ആണ്. എന്നാൽ അതിനും വളരെ വർഷങ്ങൾക്കുമുൻപു ഫ്രാൻസിൽനിന്നുതന്നെയുള്ള ചിന്തകനായ റൂസോ എഴുതി: "മനുഷ്യൻ എല്ലായിടത്തും സ്വതന്ത്രനായി ജനിക്കുന്നു; എന്നാൽ, അവൻ എല്ലായിടത്തും കൈവിലങ്ങുകളിൽ ആണ്." ഈ സ്വാതന്ത്ര്യബോധം ഉള്ളിൽ പേറുന്നതുകൊണ്ടാണ് ഇബ്സന്റെ "പാവവീട്ടിലെ" (A Doll's House) നായിക നോറ ഇപ്രകാരം പറഞ്ഞത്: "മുട്ടുകാലിൽ ഇഴഞ്ഞ് ജീവിക്കുന്നതിനെക്കാൾ സ്വന്തം കാലിൽനിന്ന് മരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു." ധാർമികരോഷത്തോടെ അവൾ കൊട്ടിയടച്ച വാതിൽ തുറന്നത് സ്വാതന്ത്ര്യത്തിന്റെ തുറസ്സുകളിലേക്കാണ്.

പ്ലേറ്റോയുടെ ഗുഹാമനുഷ്യന്റെ ഉപമ സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്ത മാനങ്ങൾ വെളിപ്പെടുത്തുന്നതാണ്. വർഷങ്ങളായി ഗുഹയിൽ ചങ്ങലകളിൽക്കിടക്കുന്ന മനുഷ്യർ യാഥാർഥ്യമെന്നു കരുതുന്നത് ഗുഹയുടെ ഭിത്തിയിൽ പ്രതിഫലിക്കുന്ന നിഴലുകളാണ്. എന്നാൽ, ചങ്ങലയിൽനിന്ന് വിമോചിതനായവൻ ഗുഹയുടെ പുറത്തുള്ള യഥാർഥ ലോകംകണ്ട് സത്യം തിരിച്ചറിഞ്ഞ് ഗുഹക്കുള്ളിലുള്ളവരെ സത്യം അറിയിക്കുന്നു. അതാണ് തത്ത്വചിന്തയുടെ ധർമം എന്ന് പ്ലേറ്റോ പറയുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന് പറഞ്ഞത് ക്രിസ്തുവാണ്. സ്വതന്ത്രനായി ജനിക്കുന്ന ലാസറുമാരെ കെട്ടുപാടുകളിലാക്കി ഗുഹയിലും കല്ലറയിലും തള്ളുന്ന വ്യവസ്ഥിതിയെ തിരുത്തി മനുഷ്യപുത്രൻ പറയും: "അവന്റെ കെട്ടുകളഴിക്കിൻ; അവൻ പോകട്ടെ". (യോഹന്നാൻ 11:44). ഇന്നും എത്രയോ മനുഷ്യർ വ്യവസ്ഥിതി നിർമിക്കുന്ന കല്ലറകളിൽ കെട്ടപ്പെട്ട അവസ്ഥയിൽ നിസ്സഹായരായി ജീവിക്കുന്നു. ഇവരുടെ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തേണ്ട മനുഷ്യപുത്രന്റെ പകരക്കാർ മയക്കത്തിലാണ്. അക്കിത്തം ഇന്നുണ്ടായിരുന്നെങ്കിൽ ഇങ്ങനെ പാടിയേനെ: "ഉണർവ് ദുഃഖമാണുണ്ണീ, ഉറക്കമല്ലോ സുഖപ്രദം."

"എന്റെ സ്വാതന്ത്ര്യം അപരന്റെ മൂക്കിൻതുമ്പത്ത് അവസാനിക്കുന്നു" എന്നു പറഞ്ഞത് യൂട്ടിലിറ്റേറിയനിസത്തിന്റെ പരാമാചാര്യനായ ജെ.എസ്.മിൽ ആണ്. എന്നാൽ അപരന്റെ ജീവിതത്തിന്റെ സ്വകാര്യതയിലേക്കുവരെ കടന്നുകയറുന്ന ഒരു നവഫാസിസം ഇന്ന് ഇന്ത്യൻ സാഹചര്യത്തിൽ സജീവമാണ്. അപരൻ എന്ത് ഭക്ഷിക്കണമെന്നുവരെ തീരുമാനിച്ച് മനുഷ്യരുടെ രസമുകുളങ്ങളെ വരെ നിയന്ത്രിക്കുന്ന ഒരു ഏകാധിപത്യ പ്രവണത ഫണമുയർത്തി ആടുന്നു, ഭാരത പരിസരങ്ങളിൽ. പൊളിറ്റിക്കൽ ഹിന്ദുത്വതയെ ഇന്ത്യൻ ദേശീയതയാക്കി അവതരിപ്പിക്കുകയും അതിനെ സ്വന്തം സംസ്കാരമായി സ്വീകരിക്കാൻ മറ്റുള്ളവരെ നിർബന്ധിക്കുകയും ചെയ്യുന്ന ഒരു നവഹിന്ദുത്വ കൊളോണിയലിസം ഇന്ത്യൻ ജീവിതത്തിന്റെ മുഖ്യധാരയിൽ സജീവമാണ്. ആർഷഭാരത സംസ്കാരം, ഇന്ത്യൻസംസ്കൃതി എന്നിങ്ങനെ അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്ന നെടുങ്കൻ പദപ്രയോഗങ്ങളുടെ മറവിൽ മതദേശീയതയെ ഒളിപ്പിച്ചുകടത്താനുള്ള ശ്രമങ്ങൾ വ്യാപകമാണിന്ന്. ഹിന്ദു എന്നതിനെ ഇന്ത്യയെന്ന് മാറ്റിയെഴുതുന്ന പഴയ ശൈലി ഇന്ന് ഇന്ത്യയെ ഹിന്ദുവെന്ന് മാറ്റിയെഴുതിക്കൊണ്ടിരിക്കുന്നു. അർധരാത്രിയിൽ കിട്ടിയ സ്വാതന്ത്ര്യത്തിന്റെ കാളിമ ജീവിതങ്ങളെ ഇന്നും ഇരുട്ടിലാക്കുന്നുവെന്ന് ചുരുക്കം.

## ഭാരത സ്വാതന്ത്ര്യത്തിന്റെ മുറിവുകൾ

പ്രശസ്ത മലയാളകവി അയ്യപ്പപണിക്കരുടെ "രാമൻ വാണാലും രാവണൻ വാണാലും" എന്ന കവിതയിലെ വരികൾ മേല്പറഞ്ഞ അവസ്ഥയെ വരച്ചുകാണിക്കുന്നതാണ്.

"രാമൻ വാണാലും രാവണൻ വാണാലും
സ്വാതന്ത്ര്യം നമ്മൾക്ക് പിച്ചപാത്രം
രാവിതു പോയി പകൽവേള വന്നാലും
നാവ് നനയ്ക്കുവാൻ കണ്ണീർ മാത്രം"

സമകാലികഭാരതത്തിന്റെ നേർചിത്രമാണ് ഈ കവിത.



അയ്യായിരം കോടിയുടെ അംബാനി കല്യാണത്തിന് സർക്കാരും മാധ്യമങ്ങളും ചൂട്ട് പിടിക്കുമ്പോൾ 2019-ലെ ഇന്ത്യയുടെ ആരോഗ്യ ബഡ്ജറ്റിൽ ഇന്ത്യൻ ഗ്രാമങ്ങളിലെ ഹെൽത്ത് സെന്ററുകൾക്കായി 1349 കോടി മാത്രമാണ് വകയിരുത്തിയിരിക്കുന്നതെന്ന നഗ്നസത്യം ആരും ഗൗനിക്കുന്നുപോലുമില്ല. "അരി വാങ്ങാൻ ക്യൂവിൽ നില്ക്കുന്നു ഗാന്ധി; അരികെ കാറിലേറി നീങ്ങുന്നു വ്യാപാരി മന്നൻ ഗോഡ്സെ" എന്ന എൻ.വി. കൃഷ്ണവാര്യരുടെ വരികൾ സത്യമാകുന്ന കാലം. നീ ഒരു പദ്ധതി വിഭാവനംചെയ്യുമ്പോൾ ഏറ്റവും പാവപ്പെട്ടവനെ ഓർക്കണമെന്നും അവന് ഗുണകരമെങ്കിൽ മാത്രം മുന്നോട്ടുപോകണമെന്നുമുള്ള നെഹ്റുവിനുള്ള ഗാന്ധിയുടെ ഉപദേശം ഭരണകൂടങ്ങൾ മറക്കുമ്പോൾ പൗരന്റെ അവകാശങ്ങൾ ഭരണകൂടത്തിന്റെ ഔദാര്യമാണെന്നുള്ള പുതിയകാല സമവാക്യം രൂപപ്പെടുകയാണ്. 2024-ലെ ബജറ്റ് അവതരണം കഴിയുമ്പോൾ ഇന്ത്യയെന്നാൽ ഏതാനും ചില സംസ്ഥാനങ്ങൾ മാത്രമാണോ എന്ന സംശയം മനസ്സിൽ ബാക്കി.

**നീ ഒരു പദ്ധതി വിഭാവനം ചെയ്യുമ്പോൾ ഏറ്റവും പാവപ്പെട്ടവനെ ഓർക്കണമെന്നും അവന് ഗുണകരമെങ്കിൽ മാത്രം മുന്നോട്ടുപോകണമെന്നുമുള്ള നെഹ്റുവിനുള്ള ഗാന്ധിയുടെ ഉപദേശം ഭരണകൂടങ്ങൾ മറക്കുമ്പോൾ പൗരന്റെ അവകാശങ്ങൾ ഭരണകൂടത്തിന്റെ ഔദാര്യമാണെന്നുള്ള പുതിയകാല സമവാക്യം രൂപപ്പെടുകയാണ്.**

## വർഗീയതയുടെ മുറിവുകൾ

ഗാന്ധിഘാതകനായ നാഥുറാം ഗോഡ്സെയുടെ മരണപത്രം വിചിത്രമായ ഒരാവശ്യം ഉന്നയിക്കുന്നുണ്ട്: "എന്റെ ചിതാഭസ്മം വിശുദ്ധനദിയായ ഗംഗയിൽ ഒഴുക്കരുത്. ഇന്ത്യയുടെ സാംസ്കാരിക, രാഷ്ട്രീയ, മതമാനങ്ങൾ ഒരു പരമാധികാര ഹിന്ദുരാഷ്ട്രത്തിന്റേതാകുന്നതുവരെ എന്റെ ചിതാഭസ്മം സൂക്ഷിക്കണം." മതാധിപത്യം ജനാധിപത്യത്തെ തിയോക്രസിയാക്കുമ്പോൾ മഹാത്മാവ് വീണ്ടും നിലവിളിക്കുന്നു: ഹേ റാം.

ഭാരതത്തിന്റെ ഭരണഘടന രൂപവത്കരണ വേളയിൽ ഒരു സെമറ്റിക് പ്രവാചകനെപ്പോലെ ജവഹർലാൽ നെഹ്റു പറഞ്ഞു: "ഭൂരിപക്ഷവർഗീയതയെ ദേശീയതയായും ഭൂരിപക്ഷവർഗീയതയെ തീവ്രവാദമായും തെറ്റിദ്ധരിക്കാനുള്ള സാധ്യത ഇന്ത്യൻ സാഹചര്യത്തിൽ ഏറെയാണ്. എന്നാൽ, നെഹ്റുവിയൻ സെക്കുലറിസത്തെ പാശ്ചാത്യമെന്നും ഭാരതവിരുദ്ധമെന്നും ആക്ഷേപിച്ച് അന്യവത്കരിക്കാനും അതുവഴി തമസ്കരിക്കാനും സംഘപരിവാർ ശ്രമിക്കുന്നുണ്ട്. ഭാരതത്തിന്റെ അയൽരാജ്യങ്ങൾ പട്ടാളഭരണത്തിന്റെയും ഏകാധിപത്യത്തിന്റെയും അരാജകത്വത്തിന്റെയും പ്രതീകങ്ങളായപ്പോൾ ഇന്ത്യ മതേതര-സോഷ്യലിസ്റ്റ് പരമാധികാര രാഷ്ട്രമായി നിലനിന്നത് നെഹ്റുവിനെപ്പോലുള്ള ക്രാന്തദർ


**ഭൂരിപക്ഷ സമുദായത്തിന്റെ ഉള്ളിൽ ഭീതി വളർത്തിയും ന്യൂനപക്ഷങ്ങളോട് അകൽച്ച യും വെറുപ്പും ഉണ്ടാക്കിയും അവരെ തങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങൾക്കുപയോഗിക്കുന്ന വോട്ടു ബാങ്കുകളാക്കി നിലനിറുത്തുക എന്നത് എല്ലാ ഫാസിസ്റ്റുകളുടെയും ശൈലിയാണ്.**

ശികളുടെ ദീർഘവീക്ഷണവും ദർശനമികവുംകൊണ്ടാണ്. എന്നാൽ, നെഹ്റുവിയൻ സെക്കുലറിസത്തെ കപടമതേ തരത്വം (സ്യൂഡോ-സെക്കുലറിസം) എന്ന് ചാപ്പകുത്തുന്ന വർഗീയശക്തികൾ വർഗീയതയുടെ കടന്നൽക്കൂടിളക്കി രാഷ്ട്രീയനേട്ടം കൊയ്യാനുള്ള പുറപ്പാടിലാണ്.

"ഇര ചരിത്രം എഴുതുന്നതുവരെ ചരിത്രം വേട്ടക്കാര ന്റേതായിരിക്കും" എന്ന നിർവചനത്തെ സാധൂകരിക്കുന്ന കഥകളാണ് സംഘപരിവാരത്തിന്റെ സാംസ്കാരിക പാചക ശാലകളിൽ പാകമായിക്കൊണ്ടിരിക്കുന്നത്. കെട്ടുകഥകളെ ചരിത്രമാക്കിയും ശാസ്ത്രീയ ചരിത്രത്തിനുപകരം വർഗീയചരിത്രം പഠിപ്പിച്ചും ചരിത്രത്തെ കാവിവത്കരിക്കുകയാണ് അഭിനവ ഫാസിസ്റ്റുകൾ. വിദ്യാഭ്യാസത്തിന്റെ ഭാരതവത്കരണം എന്ന പേരിലാണ് ചരിത്രത്തെ കാവിവത്കരിക്കുന്നത്. സിദ്ധാന്ത നിർമിതികൾ കൈയടക്കിവച്ചിരിക്കുന്നവർ രാജ്യസ്നേഹത്തെ മതദേശീയതയുടെ കുപ്പായമിടീച്ച് അവതരിപ്പിക്കാൻ ശ്രമി ക്കുമ്പോൾ നിഷ്പക്ഷചരിത്രം (Objective History) എന്നത് ഒരു മിത്തായി മാറുന്നു.

രാംമോഹൻ റോയിക്കും അഞ്ചുനൂറ്റാണ്ട് മുമ്പ് കൈയിലൊരു പന്തം ഉയർത്തിപ്പിടിച്ചുകൊണ്ട് ചന്തയു ടെ മധ്യത്തിൽനിന്ന് മാനവികത വാദിയായ കബീർ ദാസ് പറഞ്ഞു: "മാമൂലുകളുടെ വീടുകൾ കത്തിച്ചു കളയുക. എന്നിട്ട് എന്റെ കൂടെ വരൂ." കുടുസ്സുകളിൽനിന്ന് തുറസ്സുകളിലേക്ക് മടങ്ങാനുള്ള ക്ഷണമാണിത്. തുറസ്സുകളിൽനിന്ന് അടച്ചിട്ട മുറികളിലേക്കുള്ള വർഗീയമനസ്സുകളുടെ "ഘർ വാപസി" ശ്രമങ്ങൾ ശക്തിപ്പെടുന്നിടത്ത് കബീർ ദാസ് കത്തിച്ചുപിടിച്ച നവോത്ഥാനത്തിന്റെ പന്തം കരിന്തിരി കത്തുന്നു.

ജർമൻ കവിയും നാടകകൃത്തുമായ ബ്രെഹ്തോൾഡ് ബ്രെഹ്തിന്റെ ഒരു കവിതയിൽ ഹിറ്റ്ലർ ഭരിക്കുന്ന ജർമ നിയിലെ ഒരു യാത്രക്കാരനോട് ഒരു വിദേശി ചോദിച്ചു: "സുഹൃത്തേ ആരാണിവിടെ ഭരിക്കുന്നത്? ഭീതിനിറഞ്ഞ



↘ കബീർ ദാസ്



ബ്രെഹ്തോൾഡ് ബ്രെഹ്ത് ↙



മുഖത്തോടെ അയാൾ പറഞ്ഞു: "ഭയം, ഭയമാണിവിടെ ഭരിക്കുന്നത്." സോഷ്യൽമീഡിയയിൽനിന്ന് ജയിലിലേക്ക് വാതിൽതുറക്കുന്ന ഒരു കാലഘട്ടത്തിൽ നിരോധനങ്ങളുടെ ഫത്വവത്കരണം കാരണം സാഹിത്യകാരന്മാരും ചിന്ത കരും അസ്തിത്വ പ്രതിസന്ധിയിലാണ്. എഴുത്തോ നിന്റെ കഴുത്തോ എന്ന ചോദ്യത്തിന് കഴുത്തു കാണിച്ചുകൊടു ക്കാൻ അധികം ആളുകളില്ല എന്നത് ഇന്ത്യൻജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. രാജാവ് നഗ്നനാണെന്നുപറയു ന്ന സ്ഥാപകശിരസ്സുകൾ വെള്ളിത്താലത്തിൽ കോർപറേറ്റ് സലോമിമാർക്ക് വിളമ്പുന്ന നെറികെട്ട കാലം.

ഭൂരിപക്ഷസമുദായത്തിന്റെ ഉള്ളിൽ ഭീതിവളർത്തിയും ന്യൂനപക്ഷങ്ങളോട് അകൽച്ചയും വെറുപ്പും ഉണ്ടാക്കിയും അവരെ തങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങൾക്കുപയോഗിക്കുന്ന വോട്ടുബാങ്കുകളാക്കി നിലനിറുത്തുക എന്നത് എല്ലാ ഫാ സിസ്റ്റുകളുടെയും ശൈലിയാണ്. ഇന്നത്തെ ഇന്ത്യൻ സാ ഹചര്യം നമ്മോട് പറയുന്നതും മറ്റൊന്നല്ല. അമേരിക്കയിലെ (Statue of Liberty) സ്വാതന്ത്ര്യ പ്രതിമ സന്ദർശിച്ചതിന് ശേഷം ലാറ്റിനമേരിക്കൻ കവിയായ നിക്കനോർ എഴുതുന്ന കവിത ശ്രദ്ധേയമാണ്. "In America, Liberty is a statue." അമേരിക്കയിൽ സ്വാതന്ത്ര്യം ഒരു പ്രതിമയാണ്; ജീവനില്ലാത്ത പ്രതിമ. ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്ന അധികാരവർഗ ത്തിന്റെകാലത്ത് ഗുജറാത്തിലെ Statue of Unity കണ്ടിട്ട് ഏതെങ്കിലും കവി ഇങ്ങനെ എഴുതിയേക്കാം: "In India, Unity is a Statue." ●

*(ഡോ. മാർട്ടിൻ ശങ്കൂരിക്കൽ, സെന്റ് തോമസ് അപ്പോസ്തോ ലിക് സെമിനാരി,കോട്ടയം)*

നോട്ടം



വിനോദ് നാരായൺ

# ഞാൻ ശരിക്കും സ്വതന്ത്രനാണോ?

## ഒരു വ്യക്തിഗത അന്വേഷണം

**പുറമേനിന്നു നോക്കുമ്പോൾ സ്വാതന്ത്ര്യം പരിമിതമായി തോന്നുന്ന പല സാഹചര്യങ്ങളിലും സ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ ഒളിഞ്ഞിരിക്കുന്നു എന്ന വാദം പലപ്പോഴും ഉയർന്നുവരാറുണ്ട്. മതം, ദേശീയത, രാഷ്ട്രീയം തുടങ്ങിയ മേഖലകളിൽ ഇത് പ്രത്യേകിച്ചും ശ്രദ്ധേയമാണ്. എന്നാൽ, സ്വാതന്ത്ര്യം അനുഭവിക്കുന്നവർ പോലും അതിന്റെ പരിധികൾ അനുഭവിക്കുന്നത് സാധാരണമാണ്.**

ഈ കുറിപ്പ് എഴുതുന്ന ജൂലൈ നാലിന് അമേരിക്കയിൽ സ്വാതന്ത്ര്യദിനമാണ്. ഓഗസ്റ്റ് 15-ന് ഇന്ത്യയിലും സ്വാതന്ത്ര്യദിനം ആഘോഷിക്കപ്പെടുന്നു. ഇത്തരം ദിനങ്ങളിൽ പരേഡുകളും ആഘോഷങ്ങളും സാധാരണമാണ്. എന്നാൽ, ഈ ആഘോഷങ്ങളിൽ പങ്കെടുക്കാതെ വീട്ടിൽത്തന്നെ ഇരിക്കാനുള്ള സ്വാതന്ത്ര്യവും ചൂടുള്ള കാലാവസ്ഥയിൽ എയർ കണ്ടീഷനർ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യവും നമുക്കുണ്ട്. ഇങ്ങനെ നോക്കുമ്പോൾ, നമുക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു പുസ്തകം എഴുതാൻപോലും സാധിക്കും. എന്നാൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വാർത്തകൾ നോക്കുമ്പോൾ, സ്വാതന്ത്ര്യത്തിന്റെ അഭാവം പലയിടങ്ങളിലും നിലനില്ക്കുന്നു എന്നത് വ്യക്തമാണ്. തനിക്ക് ചെയ്യാൻ തോന്നുന്ന കാര്യങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോഴാണ് ഒരു വ്യക്തി അസ്വതന്ത്രനാകുന്നത്. ഞാൻ ഈ ലോകത്ത് പല സൗകര്യങ്ങളോടുകൂടി ജീവിക്കുന്ന ഒരാളാണെങ്കിലും, എന്റെ ചിന്തകളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്ന നിരവധി അദൃശ്യമായ വിലക്കുകൾ ഉണ്ട്. ഈ വിലക്കുകളെ ലംഘിക്കാനുള്ള ധൈര്യം എനിക്കില്ല. എന്നാൽ, ഇത് എന്നെ അസ്വതന്ത്രനാക്കുന്നു എന്നു ഞാൻ കരുതുന്നില്ല. പക്ഷേ, എന്റെ സ്വാതന്ത്ര്യമില്ലായ്മയും എന്റെ പ്രിവിലേജിന്റെ ഉള്ളിൽ ഇരുന്നുകൊണ്ട് മാത്രം അനുഭവിക്കുന്നൊരാളാണ് ഞാൻ.

എപ്പോഴെങ്കിലും എനിക്ക് സ്വാതന്ത്ര്യമില്ല എന്ന് തോന്നി





യിട്ടുണ്ടോ? ഉണ്ട്. ജീവിതത്തിൽ, സ്വാതന്ത്ര്യം എന്ന ആശയത്തെക്കുറിച്ച് ധാരാളം ചിന്തിച്ചിട്ടുള്ള വ്യക്തിയാണ് ഞാൻ. അമേരിക്കയിൽ ഗ്രീൻ കാർഡ് ലഭിക്കാനായി കാത്തിരുന്ന കാലത്ത്, ഞാൻ നാട്ടിലേക്ക് പോകാൻ ഭയപ്പെട്ടിരുന്നു. തിരിച്ചുവരാൻ കഴിയാതെ പോയാൽ എന്തു ചെയ്യുമെന്നുള്ള ആശങ്കയായിരുന്നു അതിന് കാരണം. അന്ന് എന്റെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തപ്പെട്ടതായി എനിക്ക് തോന്നിയിരുന്നു. ഇവിടെയിരുന്ന് നാടിനെക്കുറിച്ച് എഴുതുകയും സംസാരിക്കുകയും ചെയ്തെങ്കിലും, ഞാൻ അവിടെയെത്താൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, ഭയം എന്നെ തടഞ്ഞു. ഇപ്പോൾ ആ കാലത്തെ സ്വതന്ത്ര്യമില്ലാത്ത സമയമെന്ന് എഴുതുന്നത് എന്തിനാണ് എന്നും മനസ്സിലാവുന്നില്ല.

ലോകം മുഴുവൻ സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരുടെ നിലവിളികൾ കേൾക്കുമ്പോൾ, എന്റെ സ്വന്തം ചിന്തകളുടെ നിസ്സാരത എനിക്ക് ബോധ്യമാകുന്നു. ഒരു ഏസി റൂമിൽ ഇരുന്ന് സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുന്നത് എത്ര അനുചിതമാണെന്ന് ഞാൻ തിരിച്ചറിയുന്നു. ഞാൻ ഈ കുറിപ്പെഴുതാൻതന്നെ പ്രാപ്തനല്ല എന്നതാണ് സത്യം. പക്ഷേ, സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരുടെ കണ്ണുകളിലെ മങ്ങലുകൾ ഞാൻ കണ്ടിട്ടുണ്ട്. അതിൽ നിരാശയല്ല പ്രത്യാശയുടെ അഭാവമാണ് കണ്ടിട്ടുള്ളത്. പലതരം ഇല്ലായ്മകൾ എന്നെ നോക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സംസാരിച്ചുകൊണ്ടിരിക്കുന്നവരുടെ പെട്ടന്നുണ്ടാവുന്ന മൗനത്തിൽ ഞാൻ ഇല്ലായ്മകൾ കണ്ടിട്ടുണ്ട്. പലപ്പോഴും അതിലേക്ക് ഞാൻ ഇറങ്ങിച്ചെല്ലാനും ശ്രമിച്ചിട്ടുണ്ട്. അവരുടെ സ്വാതന്ത്ര്യമില്ലായ്മയിലേക്ക് കടന്നുചെല്ലാൻ എന്റെ പ്രിവിലേജിൽ സ്വതന്ത്ര്യമുണ്ടായിരുന്നു എന്നതാണ് സത്യം.

മനുഷ്യന്റെ സ്വാതന്ത്ര്യമെന്നത് ഒരു സങ്കീർണമായ ആശയമാണ്. എല്ലാവർക്കും അതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകാം. എന്റെ അനുഭവത്തിൽ, നാം പല കാര്യങ്ങളിൽ സ്വതന്ത്രരാണെങ്കിലും, നമ്മുടെ ചിന്തകളും വിശ്വാസങ്ങളും നമ്മുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നു. നമ്മൾ എത്ര സ്വതന്ത്രരാണെന്ന് തോന്നിയാലും, ലോകത്ത് നമ്മളെക്കാൾ സ്വതന്ത്രരായ ആളുകളും അല്ലാത്ത ആളുകളും ഉണ്ട്. അടിസ്ഥാനപരമായി, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ വ്യക്തിഗതമാണ്.

പുറമേനിന്നു നോക്കുമ്പോൾ സ്വാതന്ത്ര്യം പരിമിതമായി തോന്നുന്ന പല സാഹചര്യങ്ങളിലും സ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ ഒളിഞ്ഞിരിക്കുന്നു എന്ന വാദം പലപ്പോഴും ഉയർന്നുവരാറുണ്ട്. മതം, ദേശീയത, രാഷ്ട്രീയം തുടങ്ങിയ മേഖലകളിൽ ഇത് പ്രത്യേകിച്ചും ശ്രദ്ധേയമാണ്. എന്നാൽ, സ്വാതന്ത്ര്യം അനുഭവിക്കുന്നവർ പോലും അതിന്റെ പരിധികൾ അനുഭവിക്കുന്നത് സാധാരണമാണ്. അതിനാൽ, മാറ്റത്തിനായുള്ള ആവശ്യം എപ്പോഴും ഉയർന്നുകൊണ്ടിരിക്കും. വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും നാം അനുഭവിക്കുന്ന പല വിലക്കുകളും നമ്മുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതായി തോന്നാറുണ്ട്. എന്നാൽ, ഈ വിലക്കുകൾ പലപ്പോഴും സാമൂഹിക സമാധാനത്തിനും വ്യക്തിപരമായ വളർച്ചയ്ക്കും അനിവാര്യമായതാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

സാമ്പത്തികസ്വാതന്ത്ര്യം എന്നൊന്നുണ്ടല്ലോ? പണത്തിനുവേണ്ടി പണിചെയ്യാതിരിക്കാൻ കഴിയുന്ന സ്വാതന്ത്ര്യം. അതെനിക്കില്ല. എന്റെ കൈയിലിരിപ്പുതന്നെ. സമൂഹമാധ്യമം ഉപയോഗിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരുന്നു. പക്ഷേ, ഞാൻ അതുപയോഗിച്ചിരുന്നില്ല. ഇപ്പോൾ ഇതെഴുതുമ്പോൾ ഞാൻ ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും ഫോണിൽനിന്നു ഡിലീറ്റ് ചെയ്തിട്ട് രണ്ടാഴ്ചയായിക്കാണും. ചിലർ പറയും ഞാൻ ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം വേണ്ടെന്ന് വയ്ക്കുകയാണെന്ന്. എന്തും ചെയ്യാനും ചെയ്യാതിരിക്കാനും കഴിയുന്നതാണല്ലോ നമ്മുടെ സ്വാതന്ത്ര്യം.

വിവാഹം കഴിക്കാനും കഴിക്കാതിരിക്കാനും, ദൈവത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും, എന്തെങ്കിലും കഴിക്കാനും കഴിക്കാതിരിക്കാനും, ധരിക്കാനും ധരിക്കാതിരിക്കാനും, മതത്തിൽ ചേരാനും മതം വിടാനും. അങ്ങനെയെന്തൊക്കെ കാര്യങ്ങൾ. ഒരാളുടെ സ്വാതന്ത്ര്യം എന്തെങ്കിലും ചെയ്യലാണെങ്കിൽ മറ്റൊരാളുടേത് അത് ചെയ്യാതിരിക്കലാണ്.

എന്റെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നുണ്ടോ എന്ന ചിന്ത എപ്പോഴും എന്നെ അലട്ടാറുണ്ട്. ഇന്ന് ലോകത്ത് സ്വന്തം സ്വാതന്ത്ര്യം മാത്രം പ്രധാനമായി കാണുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു. തന്റെ അഭിപ്രായങ്ങൾ മറ്റെല്ലാവർക്കും ബാധകമാണെന്ന് കരുതുന്നവരുടെ എണ്ണവും നിസ്സാരമല്ല. മതം, രാഷ്ട്രീയം, ആശയങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ നാം നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുമാത്രം വാദിക്കുന്നതും ശ്രദ്ധേയമാണ്.

എന്റെ സ്വന്തം അഭിപ്രായങ്ങൾക്ക് വിരുദ്ധമായ ഒരു ആശയത്തിനോ നിലപാടിനോ വേണ്ടി മറ്റൊരാളെ പിന്തുണയ്ക്കാൻ എനിക്ക് കഴിയുമോ എന്ന് സ്വയം ചോദിക്കാറുണ്ട്. ഉത്തരം പലപ്പോഴും 'ഇല്ല' എന്നാണ്. അതെന്റെ പ്രിവിലേജാവാം, ഒരു പരിമിതിയായിരിക്കാം, അല്ലെങ്കിൽ ഞാൻ പോലും തീർത്തും മനസ്സിലാക്കാത്ത എന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ധാരണയുടെ പ്രതിഫലനമായിരിക്കാം. ●

ലേഖനം / ഡോ. ശിവപ്രസാദ് പി.



# ഭാഷയ്ക്കും സാഹിത്യത്തിനും ആരാണ് സ്വാതന്ത്ര്യം നിഷേധിക്കുന്നത്?

കാലത്തിന് കാളവണ്ടിയുടെ വേഗമുള്ള ഒരു കാലമുണ്ടായിരുന്നു. ഒന്ന് ചിരിച്ചാൽ സൗഹൃദത്തിന്റെ സുഖമുള്ളൊരു ആടിയിളക്കത്തിൽ അതിൽ യാത്ര ചെയ്യാമായിരുന്നു. ഇന്ന് കച്ചവടക്കണ്ണുള്ള സൂപ്പർ സോണിക്കാണ് കാലം. പൈസയുള്ളവന് ടിക്കറ്റെടുത്തുമാത്രം കയറാവുന്നത്.

കാലത്തിന് കാളവണ്ടിയുടെ വേഗമുള്ള ഒരു കാലമുണ്ടായിരുന്നു. ഒന്ന് ചിരിച്ചാൽ സൗഹൃദത്തിന്റെ സുഖമുള്ളൊരു ആടിയിളക്കത്തിൽ അതിൽ യാത്ര ചെയ്യാമായിരുന്നു. ഇന്ന് കച്ചവടക്കണ്ണുള്ള സൂപ്പർ സോണിക്കാണ് കാലം. പൈസയുള്ളവന് ടിക്കറ്റെടുത്തു മാത്രം കയറാവുന്നത്. കോഴ്സുകളും ക്ലാസുകളും ബിരുദങ്ങളും വിദ്യാഭാസമാകെയും ഈ അതിവേഗക്കാലനൊപ്പം കുതിക്കാനുള്ളവയാണ്. അഥവാ അങ്ങനെയാണ് വ്യവസ്ഥപ്പെട്ടുവരുന്നത്. ഇതിനിടയിൽ സാഹിത്യം എന്തിനാണ് വായിക്കുന്നത്? ഭാഷ സവിശേഷമായി പഠിക്കുന്നതെന്തിന്? ആർക്കുവേണം ഇനിയും അതൊക്കെ? രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യലബ്ധിക്ക് ഏതാണ്ട് എട്ടു പതിറ്റാണ്ട് തികയാറായിരിക്കുന്നു. ഭാഷാടിസ്ഥാനത്തിലുള്ള രാഷ്ട്രീയകേരളത്തിന്റെ സ്വത്വത്തിന് എഴ് പതിറ്റാണ്ടിന്റെ പ്രായവും തികയാറായി. മലയാളത്തിന്റെ മാനകരൂപത്തിനും വിദ്യാഭ്യാസ മാധ്യമമെന്ന ജ്ഞാനരൂപത്തിനുമാകട്ടെ നൂറ്റാണ്ടിലധികംവരുന്ന പ്രത്യക്ഷചരിത്രവും സ്വന്തമായുണ്ട്. പക്ഷേ, ഭാഷ ഇപ്പോഴും (വലിയ പ്രതിസന്ധി നേരിടുന്നു എന്ന വാദങ്ങൾക്കിടയിലും) മലയാളിയുടെ ശരിയായ സാമൂഹികതയെ, കൂട്ടായ്മയെ പ്രതിനിധീകരിക്കുന്നുണ്ടോ എന്നത് സംശയമാണ്. അതായത് ഭാഷ ഇപ്പോഴും എല്ലാ അർഥത്തിലും സ്വതന്ത്രമാണോ എന്നതിൽ സംശയമുണ്ട്.  ഇവിടത്തെ വലിയവിഭാഗം മനുഷ്യരെയും പലപ്പോഴും ഭാഷ പ്രതിനിധീകരിക്കുന്നില്ല എന്നു മാത്രമല്ല അപരവത്കരിക്കുന്നുമുണ്ട് എന്നതാണ് യാഥാർഥ്യം. ഭാഷയിലെ മാനകീകരണംമുതലെങ്കിലുമുള്ള അവധാനതക്കുറവ്, സാമൂഹിക അധികാരരൂപങ്ങൾ അഥവാ പ്രബലതകൾ, വിദ്യാഭ്യാസത്തിന്റെ തോത് അഥവാ ലഭ്യത, മാധ്യമങ്ങളുടെ ഇടപെടൽ, ഭാഷയ്ക്കായി പ്രത്യേക ആസൂത്രണങ്ങളുടെ അഭാവം തുടങ്ങി ധാരാളം കാരണങ്ങൾ ഇതിനുണ്ട്. എന്നാൽ, ഈ പുതിയ നൂറ്റാണ്ടിലും സാമൂഹികമായ പലതരം വിപ്ലവങ്ങൾ (നവോത്ഥാനം എന്നൊക്കെ നാം പിന്നീട് പേരിട്ടുവിളിച്ച മുന്നേറ്റങ്ങൾ) നടന്നുകഴിഞ്ഞിട്ടും



ഭാഷയിൽ ഉള്ളടങ്ങിയും സംരക്ഷിക്കപ്പെട്ടുംപോരുന്ന അധികാര, പ്രത്യയശാസ്ത്രരൂപങ്ങൾ എന്തുകൊണ്ടാവാം മാറ്റിനിറുത്തപ്പെടാത്തത് എന്ന ചോദ്യം പ്രസക്തമാണ്. വിദ്യാഭ്യാസസമ്പ്രദായം ആകെയും കരിക്കുലവും അതിന്റെ ഭാഗമായ സിലബസ്സുമെല്ലാം വിശേഷമായും ഈ സന്ദർഭത്തിൽ എന്ത് ദൗത്യമാണ് നിർവഹിച്ചുവന്നത് എന്നതും സൂക്ഷ്മമായി പഠിക്കപ്പെടേണ്ടതുണ്ട്. ആയതുകളുടെ രൂപം ഇതുവരെയും പുലർന്നുവന്നത് അനുലോമമോ പ്രതിലോമമോ എന്നതും അന്വേഷിക്കേണ്ടതുതന്നെ. വിദ്യാഭ്യാസരീതികൾ കാലത്തിനനുസരിച്ച് പരിഷ്കരിക്കപ്പെടുന്നുണ്ട് (ഭരണകൂടങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച്) എന്നത് വസ്തുതയാണ്. പക്ഷേ, ഭാഷയും സാഹിത്യവുമൊക്കെ നിർഭാഗ്യവശാൽ കാലഹരണപ്പെടുകയാണ് എന്നു കാണുന്നു.

മലയാളത്തിന്റെ ഭാഷാപരമായ നില വിദ്യാഭ്യാസമേഖലയിൽ എന്നല്ല, ആകെയും പരുങ്ങലിലാണ് എന്നതാണ് സത്യം. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നില്ക്കുന്നവർ മാത്രം തിരഞ്ഞെടുക്കുന്ന ഒരു പഠനമേഖലയാണ് കുറെക്കാലമായി അത്. അതും പെൺകുട്ടികൾ. മലയാളം ബി.എ. ക്ലാസുകളിലോ എം.എ. ക്ലാസുകളിലോ പേരിനുമാത്രമാണ് പലപ്പോഴും ആൺകുട്ടികളുള്ളത്. പഠിച്ചിറങ്ങുന്ന പെൺകുട്ടികൾക്കാകട്ടെ, ആകെ മുമ്പിലുള്ളത് ടീച്ചിങ്ങ് മാത്രമാണ്. അതിനുവേണ്ടി വീണ്ടുമൊരു രണ്ടു വർഷമെടുത്ത് ബി.എഡും. ചെയ്യേണ്ടിവരുന്നു. ഇതെല്ലാം വിജയകരമായി പൂർത്തിയാക്കി എന്നുതന്നെ വയ്ക്കുക. പഠിച്ചിറങ്ങുന്നവരിൽ ചെറിയൊരു ശതമാനം ഉദ്യോഗാർഥികൾക്കുപോലും ജോലിസാധ്യതയില്ല എന്നതാണ് വസ്തുത. ചെറിയ ക്ലാസുകളിലേക്കുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്ന പരീക്ഷയും അഭിമുഖവുമൊക്കെ കാലമേറെയായി സയൻസുകാരെയാണ് ലക്ഷ്യംവയ്ക്കുന്നത്. ഉയർന്ന ക്ലാസുകളിലാവട്ടെ ഭാഷാധ്യാപക തസ്തികകൾ നാമമാത്രമാണ്. പോസ്റ്റൊന്നിന് അരക്കോടിക്കുമുകളിൽ ഡൊണേഷൻ ചോദിച്ച് വലവിരിച്ചു നില്ക്കുന്ന എയ്ഡഡ് മേഖലയാണ് പിന്നെ മുമ്പിലുള്ളത്. അതിനു

**ഇവിടത്തെ വലിയവിഭാഗം മനുഷ്യരെയും പലപ്പോഴും ഭാഷ പ്രതിനിധീകരിക്കുന്നില്ല എന്നു മാത്രമല്ല അപരവത്കരിക്കുന്നുമുണ്ട് എന്നതാണ് യാഥാർഥ്യം. ഭാഷയിലെ മാനകീകരണംമുതലെങ്കിലുമുള്ള അവധാനതക്കുറവ്, സാമൂഹിക അധികാരരൂപങ്ങൾ അഥവാ പ്രബലതകൾ, വിദ്യാഭ്യാസത്തിന്റെ തോത് അഥവാ ലഭ്യത, മാധ്യമങ്ങളുടെ ഇടപെടൽ, ഭാഷയ്ക്കായി പ്രത്യേക ആസൂത്രണങ്ങളുടെ അഭാവം തുടങ്ങി ധാരാളം കാരണങ്ങൾ ഇതിനുണ്ട്.**

പാങ്ങില്ലാത്ത മഹാഭൂരിപക്ഷവും വീണ്ടും തൊഴിലുറപ്പും തൊഴിലുറപ്പ് അത്തരമൊരു പദ്ധതിയായി വരുന്നതിനും എത്രയോ മുമ്പുതന്നെ നടപ്പായിട്ടുള്ള കുടുംബം, കുട്ടികൾ എന്നിങ്ങനെയും ഒതുങ്ങേണ്ടിവരുന്നു. നാലുവർഷബിരുദവും അതിനായി തിരക്കുപിടിച്ച് തയാറാക്കിയ പുതിയ പാഠ്യപദ്ധതിയും വരുമ്പോൾ ഭാഷാസാഹിത്യവിഷയങ്ങളുടെ കാര്യം കൂടുതൽ കഷ്ടത്തിലാവുകയാണ്.

ഭാഷയും സാഹിത്യവും പഠിപ്പിക്കാൻ സർക്കാറിനോ കോഴ്സുരൂപങ്ങൾക്കോ താത്പര്യമില്ല എന്നാണ് സാമാന്യമായി കാണുന്നത്. പഠിക്കാൻ (മുൻചൊന്ന ഗതികെട്ടവർക്കൊഴികെ) കുട്ടികൾക്കുമില്ല ഇപ്പോൾ താത്പര്യം. ജോലി കിട്ടാനോ ആദരവ് കിട്ടാനോ ജീവിക്കാനോപോലും ഉപകാരമൊന്നുമില്ലാത്ത വിഷയമായിരിക്കുന്നു അവരെ സംബന്ധിച്ച് ഭാഷാസാഹിത്യപഠനം. പുതിയ വിദ്യാഭ്യാസനയവും രീതികളും ഇതിന് ആക്കം കൂട്ടുകയാണ്. സാഹിത്യപഠനം വാസ്തവത്തിൽ എന്തു ഗുണമാണ് ചെയ്യുക എന്ന ചോദ്യത്തെ പൂർണാർഥത്തിൽ അഭിമുഖീകരിക്കാൻ ആരും തയാറാവുന്നുമില്ല.

## ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനം എന്തിന്?

ഭാഷാസാഹിത്യപഠനങ്ങൾക്ക് (ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനങ്ങൾ) മറ്റെല്ലാ പഠനങ്ങളുടെയും അടിസ്ഥാനമായിരിക്കാനും അതേസമയം അധികപഠനമായിരിക്കാനും ഉള്ള ഇരട്ടയോഗ്യതയുണ്ട്. സാമൂഹികവും മാനുഷികവുമായ മൂല്യങ്ങളിലധിഷ്ഠിതമാണ് ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനലക്ഷ്യങ്ങളിലേറെയും. മനുഷ്യനെ പൂർണാർഥത്തിൽ സാമൂഹികജീവിയാക്കുന്നത് ഭാഷാപഠനമാണെന്ന് കാണാം. അവനെ അഥവാ അവളെ




സാംസ്കാരികവിനിമയശേഷിയുള്ള ഒരാളാക്കി മാറ്റുന്നതും ഭാഷാപഠനംതന്നെ. നേടിയെടുത്തതും നേടിയെടുക്കേണ്ടതുമായ അറിവുകളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതും വിനിമയിക്കുന്നതും ഭാഷയാലാണ്. ഇവിടെ മാധ്യമം മാത്രമല്ല ഭാഷ എന്നതാണ് വസ്തുത. മാധ്യമംതന്നെ സന്ദേശം എന്നത് ഭാഷയെ സംബന്ധിച്ചും ഉചിതമായതുതന്നെ. സർഗാത്മകതയുടെ ലോകം എഴുത്തുകാർക്കുമാത്രം അവകാശപ്പെട്ടതല്ല. നിത്യവ്യവഹാരങ്ങളിലെ ഭാഷാപ്രയോഗങ്ങളിലൊക്കെയും ഒളിഞ്ഞും തെളിഞ്ഞും വന്ന് ജീവിതത്തെ ആസ്വാദ്യകരമാക്കുന്ന ഒന്നാണത്. എല്ലാ ഭാഷാപ്രയോഗങ്ങളിലും അതിന്റെ സാധ്യതയും സാന്നിധ്യവുമുണ്ട്. നല്ലൊരു വാഗ്മിയും എഴുത്താളും മാത്രമല്ല, കച്ചവടക്കാരനും ഡോക്ടറും എഞ്ചിനിയറും അധ്യാപകനും വിദ്യാർഥിയും തുടങ്ങി ലിംഗഭേദമില്ലാതെ ധാരാളംപേർക്കത് വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താ

നാവുന്നു. എല്ലാ മനുഷ്യരും എപ്പോഴെങ്കിലുമൊക്കെ ആ സൗന്ദര്യം നുണയുകയോ പകരുകയോ ചെയ്യുന്നവരാണ്. 'ഒരിക്കലെങ്കിലും മുറയുരയ്ക്കാത്ത മഠയരില്ല ലോകത്തിലെന്ന്' ആശാൻ കരുണയിൽ പറഞ്ഞത് സർഗാത്മകതയ്ക്കും ഇണങ്ങും. ഭാഷാസാഹിത്യപഠനങ്ങൾക്ക് ഇനിയുമുണ്ട് ബഹുമാനങ്ങൾ.

സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന ഒരു ഭാഷ എന്തിനാണ് ആ സമൂഹം പ്രത്യേകം പഠിക്കുന്നതെന്ന ചോദ്യം സാമാന്യമായി ഉയർന്നു കേൾക്കാറുണ്ട്. ഏതൊരറിവും അറിവാകുന്നത് അതിന്റെ മനസ്സിലാക്കലിലും പ്രയോഗത്തിലുമാണ് എന്നത് വസ്തുതയുമാണ്. പക്ഷേ, ഈ 'മനസ്സിലാക്കൽ' അത്രവേഗം മനസ്സിലാക്കാവുന്ന ആശയമല്ല. നീന്തൽ പഠിക്കാൻ വെള്ളത്തിലിറങ്ങാതെ പറ്റില്ല. ഒരുപക്ഷേ, പഠിച്ചുവെന്ന് തോന്നിപ്പിക്കാൻ വെള്ളത്തിലിറങ്ങാതെയും കഴിഞ്ഞേക്കും. വിശദമായി വായിക്കുകയോ കേൾക്കുകയോ വീഡിയോ കാണുകയോ ചെയ്താൽ നീന്തലിന്റെ ഗുട്ടൻസ് പഠിച്ചതായി തോന്നും. വെള്ളത്തിലിറങ്ങുമ്പോഴാണ് പക്ഷേ, പഠിച്ചതൊക്കെയും തിയറി മാത്രമായിരുന്നു എന്നറിയുക. ഭാഷയെക്കുറിച്ചുള്ള ശരിയായതും സർഗാത്മകവുമായ അറിവുകളെ ഉൾക്കൊള്ളിക്കാത്ത വിദ്യാഭ്യാസത്തിന് സമാനമായ ദുരവസ്ഥയാണ് അഭിമുഖീകരിക്കാനുള്ളത്. മനസ്സിലാക്കുക എന്നതിൽ ഏറ്റവും സുപ്രധാനമായ കാര്യം നമുക്കറിയാവുന്ന ഭാഷയിലേക്ക് അത് പകർന്നെടുക്കുക എന്നതാണ്. നമുക്കറിയാവുന്ന ഭാഷ എന്നത് ഇവിടെ മലയാളം, ഇംഗ്ലീഷ് എന്നിങ്ങനെ പേരുകളുള്ള ഭാഷമാത്രമല്ല. മലയാളത്തിലെതന്നെ ഒരു വാക്ക് എല്ലാ മലയാളിയിലും ഒരേ അർഥത്തിലും ആവൃത്തിയിലും ആശയത്തിലുമല്ല രേഖപ്പെടുന്നത്. അതിൽ ആനുഭവികവും സ്മരണാപരവും സാന്ദർഭികവും വർഗീകരണപരവും തുടങ്ങി ഐ.ക്യു. ലെവലിൽവരെയുള്ള വ്യത്യസ്തതകൾ പ്രവർത്തിക്കുന്നുണ്ട്. ഒരർഥത്തിൽ ബൗദ്ധികവ്യവഹാരങ്ങളുടെ ഒറ്റയ്ക്കോ പറ്റമായോ ഉള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് വാക്കുകൾപോലും നമ്മിൽ ഓരോരുത്തരിലും വേരുറയ്ക്കുന്നത്. ഇതെല്ലാം ഒരാളുടെ മനസ്സിലാക്കലിന്റെ ഘടകങ്ങളും ഘട്ടങ്ങളുംകൂടിയാണ്. അതായത് ഭാഷാപരമായ അറിവ് ഇതര അറിവുകളെയൊക്കെ നിർണയിക്കുന്ന സുപ്രധാനമായ അറിവാണ്. അക്ഷരമാലയും അക്ഷരജ്ഞാനവുമൊക്കെ ആർഥികവും മനസ്സിലാക്കലിന്റെയും വിനിമയിക്കലിന്റെയുംകൂടി ഭാഗവും അതിനാൽ പ്രധാനവും ആകുന്നത് ഈ അർഥത്തിൽകൂടിയാണ്.

ഭാഷാസാഹിത്യപഠനങ്ങളുടെ അനിവാര്യത എത്രത്തോളമാണ് എന്നു വ്യക്തമാക്കാനാണ് ഇത്രയും കുറിച്ചത്. അതായത് പരസ്യത്തിൽ കാണുന്നതുപോലെ തൊണ്ടയിൽ കിച്കിച്ചായിട്ടല്ല അധികംപേർക്കും പറയേണ്ടത് പറയേണ്ടിടത്ത് വൃത്തിയായി പറയാൻ കഴിയാത്തത്. ഭാഷയും പദകോശവും ഭാഷയുടെ രൂപകധർമവും അറിയാത്തതുകൊണ്ടുകൂടിയാണ്. അതിനു വിക്സ് മിഠായി കഴിച്ചതുകൊണ്ട് കാര്യമില്ല. വായിക്കുകയും പഠിക്കുകയും വേണം. ഒരു വാക്കുണ്ടാക്കുന്ന യുദ്ധത്തെക്കുറിച്ചും ഒരു വാക്കു പെയ്യിക്കുന്ന മഴയെക്കുറിച്ചും അറിയണം. നല്ല കച്ചവടക്കാരനാകാൻ, നല്ല ഡോക്ടറാകാൻ, നല്ല എഞ്ചിനിയറാകാൻ, നല്ല മനുഷ്യനാവാൻ ഭാഷകൂടി ഉചിതമായി ഉപയോഗിക്കാൻ പഠിക്കണം. നിങ്ങളുടെ ഉല്പന്നം വിൽക്കാൻ, വാങ്ങുന്നവന്റെ ഭാഷയും മനസ്സും പഠിക്കണം. നിങ്ങളുടെ മുമ്പിലെത്തുന്ന രോഗിയെ





↘ കുട്ടികൃഷ്ണ മാരാര് എം.ടി. വാസുദേവൻ നായർ ↙

ശുശ്രൂഷിക്കാൻ ആദ്യമയാളെ കേൾക്കണം, മനസ്സിലാക്കണം, നല്ലൊരു വാക്കുകൊണ്ട് തലോടണം. അതിനുമേൽ മാത്രമേ മരുന്നുപോലും ഉള്ളൂ. നന്നായി പെരുമാറുന്ന ഡോക്ടറാണ് 'കൈപ്പുണ്യ'മുള്ള ഡോക്ടറാകുന്നത്. താൻ പണിയാൻപോകുന്ന വീട് ഒരു കുടുംബത്തിന്റെ സ്വപ്നമാണെന്ന് എഞ്ചിനിയർക്ക് മനസ്സിലാവണം. അതിന് സ്വപ്നംകാണുന്ന മനസ്സ് വേണം. ഇങ്ങനെ ഏതൊരു മേഖലയും സമൂഹവുമായും മനുഷ്യരുമായും ശരിയാംവിധം വിനിമയിക്കണമെങ്കിൽ ഭാഷയും സർഗബോധവും പ്രധാനമാണെന്ന് കാണാം.

മറ്റൊരു പ്രധാനപ്പെട്ട അനുബന്ധചോദ്യം എഴുതാനും വായിക്കാനും അറിയാവുന്ന മലയാളം പിന്നെയും പഠിക്കുന്നതെന്തിന് എന്നതാണ്. ഇതു പൊതുബോധസമാനമായി ഉറച്ചുകിടക്കുന്ന ഒരു ധാരണയുമാണ്. ഭാഷ പഠിക്കുക എന്നത് എഴുതാനും വായിക്കാനും പഠിക്കലല്ല. കേരളത്തിലെ വലിയ ഒരു വിഭാഗത്തിന് ഇംഗ്ലീഷ് എഴുതാനും വായിക്കാനും അറിയാം. പക്ഷേ, അവരിൽ മിക്കവർക്കും ഇംഗ്ലീഷ് അറിയില്ല എന്നതാണ് വാസ്തവം. എന്തുകൊണ്ടാണത്? ഭാഷ പഠിക്കുക എന്നതിൽ എഴുതാനും വായിക്കാനും കഴിയുക എന്നതിനെക്കാൾ പ്രസക്തമായ പലതുമുണ്ട്. ഭാഷയുടെ സാന്ദർഭികവും സർഗാത്മകവും ആയ പ്രയോഗസജ്ജത ആയതിന്റെ ആഴത്തിലുള്ള പഠനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ധാരാളം വായിക്കുകയും എഴുതുകയുംചെയ്യുന്ന ഒരാളുടെ പദകോശം സ്വാഭാവികമായും വിപുലമായിരിക്കും. അയാൾക്ക് ഒരാശയം വിനിമയിക്കാൻ ഒന്നിലധികം പദങ്ങൾ, പദസംയുക്തങ്ങൾ സാന്ദർഭികമായി മനസ്സിലേക്ക് വരും. മറ്റൊരു പ്രധാനകാര്യം ഭാഷയുടെ രൂപകധർമമാണ്. ഭാഷയിലെ ഏതൊരു പദവും ഒരു രൂപകമാണ്. അത്





അറിഞ്ഞും അനുഭവിച്ചും പ്രയോഗിക്കാനായാൽ ഫലം അത്ഭുതകരമായേക്കാം. ഉദാഹരണത്തിന് കഥയോ കവിതയോപോലും വേണമെന്നില്ല, പരസ്യങ്ങളും അവയിലെ പദസംയുക്തങ്ങളുമൊക്കെ നോക്കുക. നമ്മുടെ സ്ഥിരം പ്രയോഗങ്ങളിൽനിന്ന് അവ അത്ഭുതമുണ്ടാക്കുന്നത് കാണാം.

പുറംരാജ്യങ്ങളെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയും ഉദാഹരിച്ചുകൊണ്ട് സാഹിത്യപഠനം എപ്രകാരമാണ് ഒരു മനുഷ്യനെ – അയാളുടെ സവിശേഷ വിഷയമേഖല ഏതുമാകട്ടെ – പൂർണമായ അർഥത്തിൽ മനുഷ്യനാക്കുന്നത് എന്ന് എം.ടി.യെപ്പോലുള്ളവർ വളരെമുമ്പേ എഴുതിയിട്ടുള്ളതാണ്. ഡോക്ടറോ എഞ്ചിനിയറോ ആകാൻ ബംഗാളിലെ വിദ്യാർഥി ടാഗോറിനെ പഠിച്ചിരിക്കണമെന്ന അവിടത്തെ വിദ്യാഭ്യാസ നയത്തിലെ നിഷ്കർഷ മലയാളത്തിന് ഇല്ലാതെപോയതിന്റെ ദുഃഖം എം.ടി. തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നുമുണ്ട്. എം.ടി.യൊക്കെ ആശങ്കപ്പെട്ടതിൽനിന്നു കവിഞ്ഞ് നമ്മുടെ വിദ്യാഭ്യാസസംവിധാനം ഭാഷയെയും സാഹിത്യത്തെയുമൊക്കെ കൈവിടുന്നിടത്താണ് കാര്യങ്ങൾ എത്തിനില്ക്കുന്നത്. എന്തായിരിക്കും ഇതിന്റെ കാരണങ്ങൾ?

## പാഠപുസ്തകങ്ങളും മനോഭാവങ്ങളും


നമ്മുടെ പൊതുമനോഭാവത്തിനും കൊളോണിയൽ ഹാങ്ഓവറിനുമപ്പുറം പാഠപുസ്തകങ്ങൾക്കും ഇക്കാര്യത്തിൽ പ്രതിലോമകർതൃത്വമുണ്ട്. ഭാഷാസാഹിത്യങ്ങളെ സ്കൂൾതലംമുതൽ നാം പരിഗണിച്ചും കൈകാര്യംചെയ്തും വരുന്നത് അപ്രകാരമാണ്. കൊളോണിയൽ എന്നതിനെക്കാൾ നമ്മെ ഇപ്പോഴും ഭരിക്കുന്ന അധീശപ്രത്യയശാസ്ത്രങ്ങൾ വേറെയുണ്ട്. സംസ്കൃതീകരിച്ചതും ഹൈന്ദവമായതും വരേണ്യമായതുമായ ഭാഷയാണ് നാം പാഠപുസ്തകങ്ങളിൽ ഉപയോഗിക്കുന്നത് എന്നതാണ് പ്രധാനം. ഭാഷയുടെ മാനകരൂപത്തിനുതന്നെ ഈവിധമുള്ള പഴഞ്ചൂരാണ് ഉള്ളതെന്ന് സമ്മതിച്ചാൽതന്നെയും അതിന്റെ ഏറ്റവും ദൂഷിതമായ പദാവലികൾതന്നെ തിരഞ്ഞെടുത്ത് പ്രയോഗിക്കുന്നതിലെ കർതൃത്വത്തിൽനിന്ന് പാഠപുസ്തകങ്ങൾക്ക് ഒഴിഞ്ഞുമാറാനാവില്ല. കുടുംബം, സമൂഹം, സദാചാരം, ലിംഗഭേദം, ഭിന്നശേഷി, പ്രകൃതി തുടങ്ങിയ ഘടകങ്ങളിലെല്ലാംതന്നെ പാഠപുസ്തകങ്ങൾ നൂറ്റാണ്ടുകൾക്കു പിറകിലാണ് സഞ്ചരിക്കുന്നത്. ഹൈന്ദവേതര വിദ്യാർഥികളെ നിരന്തരമായി അന്യവത്കരിച്ചാണ് പാഠപുസ്തകങ്ങൾ നിർമിക്കപ്പെടുന്നത്. ഹൈന്ദവപുരാണങ്ങളും മിത്തുകളും ത്യാജഗ്രാഹ്യബോധമില്ലാതെ ഏകപക്ഷീയമായി ഉപജീവിക്കുന്നിടത്ത് വർഗീയവും അപരവത്കരണപരവുമായ പാഠങ്ങൾ നിർമിച്ച് മതാത്മകവും ദൈവാധിഷ്ഠിതവുമായ സമൂഹത്തെ നിലനിറുത്തിവരുന്നതിൽ പാഠപുസ്തകങ്ങളുടെ പങ്ക് ചെറുതല്ല. കൃഷ്ണനെയും രാമനെയും അവരുടെ മിത്തുകളെയും പഠിക്കാതെ കേരളത്തിൽ ഒരു കുട്ടിക്ക് സ്റ്റേറ്റ് സിലബസിൽ പത്തുകടക്കാൻ കഴിയില്ല എന്നതാണ് സ്ഥിതി. ഇതു കേവലമൊരു സർക്കാർ വിഷയമല്ല എന്നതും ഓർക്കണം. എത്രയോ കാലമായി മാറിമാറിവരുന്ന സർക്കാറുകൾ പിന്തുടർന്നുവരുന്ന പൊതുബോധമാണത്. അഥവാ, അതു നമ്മുടെ ആകമാനം മനോഭാവവുമാണ്.

**മനുഷ്യനെ പൂർണാർഥത്തിൽ സാമൂഹികജീവിയാക്കുന്നത് ഭാഷാപഠനമാണെന്ന് കാണാം. അവനെ അഥവാ അവളെ സാംസ്കാരികവിനിമയശേഷിയുള്ള ഒരാളാക്കി മാറ്റുന്നതും ഭാഷാപഠനംതന്നെ. നേടിയെടുത്തതും നേടിയെടുക്കേണ്ടതുമായ അറിവുകളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതും വിനിമയിക്കുന്നതും ഭാഷയാലാണ്.**

ഹൈസ്കൂളിൽ കുട്ടിക്കു മുമ്പിലെത്തുന്ന കഥയും കവിതയും ലേഖനവുമൊക്കെ സൂക്ഷ്മമായൊന്ന് പരിശോധിച്ചാൽ ചിലത് വളരെവേഗം വ്യക്തമാകും. മലയാളത്തിൽനിന്ന് കുട്ടികളെ ആട്ടിപ്പായിക്കാനാണ്, അന്യവത്കരിക്കാനാണ് വാസ്തവത്തിൽ പാഠപുസ്തകം ആത്മാർഥമായി ശ്രമിക്കുന്നത്. നിലവിലെ പത്താംക്ലാസിലെ കേരളപാഠാവലി ഒന്നു നോക്കുക.

വയലാറിന്റെ മുളങ്കാടും (അശ്വമേധം എന്ന് പാഠത്തിന് തലക്കെട്ട്) മാരാരുടെ ഭാരതപര്യടനവും (യുദ്ധത്തിന്റെ പരിണാമം എന്ന് പാഠത്തിന് തലക്കെട്ട്) ഉണ്ണായിവാര്യരുടെ നളചരിതം രണ്ടാംദിവസവും (പ്രലോഭനം എന്ന് പാഠത്തിന് തലക്കെട്ട്) രാജരാജവർമയുടെ മലയാളശാകുന്തളവും (ഋതുയോഗം എന്നാണ് പാഠത്തിന്റെ തലക്കെട്ട്. മലയാളശാകുന്തളത്തിൽ മലയാളമെത്രയുണ്ട് എന്നതുതന്നെ കൗതുകമുള്ള കാര്യമാണ്. മാത്രമല്ല ലിംഗസമത്വവും കൃത്യതാരാഷ്ട്രീയവുമൊക്കെ സ്വാഭാവികമെന്നോണം അനുശീലിച്ചുവരുന്ന കുട്ടികളെയാണ് പൊറുക്കൽ(അ)നീതിയുടെ ശാകുന്തളപാഠം പഠിപ്പിക്കേണ്ടത്!) പഠിച്ചിറങ്ങേണ്ട ഗതികേടിലാണ് പത്തിലെ കുട്ടികൾ ചെന്നുപെടുന്നത്. എഴുത്തച്ഛന്റെ ലക്ഷ്മണോപദേശവും ഇക്കൂട്ടത്തിലുണ്ട്. എത്രമാത്രം ഭാഷാ/വർഗ/വരേണ്യമാണ്, ഹൈന്ദവമാണ് ഈ ഉള്ളടക്കം എന്നത് എന്തുകൊണ്ടാണ് നമ്മെ അത്ഭുതപ്പെടുത്താത്തത്? ഈ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ക്ലാസിൽ അധ്യാപകർ അക്ഷരാർഥത്തിൽ വിയർക്കുകയാണ്. കുട്ടികളാകട്ടെ, മലയാളത്തിനും സാഹിത്യത്തിനും പുറത്തേക്ക് ജീവനുംകൊണ്ട് പായുകയാണ്. ഹൈന്ദവേതരരെ, അധ്യാപകരെയും കുട്ടികളെയും അടിമുടി അന്യവത്കരിക്കുന്ന പ്രമേയങ്ങളാണ് ഇവയെന്ന് പ്രത്യേകം

പറയേണ്ടതില്ല. ഭാഷയാകട്ടെ സംസ്കൃതത്തിൽ കുളിച്ചുനില്ക്കുകയുമാണ്. പത്താംക്ലാസിലെ കാര്യംമാത്രമാണ് ഉദാഹരിച്ചത്. ഹൈസ്കൂൾ മാത്രമെടുത്താൽ ഈവിധമുള്ള എത്രയോ ഉദാഹരണങ്ങൾ കണ്ടെത്താനാവും.




ഒമ്പതാംക്ലാസിലെ പാഠപുസ്തകത്തിൽ കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി പഠിക്കാൻ നിർദേശിക്കുമ്പോൾ ജാതിയല്ല, മറിച്ച് ജാതിയെത്തന്നെ നിർമിച്ചെടുത്തിട്ടുള്ള 'സുകൃത'ബോധമാണ് കുട്ടികളിൽ എത്തിക്കാൻ ശ്രമിക്കുന്നത് എന്നു നോക്കുക. കാവ്യഭാഗത്തിലെ ആ വാക്കുതന്നെ ശീർഷകമാക്കി തിരഞ്ഞെടുക്കുന്നതിലൂടെ പാഠപുസ്തകം അതിന്റെ നാളിതുവരെയുള്ള 'വരേണ്യരാജപാത'യിൽ ഉറച്ചുനില്ക്കുന്നത് കാണാം. മാരാരെയും പി.കെ.ബാലകൃഷ്ണനെയും പഠിപ്പിക്കാൻ മഹാഭാരതകഥ മുഴുവൻ അറിയേണ്ടിയും പഠിപ്പിക്കേണ്ടിയുംവരുന്ന ടീച്ചറും അത് പഠിക്കേണ്ടിവരുന്ന കുട്ടികളും (ഹൈന്ദവേതരരും മതേതരരും അവിശ്വാസികളും യുക്തിബോധമുള്ളവരുമൊക്കെയുണ്ട് കുട്ടികൾക്കിടയിലെന്ന് ഓർക്കണം) സ്കൂളിൽനിന്നേ ഭാഷയെയും സാഹിത്യത്തെയും വെറുക്കുന്നതിലാണ് എത്തിച്ചേരുന്നത്. ഇനിയും പിന്നിലേക്ക് സഞ്ചരിച്ച് യാഗാദിസംസ്കൃതികളുടെ ചരിത്രംകൂടി പഠിക്കേണ്ടിവരുന്നു വയലാറിനെ പഠിക്കാൻ. ഭാഷയുടെ രൂപകധർമവും അദ്ഭുതവിനിമയങ്ങളും സർഗസാധ്യതകളും ഭാവനാശില്പങ്ങളുമൊക്കെ ആനന്ദത്തോടെയും കൗതുകത്തോടെയും അനുഭവിച്ചറിയേണ്ട ബാല്യകൗമാരങ്ങളെയാണ് നാം ഈവിധം മുരടിപ്പിച്ച് വിടുന്നത്.

## ഭാഷാധ്യാപകരുടെ ദുരവസ്ഥകൾ

പാഠപുസ്തകത്തിന് പുറത്തേക്കുപോയാണെങ്കിലും കുട്ടികളിൽ ഭാഷാസാഹിത്യഭിരുചികൾ ഉണ്ടാക്കേണ്ട ഭാഷാധ്യാപകരുടെ (സാഹിത്യാധ്യാപകരും ഇവർതന്നെ) ദുരവസ്ഥകളും പ്രധാനമാണ്. ശരാശരി നാല്പതും അമ്പതും കുട്ടികൾ തിങ്ങിനിറഞ്ഞിരിക്കുന്ന ക്ലാസ് മുറികളിൽ അടക്കിയിരുത്തൽ മഹാമഹം കഴിഞ്ഞ് ടീച്ചർക്കു കിട്ടുന്നത് ചെറിയ സമയമാണ്. പലപ്പോഴും ലൈബ്രറിയും സർഗ,സാഹിത്യവേദികളുമടക്കം സ്കൂളിലെ സകലമാന ഉത്തരവാദിത്വങ്ങളും ഭാഷാധ്യാപകർക്കാവും ഉണ്ടാവുക. വായനവാരംപോലും മലയാളം ടീച്ചറുടെമാത്രം ഉത്തരവാദിത്വമാണ് മിക്ക സ്കൂളുകളിലും; മറ്റ് വിഷയങ്ങളൊന്നും വായനയുടെ പരിധിയിൽ വരാത്തതുപോലെ. കേരളത്തിലെ ടെക്നിക്കൽ സ്കൂളുകളുടെ ചിത്രം ഉദാഹരണമായെടുത്താൽ കാര്യങ്ങൾ കൂടുതൽ വ്യക്തമായേക്കും. പന്ത്രണ്ടുമുതൽ ഇരുപത്തിനാലുവരെ പിരിയഡുകൾ ആഴ്ചയിലുള്ള ഈ സ്കൂളുകളിൽ മലയാളത്തിന് പാർട്-ടൈം പോസ്റ്റുകൾമാത്രമാണ് ഉള്ളത്. (ഇംഗ്ലീഷിന് ടീച്ചർമാരേ ഇല്ല!) ഇതേ സ്കൂളുകളിൽ ആഴ്ചയിൽ നാല് പിരിയഡ് വർക്ക്ലോഡുള്ള ശാസ്ത്രവിഷയങ്ങൾക്ക് ഫുൾ-ടൈം ടീച്ചർമാരുണ്ട്. എന്തൊരു അനാസ്ഥയാണ്. മൂന്നുദിവസം പന്ത്രണ്ടു പിരിയഡ് പഠിപ്പിക്കാനുള്ള ബാധ്യതയേ പാർട്-ടൈം ടീച്ചർക്കുള്ളൂ. അതിനുള്ള ശമ്പളമാണ് അവർക്ക് നല്കുന്നത്. (പാർട്-ടൈം അധ്യാപകരെ മുഴുവൻ ദിവസവും പണിയെടുപ്പിക്കുന്ന ടെക്നിക്കൽ സ്കൂളുകളും ഇക്കൂട്ടത്തിലുണ്ട്. ഓഫീസ്'സൂപ്രണ്ടു'മാർ നയിക്കുന്ന ഇത്തരം സ്കൂളുകളുടെ കഥ മറ്റൊരു പരമ്പരയ്ക്കുള്ളതുണ്ട്) അറുപതു കുട്ടികളുള്ള ഈ ക്ലാസ് മുറികളിൽ പാർട്-ടൈം മലയാളംകൊണ്ട് ഭാഷ എങ്ങനെ ഫലപ്രദമായി പഠിപ്പിക്കാനാണ്? കുട്ടികളെ ഒറ്റയൊറ്റയായി കാണാൻപോലും ടീച്ചർക്ക് അവസരമില്ല എന്നതാണ് സത്യം. ഭാഷയോടും ഭാഷാധ്യാപകരോടും സർക്കാറുകൾക്കുള്ള മനോഭാവം അങ്ങേയറ്റം പ്രതിലോമകരമാണ് എന്നത് പറയാതിരിക്കാനാവില്ല. ഏറ്റവുമൊടുവിൽ മലയാളം പഠിക്കാതെയും പത്തുകടക്കാം എന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നതെന്നറിയുന്നു. ഇതരസംസ്ഥാനത്തൊഴിലാളികളുടെ മക്കളുടെയും മറ്റും പഠനസൗകര്യാർഥമാണ് മലയാളത്തിനു പകരം സ്പെഷ്യൽ ഇംഗ്ലീഷ് എഴുതി പത്തുകടക്കാമെന്ന വ്യവസ്ഥ ആലോചിച്ചിരുന്നതെങ്കിൽ ഇപ്പോഴത് മലയാളികൾക്കും തിരഞ്ഞെടുക്കാവുന്നതാകുന്നു. എന്തൊരു ഭാഷാസ്നേഹം.

മറ്റൊരു കൗതുകം ഭാഷാധ്യാപകരുടെ പോസ്റ്റുകൾ നിർണയിക്കുന്നതിലും കാണാം. ആഴ്ചയിൽ 4-14 പിരിയഡ്



**ഭാഷ പഠിക്കുക എന്നതിൽ എഴുതാനും വായിക്കാനും കഴിയുക എന്നതിനെക്കാൾ പ്രസക്തമായ പലതുമുണ്ട്. ഭാഷയുടെ സാന്ദർഭികവും സർഗാത്മകവും ആയ പ്രയോഗസജ്ജത ആയതിന്റെ ആഴത്തിലുള്ള പഠനവുമായി ബന്ധപ്പെട്ടിരിക്കുന്നു.**

ഉള്ളപ്പോൾ അറബി, ഉറുദു, സംസ്കൃതം, ഹിന്ദി തുടങ്ങിയ ഭാഷകൾക്ക് ഒരു പാർട്-ടൈം പോസ്റ്റും 15 മുതൽ 28 വരെ പിരിയഡ് ഉണ്ടെങ്കിൽ ഒരു ഫുൾ-ടൈം പോസ്റ്റും അനുവദിക്കാമെന്നാണ് നിലവിലെ വ്യവസ്ഥ. മലയാളത്തിനാവുമ്പോൾ 5-14 പിരിയഡ് വേണം പാർട്-ടൈം പോസ്റ്റിന്. ഫുൾ-ടൈമിനാവട്ടെ 15-29 വരെയും. ലാംഗ്വേജ് പോസ്റ്റുകളുടെ ഗണത്തിലല്ല, മറിച്ച്, കോർ സബ്ജക്ടിന്റെ ഗണത്തിലാണ് ഇംഗ്ലീഷ് പരിഗണിക്കപ്പെടുന്നതെന്നതും ഓർക്കണം. (ഇതിൽ മാറ്റമുണ്ടാകുന്നു എന്ന വാർത്തകൾ കാണുന്നുണ്ട്.) കാര്യങ്ങൾ എല്ലാഭാഗത്തും ഈവിധം ഭാഷാവിരുദ്ധമാണെന്ന് കാണുമ്പോൾ, മാറിവരുന്ന സർക്കാറുകളുടെ ഭാഷാമനോഭാവം ആകെയും വിലയിരുത്തു



**കൂട്ടായ്മയിലും സ്നേഹബന്ധങ്ങളിലും വേരുറച്ച ഒരു ജീവിവർഗമായി മനുഷ്യനെ മനസ്സിലാക്കാൻ കുട്ടി നിർബന്ധമായും ഭാഷയെയും സാഹിത്യത്തെയും ആഴത്തിൽ പഠിച്ചിരിക്കണം. അവ പഠിപ്പിക്കുക മാത്രമല്ല, അതിൽ എന്തെല്ലാം പഠിക്കണം എന്നതിൽ കൃത്യമായ ഉൾക്കാഴ്ചയും വേണം.**

മ്പോൾ വള്ളത്തോൾ എഴുതിയ 'മത്താടിക്കൊൾകഭിമാനമേ' എന്ന കാവ്യഭാഗമോർത്ത് തലയിൽ കൈവയ്ക്കാനല്ലാതെ മറ്റൊന്നിനുമാവുന്നില്ല.

## സമകാലയുവത്വവും സാമൂഹികതയും

നമ്മുടെ സാമൂഹികതയിൽ കാര്യമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് അടുത്തകാലത്തെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. കൊറോണാനന്തരമെന്ന് സമാധാനിച്ചും വിലയിരുത്തിയും കൈകഴുകാവുന്നതല്ല അവ. വീടകങ്ങൾ മുതൽ ക്ലാസ് മുറികളും തെരുവും നിയമവാഴ്ചയുടെ പ്രത്യക്ഷഭൂമികകളായ കോടതികൾവരെയും പകച്ചും അന്ധാളിച്ചും പോകുന്ന നിരവധി സംഭവങ്ങൾ നാം കേട്ടും അറിഞ്ഞും കഴിഞ്ഞു. ഹിംസയുടെ അക്ഷരാർഥത്തിലുള്ള തേർവാഴ്ചയായിരിക്കുന്നു നമ്മുടെ പരിസരങ്ങൾ. ലഹരിയുടെ വൻതോതിലുള്ള ഉപയോഗമാണ് ഏറ്റവും പ്രധാനമായത്. അതിൽ പ്രായഭേദമെന്യേ സ്കൂൾകുട്ടികൾ മുതൽ കണ്ണിചേർന്നിരിക്കുന്നു. സഹിഷ്ണുതയുടെ അഭാവമാണ് മറ്റൊരു മാറ്റം. പ്രണയം നിരസിച്ചാൽ, സൗഹൃദം നിരസിച്ചാൽ, പണം കടം കൊടുത്തത് തിരിച്ചുചോദിച്ചാൽ എന്നുവേണ്ട ടി.വി.യുടെ ചാനൽ മാറ്റിയാൽപ്പോലും രക്തബന്ധങ്ങൾവരെ വിസ്മരിച്ച് തലയ്ക്കടിച്ച് കൊല്ലാൻമാത്രം കരളുറപ്പുള്ളവരായിരിക്കുന്നു മനുഷ്യർ. പലപ്പോഴും ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെട്ട് പിടിയിലാക്കുന്നവർ ഉയർന്ന വിദ്യാഭ്യാസമുള്ളവരുമാണ് എന്നുകാണാം. ഒരാളെ സാമൂഹികജീവിയാക്കാൻ, സഹിഷ്ണുതയും സംസ്കാരവുമുള്ള മനുഷ്യനാക്കാൻ, ജനായത്ത ബോധമുള്ളയാളാക്കാൻ, കുറഞ്ഞത് നിയമവിധേയിയെങ്കിലുമാക്കാൻ എന്തുകൊണ്ട് വിദ്യാഭ്യാസം പരാജയപ്പെടുന്നു എന്നത് ഗൗരവമുള്ള ചോദ്യമാണ്.

നമ്മുടെ വിദ്യാഭ്യാസം അതിന്റെ ഒരു ഘട്ടത്തിലും ഇത്തരം ഒരു ലക്ഷ്യം മുന്നിൽക്കാണുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. മാത്രമല്ല, അത് നേരത്തേ ചർച്ചചെയ്തതുപോലെ മനുഷ്യനെ സാമൂഹികജീവിയാക്കാൻ പര്യാപ്തമാംവിധം ഭാഷാസാഹിത്യപഠനത്തെ വേണ്ടരീതിയിൽ ഉൾക്കൊള്ളാത്തതുമാണ്. കൂട്ടായ്മയിലും സ്നേഹബന്ധങ്ങളിലും വേരുറച്ച ഒരു ജീവിവർഗമായി മനുഷ്യനെ മനസ്സിലാക്കാൻ കുട്ടി നിർബന്ധമായും ഭാഷയെയും സാഹിത്യത്തെയും ആഴത്തിൽ പഠിച്ചിരിക്കണം. അവ പഠിപ്പിക്കുക മാത്രമല്ല, അതിൽ എന്തെല്ലാം പഠിക്കണം എന്നതിൽ കൃത്യമായ ഉൾക്കാഴ്ചയും വേണം. മേൽപരിശോധിച്ച മലയാളം പാഠങ്ങൾ കുട്ടികൾക്ക് എന്താണ് പകർന്നുനല്കുക എന്നാലോചിച്ചാൽ ഈ ഉൾക്കാഴ്ചയുടെ അർഥം ശരിയായി ബോധ്യപ്പെടും. യുദ്ധം പ്രധാനമാകുന്ന പാഠങ്ങളാണ് ഏറെയും എന്നു കാണാം. യാഗാദിസംസ്കൃതിയാണ് കുട്ടി പഠിക്കുന്നത്. മൂല്യങ്ങളല്ല, ചതിയും വഞ്ചനയും പൊറുക്കൽ(അ)നീതിയും സ്ത്രീവിരുദ്ധതയും ഒക്കെയാണ് സൂക്ഷ്മാർഥത്തിൽ കുട്ടിയിൽ എത്തിപ്പെടുക. (ഭാഗ്യത്തിന് കുട്ടികൾ ഇതൊന്നും ശ്രദ്ധിക്കാറില്ല എന്നതും അവരെ ചേർത്തുനിറുത്തുന്ന ഭാഷയോ രൂപമോ അല്ല ഇവയ്ക്കുള്ളതെന്നതും ആശ്വാസകരമാണ്.) ഇതിന്റെകൂടെ പുട്ടിന് പീരയെന്നതുപോലെ പ്രകൃതി അമ്മയാണ് ദേവിയാണ് തുടങ്ങിയ ചില കസർത്തുകളും അമ്മ, അടുക്കള, സർവംസഹയായ ഭാര്യ ഇത്യാദി അറുപഴഞ്ചൻ ഉള്ളടക്കങ്ങളും അടങ്ങുന്നതാണ് മലയാളപാഠപുസ്തകങ്ങളുടെ അധികംതാളുകളും. ഇച്ഛാശക്തിയോടെ ഇക്കാര്യങ്ങൾ പഠിക്കാനും ചർച്ചചെയ്യാനും തിരുത്താനും മുതിർന്നവരും അധികാരികളും തയാറാവുന്നില്ലെങ്കിൽ, അതിനനുസരിച്ച് വിദ്യാഭ്യാസരീതികൾ പരിഷ്കരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അതിന്റെ ഫലം നാം കരുതുന്നതിലും ഭീകരമായിരിക്കുമെന്നത് വ്യക്തമാണ്.

ഭാഷാസാഹിത്യപഠനങ്ങൾ എങ്ങനെയാണ് ഒരു സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും കാതലായതുമായ വിഷയമാകുന്നത് എന്നാണ് സമാന്യമായി ഈ പ്രകരണത്തിൽ അന്വേഷിക്കാൻ ശ്രമിച്ചത്. അതിന്റെ ഗുണവശങ്ങളെ ഉപയോഗിക്കുന്നില്ല എന്നുമാത്രമല്ല, വിപരീതാർഥത്തിലാണത് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും കണ്ടുകഴിഞ്ഞു. പുതിയ പാഠ്യരീതികൾ വരുന്നതോടെ ഉന്നതവിദ്യാഭാസ രംഗത്തും ഭാഷാസാഹിത്യപഠനങ്ങൾ ഓരംപറ്റുകയാണ് എന്ന വർത്തമാനകാല വസ്തുതകളെയും ഇതോട് ചേർത്തുവായിക്കേണ്ടതുണ്ട്. വിശദമായ പഠനങ്ങളും ചർച്ചകളും അതിനനുസൃതമായ ആസൂത്രണങ്ങളും ഈ വിഷയത്തിൽ അനിവാര്യമാണ്. അതിലേക്ക് ഈ പ്രകരണവും ഗുണാത്മകമായി വരട്ടെ എന്നുമാത്രം പ്രത്യാശിക്കുന്നു.

*(അസി. പ്രഫസർ, സാഹിത്യപഠനം, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല)* ●

അനുപമ.ബി / പി.കെ.സുരേഷ്



# സുചിൻഷാനും മറ്റ് അതിഥികളും

ചില ധൂമകേതുക്കൾ ഭൂമിയുമായി കൂട്ടിയിടിക്കാൻ സാധ്യതയുണ്ടെന്നും, അങ്ങനെ വർഷങ്ങൾക്കുമുമ്പുണ്ടായ കൂട്ടിയിടിയുടെ ഫലമായാണ് ഇന്നുകാണുന്ന സമുദ്രങ്ങൾ രൂപപ്പെട്ടതെന്നും പറയപ്പെടുന്നു. ഇത്തരം കെട്ടുകഥകളെ ഉന്മൂലനംചെയ്ത് സാമൂഹിക അവബോധം വളർത്താൻ ധൂമകേതുക്കളെപ്പറ്റിയുള്ള ശാസ്ത്രീയപഠനവും അറിവും അനിവാര്യമാണ്.




രാത്രികാലങ്ങളിലെ നക്ഷത്രങ്ങൾക്കിടയിലൂടെ പായുന്ന മനോഹരമായ വാൽനക്ഷത്രങ്ങൾ എന്നും നമുക്കൊരു വിസ്മയക്കാഴ്ചയാണ്. എന്നാൽ യഥാർഥത്തിൽ ഇതിന് നക്ഷത്രങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന് നമ്മളിൽ എത്രപേർക്കറിയാം? വാൽനക്ഷത്രങ്ങളുടെ ഉല്പത്തിയെക്കുറിച്ചു നിലവിലുള്ള അറിവ് പരിശോധിച്ചാൽ ഇത് മനസ്സിലാക്കാനാവും. സൗരയൂഥം ആവിർഭവിച്ചതിന്റെ ഫലമായി ഖരരൂപത്തിലുള്ള ശീതീകരിച്ച ജലം, കാർബൺഡൈഓക്സൈഡ്, മീഥേൻ എന്നിവ അടങ്ങിയ അവശിഷ്ടങ്ങൾ രൂപപ്പെട്ടു. അത്തരത്തിലുള്ള കോടാനുകോടി അവശിഷ്ടങ്ങൾ നെപ്ട്യൂണിനപ്പുറമുള്ള Kuiper ബെൽറ്റിലും പ്ലൂട്ടോയ്ക്കപ്പുറമുള്ള ഊർട്ട്സ് (Oorts) ക്ലൗഡ് എന്ന പ്രദേശത്തിലും സൂര്യനെ വലംവച്ചുകൊണ്ടിരിക്കുന്നു. സൗരയൂഥത്തിലെ വിവിധ ഗ്രഹങ്ങളുടെയും സൂര്യന്റെയും ഗുരുത്വാകർഷണംമൂലം അവയുടെ ഭ്രമണപഥത്തിന്റെ സൂര്യനോട് അടുത്തുനില്ക്കുന്ന ഭാഗത്തേക്ക് (perihelion) പ്രവേശിക്കുമ്പോൾ ഉയർന്നതോതിലുള്ള സൂര്യതാപമേറ്റ് ഉത്പതന (sublimation) പ്രക്രിയയിലൂടെ അവയിൽനിന്നു പുറന്തള്ളപ്പെടുന്ന വാതകങ്ങളും പൊടിപടലങ്ങളും ഭൂമിയിൽനിന്നു നിരീക്ഷിക്കുമ്പോൾ അത് ഒരു തിളങ്ങുന്ന വാൽ (tail) പോലെ ദൃശ്യമാകുന്നു. ആയതിനാൽ, അത്തരം ഖഗോളവസ്തുക്കൾ വാൽനക്ഷത്രങ്ങൾ അഥവാ ധൂമകേതുക്കൾ എന്നറിയപ്പെടുന്നു.

ധൂമകേതുവിന്റെ രൂപഘടനയെ രണ്ടായി തിരിക്കാം.

അകത്തെ കട്ടിയുള്ള പാറയടങ്ങിയ ഭാഗത്തെ കാമ്പെന്നും (nucleus) അവിടെനിന്നു ബഹിർഗമിക്കുന്ന പൊടിപടലങ്ങളടങ്ങിയ വാലിനെ കോമയെന്നും വിളിക്കുന്നു. ഗ്രീക്കുഭാഷയിലെ തലമുടി എന്നർഥം വരുന്ന "kome" എന്ന വാക്കിൽനിന്നുമുത്ഭവിച്ചതാണ് ധൂമകേതുവിന്റെ ഇംഗ്ലീഷ് വാക്കായ കോമെറ്റ് (comet). ധൂമകേതുക്കളുടെ കാമ്പിന്റെ വ്യാസം ഏകദേശം 1 മുതൽ 60 കിലോമീറ്റർ വരെയും അതേ സമയം, കോമയുടെ നീളം കാമ്പിന്റെ വ്യാസത്തെക്കാൾ 1000 മടങ്ങ് വരെയും ആവാം.

ധൂമകേതുക്കളുടെ വരവ് പ്രകൃതിദുരന്തങ്ങൾക്കും മനുഷ്യർക്കിടയിൽ മഹാമാരികൾക്കും വഴിയൊരുക്കുമെന്നിങ്ങനെ ധൂമകേതുക്കളെ ചുറ്റിപ്പറ്റി ധാരാളം മിഥ്യാധാരണകൾ സമൂഹത്തിൽ നിലവിലുണ്ട്. ചില ധൂമകേതുക്കൾ ഭൂമിയുമായി കൂട്ടിയിടിക്കാൻ സാധ്യതയുണ്ടെന്നും, അങ്ങനെ വർഷങ്ങൾക്കുമുമ്പുണ്ടായ കൂട്ടിയിടിയുടെ ഫലമായാണ് ഇന്നുകാണുന്ന സമുദ്രങ്ങൾ രൂപപ്പെട്ടതെന്നും പറയപ്പെടുന്നു. ഇത്തരം കെട്ടുകഥകളെ ഉന്മൂലനംചെയ്ത് സാമൂഹിക അവബോധം വളർത്താൻ ധൂമകേതുക്കളെപ്പറ്റിയുള്ള ശാസ്ത്രീയപഠനവും അറിവും അനിവാര്യമാണ്.

ഗ്രീക്ക് തത്ത്വചിന്തകനായ അരിസ്റ്റോട്ടിലാണ് ധൂമകേതുക്കളുടെ പഠനത്തിന് നാന്ദികുറിച്ചത്. ഭൂമിയിൽനിന്നു പുറന്തള്ളപ്പെടുന്ന വസ്തുക്കൾ പിന്നീട് ഒരു തീഗോളമായി മാറുന്നുവെന്ന ആശയമാണ് അദ്ദേഹം ധൂമകേതുക്കളെപ്പറ്റി മുന്നോട്ടുവച്ചത്. എന്നാൽ, ഡാനിഷ് ജ്യോതിശ്ശാസ്ത്രജ്ഞനായ ടൈക്കോ ബ്രാഹെ 1577-ൽ ധൂമകേതുക്കളിലേക്കുള്ള ദൂരം തിട്ടപ്പെടുത്താൻ ശ്രമിക്കുകയും അവ ഭൂമിയിൽനിന്നു ചന്ദ്രനെക്കാൾ 4 മടങ്ങെങ്കിലും അകലെയായിരിക്കാമെന്ന നിഗമനത്തിലെത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഗവേഷണവിദ്യാർഥിയും ജർമൻ ജ്യോതിശ്ശാസ്ത്രജ്ഞനുമായ ജോഹന്നാസ് കെപ്ലറിനാൽ വിഭാവനംചെയ്യപ്പെട്ട ഗ്രഹചലന നിയമങ്ങളുടെയും ന്യൂട്ടൺ കണ്ടെത്തിയ ഗുരുത്വാകർഷണ നിയമത്തിന്റെയും സഹായത്തോടെ പല ഉത്കേന്ദ്രതകളുള്ള (eccentricities) ഭ്രമണപഥത്തിലൂടെയാണ് ധൂമകേതുക്കൾ സഞ്ചരിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഉത്കേന്ദ്രത 1 ആണെങ്കിൽ ഭ്രമണപഥം അനുവൃത്താകൃതിയിലും (parabola), 0 ആണെങ്കിൽ വൃത്താകൃതിയിലും, 0-നും 1-നും ഇടയിലാണെങ്കിൽ ദീർഘവൃത്താകൃതിയിലുമായിരിക്കും (elliptical). അനുവൃത്താകൃതിയിൽ സഞ്ചരിക്കുന്ന ധൂമകേതുക്കൾ ഒരിക്കലും തിരിച്ചുവരുവാനുള്ള സാധ്യതയില്ല (non-periodic) പക്ഷേ, വൃത്താകൃതിയിലോ ദീർഘവൃത്താകൃതിയിലോ സഞ്ചരിക്കുന്ന ധൂമകേതുക്കളെ ഒരു പ്രത്യേക കാലയളവിനുശേഷം (periodic) വീണ്ടും കാണാനാവും.

ന്യൂട്ടൺന്റെ സുഹൃത്തും ജ്യോതിശ്ശാസ്ത്രജ്ഞനുമായ എഡ്മണ്ട് ഹാലി അറിയപ്പെടുന്ന 24 ധൂമകേതുക്കളുടെ ഭ്രമണപഥം നിർണയിക്കാൻ ശ്രമിക്കുമ്പോൾ അതിൽ 1531, 1607, 1682 എന്നീ വർഷങ്ങളിൽ പ്രത്യക്ഷപ്പെട്ട ധൂമകേതുക്കളുടെ ഭ്രമണപഥങ്ങൾ തമ്മിലുള്ള സാമ്യത വിലയിരുത്തി അവ ഒരു പ്രത്യേക ഇടവേളകളിലാണ് പ്രത്യക്ഷപ്പെടുന്നതെന്ന് കണ്ടെത്തി. ഊർട്ട്സ് ക്ലൗഡിൽനിന്നു പ്രയാണം തുടങ്ങുന്ന ധൂമകേതുക്കൾ ഭീമാകാരന്മാരായ ഗ്രഹങ്ങളുടെ ഗുരുത്വാകർഷണത്തിന് വിധേയമാകുന്നതിനാൽ സൂര്യനെ ചുറ്റാനുള്ള കാലയളവ് Kuiper ബെൽറ്റിൽനിന്നു പുറപ്പെടുന്ന ധൂമകേതുക്കളെക്കാൾ കൂടുതലായിരിക്കും. സൂര്യനെ പരിക്രമണം ചെയ്യാനെടുക്കുന്ന കാലയളവ് 200 വർഷങ്ങൾക്ക് താഴെയാണെങ്കിൽ ഷോർട് ഓർബിറ്റ് (short orbit) എന്നും 200 വർഷങ്ങൾക്ക് മുകളിലാണെങ്കിൽ ലോങ്ങ് ഓർബിറ്റ് (long orbit) എന്നും അറിയപ്പെടുന്നു. ഷോർട് ഓർബിറ്റ് എന്ന ഗണത്തിൽപ്പെടുന്ന ധൂമകേതുക്കൾക്ക് ആവർത്തനനിരക്ക് കൂടുതലായതിനാൽ അവ രാത്രി ആകാശത്തിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാനുള്ള സാധ്യതയുണ്ട്. എല്ലാ 72-80 വർഷത്തിലൊരിക്കൽ നമ്മളെ സന്ദർശിക്കുന്ന പ്രശസ്തമായ ഹാലീസ് കോമെറ്റ് (Halley's comet) ഇതിനുദാഹരണമാണ്.

വർഷങ്ങൾക്കിപ്പുറം നിരീക്ഷണങ്ങളുടെയും ഗണിതശാസ്ത്ര സാങ്കേതികവിദ്യകളുടെയും ഗുണനിലവാരത്തിൽ നേടിയ പുരോഗതിയുടെ അടിസ്ഥാനത്തിൽ NASA (National Aeronautics and Space Administration)യും ESA (European Space Agency)യും ചേർന്ന് പല ബഹിരാകാശ ദൗത്യങ്ങൾക്ക് തുടക്കമിടുകയും നാളിതുവരെ 4800-ൽപ്പരം ധൂമകേതുക്കളെ തിരിച്ചറിഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. ധൂമകേതുക്കളെ നാമകരണംചെയ്യാൻ വളരെ രസകരമായ പല രീതികൾ അവലംബിക്കപ്പെട്ടിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന് മുൻപുവരെ ധൂമകേതുക്കൾ



എഡ്മണ്ട് ഹാലി



**ഇരുപതാംനൂറ്റാണ്ടിന് ശേഷമുള്ള നാമകരണരീതിയിൽ ധൂമകേതുവിനെ കണ്ടെത്തിയവരുടെ പേരോ അല്ലെങ്കിൽ അത് കണ്ടെത്താൻ സഹായിച്ച ഉപകരണത്തിന്റെയോ പദ്ധതിയുടെയോ പേരുകളുൾപ്പെടുത്താറുണ്ട്.**

ദൃശ്യമായ വർഷവും, ശോഭ കൂടുതലുള്ളവയെ 'Great' എന്ന നാമവിശേഷണവും ഉൾപെടുത്തികൊണ്ടുള്ളതായിരുന്നു. ഉദാഹരണത്തിന് 'Great Comet of 1680', 'Great Comet of 1882', 'Great January Comet of 1910' എന്നിങ്ങനെ. എഡ്മണ്ട് ഹാലിയുടെ ഭ്രമണപഥ പ്രവചനത്തിന് ശേഷം, ധൂമകേതുക്കളുടെ യഥാർഥ കണ്ടുപിടിത്തക്കാരെക്കാൾ ഭ്രമണപഥങ്ങൾ കണക്കാക്കിയ ജ്യോതിശ്ശാസ്ത്രജ്ഞരുടെ പേരിലാണ് അറിയപ്പെടുന്നത്. ഉദാഹരണത്തിന് Halley's

**2024 എന്ന വർഷം നമ്മളെ സംബന്ധിച്ചിടത്തോളം ധൂമകേതുക്കളെപ്പറ്റി കൂടുതൽ അറിയാൻ മികച്ച അവസരമാണ്. 12P/Pons-Brooks, 13P/Olbers, C/2023 A3 (Tsuchinshan-ATLAS), 333P/LINEAR എന്നിങ്ങനെ രസകരവും തിളക്കമുള്ളതുമായ നിരവധി ധൂമകേതുക്കൾ ദൃശ്യമാകാനുള്ള സാധ്യത ഏറെയാണ്.**



Comet, Encke's Comet, Biela's Comet എന്നിവ. പിന്നീട്, കണ്ടുപിടിച്ച ശാസ്ത്രജ്ഞരുടെ പേരുകൾ നല്കിത്തുടങ്ങി. ഉദാഹരണത്തിന് 'Comet Shoemaker-Levy 9' എന്ന പേരുലഭിച്ചത് യുജിനും കരോലിൻ ഷുമേക്കറും ഡേവിഡ് ലെവിയും ചേർന്ന് കണ്ടെത്തിയ ഒമ്പതാമത്തെ ഹ്രസ്വകാല വാൽനക്ഷത്രമായതിനാലാണ്. എന്നാൽ, ഒരിക്കൽമാത്രം പ്രത്യക്ഷപ്പെട്ട ധൂമകേതുക്കളെ അവ പ്രത്യക്ഷപ്പെട്ട വർഷം ഉപയോഗിച്ച് പരാമർശിച്ചുവരുന്നു. ഇരുപതാംനൂറ്റാണ്ടിന് ശേഷമുള്ള നാമകരണരീതിയിൽ ധൂമകേതുവിനെ കണ്ടെത്തിയവരുടെ പേരോ അല്ലെങ്കിൽ അത് കണ്ടെത്താൻ സഹായിച്ച ഉപകരണത്തിന്റെയൊ പദ്ധതിയുടെയോ പേരുകളുൾപ്പെടുത്താറുണ്ട്.

ധൂമകേതുക്കളുടെ ഔദ്യോഗിക നാമകരണം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. ആവർത്തനമില്ലാത്ത ധൂമകേതുക്കളുടെ പേര് 'C' എന്ന അക്ഷരത്തിലും, ആവർത്തിക്കുന്നവയുടെ പേര് 'P' എന്ന അക്ഷരത്തിലും ആരംഭിക്കുന്നു. ഏതെങ്കിലും ഒരു ആവർത്തിക്കുന്ന ധൂമകേതു ഒന്നിൽക്കൂടുതൽ ആവർത്തിച്ച് പ്രത്യക്ഷപ്പെട്ടാൽ 'P' എന്ന അക്ഷരത്തിനോടൊപ്പം കണ്ടെത്തിയ ക്രമസംഖ്യയും ചേർക്കുന്നു. നഷ്ടപ്പെട്ടുപോയതോ കാണാതായതോ ആയ ധൂമകേതുക്കളുടെ പേരിന്റെ തുടക്കം 'D' എന്ന അക്ഷരത്തിലും, ഭ്രമണപഥം തീർച്ചയാക്കപ്പെടാത്ത ധൂമകേതുക്കളുടെ പേരിന്റെ തുടക്കം 'X' എന്ന അക്ഷരത്തിലുമായിരിക്കും. ഇതുകൂടാതെ ഇവ കണ്ടെത്തിയ വർഷവും, കണ്ടെത്തിയത് ജനുവരി മാസത്തിന്റെ ആദ്യ പകുതിയിലാണെങ്കിൽ 'A' എന്നും രണ്ടാമത്തെ പകുതിയിലാണെങ്കിൽ 'B' എന്നിങ്ങനെ കണ്ടെത്തിയ ക്രമത്തിലുള്ള സംഖ്യയും ഇതിനോടൊപ്പം ചേർക്കുന്നു.

എല്ലാ ധൂമകേതുക്കളെയും എപ്പോഴും നഗ്നനേത്രങ്ങളാൽ വീക്ഷിക്കാനാവില്ല. ജ്യോതിശ്ശാസ്ത്ര വസ്തുക്കളുടെ ദൃശ്യകാന്തിമാനം അതിന്റെ വലിപ്പവും ദൂരവും അടിസ്ഥാനമാക്കിയുള്ള ഒരു ലോഗരിതമിക് സ്കെയിലിനെ അടിസ്ഥാനമാക്കിയുള്ളതാണ്. സൂര്യന്റെ ദൃശ്യകാന്തിമാനം-27ഉം, ഏറ്റവും തിളക്കമുള്ള നക്ഷത്രമായ സിറിയസ് -1.46 ഉം ആണ്. ഏറ്റവും തിളക്കമുള്ള ശുക്രന്റെ ദൃശ്യകാന്തിമാനം-5 ആണ്. ദൃശ്യകാന്തിമാനം കുറയുന്നതനുസരിച്ച് അവ കൂടുതൽ ദൃശ്യമാകുന്നു.

2024 എന്ന വർഷം നമ്മളെ സംബന്ധിച്ചിടത്തോളം ധൂമകേതുക്കളെപ്പറ്റി കൂടുതൽ അറിയാൻ മികച്ച അവസരമാണ്. 12P/Pons-Brooks, 13P/Olbers, C/2023 A3 (Tsuchinshan-ATLAS), 333P/LINEAR എന്നിങ്ങനെ രസകരവും തിളക്കമുള്ളതുമായ നിരവധി ധൂമകേതുക്കൾ ദൃശ്യമാകാനുള്ള സാധ്യത ഏറെയാണ്. 2023 ജൂലൈ അവസാനത്തോടെ, 12P/Pons Brooks ധൂമകേതു ഒരു പൊട്ടിത്തെറിക്ക് വിധേയമാവുകയും ഏകദേശം 100 മടങ്ങ് തെളിച്ചം നേടുകയും ചെയ്തു, ഒരു രാത്രികൊണ്ട് ദൃശ്യകാന്തിമാനം 17-ൽനിന്ന് 12 എന്ന തീവ്രതയിലേക്ക് കുതിച്ചു. അത്തരം പൊട്ടിത്തെറികൾ സാധാരണമല്ലെങ്കിലും പോൺസ്-ബ്രൂക്ക്സ് ഇത്തരം സ്വഭാവം മുമ്പും ഓരോ ഭ്രമണപഥത്തിലും നിരവധി തവണ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ പൊട്ടിത്തെറി കോമയെ ഇരുണ്ട കേന്ദ്രവും തിളക്കമാർന്ന ചിറകുകളുള്ള ഒരു horseshoe ആകൃതിയിലേക്ക് നയിച്ചു. അതിനാൽ, പല മാധ്യമങ്ങളും അതിനെ ചെകുത്താൻ ധൂമകേതു (Devil's comet ) എന്ന വിളിപ്പേര് നല്കി. ചിലർ അതിനെ 'സ്റ്റാർ വാർസി'ലെ കപ്പലിനുശേഷം 'മില്ലേനിയം ഫാൽക്കൺ വാൽനക്ഷത്രം' എന്നും വിളിക്കുന്നു. 2024 ഏപ്രിൽ 3-ന് മറ്റൊരു പൊട്ടിത്തെറി ഉണ്ടാവുകയും, ധൂമകേതു ഏകദേശം 3.8 തീവ്രതയിൽ തിളങ്ങുകയും ചെയ്തു. 2024 ജൂൺ ആദ്യപകുതിയിൽ ഭൂമി ധൂമകേതുവിന്റെ പരിക്രമണതലം മുറിച്ചുകടന്നതിന്റെ ഫലമായി ഒരു ആന്റി-ടെയിൽ ദൃശ്യമായി. ബൈനോക്കുലറുകളിലൂടെയോ ഒരു ചെറിയ ദൂരദർശിനിയിലൂടെയോ ദൃശ്യമാകുന്ന ഇത്തരം ധൂമകേതു 'Bright comet' എന്നാണ് അറിയപ്പെടുന്നത്.

അതുപോലെത്തന്നെ 2024 ജനുവരി 14-ന് 13P/Olbers എന്ന ധൂമകേതുവിന്റെ കണക്കാക്കപ്പെട്ടിരുന്ന ദൃശ്യകാന്തിമാനം 15.3 ആയിരുന്നു. കൂടാതെ 0.9 ആർക്ക് മിനിറ്റ് വലിപ്പമുള്ള ശക്തമായ ഘനീഭവിച്ച കോമയും, 1 ആർക്ക് മിനിറ്റുള്ള മങ്ങിയ വാലും റിപ്പോർട്ട് ചെയ്യപ്പെട്ടു. 2024



**ഈ ധൂമകേതു നിലവിൽ ചൊവ്വയുടെയും വ്യാഴത്തിന്റെയും ഭ്രമണപഥങ്ങൾക്കിടയിലുള്ള ലിയോ നക്ഷത്രസമൂഹത്തിലൂടെ സഞ്ചരിക്കുന്നു. ഒക്ടോബർ 12, 2024-ന് ഭൂമിയോടടുക്കുമ്പോൾ അതിന്റെ ദൃശ്യകാന്തിമാനം -0.9 വരെ കുറഞ്ഞ് നഗ്നനേത്രങ്ങൾകൊണ്ട് അത് ദൃശ്യമാകാനും ഭൂമിയിലെ നിവാസികൾക്ക് ഒരു ദൃശ്യവിരുന്നൊരുക്കി 'great comet' എന്ന പദവി കരസ്ഥമാക്കാനുമുള്ള സാധ്യതയേറെയാണ്.**

മാർച്ച് 10 ആയപ്പോഴേക്കും ധൂമകേതു 11.4 ദൃശ്യകാന്തിമാനമുള്ള പ്രകാശത്തിൽ തിളങ്ങി, കോമയ്ക്ക് 4 ആർക്ക് മിനിറ്റ് വലിപ്പവും ഉണ്ടായിരുന്നു. ഏപ്രിൽ 12-ന് ധൂമകേതുവിന്റെ ദൃശ്യകാന്തിമാനം 9.2 ആണെന്ന് നിരീക്ഷണങ്ങൾ സാക്ഷ്യപ്പെടുത്തി, ഇത് എഫെമെരിസിനെക്കാൾ (Ephemeris) തിളക്കമാർന്നതാണ്. 2024 ജൂൺ 30-ന്, അത് പെരിഹെലിയനിലേക്ക് പ്രവേശിക്കുമ്പോൾ 7 മുതൽ 8 വരെയുള്ള ദൃശ്യകാന്തിമാനത്തിൽ മാത്രമേ പ്രകാശിക്കുള്ളുവെന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും അത് 6 മുതൽ 7 വരെ എത്തി. ബൈനോക്കുലറും ഒരു ചെറിയ ദൂരദർശിനിയും ഉള്ള നിരീക്ഷകർക്ക് വാൽനക്ഷത്രം കാണാനുള്ള മികച്ച അവസരം ലഭിച്ചു. ഇനി 69 വർഷങ്ങൾക്കുശേഷം മാത്രമേ 13P/Olbers എന്ന ധൂമകേതുവിന് ഒരു തിരിച്ചുവരവുണ്ടാകുകയുള്ളൂ.

ലോകമെമ്പാടുമുള്ള വാനനിരീക്ഷകർ അടുത്ത ധൂമകേതുവിന്റെ വരവിനായി കൗതുകത്തോടെ കാത്തിരിക്കുമ്പോഴാണ് ജനുവരി 9, 2023-ൽ ചൈനയിലെ Purple Mountain (Tsuchinshan) Observatory യുടെയും ഫെബ്രുവരി 22, 2023-ൽ ആഫ്രിക്കയിലെ Asteroid Terrestrial Impact Last Alert System (ATLAS) ന്റെയും സഹായത്തോടെ കണ്ടെത്തിയ C/2023 A3 അഥവാ Tsuchinshan-ATLAS എന്ന ധൂമകേതു 2024 സെപ്റ്റംബർ മാസാവസാനത്തോടെ പെരിഹെലിയനിലേക്ക് അടുക്കാൻ സാധ്യതയുണ്ടെന്നും അതിന്റെ ദൃശ്യകാന്തിമാനം 0.2-ലേക്ക് എത്താമെന്നുമാണ് ജ്യോതിശ്ശാസ്ത്രജ്ഞർ കണക്കുകൂട്ടുന്നത്. കണ്ടെത്തുമ്പോൾ സൂര്യനിൽനിന്ന് 7.3 ജ്യോതിശ്ശാസ്ത്ര യൂണിറ്റുകൾ (AU) അകലെ ആയിരുന്ന Tsuchinshan-ATLAS-ന്റെ ദൃശ്യകാന്തിമാനം 18 ആയിരുന്നു. കൂടാതെ ദൂരദർശിനിയുടെ സഹായത്തോടെ നിരീക്ഷിക്കുമ്പോൾ ഒരു ചെറിയ വാൽ ദൃശ്യമാവുന്നതിനാൽ അതിനെ ഒരു വാൽനക്ഷത്രമായി കണക്കാക്കപ്പെട്ടു. ഈ ധൂമകേതു നിലവിൽ ചൊവ്വയുടെയും വ്യാഴത്തിന്റെയും ഭ്രമണപഥങ്ങൾക്കിടയിലുള്ള ലിയോ നക്ഷത്രസമൂഹത്തിലൂടെ സഞ്ചരിക്കുന്നു. ഒക്ടോബർ 12, 2024-ന് ഭൂമിയോടടുക്കുമ്പോൾ അതിന്റെ ദൃശ്യകാന്തിമാനം -0.9 വരെ കുറഞ്ഞ് നഗ്നനേത്രങ്ങൾകൊണ്ട് അത് ദൃശ്യമാകാനും ഭൂമിയിലെ നിവാസികൾക്ക് ഒരു ദൃശ്യവിരുന്നൊരുക്കി 'great comet' എന്ന പദവി കരസ്ഥമാക്കാനുമുള്ള സാധ്യതയേറെയാണ്. സൗരയൂഥത്തിലെ ദശലക്ഷക്കണക്കിന് ധൂമകേതുക്കളുടെ ആവാസകേന്ദ്രമായ ഊർട്ട്സ് ക്ലൗഡിൽനിന്നു വരുന്നതിനാൽ A3-ക്ക് ഒരു ഭ്രമണപഥം പൂർത്തിയാക്കാൻ 80,000 വർഷത്തെ സമയമെടുക്കും.

പക്ഷേ, നാളുകൾ കടന്നുപോകുന്തോറും ധൂമകേതുവിന്റെ ശോഭയിൽ പ്രതീക്ഷിച്ചപോലെയുള്ള വർധനവില്ലാത്തത് ഒരു അമ്പരപ്പുണ്ടാക്കുന്നു. ഇത് ധൂമകേതുവിന്റെ കാമ്പ് വിഘടിക്കുന്നതുമൂലമാകാം എന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ധൂമകേതുക്കൾ പൊതുവേ ക്രമരഹിതവും പ്രവചനാതീതവുമാണ്. എന്നാൽ, എല്ലാം ഗവേഷകർ കണക്കാക്കിയതുപോലെ നടന്നാൽ, പെരിഹെലിയനിലേക്ക് അടുക്കുന്നതിനുമുൻപ് ധൂമകേതുവിന്റെ കാമ്പ് വിഘടിക്കാതെയിരിക്കുകയും നാളുകൾക്കുശേഷം പ്രത്യക്ഷപ്പെടുന്ന മികച്ച വാൽനക്ഷത്രമായി A3 അറിയപ്പെടുകയും ചെയ്യാം. ഒരു ദൂരദർശിനിയുടെ സഹായമില്ലാതെതന്നെ അതിനെ നിരീക്ഷിക്കാൻ കഴിഞ്ഞേക്കാം. 2024 ഒക്ടോബർ മാസത്തിൽ സൂര്യനോട് ഏറ്റവും അടുത്ത് എത്തുകയും ഭൂമിയുടെ ഉത്തരാർധഗോളത്തിൽനിന്ന് എളുപ്പത്തിൽ ദൃശ്യമാകുകയും ചെയ്യും. ഭൂമിയുടെ ദക്ഷിണാർധഗോളത്തിൽനിന്ന് സൂര്യാസ്തമയത്തിനുശേഷംമാത്രമേ ഇത് ദൃശ്യമാകുകയുള്ളൂ. ഒക്ടോബർ 14 മുതൽ 24 വരെ സൂര്യാസ്തമയത്തിന് തൊട്ടുപിന്നാലെ പടിഞ്ഞാറ് ദിക്കിലേക്ക് നോക്കിയാൽ Tsuchinshan-ATLAS ശുക്രനെപ്പോലെ പ്രകാശമാനമായി രാത്രി ആകാശത്തെ പ്രശോഭമാക്കുന്നത് നമുക്ക് കാണാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

333P/LINEAR എന്ന ധൂമകേതു 2024 നവംബർ 29-ന് സൂര്യനോട് ഏറ്റവും അടുത്തെത്തുകയും അതിന്റെ ദൃശ്യകാന്തിമാനം 11 വരെ എത്താമെന്നും പറയപ്പെടുന്നു. എല്ലാ 8.7 വർഷത്തിലൊരിക്കൽ ഭൂമിയിൽനിന്നു ദൃശ്യമായേക്കാവുന്ന ഈ ഹ്രസ്വകാല ധൂമകേതു വ്യാഴത്തിന്റെ ഭ്രമണപഥത്തിനരികിൽപ്പോലും എത്താത്തതിനാൽ ഈ ധൂമകേതുവിനെ നിരീക്ഷിക്കാൻ ഒരു ദൂരദർശിനി ആവശ്യമായി വന്നേക്കാം. പക്ഷിനിരീക്ഷണ ബൈനോക്കുലറിലൂടെയും നഗ്നനേത്രങ്ങളിലൂടെയും ഇത് ദൃശ്യമാകാൻ സാധ്യതയില്ല. ഈ വർഷം ബഹിരാകാശത്തുനിന്ന് നിരവധി സന്ദർശകർ ആകാശത്തെ അലങ്കരിക്കുവാനായി അതിഥികളായെത്താനുള്ള സാധ്യതകളേറെയാണ്. കണ്ണഞ്ചിപ്പിക്കുന്ന അത്തരം വിസ്മയങ്ങൾക്കായി ഇമചിമ്മാതെ നമുക്ക് കാത്തിരിക്കാം. ●

*(ലേഖകർ : അനുപമ.ബി, PMRF റിസർച്ച് സ്കോളർ സ്കൂൾ ഓഫ് ഫിസിക്സ്, യൂണിവേഴ്സിറ്റി ഓഫ് ഹൈദരാബാദ്, & ഡോ.പി. കെ.സുരേഷ്, പ്രഫസർ സ്കൂൾ ഓഫ് ഫിസിക്സ്, യൂണിവേഴ്സിറ്റി ഓഫ് ഹൈദരാബാദ് )*

കഥ

വി. ജയദേവ്



# ഒരു ഉടലിൽ ഒരു ഹൃദയമേയുള്ളൂ എന്ന അസംബന്ധം



ഒരു മുയലിന്, അതേ വെറുമൊരു മുയലിനു വഴി കാണിച്ചുകൊടുക്കുക.. അതു മാത്രമേ വേണ്ടതായി ഉണ്ടായിരുന്നുള്ളൂ. ഓരോ ദിവസവും ശിക്ഷയായി അങ്ങനെ ഓരോ നിർദേശങ്ങൾ വരുന്നുണ്ടായിരുന്നു. ഓരോ ശിക്ഷയാണ്. അത് അനുഭവിക്കാതെ ഇരിക്കാൻ പറ്റില്ലല്ലോ.

നേരത്തേ പറഞ്ഞിരുന്നതാണ്. അങ്ങനെ ഓരോ ശിക്ഷ ഉണ്ടാകുമെന്ന്. ജീവപര്യന്തം ശിക്ഷയ്ക്കു വിധിക്കുന്നു എന്നൊരു ഒറ്റ വാചകമേ ഉണ്ടായിരുന്നുള്ളൂ. ശിക്ഷ എന്തെന്നു ശിക്ഷകനു തിരഞ്ഞെടുക്കാൻ സാധിക്കുമായിരുന്നു. ശിക്ഷ വിധിക്കപ്പെട്ടവന് ഐച്ഛികമില്ലായിരുന്നു.

ഒരു മുയലിന് അതിനു വേണ്ട ഇടത്തേക്കു വഴി കാണിച്ചുകൊടുക്കണം എന്ന നിർദേശം പ്രത്യേകിച്ച് ഒരു ഭാവഭേദവും ഉണ്ടാക്കിയില്ല. തിളച്ച എണ്ണയ്ക്കു മുകളിലൂടെ കുറെപ്പേരെ നടത്തിച്ചു മറുകര കടത്തുകയെന്നതായിരുന്നു തലേദിവസത്തെ ശിക്ഷ. അങ്ങനെ ഓരോ ദിവസത്തേയും ശിക്ഷ ഒന്നിനൊന്നു വ്യത്യാസപ്പെട്ടിരിക്കുന്നതിലെ കൗതുകമാണ് ജീവപര്യന്തത്തിലെ വിരസത ഏറെക്കുറെ

കുറച്ചുകൊണ്ടിരുന്നത്. അല്ലെങ്കിൽ ജീവപര്യന്തത്തിൽ ഏകാന്തതയെ വല്ലാതെ തെറ്റിദ്ധരിച്ചുപോകുമായിരുന്നു എന്നു വിചാരിപ്പിച്ചുകൊണ്ട്.

മുയലിനു വഴി കാണിച്ചുകൊടുക്കുക വൈകുന്നേരംവരെ എന്നു മാത്രമായിരുന്നു നിർദേശം. ഒരു മുയലിനു മുൻപിൽ വൈകുന്നേരം വരത്തേക്കുമുള്ള വഴികൾ ഉണ്ടായിരിക്കുമോ എന്നു സംശയിപ്പിച്ചുകൊണ്ട്. മുയലിന് അതിന്റെ വീട്ടിലേക്കോ മുള്ളങ്കിപ്പാടത്തേക്കോ എന്നേ വിചാരിച്ചിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ, ശരിക്കും എവിടേക്കാണെന്നു മുയൽ പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് അതിന്റെ മുന്നിൽ എത്രയോ വഴികളുണ്ടായിരിക്കാനുള്ള സാധ്യതയെക്കുറിച്ചു പിന്നീടാണു വിചാരിച്ചുതുടങ്ങുന്നത്.

മുയലിന് അതിന്റെ വീട്ടിലേക്ക് അല്ലെങ്കിൽ മുള്ളങ്കിപ്പാടത്തേക്ക്. സ്കൂളിൽപ്പോയി തിരിച്ചെത്താതെ കാട്ടുമൃഗത്തിന്റെ മടയിൽ പെട്ടുപോയിരിക്കുന്ന കുഞ്ഞിന്റെ അരികിലേക്ക്. അതല്ലെങ്കിൽ, സിംഹത്തെ സ്വന്തം നിഴൽകാട്ടി വീഴ്ത്താനുള്ള കിണറിനടുത്തേക്ക്. അതുമല്ലെങ്കിൽ, പിണങ്ങിപ്പോയ പെൺമുയലിന്റെ ഇപ്പോഴത്തെ കാമുകന്റെ വാടകവീട്ടിലേക്ക്. ഇതൊന്നുമല്ലെങ്കിൽ, മുയൽ ഒളിച്ചുകടക്കാനിരിക്കുന്ന അയൽരാജ്യത്തേക്ക്

വഴികളെപ്പറ്റി വിചാരിച്ചുതുടങ്ങുമ്പോൾ എന്തെല്ലാം വഴികളാണ്. മുയലിന് ഒരിക്കലും ആവശ്യമില്ലാതിരിക്കുന്ന വഴികളെക്കുറിച്ചു വിചാരിക്കാനും സാധ്യതയുണ്ടല്ലോ. വേണ്ടുവോളം സമയവുമുണ്ട്. വൈകുന്നേരംവരെ. ഒരു ദിവസത്തെ ശിക്ഷാ കാലാവധി മുഴുവൻ. ഇനി വരാനിരിക്കുന്ന ശിക്ഷകളെപ്പറ്റി തലേന്നുതന്നെ എന്തിനു വ്യാകുലപ്പെടണം. ഒരിക്കലുമില്ല. അന്നന്നു കിട്ടുന്ന ശിക്ഷയെ എങ്ങനെ ഭംഗിയായി തീർത്തുകൊടുക്കണം



എന്നു മാത്രമേയുള്ളൂ.

എന്തിനും ഏതിനും മുയലിനു വഴി കാണിച്ചുകൊടുത്താൽ മതിയല്ലോ. എന്നാൽ, എവിടേക്കാണു പോകേണ്ടതെന്നു ശരിക്കും മുയൽ ഇതുവരെ പറഞ്ഞിട്ടില്ല. അത് ഓരോ സന്ദർഭം വിചാരിക്കുകയാവും. ആവോളം സമയമെടുക്കട്ടെ. ആവശ്യത്തിനുണ്ടല്ലോ സമയം. ആവശ്യത്തിലധികമുള്ളതും അതുതന്നെ. ഒരു ജീവിതകാലം മുഴുവനുമുണ്ട് സമയം. പിന്നെ ആർക്കെന്തുകാര്യത്തിനു തിടുക്കം.

വൈകുന്നേരമാകുമ്പോഴേക്കും മുയലിന് അതിന്റെ ആവശ്യത്തിനനുസരിച്ചുള്ള ലക്ഷ്യത്തിലെത്താൻ വഴി കാണിച്ചുകൊടുത്താൽ മതിയാവുമല്ലോ. വഴിയാണെങ്കിൽ വളഞ്ഞും പുളഞ്ഞും അടഞ്ഞും തുറന്നും തൂർന്നും നിറഞ്ഞും തെറ്റിപ്പിച്ചും നേരെ നടത്തിയും ലോകംമുഴുവൻ വ്യാപിച്ചുകിടക്കുകയുമാണല്ലോ. എവിടേക്കാണു പോകേണ്ടതെന്നു മുയൽ അപ്പോഴും പറഞ്ഞിട്ടുണ്ടായിരുന്നില്ല. അതിന് എന്തും വിചാരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. സാവകാശമുണ്ട്.

ജീവപര്യന്തക്കാരന് മുന്നിൽ വഴികളേയുള്ളൂ. എന്നാൽ, സ്വാതന്ത്ര്യമില്ല. അയാളുടെ സ്വാതന്ത്ര്യമെന്നതു മുയലിന്റേതു മാത്രമാണ്. അയാൾക്കു പകരമാണു മുയൽ ഓരോ വഴിയിലും വളഞ്ഞും പുളഞ്ഞും അടഞ്ഞും തുറന്നും തെറ്റിയും നേരെയും നടക്കുന്നതെന്നു വിചാരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. മുയലിനു വഴി കാണിച്ചുകാണിച്ചു ശിക്ഷക്കാരൻ സ്വാതന്ത്ര്യത്തിലേക്കു നുഴഞ്ഞുകയറുമെന്ന വേവലാതിയൊന്നും ശിക്ഷ നിർദേശിച്ച ആൾക്കില്ല.

ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവനു മുന്നിൽ എല്ലാം അടഞ്ഞുകിടക്കുന്നു എന്നു ചുവരിൽ എഴുതിവച്ചിരിക്കുന്നത് ദിവസമെത്ര തവണ കാണുന്നതാണ്. വഴി കാണിക്കൂ എന്ന ശിക്ഷയ്ക്കു മുന്നിലേക്കു മുയൽ എത്തപ്പെട്ടിട്ടുണ്ട്. അതിന്റെ നിർദിഷ്ട ലക്ഷ്യസ്ഥാനത്തെക്കുറിച്ച് അത് ആലോചിക്കുകയായിരിക്കണം. അതിന്റെ വെപ്രാളം അതിന്റെ മുഖത്തു കാണുന്നുണ്ട്. ചിത്രങ്ങളിൽ സാധാരണ കാണുന്നതുപോലെ അത്ര നിഷ്കളങ്കമല്ല അതിന്റെ മുഖം എന്നു കണ്ടാലറിയാം.

ഏതു ദുർഘടലക്ഷ്യത്തെക്കുറിച്ചു വിചാരിക്കാനും അതിനു സ്വാതന്ത്ര്യമുണ്ട്. സാവകാശമുണ്ട്. ഒരു മുയലാണെന്നു വിചാരിച്ച് അതെപ്പോഴും മുള്ളങ്കിപ്പാടത്തെക്കുറിച്ചു മാത്രമേ വിചാരിക്കുകയുള്ളൂ എന്നു വിചാരിക്കാൻ പറ്റില്ല. അതിന്റെ വിചാരങ്ങൾക്ക് അനന്തമായ സാധ്യതയാണുള്ളത്. ഒരാളെ ശിക്ഷിക്കാൻ അതിന് ഏതു ലക്ഷ്യത്തെക്കുറിച്ചും വിചാരിക്കാവുന്നതാണ്. അതിനു വഴികളെക്കുറിച്ച് ആശങ്കപ്പെടേണ്ട കാര്യമില്ല. അതു ശിക്ഷിക്കപ്പെട്ടവൻ കണ്ടുപിടിച്ചുകൊള്ളും എന്നിരിക്കെ.

അതിന് ലോകത്തെ സാധ്യമായ ഏതു ലക്ഷ്യവും വിചാരിക്കാവുന്നതാണ്. അസാധ്യമായതും. എവിടേക്കാണ് എന്നു മാത്രമേ അതിനു വിചാരിക്കേണ്ടതുള്ളൂ. വിചാരിപ്പിൻ വഴികൾ തുറന്നുകാട്ടപ്പെടും എന്നൊരു സൗജന്യം അതിനുണ്ട്. അന്നത്തെ ശിക്ഷ തീർച്ചയാക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞതു മുതൽ, ജീവപര്യന്തക്കാരന്റെ മുന്നിൽ അന്നത്തെ ശിക്ഷകനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞതു മുതൽ മുയൽ ഓരോന്നു വിചാരിക്കാൻ ആലോചിക്കുകയായിരുന്നു.

വഴികൾ കണ്ടുപിടിക്കേണ്ടയാളുടെ മുഖത്തേക്ക് മുയൽ ഇടയ്ക്കിടെ നോക്കി. അയാൾ പുതിയ വഴികൾ തുറന്നുകണ്ടെത്താൻ തയാറെടുത്തിരിക്കുകയാണ്. അത് അയാളുടെ ശിക്ഷയുടെ ഭാഗമാണ് എന്നിരിക്കെ. എവിടേക്കു പോകണമെന്ന് അപ്പോഴും മുയൽ കൃത്യമായൊരു തീരുമാനം എടുത്തിരുന്നില്ല. ശരിക്കും പറഞ്ഞാൽ, രാവിലെ സ്കൂളിലേക്കു പോയ കുഞ്ഞ് തിരിച്ചെത്തിയിട്ടില്ല. സ്കൂൾ സമയം അപ്പോൾ തുടങ്ങി ഏതു നിമിഷവും അവസാനിക്കാനേ ഉണ്ടായിരുന്നുള്ളൂ. കാട്ടിലൂടെ ഒറ്റയ്ക്കു തിരിച്ചുവരുന്നതിനിടയിൽ പല ജാതി കാട്ടുമൃഗങ്ങൾ അതിനെ നോട്ടമിറ്റിച്ചു കാത്തിരിക്കുന്നുണ്ട്. കുഞ്ഞ് ഇടയ്ക്കിടെ ഉള്ളിലെ പേടി കരഞ്ഞുകളയാറുണ്ട്. തന്നെ നോട്ടമിട്ട പല കാട്ടുമൃഗങ്ങളുടെയും പേര് കുഞ്ഞു പഠിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. അതിൽ പലതിന്റെയും മട അതിന് അറിയില്ല. കൊമ്പൻ കുറുനരിയുടെ മട മുത്തിമലയിൽ, പാണ്ടൻ ചെന്നായ കൊളുക്കുത്തിമുടിയിൽ അങ്ങനെ ഓരോന്നു പറഞ്ഞുകൊടുത്തിട്ടുണ്ട്.

എന്നാലും പേടിയിൽ കുഞ്ഞ് മടകളുടെ കൃത്യത മറന്നുപോകുന്നുണ്ട്. കുഞ്ഞു വരാൻ വൈകുന്ന ഓരോ നിമിഷവും കൊളുക്കുത്തിമുടിയിലേക്കു മുയലിന്റെ വിചാരം എത്തിപ്പെടുന്നുണ്ട്. ശരിക്കും മുയലിനും അറിയില്ല കൊളുക്കുത്തിമുടി എവിടെയാണെന്ന്. എന്നാൽ, വിചാരങ്ങൾക്കു വഴി വേണ്ടതില്ല. പിണങ്ങിപ്പോയ പെൺമുയലിന്റെ ഇപ്പോഴത്തെ കാമുകന്റെ വാടകവീട്ടിലേക്കും മുയലിന്റെ വിചാരങ്ങൾ കാറ്റിൽ പാറിവീഴുന്നുണ്ട്. കുഞ്ഞിനെയും തന്നെയും തനിച്ചാക്കി പോയതാണെങ്കിലും അവളോട് ഒരു പക മുയലിന്റെ മനസ്സിൽ വേരുപിടിക്കുന്നേയില്ല. അങ്ങനെയെങ്കിൽ മാറ്റിവിചാരിക്കാൻ വേറെ എത്രയോ പെൺമുയലുകളുണ്ട്. കുഞ്ഞിനെയും കൂട്ടിക്കൊണ്ട് അവളുടെ ഇപ്പോഴത്തെ കാമുകന്റെ വാടകവീട്ടിലേക്കു പോകാൻ പലതവണ തുനിഞ്ഞതാണ്.

എന്നാൽ, അങ്ങോട്ടേക്കുള്ള വഴി അറിയില്ലായിരുന്നു. വഴികൾ കാണിച്ചുകൊടുക്കപ്പെടുന്ന ശിക്ഷയിലേക്കു താൻ കയറിയെത്തുമെന്ന് അതൊരിക്കലും വിചാരിച്ചിട്ടില്ല. കൊളുക്കുത്തിമുടിയിൽനിന്നു മുയലിന്റെ വിചാരം ഒരിക്കൽക്കൂടി വാടകവീട്ടിലേക്കു തെന്നി. തന്നോടു പ്രണയാഭ്യർഥന നടത്തിയ ആ സിംഹത്താനോടു പലവട്ടം പറഞ്ഞുകഴിഞ്ഞതാണ്. കാട്ടിൽ ജാതി മറന്നു എണ്ണ തേച്ചുകൂടെന്ന്. ഒരു സിംഹവും ഒരു മുയലും തമ്മിൽ സ്നേഹത്തിനു വിലക്കുണ്ട്. അവർ പരമ്പരാഗത ശത്രുക്കളാണെന്നതോ പോകട്ടെ, എല്ലാ കഥയിലും സിംഹം മുയലിനാൽ തോൽപ്പിക്കപ്പെടുന്ന ഒന്നാണ്. ആ ജാടയും സടയും ഒട്ടൊക്കെയുണ്ടെന്നേയുള്ളൂ, പൊങ്ങനാണ്. അല്പമൊന്നു പൊക്കിയാൽ പൊങ്ങിയങ്ങു പോകും.

എന്നിട്ടും പ്രണയാഭ്യർഥന ആവർത്തിച്ചപ്പോൾ തീർത്തുകളയാൻതന്നെ തീരുമാനിച്ചതാണ്. അതു മറന്നിട്ടില്ല. പറ്റിയ ഒരു കാട്ടുകിണറും കണ്ടുവച്ചിട്ടുണ്ട്. അതിനു പറ്റിയ ഒരു ഉപായവും. മുയലുകൾക്കു പല ഉപായവും തോന്നും. അങ്ങനെയാണു കഥയിൽ. ജീവിതത്തിലും. ആ കിണറിലേക്കുള്ള വഴിയായാലോ അങ്ങോട്ടുള്ള വഴി

തനിക്കുതന്നെ അറിയില്ല, അപ്പോഴാണ്..

മുയൽ സ്വാതന്ത്ര്യത്തോടെ വിചാരിച്ചു. മുയൽ പുതിയൊരു ഉപായം കണ്ടെത്തിയതുപോലെ ജീവപര്യന്തം ശിക്ഷിതനെ ഒളികണ്ണിട്ടുനോക്കി. അയാളും തന്നെ നോക്കിയിരിക്കുകയാണ്. കണ്ണുകൾ തമ്മിൽ ഇടഞ്ഞതിൽ മുയലിന് ഒരു മനഃസ്താപവും തോന്നിയില്ല. അതിന്റെ ആവശ്യവുമില്ല. മുയലിനു വഴി കണ്ടുപിടിച്ചുകൊടുക്കുക എന്ന അന്നത്തെ ശിക്ഷ അനുഭവിക്കേണ്ട ആൾ മാത്രമാണ് അയാൾ. എന്നാൽ, മുയൽ ആ ശിക്ഷ നടപ്പാക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു സാധ്യതയും. ഉപായം കണ്ടെത്തിയതുപോലുള്ള നോട്ടം കണ്ടെങ്കിലും അപ്പോഴും മുയൽ അന്നത്തെ തന്റെ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് ഒരു തീരുമാനത്തിയിട്ടില്ലെന്ന് അയാൾക്കു തോന്നി.

ഒട്ടും തിടുക്കമില്ല. ആവോളം സമയമിരിക്കുന്നു മുന്നിൽ. വൈകുന്നേരത്തിനുള്ളിൽ മുയലിനു വഴി കാണിച്ചുകൊടുക്കാൻ പറ്റിയില്ലെങ്കിൽ, പിറ്റേന്നും ഇതേ ശിക്ഷ ആവർത്തിച്ചേക്കാം. ജീവപര്യന്ത കാലത്തേക്കുള്ള ശിക്ഷകൾ അനന്തമാണെങ്കിലും അതിനുമുണ്ടായിരിക്കുമല്ലോ ഒരു പരിമിതി. അതുകൊണ്ട്, ശിക്ഷാനിർദേശങ്ങൾ ആവർത്തിക്കപ്പെട്ടേക്കാം. അതു വേണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു മുയലിന്റെ വിചാരങ്ങളാണ്. മുയൽ ആ തീരുമാനമെടുക്കുന്നതുവരെ തന്റെ ശിക്ഷ ആരംഭിക്കുന്നില്ലെന്ന് അയാൾക്കറിയാം.

അത്രയും സാവകാശമുണ്ട്. എന്നാൽ, മുയലിങ്ങനെ പുറത്തേക്ക് ഒരു വിചാരവും പ്രകടിപ്പിക്കാതെ വന്നുനിൽക്കുമ്പോൾ തനിക്ക് എന്തും വിചാരിക്കാനുള്ള സാവകാശമുണ്ടെന്ന് അയാൾ വിചാരിച്ചു. മുയലിന്റെ പല സാധ്യതകളെക്കുറിച്ച് അസാധ്യതകളെക്കുറിച്ച്. മുയൽ വിചാരിച്ചാലും വിചാരിക്കാനിടയില്ലാത്ത ലക്ഷ്യങ്ങളെക്കുറിച്ച്. എല്ലാത്തിനും ഒരു പരിധിയും പരിമിതിയുമുണ്ടല്ലോ. ജീവപര്യന്തത്തിനൊഴിച്ച്.

വഴികാണിക്കൂ എന്ന ചിത്രപ്രശ്നശിക്ഷയ്ക്കു വിധിക്കപ്പെട്ട് ചിത്രപ്രശ്നത്തിൽ വഴി കാണിച്ചുകൊടുക്കപ്പെടേണ്ടവനായി ഇരിക്കുക എന്നു വച്ചാൽ അതത്ര ചെറുതായ കാര്യമല്ല. ചിലപ്പോൾ മുള്ളങ്കിപ്പാടത്തേക്ക് ഇറങ്ങിയതായിരിക്കാം മുയൽ. അതിനിടെ തന്റെ സ്വന്തം മാളത്തിലേക്കു പെട്ടെന്നു പോവേണ്ടതുണ്ടെന്ന് അതിനു തോന്നിക്കൂടെന്നുണ്ടോ അല്ലെങ്കിൽ പിണങ്ങിപ്പോയ പെൺമുയൽ ഇപ്പോൾ താമസിക്കുന്ന കാമുകന്റെ വാടകമാളത്തിലേക്ക്..അതിനുമപ്പുറമുള്ള കുളു കുളു മാളിലേക്ക് അവിടെയാണെങ്കിൽ ശീതത്തിൽ വച്ച മുള്ളങ്കികൾ സുലഭമായി കിട്ടുമെന്ന് ജയിലിൽ മാസക്കാണിപ്പിനു വന്നപ്പോൾ ആരോ പറഞ്ഞതാണോ എന്തോ..അങ്ങനെ പറയാനുള്ള സാഹചര്യവും സന്ദർഭവും എന്തായിരുന്നോ എന്തോ

തടവുകാരനെ ആറ്റുനോറ്റു കാണാൻ വരുമ്പോൾ മുള്ളങ്കിയെക്കുറിച്ച് ഏതെങ്കിലും തടവറയിൽ സംസാരമുണ്ടാവുമോ എന്തോ. അല്ലെങ്കിൽത്തന്നെ കാണാൻ വരാൻ തനിക്കു പുറത്ത് ആരാണിരിക്കുന്നത്..പോട്ടെ അയാൾ വീണ്ടും മുയൽപ്രശ്നത്തിലേക്കു വിചാരത്തെ കൊണ്ടുവന്നു. ശരിക്കും അതൊന്നും വിചാരിക്കേണ്ടതായ ആവശ്യമേ ഇല്ല. തനിക്കു വഴി കാണിച്ചുകൊടുക്കേണ്ടതേ ഉള്ളൂ. അതാണു ശിക്ഷ. എന്നാൽ, മുന്നിൽ നില്ക്കുന്ന മുയൽ ഒരു തീരുമാനം എടുക്കുന്നില്ലല്ലോ.

സമയമുണ്ടല്ലോ എന്നായിരിക്കാം. അതു ശരിയുമാണ്. സമയം മാത്രമാണു ആസ്തി. അതിൽ കോടീശ്വരനാണ് അയാൾ. മറ്റൊരു കാര്യത്തിനുവേണ്ടിയും അയാളുടെ സമയം പാഴാവുന്നുപോലുമില്ലല്ലോ. പിണങ്ങിപ്പോയ പെൺമുയൽ ഇപ്പോൾ താമസിക്കുന്ന കാമുകന്റെ വാടകമാളത്തിലേക്കു പോകുന്ന വഴിയായിരിക്കാം സിംഹം എതിരെ വരുന്നത്. അപ്പോഴായിരിക്കാം, അന്നുതന്നെ അതിന്റെ പ്രതിബിംബം കാട്ടുകിണറ്റുവെള്ളത്തിൽ വരച്ചുകളയും എന്നു മുയൽ അതിനെ മൗനത്തോടെ ഭീഷണിപ്പെടുത്തുന്നത്. അങ്ങനെയെങ്കിൽ അന്നുതന്നെ വെള്ളത്തിൽ അതിനെ വരയ്ക്കേണ്ടിയിരിക്കുന്നുണ്ട്.

കിണറ്റുവെള്ളത്തിൽ അന്നു പ്രതിബിംബം പതിയുന്നുണ്ടോ എന്നു മുയൽ കൊലപാതകം നടത്തുന്നതിനു മുമ്പുള്ള ഒരു പരിശോധന പരിശീലനം നടത്തുന്നതിനിടയിലാവാം അതിന്റെ കുഞ്ഞ് സ്കൂൾ വിട്ടു വരുന്നതു വഴി കൊളുക്കുത്തിമുടിക്കു മുന്നിലുള്ള പുൽമേട്ടിലേക്കു ചാടിക്കയറുന്നത്. മുയൽ കൃത്യമായ ഒരു തീരുമാനമെടുക്കാത്തതിനാൽ, മുയലിനു മുന്നിലുള്ള സാധ്യതകളെക്കുറിച്ചു അയാൾ വിചാരിച്ചു.

മുയൽ തിരഞ്ഞെടുക്കാനിടയുള്ള ലക്ഷ്യസ്ഥാനങ്ങൾ അയാൾ തന്റെ മുന്നിലെന്നപോലെ കണ്ടു. മുയലിന്റെ പതുപതുത്ത നടപ്പുകൾ കണ്ടു. അതു തന്നെ സ്വയം ഒളിച്ചുപിടിക്കുന്നതും എതിരില്ലാത്ത വഴിയിലൂടെ മുന്നോട്ടു നടന്നുകയറുന്നതും തെക്കൻ കാറ്റിൽനിന്ന് ഒരു സിംഹച്ചൂര് അത് വലിച്ചെടുക്കുന്നതും കണ്ടു. ദുർഘടമായ വഴികൾക്കപ്പുറത്ത് മുയലിന്റെ ഇണ കാമുകന്റെ വാടകമാളത്തിൽ ശൃംഗാരത്തിന്റെ രോമക്കുപ്പായം മണത്തുതുടങ്ങുന്നത് അയാൾ അറിഞ്ഞു. കാട്ടുകിണറ്റിലെ വെള്ളപ്പരപ്പിൽ എന്തോ വരയ്ക്കപ്പെടാൻ പോകുന്നതിന്റെ ഉൾത്തിടുക്കങ്ങൾ അയാളുടെ കണ്ണുകളിൽ ഇളകി. കൊളുക്കുത്തിമുടിയിലേക്കുള്ള ദുർന്നടപ്പിൽ മുയൽക്കുഞ്ഞ് അപ്പോൾ കണ്ണുതുറന്ന ഇളംപുല്ലുകളെ നക്ഷത്രക്കുഞ്ഞുപല്ലുകളിൽ നീരുറ്റുന്നത് അയാൾ അറിഞ്ഞു. മുയലുമായി ബന്ധപ്പെട്ട കാര്യങ്ങളേ അയാൾ കാണുന്നുണ്ടായിരുന്നുള്ളൂ.

ശിക്ഷയുമായി ബന്ധപ്പെട്ട പതിവുകളേ അയാൾ അറിയുന്നുണ്ടായിരുന്നുള്ളൂ. അതുകൊണ്ട്, പച്ച പുതച്ചുനില്ക്കുന്ന കാട്ടുതടാകത്തിന്റെ വരമ്പിലെ പൊന്തക്കാട്ടിൽ മുളച്ചുനിന്ന രണ്ടു കണ്ണുകളെ അയാൾ വഴി വരയ്ക്കുന്നതിനിടയിൽ എഴുത്താണിയിൽ കോർത്തെടുത്തു. അതു തന്റെ തന്നെ കണ്ണുകളായിരുന്നോ എന്നു സംശയിപ്പിച്ചു. വനഗർഭത്തിലെ നിശ്ശബ്ദതയിൽ കാട്ടുപൊയ്കയിൽ കുളിച്ചുകൊണ്ടുനിന്ന ഒരുവളുടെ നഗ്നതയിലേക്കാണ് ആ കണ്ണുകൾ മിഴിച്ചിരുന്നത്. അയാൾ ആ നഗ്നത ആവോളം കണ്ടു. മറ്റു വഴിയില്ല, വഴി കാണിച്ചുകൊടുക്കുന്നവനു വഴിയിൽ കാണുന്നതെന്തും കണ്ടേതീരൂ എന്ന ശിക്ഷയുമുണ്ട്.

കാട്ടുപൊന്തപ്പുല്ലിന്റെ മെലിഞ്ഞ ഇലകളിൽ അവിടവിടെയായി കണ്ണുകൾ മുളച്ചുനിന്നിരുന്നു. അതെല്ലാം തന്റേതു തന്നെ. അയാൾ അറിഞ്ഞു. വഴി കണ്ടുപിടി


ച്ചുകൊടുക്കുന്നവന്റെ കണ്ണുകൾക്ക് കൃത്യമായ ഒരു എണ്ണമില്ല. അത് എത്രവരെയും ആവാം. മുള്ളങ്കിക്കാട്, മുയലിന്റെ സ്വന്തം മാളം, സിംഹം പിന്നീടെപ്പോഴോ ജലസമാധി വരുത്തേണ്ടുന്ന കിണർ, മുയൽക്കുഞ്ഞ്, അതിന്റെ സ്കൂൾ, അതിന്റെ പരമ്പരാഗതമായ ശത്രുക്കൾ, അവയുടെ മടകൾ, മുയൽക്കുഞ്ഞിനെ വഴിതെറ്റിക്കുന്ന പുൽമേട്, പെൺമുയൽ ഇപ്പോൾ താമസിക്കുന്ന കാമുകന്റെ വാടകമാളം. പിന്നെ, ചിത്രപ്രശ്നശിക്ഷയുടെ എല്ലാ സ്വാഭാവികതകളെയും തകർത്തുകൊണ്ട് ഒരു പെണ്ണിന്റെ കുളിക്കുന്ന നഗ്നത.

പൊന്തക്കാട്ടിലെ പല കൺനോട്ടങ്ങളിൽ കോർത്തെടുക്കപ്പെട്ട നഗ്നത.. അടുത്ത ഒന്നിലേക്കു കൂടി അതു പരിണമിക്കുന്നത് അയാൾ നോട്ടമെറിഞ്ഞു. പൊന്തക്കാട്ടുവരമ്പിന്റെ പല കള്ളനോട്ടങ്ങളിൽ ഭയചകിതയായി എങ്ങോട്ടെന്നില്ലാതെ അവൾ ഓടിത്തുടങ്ങിയിരുന്നു അപ്പോഴേക്കും.

ഒരു വഴി കണ്ടുപിടിത്തക്കാരന്റെ ഉത്തരവാദിത്തങ്ങളെ സങ്കീർണമാക്കിക്കൊണ്ടായിരുന്നു അത്. കാരണം, വനവിജനതയിൽ ഒറ്റയ്ക്കു കുളിച്ചുകൊണ്ടിരിക്കുന്ന ഒരുവൾക്ക് അവളുടേതായ എസ്കേപ് റൂട്ടുകൾ ഉണ്ടായിരിക്കുന്നതു സ്വാഭാവികം. അതുകൂടി അറിഞ്ഞേ വഴികണ്ടുപിടിത്തക്കാരനു മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. വെറുമൊരു ചിത്രപ്രശ്നം മാത്രമായിരുന്ന ഒന്നിനെ എത്ര കാൽപ്പനികമായാണ് അവൾ ലോകകാര്യത്തിലേക്കു മൊഴിമാറ്റിയത് എന്നു സംശയിപ്പിച്ചുകൊണ്ട്.

ഇങ്ങനെ വഴികൾ കൂടുന്നല്ലോ. വഴികൾ നീളുന്നല്ലോ. വഴികൾ അടഞ്ഞും തുറന്നും മുട്ടിയും ഉടഞ്ഞും വളഞ്ഞും പുളഞ്ഞും അറിഞ്ഞതും അറിയാത്തതും തൂർന്നും നിറഞ്ഞും വഴിവിട്ടുപോകുകയാണല്ലോ. വഴികൾ വഴികൾ മാത്രമല്ലാതായിപ്പോകുന്നുമുണ്ടല്ലോ. അവൾക്കു കാട്ടുപൊയ്കയിൽത്തന്നെ കുളിക്കണമായിരുന്നില്ല. അവൾക്ക് കുളിക്കണമെന്നുതന്നെയുണ്ടായിരുന്നില്ല. അപ്പോൾ പൂത്തിറങ്ങിയ കാടിന്റെ വായനാറ്റത്തിന്റെ മണമായിരുന്നു അവൾക്ക്. അവളുടെ ഉടലിൽ ഒരു അഴുക്കുപോലും ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല, പച്ചിലച്ചാറുകൾ പൂശിയതായിരുന്നു താനും.

അവളുടെ മാറിൽ തേനീച്ചക്കൂട്ടങ്ങൾ രണ്ടു ചെറിയ കൂടുവച്ചിരുന്നു. അവളുടെ മടമ്പിൽ കലമാൻ കൂട്ടങ്ങളുടെ വേഗം നിറച്ചിരുന്നു. അവളുടെ കണ്ണുകളിൽ കാട്ടുതീ കൊണ്ട ചോപ്പന്തി എഴുതിയിരുന്നു. പല മേട്ടിൽനിന്നു കടന്നലുകൾ പൊന്തക്കാട്ടിറമ്പിൽ കണ്ണുകളായി പാറണമായിരുന്നില്ല. വെയിൽ ചേക്കേറുമ്പോൾ കാട്ടുപൊയ്കയിൽ വെള്ളം



കുടിക്കാനെത്തുന്ന കാട്ടാനക്കൂട്ടം തന്നെ വന്നുകൂടെന്നില്ല. അതുകണ്ട് അവൾ പേടിച്ചുകൂടായ്കയില്ല. വെറുമൊരു മൃഗപ്പേടിയോട്ടത്തിൽനിന്ന് എത്ര കാൽപ്പനികമായാണ് അവൾ തന്റെ നഗ്നതയെ ചുരുട്ടിക്കൂട്ടി കാട്ടുവഴികൾ തിരഞ്ഞെടുത്തത് എന്ന് അയാൾ വിചാരിച്ചു.

വെറുമൊരു മൃഗപ്പേടിയിൽനിന്ന് എത്ര എളുപ്പത്തിലാണ് അവൾ അവളെ ഉയർത്തിയത് എന്നും. വെറുമൊരു ലോകമായി പോകാവുന്ന ലോകത്തെ അവളെത്ര പ്രണയോദാരമായാണ് അവൾ വഴികൾ നിറഞ്ഞ, പേടി കിനിഞ്ഞ, നഗ്നത വഴിഞ്ഞ, ഏകതാനമല്ലാത്ത, വൃത്താലങ്കാരങ്ങൾ ഊരിയെറിഞ്ഞ ഒരു ലോകമാക്കി മാറ്റിയത്. ആദിമധ്യാന്തപ്പൊരുത്തമില്ലാത്ത പണിക്കുറ്റമില്ലെന്നു പരാതിയില്ലാത്ത ഒരു ലോകം. എത്ര തന്മ



യത്വത്തോടെയാണു വഴി കാണിക്കാനിരിക്കുന്നവന്റെ ഏകാന്തതയുടെ ചില്ലുകൊട്ടാരമുടച്ചുകളഞ്ഞത്. അവനു ലോകത്തേക്കു വഴി കാട്ടിയത്. എങ്ങോട്ടാണു പോകേണ്ടതെന്നു മുയൽ കൃത്യമായി അപ്പോഴും പറഞ്ഞിട്ടില്ല.

അതിപ്പോഴും പലതും വിചാരിക്കുന്നു. സമയമുണ്ടല്ലോ എന്നും. മുയലിന്റെ സ്വാഭാവികലോകത്തു പതിവുകൾ തന്നെ സംഭവിക്കുന്നുണ്ടായിരിക്കണം. അതിലെ ഏറ്റവും തീക്ഷ്ണമായ ഒന്നിലേക്കു വിചാരിക്കുകയായിരിക്കും അത്. മുള്ളങ്കിപ്പാടം തുടങ്ങിയ സ്വാഭാവികതകളിലേക്കു പുതിയ വഴികൾ മുളപ്പിച്ചെടുക്കുകയായിരിക്കുമോ എന്ന് അയാൾ സംശയിച്ചു.

പുതിയവഴികൾ കുഴിച്ചിട്ട പാടത്തിനു കരയിലേക്ക്. പുതിയവഴികൾ പാറുന്ന കാറ്റിന്റെ അനക്കങ്ങളിലേക്ക്. പുൽമേടു മറച്ചുപിടിച്ചിരിക്കുന്ന മുടിയുടെ തിടുക്കങ്ങളിലേക്ക്. എന്നാൽ, വഴികളെന്തിന്..? അതിനല്ലേ അയാൾ നിയുക്തനാക്കപ്പെട്ടിരിക്കുന്നത്. ശിക്ഷിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അവൾ തനിക്ക് അധികബാധ്യത ഉണ്ടാക്കിക്കൊണ്ടു സ്വയം വഴികൾ തിരഞ്ഞെടുക്കുകയാണെന്ന് അയാൾക്കു തോന്നി.


മൃഗക്കഴപ്പാൽ കോർത്തെടുത്ത നോട്ടങ്ങളിൽ നിന്ന് ഓടിയൊളിച്ച് അവൾ പുൽക്കാട്ടിലൂടെ, കാടു മണക്കുന്ന കാട്ടിലൂടെ, അവളെ മണക്കുന്ന അവളിലൂടെ ഓടിയൊളിച്ചുകൊണ്ടിരിക്കുന്നത് അയാൾ കണ്ടു. പെട്ടെന്ന് അവൾ ഇലപ്പച്ചയ്ക്കിടയിൽ കാണാതാവുന്നു. കാറ്റിന്റെ തിടുക്കങ്ങൾക്കിടയിൽ കാണാതെയാവുന്നു. അടിക്കാട്ടിൽ സ്വയം മറന്നുപോവുന്നു. കാട്ടുമണങ്ങളുടെ വളവുതിരിവുകളിൽ ഒളിച്ചിരുത്തുന്നു. വീണ്ടും എവിടെ നിന്നും എവിടേക്കും കാലുകളിൽ മാൻകുതിപ്പു നിറയ്ക്കുന്നു.

മുയലിനെ വിട്ട് അവൾക്കു വഴി കാണിച്ചുകൊടുക്കാൻ അയാളുടെ മനസ്സ് തുളുമ്പി. എന്നാൽ, എങ്ങോട്ടാണു പോവേണ്ടതെന്ന് അവളും പറഞ്ഞിട്ടില്ല. പറയുന്ന മട്ടില്ല. അവൾക്ക് അവളുടേതായ വഴികളുണ്ടെന്നതാണ് അയാളെ കൂടുതൽ ശിക്ഷിക്കുന്നത്. കൂർപ്പിച്ച നോട്ടത്തിൽനിന്നൊരു രക്ഷ മാത്രമായിരുന്നു അവൾക്ക് ആവശ്യമായിരുന്നതെങ്കിൽ അവൾ കാട്ടിനുള്ളിലോ പുറത്തോ ഉണ്ടായേക്കാവുന്ന അവളുടെ വീട്ടിലേക്കു പോകാതെ പുൽമേട്ടിലേക്കു തിരിഞ്ഞതെന്തിന്? അയാൾ വഴി കാണിക്കാനുണ്ട് എന്ന് അവൾ അറിയില്ലെങ്കിലും ഒരിക്കൽപ്പോലും അവൾ അയാളിലേക്കു തിരിഞ്ഞുനോക്കിയിരുന്നില്ല.

അയാൾ അവൾക്കുവേണ്ട വഴി തിരഞ്ഞു. അതു വളഞ്ഞും പുളഞ്ഞും തൂർന്നും നിറഞ്ഞും നിന്നു. എന്നാൽ, അവൾ അതൊന്നും തിരഞ്ഞെടുക്കുന്നുണ്ടായിരുന്നില്ല. പകരം അവൾ ഇടയ്ക്കിടെ കിതച്ചു. അപ്പോഴും അവളെ പിന്തുടർന്ന കടന്നൽക്കണ്ണുകളെ ആട്ടിയോടിച്ചു. പുൽമേട്ടിൽനിന്ന് ഓടിക്കയറുമ്പോൾ അവളുടെ കൈയിൽ പുൽമേട്ടിൽ വഴിതെറ്റിയ മുയൽക്കുഞ്ഞു പങ്കപ്പാടോടെ ആണെങ്കിലും ഒളിച്ചിരിക്കുന്നത് അയാൾ കണ്ടു. ഒരു വഴികാണിച്ചുകൊടുക്കൽകാരനു കാണിച്ചുകൊടുക്കാവുന്ന വഴിയുടെ ഏറ്റവും അങ്ങേയറ്റമാണത്. എന്നാൽ വഴി അവിടെ തീരുകയുമാണ്. അതു തന്റെ ജീവപര്യന്തം ശിക്ഷയിൽനിന്നു പുറത്തേക്കുള്ളതാണെന്ന് ഒരു നിമിഷം അയാൾ തിരിച്ചറിഞ്ഞു.

എന്നാൽ, അടുത്ത വളവിൽ അത് അടഞ്ഞു. ഒന്നിനെ മറ്റൊന്നായി ഇതിൽപ്പരം എങ്ങനെ തുറന്നു കാണിക്കാനാണെന്ന് അയാൾ സംശയിച്ചു. അപ്പോൾ അവളുടെ നഗ്നത നിറഞ്ഞു മുഴുവൻ മുയൽക്കുഞ്ഞുങ്ങളാണെന്ന് അയാൾ കണ്ടു. അപ്പോഴും ചിത്രപ്രശ്നശിക്ഷയിലെ മുയൽ കൃത്യമായി ഒരു തീരുമാനം എടുത്തിരുന്നില്ല. അതെന്തെങ്കിലും വിചാരിക്കുന്നുണ്ടെന്നു കരുതാൻ പോലും അതിന്റെ മുഖത്ത് ഒരു ഭാവവ്യത്യാസം ഉണ്ടായിരുന്നില്ല. മുയൽ അയാളെ തുറിച്ചുനോക്കുക മാത്രം ചെയ്തു. ●

ലേഖനം /കെ.അരവിന്ദാക്ഷൻ



# രാഹുൽ ഗാന്ധിയിലെ ധാർമിക ഭാവം; നമ്മിലെയും

ഇന്ത്യൻ പാർലമെന്റിൽ ജനാധിപത്യം, നീതി, സമത്വം, സാഹോദര്യം തുടങ്ങിയവയെപ്പറ്റി പ്രഗല്ഭർ കാലാകാലങ്ങളിൽ പറയുന്നത് നാം കേട്ടിട്ടുണ്ട്. എന്നാൽ, കുറച്ചു വർഷങ്ങളായി പാർലമെന്റിൽ ഏക ഭാഷണമാണ് മുഴങ്ങുന്നത്. അവ ഹിംസയുടെയും ഭയപ്പെടുത്തലിന്റെയും അസത്യത്തിന്റെയും അധർമത്തിന്റെയും ആക്രോശങ്ങളാണ്.



**1924**

ഏപ്രിൽ 24 ന് "യങ്ങ്" ഇന്ത്യയിൽ ഗാന്ധി എഴുതി: "ഹിന്ദുയിസത്തിന് ഓദ്യോഗിക പ്രമാണം (Official Creed) ഇല്ലയെന്നത് അതിന്റെ ഭാഗ്യമോ നിർഭാഗ്യമോ ആകാം. അതിനാൽ എനിക്ക് നേരെയുണ്ടാകാവുന്ന തെറ്റുദ്ധാരണയിൽനിന്ന് എന്നെ സംരക്ഷിക്കുവാൻ, ഞാൻ പറയുന്നു അതിന്റെ പ്രമാണം (Creed) സത്യവും അഹിംസയുമാണ്. എന്നോട് ഹിന്ദുപ്രമാണം എന്തെന്ന് നിർവചിക്കുവാൻ ആവശ്യപ്പെടുകയാണെങ്കിൽ, ഞാനിങ്ങനെ ലളിതമായി പറയും: അഹിംസാമാർഗങ്ങളിലൂടെ (Non-Violent Means) സത്യമന്വേഷിക്കൂ. ഒരാൾ ദൈവത്തിൽ വിശ്വസിക്കണമെന്നു തന്നെയില്ല; എന്നാലും അയാൾക്ക് അയാളെ ഹിന്ദുവെന്ന് വിളിക്കാം. ഹിന്ദുയിസം സത്യത്തിനായുള്ള നിരന്തരമായ അന്വേഷണമാണ്... ഹിന്ദുയിസം മതങ്ങളിൽവച്ച് ഏറ്റവും സഹിഷ്ണുതയുള്ളതാണ്. അതെല്ലാറ്റിനെയും സമാലിംഗനം ചെയ്യുന്നു..."


ദക്ഷിണാഫ്രിക്കയിൽ ഫീനിക്സ് ആശ്രമത്തിൽ എല്ലാ ദിവസവും പ്രാർഥന ആരംഭിക്കുന്നത് നരസിംഹ മേഹ്ത്ത (1414-1480) എന്ന ഗുജറാത്തി ഭക്തകവിയുടെ "വൈഷ്ണവജനതോ" എന്ന കീർത്തനത്തിലൂടെയാണ്. ദക്ഷിണാഫ്രിക്കൻ സത്യഗ്രഹസമരത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ ഭിന്ന ജാതി-മതവിഭാഗങ്ങളിൽനിന്നുള്ളവരുടെ കമ്മ്യൂണായിരുന്നു ഫീനിക്സ് ആശ്രമം. ഗാന്ധിയൻ ജീവിതത്തിന്റെ ആദ്യത്തെ പരീക്ഷണശാല. ഒരിക്കൽ സത്യഗ്രഹിയും സത്യക്രിസ്ത്യാനിയുമായ ജോസഫ് രായപ്പൻ "വൈഷ്ണവ ജനതോ" എന്നതിനുപകരം "ക്രിസ്ത്യൻ ജനതോ" എന്നാക്കി പാടി, തുടർന്ന് ഒരു മുസ്ലീം സഹോദരൻ "മുസ്ലീം ജനതോ" എന്നാക്കിയും. ഇത് ഗാന്ധിയിൽ അനല്പമായ ആനന്ദമുണ്ടാക്കി. (Narasinha Mehta of Gujarat : Neelima Shukla-Bhatt, 2015)

ജൂലായ് ഒന്നിന് ആരംഭിച്ച പാർലമെന്റ് സമ്മേളനത്തിൽ രാഹുൽ ഗാന്ധിയുടെ പ്രസംഗഭാഗങ്ങളിലൊന്ന്, സത്യം,

അഹിംസ, നിർഭയത്വം എന്നിവ ഉയർത്തിപ്പിടിച്ചായിരുന്നു. “ഞങ്ങൾ അധികാരത്തെക്കാൾ സത്യത്തെ വിലമതിക്കുന്നു. അക്രമത്തിന്റെയല്ല അഹിംസയുടെ ചിഹ്നത്തിലാണ് ഞങ്ങൾ പോരാടിയത്. സത്യത്തിന്റെയും അഹിംസയുടെയും അടിത്തറയിൽനിന്നുയരുന്ന ശക്തിയിലാണ് ഞങ്ങളുടെ ഊർജം”. ഇതായിരുന്നു മഹാത്മജിയിലും. ഭയപ്പെടാതിരുന്നാലും ആരെയും അക്രമിക്കാതിരുന്നാലും പോരാ, മറ്റുള്ളവരെ ഭയപ്പെടുകയുമരുത്, ഭയപ്പെടാതിരിക്കാൻ, അക്രമികളാവാതിരിക്കാൻ അവരെ സഹായിക്കണം. മഹാത്മജിയും ഇതുതന്നെ പറഞ്ഞു. ഗാന്ധി മരിച്ചിട്ടില്ല. ധൈര്യത്തെക്കുറിച്ച് എല്ലാ മതവും പറയുന്നു. മുഹമ്മദ് നബി പറഞ്ഞത് നിർഭയരായി പ്രാർഥിക്കാനാണ്, ഭയക്കരുതെന്നും ആരെയും ഭയപ്പെടുത്തരുതെന്നും ഗുരുനാനാക്ക്. ഒരു ചെകിട്ടത്തടിച്ചാൽ മറു ചെകിടുകൂടി കാണിച്ചു കൊടുക്കണമെന്ന് യേശുക്രിസ്തു. ബുദ്ധനിലും മഹാവീരനിലും ഈ മുദ്രയുണ്ട്. ഭയക്കരുത്, ഭയപ്പെടുത്തരുത്, അക്രമമരുത്, ഇന്ത്യയുടെ അടിസ്ഥാന ആശയങ്ങളാണ് ഇവ മൂന്നും. ഇത് അഹിംസയുടെ ഭൂമിയാണ്.

ഹിന്ദുവെന്ന് സ്വയം വിശേഷിപ്പിക്കുന്ന ബി.ജെ.പി.ക്കാർ നിരന്തരം അക്രമത്തിന് ആഹ്വാനം ചെയ്യുന്നു; നിങ്ങൾ ഹിന്ദുക്കളല്ല. സത്യത്തിനൊപ്പം നിൽക്കണമെന്നും ഹിന്ദുധർമത്തിൽ പറഞ്ഞിട്ടുണ്ട്. അഹിംസയാണ് പ്രതീകം. ഹിന്ദു എന്നാൽ അത് നരേന്ദ്രമോദിയല്ല; ബി.ജെ.പി.യും ആർ.എസ്സ്.എസ്സുമല്ല. ഹിന്ദുവെന്നതു ബി.ജെ.പി.യുടെ കുത്തകയുമല്ല. ഭയമോ അക്രമമോ വിദ്വേഷമോ പ്രചരിപ്പിക്കാൻ (യഥാർഥ) ഹിന്ദുക്കൾക്കാവില്ല.

ശ്രീരാമജന്മസ്ഥലമായ അയോധ്യ, ബി.ജെ.പി.ക്ക് ശക്തമായ സന്ദേശം നല്കി. അയോധ്യയിൽ മോദി ഭയം പരത്തി. രാമക്ഷേത്ര ഉദ്ഘാടനത്തിന് അദാനിയെയും അംബാനിയെയും ക്ഷണിച്ചു. അയോധ്യയിലുള്ളവർക്ക് ഇടം ലഭിച്ചില്ല. 1929 സെപ്റ്റംബർ പത്തിലെ ‘യങ് ഇന്ത്യ’യിൽ ഗാന്ധി പറയുന്നു: “രാമരാജ്യംകൊണ്ട് ഞാനർഥമാക്കുന്നത് ഒരു ഹിന്ദുരാജ്യമല്ല. അത് ദിവ്യമായ ഭരണമാണ്. ദൈവത്തിന്റെ രാജ്യം. എനിക്ക് രാമനും റഹീമും ഒരേ ദിവ്യത്വത്തിന്റെ ഭാഗമാണ്. സത്യവും ധർമവുമല്ലാതെ മറ്റൊരു ദൈവത്തെയും ഞാൻ തിരിച്ചറിയുന്നില്ല.”




ഹിന്ദുയിസത്തിന് ഗാന്ധി കൊടുക്കുന്ന അർഥവും; ‘വൈഷ്ണവ ജനതോ’ എന്നതിന് ക്രിസ്ത്യാനിയായ ജോസഫ് രായപ്പനും, മുസ്ലീം സത്യഗ്രഹിയും നല്കിയ നവീനവായനയും രാമരാജ്യത്തെപ്പറ്റിയുള്ള ഗാന്ധിയുടെ വ്യാഖ്യാനവും, രാഹുൽ ഗാന്ധിയുടെ പാർലമെന്ററി പ്രസംഗവുമായി ചേർത്തു വായിച്ചാൽ, ധാർമികമെന്നോ ദാർശനികമെന്നോ വിളിക്കാവുന്ന ഒരു മാറ്റം (PARADIGM SHIFT) നമുക്ക് കേൾക്കാനാവും. ഇങ്ങനെയൊരു മാറ്റം ഇന്ത്യൻ പാർലമെന്റിൽ കേൾക്കുന്നത് ആദ്യമായിട്ടാണ്. തീർച്ചയായും ഇന്ത്യൻ പാർലമെന്റിൽ ജനാധിപത്യം, നീതി, സമത്വം, സാഹോദര്യം തുടങ്ങിയവയെപ്പറ്റി പ്രഗല്ഭർ കാലാകാലങ്ങളിൽ പറയുന്നത് നാം



↘ **രാഹുൽഗാന്ധി**

കേട്ടിട്ടുണ്ട്. എന്നാൽ, കുറച്ചു വർഷങ്ങളായി പാർലമെന്റിൽ ഏക ഭാഷണമാണ് മുഴങ്ങുന്നത്. അവ ഹിംസയുടെയും ഭയപ്പെടുത്തലിന്റെയും അസത്യത്തിന്റെയും അധർമത്തിന്റെയും ആക്രോശങ്ങളാണ്.

മറ്റു വിഷയങ്ങളെക്കുറിച്ച് രാഹുൽഗാന്ധി സഭയിൽ പറഞ്ഞത് ഞാനാവർത്തിക്കാത്തത് അവ പരിഹരിക്കപ്പെടേണ്ട ഗുരുതരമായ വിഷയങ്ങളല്ലാത്തതുകൊണ്ടല്ല. സത്യവും അഹിംസയും നിർഭയത്വവും ജനവിഭാഗങ്ങൾക്കിടയിൽ പരസ്പര മൈത്രിയും സാധ്യമാക്കുന്ന ഒരു ഭരണസംവിധാനം ഉണ്ടെങ്കിൽ അവ പരിഹരിക്കപ്പെടും.

പാർലമെന്റിനകത്തും പുറത്തുമുള്ള രാഹുൽഗാന്ധിയുടെ ധാർമികഭാവം, അദ്ദേഹത്തിന് എത്രത്തോളം സമൂഹത്തിൽ സാർഥകമാക്കാൻ കഴിയും? അദ്ദേഹം അംഗമായിട്ടുള്ള കോൺഗ്രസ്സ് പാർട്ടിയെ ജീർണതയിൽനിന്ന് മോചിപ്പിച്ച് തന്റെ സന്ദേശത്തിന്റെ ജനാധിപത്യമാധ്യമമാക്കാൻ ആവുമോ? അതുപോലെത്തന്നെ താൻ സ്വയം തീർത്ത തടവറയിലെ ഇരുട്ടിൽ അന്ധനായിപ്പോയ താൻ ദൈവാവതാരമാണെന്ന അപകടകരമായ സൈക്കിലെത്തിയ ഒരു വ്യക്തിയുടെ സ്വയം അടച്ച ഹൃദയവാതിൽ തുറക്കാൻ ധാർമികതയ്ക്ക് കഴിയുമോ? ചുരുക്കത്തിൽ അധമമായ ഇന്ത്യൻ രാഷ്ട്രീയത്തെ ധാർമികവത്കരിക്കാൻ (Spiritualise) രാഹുൽഗാന്ധിക്ക്, മഹാത്മാവിനെപ്പോലെ ആന്തരികോർജമുണ്ടോ? സത്യസന്ധമായി പറഞ്ഞാൽ ഭയത്തിന്റെയും ഹിംസയുടെയും അസത്യത്തിന്റെയും തടവറയിൽ വീഴാത്ത നിങ്ങളും ഞാനുമടങ്ങുന്ന സാധാരണക്കാർക്ക്? ●

കവിത



ജോയ് വാഴയിൽ

# സത്യമേവ ജയതേ

സത്യം മരുഭൂമിയിൽ അലയുന്നവന്റെ
വാക്കുകളിലാണ്.
നഗരഗോപുരങ്ങളിൽനിന്ന്
അത് എന്നേ പുറത്താക്കപ്പെട്ടതാണ്.
അവസാനം അതു മരുഭൂമിയിലെത്തി.
അവിടെ ആത്മസുഹൃത്തിനെ കണ്ടു.
മരുഭൂമിയുടെ കൊടുംചൂട്
മനസ്സിൽ ഏറ്റുവാങ്ങി.
അവിടെ തളിർത്ത വൃക്ഷമായി.
അവിടെ വീശിയടിച്ച മണൽക്കാറ്റായി.
പെയ്യുവാൻ വല്ലപ്പോഴുമെത്തിയ
മേഘങ്ങളുമായി.

മരുഭൂമിയിൽ അലയുന്നവൻ
വിളിച്ചുപറഞ്ഞ സത്യങ്ങളിൽ
മൃഗതൃഷ്ണയും ഉണ്ടായിരുന്നു.
അടുത്തുചെന്നാൽ മാത്രം,
അടുത്തുചെല്ലുന്നവനു മാത്രം
അനുഭവിക്കാൻ കഴിയുന്ന സത്യം.
അവൻ വിളിച്ചുപറഞ്ഞിട്ടും
പക്ഷികൾ ആവർത്തിച്ചിട്ടും കൂട്ടാക്കാതെ
അതിലേക്കു ആകർഷിക്കപ്പെട്ടവർ അനേകം.
സ്ഥലകാലങ്ങളുടെ അതിരുകളിൽ അ/സത്യം,
അയഥാർഥമായ അനുരാഗംപോലെ,
ഭ്രമാത്മകവും വ്യാമോഹിപ്പിക്കുന്നതുമാണല്ലോ.
സത്യഗ്രഹികൾ മാത്രമാണ്
അവിടെ മരണത്തെ അതിജീവിക്കുന്നത്.

മരുഭൂമിയിൽ അലയുന്നവൻ
എളിമയുടെ കുപ്പായം ധരിച്ചിരുന്നു.
അവൻ ലളിതമായി മാത്രം സംസാരിച്ചു.
എങ്കിലും അവന്റെ വാക്കുകൾ
ആകാശഗോപുരങ്ങളെ വിറപ്പിച്ചു.
കടലിനൊപ്പം പെരുമ്പറ മുഴക്കി.
കടലിനെപ്പോലെ
അകലത്തിൽ ആകർഷിക്കുകയും
അടുക്കുമ്പോൾ
ഭയപ്പെടുത്തുകയും ചെയ്തു.
അവന്റെ വാക്കുകൾ
സ്വർഗത്തിൽ കേട്ടതുകൊണ്ടാണ്
ദൈവം അവനെ കാണുവാൻ
മരുഭൂമിയിലെത്തിയത്.

ശത്രുവിന്റെ മിത്രം ശത്രു.
മരുഭൂമിയിൽ അലയുന്നവൻ
വിചാരണകൂടാതെ
നഗരത്തിൽ തടവിലാക്കപ്പെട്ടതും
വധിക്കപ്പെട്ടതും അങ്ങനെയാണ്.
സുഹൃത്തിന്റെ വധത്തിനുശേഷമാണ്
സത്യം മരുഭൂമിവെടിഞ്ഞ്
മനസ്സുകളിലേക്ക് ചേക്കേറിയത്.
അതിനെ ഭയപ്പെട്ടവരാണ്
ഭൂമിയിൽ സത്യതേര/സത്യാനന്തരകാലം
സൃഷ്ടിക്കുവാൻ വിചാരണകൂടാതെ
സത്യത്തെ തടവിലാക്കിയതും
സത്യം അസത്താണെന്ന് ഓരിയിട്ടതും.
എന്നാൽ മനസ്സുകളിൽ ഇന്നും
മുഴങ്ങുന്നത് സത്യത്തിന്റെ
നേർത്ത ശബ്ദമാണ്.
അതിന്റെ പ്രത്യാശയും പ്രതീക്ഷയുമാണ്.
സത്യമേവ ജയതേ.●




വായന

വൈക്കം മുരളി



ഗ്രീക്ക് മഹാകവി യാനിസ് റിറ്റ്സോസിന്റെ 'Diaries of Exile' എന്ന പുസ്തകത്തിന്റെ വായന. കാവ്യാത്മകമായ ഈ കുറിപ്പുകളിലൂടെ കടന്നുപോകുമ്പോൾ ആസ്വാദകർക്കുണ്ടാകുന്ന അനുഭവങ്ങൾക്ക് ഒരു പ്രത്യേകതയും സൗന്ദര്യബോധവും ദർശനവുമുണ്ടാകും.

# കാവ്യാത്മകത തുടിക്കുന്ന ഡയറിക്കുറിപ്പുകൾ




ഇരുപതാം നൂറ്റാണ്ടിലെ ഗ്രീക്ക് കവിതാരംഗത്തെ ഏറ്റവും ശ്രദ്ധേയനായ കവികളിലൊരാളായിരുന്നു യാനിസ് റിറ്റ്സോസ് (Yanis Ritsos). ഗ്രീക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു സജീവ അംഗവും രണ്ടാം ലോകമഹായുദ്ധകാലത്തെ ഗ്രീക്ക് പ്രതിരോധനിരയിലെ സജീവസാന്നിധ്യവുമായിരുന്നു, അദ്ദേഹം. ഒരു രാഷ്ട്രീയകവി എന്ന നിലയിൽ അറിയപ്പെടുവാൻ ഒരിക്കലും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. 1909-ൽ ഗ്രീസിലെ മോനെംവാസീയായിൽ മെയ് മാസം ഒന്നാം തീയതി ജനിച്ച അദ്ദേഹം 1990-ൽ ഗ്രീസിലെ ഏഥൻസിൽ നവംബർ പതിനൊന്നാം തീയതി അന്തരിക്കുമ്പോൾ ലോകസാഹിത്യരംഗത്ത് പരിഭാഷയിലൂടെ ഏറെ അറിയപ്പെടുകയും ചെയ്തു. രണ്ടുതവണ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അദ്ദേഹം നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. 1975-ലെ ലെനിൻ സമാധാന പുരസ്കാരത്തിന് അദ്ദേഹം അർഹനായി. റിറ്റ്സോസ് 1930-തലമുറക്കവികളിലെ മികച്ച സാന്നിധ്യമായിട്ടാണ് അംഗീകരിക്കപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച രചനകളായറിയപ്പെട്ടിരുന്നത് എപ്പിറ്റഫിയോസ് (Epitaphios) റോമിയോസിനി (Romiosini) മൂൺലൈറ്റ് സൊനാറ്റാ (Moon Light Sonata) എന്നിവയായിരുന്നു. തന്റെ ജീവിതകാലത്ത് നൂറിലധികം കവിതാസമാഹാരങ്ങളും നാല് തിയാറ്ററിക്കൽ നാടകങ്ങളും നിരവധി മികച്ച പരിഭാഷകളും അദ്ദേഹത്തിന്റേതായി പുറത്തുവന്നിട്ടുണ്ട്. ക്ഷയരോഗംബാധിച്ച് 1927-ൽ മൂന്നുവർഷക്കാലം സോട്ടിറിയസാനിറ്റോറിയത്തിൽ ചികിത്സയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. അന്നാണ് നിരവധി മാർക്സിസ്റ്റ് ബൗദ്ധികവ്യക്തിത്വങ്ങളുമായി അടുത്തിടപഴകുവാൻ അദ്ദേഹത്തിനു കഴിഞ്ഞത്. നിരവധി കവിതകളും അതേ കാലയളവിൽ എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി. 1931-ൽ അദ്ദേഹം ഏഥൻസിലേക്കു തിരിച്ചുവന്നുകൊണ്ട് നിരവധി ഗ്രീക്ക് നാടകങ്ങൾ സംവിധാനം ചെയ്തു. ഗ്രീക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പത്രമായ രീസോസ്പാസ്റ്റിസിൽ ലേഖനങ്ങൾ എഴുതുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ഏതാണ്ട് ജീവിതകാലം മുഴുവൻ തന്റെ കർമ്മമണ്ഡലത്തെ സമർപ്പിച്ച കാവ്യപ്രതിഭയായിരുന്നു യാനിസ് റിറ്റ്സോസ്. ഗ്രീക്ക് ആഭ്യന്തരയുദ്ധകാലത്ത് ഒരു സമർപ്പിത കമ്മ്യൂണിസ്റ്റുകാരനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലം ആരെയും അത്ഭുതപ്പെടുത്തുന്ന ഒന്നായിരുന്നു 1967 മുതൽ 1974 വരെയുള്ള ഏകാധിപത്യഭരണകാലത്ത് പ്രതിരോധത്തിലേർപ്പെട്ട അദ്ദേഹത്തെ അധികാരിവർഗം തടവിലാക്കി. ഈ കാലയളവിൽ രാഷ്ട്രീയ തടവുകാർക്കുള്ള തടവറ ക്യാമ്പുകളിൽ അദ്ദേഹത്തിനു കഴിയേണ്ടതായിവന്നു.

**മാക്രാണിസോസിൽ തടവുകാർ കൊലചെയ്യപ്പെടുകയും പീഡനങ്ങൾക്ക വിധേയരാവുകയും അതോടെ അവർ ഭ്രാന്തമായ അവസ്ഥയിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യുന്നു. ഏതാണ്ട് ഇരുപതിനായിരത്തോളം പുരുഷന്മാരും സ്ത്രീകളും കുട്ടികളുമാണവിടെയുണ്ടായിരുന്നത്. യാനിസ് റിറ്റ്സോസ് എന്ന ഗ്രീക്ക കവിയുടെ ഈ പ്രവാസി ഡയറിക്കുറിപ്പുകൾ വായനക്കാരെ കൂടുതൽ ചിന്തിപ്പിക്കുകയും അറിയപ്പെടാതെ കിടന്ന ഒരു ലോകത്തിന്റെ ജാലകങ്ങൾ തുറന്നു തരുകയും ചെയ്യും.**

അടുത്തകാലത്ത് വായിക്കുവാൻ കഴിഞ്ഞ അദ്ദേഹത്തിന്റെ പ്രവാസികാലത്തെ ഡയറിക്കുറിപ്പുകൾ (Diaries of Exile) ലിംനോസിലും മാക്രൊനിസോസിലും കഴിയേണ്ടിവന്ന 1948-50 കാലത്തെ അനുഭവങ്ങളാണ്. രാഷ്ട്രീയതടവുകാര

നായി ഒരു കമ്മ്യൂണിസ്റ്റുകാരനായ കവിക്കു നേരിടേണ്ടിവന്ന അനുഭവങ്ങളുടെ സ്പർശം കാവ്യാത്മകമായ ഈ ഡയറിക്കുറിപ്പുകളിലാകെ നിറഞ്ഞുനില്ക്കുന്നുണ്ട്. ഈ ഇരുണ്ടകാലത്തെ ദുരന്തപൂർണമായ ജീവിതത്തിനുള്ളിൽ റിറ്റ്സോസ് തന്റെ ദിനങ്ങളെ നിഗൂഢമായി കവിതയ്ക്കുവേണ്ടി മാത്രം സമർപ്പിക്കുകയായിരുന്നു. തന്റെ കാവ്യാത്മകമായ കുറിപ്പുകളുടെ അന്തർധാരകളിലൂടെ അന്നത്തെ ഗ്രീക്കുജനതയെ പ്രതിരോധത്തിലൂടെ ഒന്നിച്ചുനിറുത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ദൂരവും കാലവുമൊന്നും അവിടെ ഒരു പ്രശ്നവുമുയർത്തിയതുമില്ല. ഈ കുറിപ്പുകൾ ശരിക്കും കവിതകൾതന്നെയാണ്. അവയിലൂടെ പ്രവാസികാലത്തെ ജീവിതത്തിന്റെ ദൈനംദിന അനുഭവങ്ങളിലേക്ക് വെളിച്ചം വീശുന്നവയുമാണ്. റിറ്റ്സോസും തന്റെ സഹതടവുകാരും അവിടെയനുഭവിച്ച യാതനകളും അവരുയർത്തിയ പൊതുവായ ലക്ഷ്യത്തിനുവേണ്ടിയുള്ള ഐക്യവും ഈ കുറിപ്പുകളിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. ഭാഷയിലൂടെ മാനവികതയെ ഉയർത്തിപ്പിടിച്ച് സുരക്ഷിതമാക്കുവാനുള്ള അവരുടെ ശ്രമങ്ങൾ നിശ്ശബ്ദപോരാട്ടങ്ങളോ പ്രതിരോധങ്ങളോ ഒക്കെയായി സ്വയം രൂപാന്തരപ്പെടുന്നത് വായനയിലൂടെ വീണ്ടെടുക്കുവാൻ കഴിയുകയും ചെയ്യുന്നുണ്ട്.

ഈ സമാഹാരത്തിന്റെ ആമുഖത്തിൽ യാനിസ് റിസ്റ്റോസ് തന്റെ നാല്പതാമത്തെ വയസ്സിൽ മകൾക്കെഴുതിയ കത്തിലെ വരികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരവധി കത്തുകൾ അവളിൽനിന്നു ലഭിച്ചിട്ടും തടവറയിൽനിന്നു കവിക്കതിനു മറുപടി അയയ്ക്കുവാൻ കഴിഞ്ഞില്ല. അവസാനം 1949 ഫെബ്രുവരി 3-ാം തീയതിയിൽ രേഖപ്പെടുത്തിയ വരികൾ കവിയുടെ അസ്വസ്ഥമായ മനസ്സിനെ സൂചിപ്പിക്കുന്നു. "നീ തീർച്ചയായും എനിക്ക് കത്തുകൾ അയയ്ക്കണം. എന്റെ ഏകാന്തതയെ അവ ശരിക്കും നിറയ്ക്കുന്നുണ്ട്. ഞാൻ നിന്നോട് അടുത്തുചേരുന്ന നിമിഷങ്ങളാണത് പങ്കുവയ്ക്കുന്നത്. നാം ഒത്തുചേരുകയും സംവദിക്കുകയും ചെയ്യുന്നു. ഇവിടെ തണുത്തകാറ്റിന്റെ പ്രവാഹമാണ്. പുറത്തേക്കൊരു ചുവടുവയ്ക്കുവാൻപോലും കഴിയില്ല. ഇതൊരിക്കലും അവസാനിക്കുവാൻപോകുന്നില്ലെന്നും തോന്നുന്നു. നിങ്ങൾ ശരിക്കും പ്രകൃതിയുടെ അനശ്വരതയ്ക്കുള്ളിലാണ്. നിങ്ങളുടെ ഹൃദയമിടിപ്പുകൾക്കുപോലും ഇതിന്റെ സ്പർശം അനുഭവിക്കുവാൻ കഴിയും. ഇവിടെ വാക്കുകൾ അശാന്തിയുടെ തീരത്തലഞ്ഞു നടക്കുന്ന തണുപ്പിനും കാറ്റിനുമൊപ്പമാണ്. നമുക്ക് നിശ്ശബ്ദതയെ തകർത്തേ മതിയാകൂ. അവിടെ നമുക്ക് നമ്മുടെ പേരുകൾ സംസാരിക്കണം. നാം സഞ്ചരിക്കുന്ന പാതകൾപോലും മറ്റൊരു വാക്കിനായി ശ്രദ്ധ കൊടുക്കുവാനും സാധിക്കാത്ത അവസ്ഥയായിരിക്കണം." തടവറയിലെ തണുപ്പിലും ഏകാന്തതയിലും ഒറ്റപ്പെട്ടുകിടക്കുന്ന കവിയുടെ വാക്കുകളിൽ വല്ലാത്ത ഭാരം അനുഭവപ്പെടുന്നുണ്ട്.

ഈ കുറിപ്പുകൾ ശരിക്കും റിസ്റ്റോസിന്റെ കവിതകളെപ്പോലെത്തന്നെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്നവയുമാണ്. ഇടയ്ക്ക് സൂക്ഷിച്ചുവയ്ക്കുന്ന കടലാസുകഷണങ്ങളിലും സിഗരറ്റ് പാക്കറ്റിന്റെ പരുക്കൻ തലങ്ങളിലുമൊക്കെയാണദ്ദേഹം തന്റെ കുറിപ്പുകൾ രഹസ്യമായി രേഖപ്പെടുത്തിക്കൊണ്ടിരുന്നത്. അവ എഴുതിക്കഴിയുമ്പോൾ സൂക്ഷിക്കുക കുപ്പികളിലാക്കി ആരും തിരിച്ചറിയാത്തവിധം മണ്ണിൽ ഒളിപ്പിച്ചുവച്ചുകൊണ്ടാണ് ഭാഗികമായി ഡയറിക്കുറിപ്പുകളുടെ രീതിയിലും ഭാഗികമായി കവിതകളുടെ രൂപത്തിലുമാണീ ഡയറിയുടെ പ്രവാഹം.

കാലത്തിനുള്ളിൽ നിഗൂഢമായി സംഭവിച്ചുകൊണ്ടിരുന്നത് ചിലപ്പോളവ ഈ പ്രപഞ്ചത്തെ അഭിമുഖീകരിച്ചുകൊണ്ടുള്ള വാക്കുകളായും രൂപാന്തരപ്പെടുന്നത് വായനക്കിടയിൽ ലഭിക്കുന്ന വിസ്മയക്കാഴ്ചകൾ തന്നെയാണ് സെൻസർമാരുടെ നിരീക്ഷണവലയങ്ങൾ ഭേദിച്ച് ഇവയെ സുരക്ഷിതമാക്കി നിറുത്തുകയെന്നത് ഭയപ്പെടുത്തുന്ന ഒരു ജോലിയായിരുന്നു. പക്ഷേ, റിസ്റ്റോസിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ഈ കാവ്യാത്മകമായ ഡയറിക്കുറിപ്പുകൾ എഴുതാനായത് തന്റെ അടക്കാനാവാത്ത ആഹ്ലാദത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെയായിരുന്നു. അവയെ ജയിലറകൾ സ്ഥിതിചെയ്യുന്ന ദ്വീപിൽനിന്നു പുറത്ത് കൊണ്ടുവരുവാനാവുമോ എന്ന കാര്യത്തിൽ വലിയ ഉറപ്പൊന്നുമുണ്ടായിരുന്നില്ല. ഈ കുറിപ്പുകളിലൂടെ അനാവരണം ചെയ്യപ്പെടുന്നത് ഒരു വ്യക്തിയുടെ മാത്രം അനുഭവങ്ങൾ മാത്രമാണെങ്കിലും അതിനുള്ളിലെ കാവ്യാത്മകമായ അനുക്രമങ്ങളിലൂടെ നിങ്ങൾ എവിടെയാണെങ്കിലും അതിനെ ഒപ്പം ചേർക്കാനാവുന്ന ഒരു രീതിയിൽ എത്തിച്ചേരുമായിരുന്നു. അതിന്റെ വികാസപരിണാമങ്ങൾ പ്രഥമപുരുഷനിൽനിന്നു ബഹുസ്വരതയോടെ കാവ്യാത്മകമായ തീരങ്ങളിലേക്കാകുന്നത് രചനയുടെ സൗന്ദര്യബോധത്തിന്റെ ആലങ്കാരികതയുടെ തീവ്രതയെ എടുത്തു കാണിക്കുന്നു. പ്രവാസികളുടെ ഒരു സമാഹൃതമായ ഐഡന്റിറ്റിയുടെ പ്രതീകമായിതു മാറുന്നത് തിരിച്ചറിയുവാൻ കഴിയുമ്പോഴാണ് വായനക്കാരുടെ മനസ്സ് കൂടുതൽ സമ്പന്നമാകുന്നതിന്റെ ചിത്രം പുറത്തുവരുന്നത്. ഈ കുറിപ്പുകൾ പങ്കുവയ്ക്കുന്ന അനുഭവങ്ങളുടെ ചരിത്രപരമായ പശ്ചാത്തലങ്ങൾക്കും രാഷ്ട്രീയപരമായ കാഴ്ചപ്പാടുകൾക്കും കൂടുതൽ മികച്ച ചിത്രങ്ങൾ രൂപപ്പെടുത്തിവരുമ്പോൾ ലഭിക്കുന്ന കവിയുടെ മാനസികമായി ഗതിവിഗതികൾക്കും കൂടുതൽ പ്രാധാന്യം ലഭിക്കുന്നുണ്ട്. മൂന്നു ഭാഗങ്ങളിലായിട്ടാണീ ഡയറിക്കുറിപ്പുകൾ വികസിതമാകുന്നത്. കവിയുടെ ഏകാന്തതയെ ഒരുപരിധിവരെ നിറ



**ഈ കുറിപ്പുകളിലൂടെ അനാവരണം ചെയ്യപ്പെടുന്നത് ഒരു വ്യക്തിയുടെ മാത്രം അനുഭവങ്ങൾ മാത്രമാണെങ്കിലും അതിനുള്ളിലെ കാവ്യത്മാകമായ അനുക്രമങ്ങളിലൂടെ നിങ്ങൾ എവിടെയാണെങ്കിലും അതിനെ ഒപ്പം ചേർക്കാനാവുന്ന ഒരു രീതിയിൽ എത്തിച്ചേരുമായിരുന്നു.**

യാനിസ് റിസ്റ്റോസ്

യ്ക്കുവാൻ ഈ കുറിപ്പുകൾക്കു കഴിയുന്നുണ്ട്. ഏതെങ്കിലും ഒരുകാലത്ത് പുറംലോകത്ത് ഇതെത്തിക്കാനാവുമെന്നും അദ്ദേഹം പ്രത്യാശിക്കുന്നുണ്ട്.

ഒന്നാം ഭാഗത്തിൽവരുന്ന 1948 ഒക്ടോബർ 27-ാം തീയതിയിലെ ഡയറിക്കുറിപ്പിലേക്കു വരുമ്പോൾ കവിയുടെ സ്വസ്ഥമായ മനസ്സും ചിന്തകളും നമ്മെ ഒന്നുകൂടി വിഷമവൃത്തത്തിലാക്കും. ഒരിക്കൽ നാം സുന്ദരമായിക്കണ്ട വാക്കുകൾ ഒരു വൃദ്ധനായ മനുഷ്യന്റെ ഇരുമ്പ് യാത്രാപെട്ടിക്കുള്ളിലെ കുപ്പായംപോലെ നിറംമങ്ങിയതായിരിക്കും. അല്ലെങ്കിൽ, ജാലകപ്പാളിയിൽ ഇരുട്ടിന്റെ കറവീഴ്ത്തിയ സൂര്യാസ്തമയം പോലെയായിരിക്കും. ഇവിടത്തെയാളുകൾ പോക്കറ്റിനുള്ളിൽ കൈകൾ തിരുകിയാണ് നടക്കാറുള്ളത്. അവർ വീണ്ടുംവീണ്ടും ഒരേ സ്ഥലത്തേക്കുതന്നെ മടങ്ങിവരുന്നു. വിരസതയുടെ പരുക്കൻസ്പർശം അനുഭവിപ്പിക്കുന്ന ജീവിതത്തിന്റെ ആകുലമായ അവസ്ഥയെയാണിവിടെ കവി ഒരു ദൃശ്യമായി അവതരിപ്പിക്കുന്നത്. വിസ്മൃതിയുടെ ഭാരം ഏറ്റുവാങ്ങേണ്ടിവരുന്ന വാക്കുകളുടെ ഒരിക്കലും തിരിച്ചറിയാനാവാത്ത ഓർമച്ചിത്രവും നമുക്കു മുന്നിലുണ്ട. മറ്റൊരു ദിവസത്തെ കുറിപ്പിൽ കാണുന്ന രൂപരേഖകർക്കും മനസ്സിനെ വേദനിപ്പിക്കുവാൻ മാത്രം കഴിയുന്ന ഒന്നായി അവശേഷിക്കുന്നു. ഓരോ നിഴൽപ്പാടിനും ഓർമയുടെ രൂപത്തെ ഉൾക്കൊള്ളുവാൻ കഴിയും. പക്ഷേ, മാതാവിന്റെ കാണപ്പെടാത്ത കരത്തിന്റെ നിഴൽ നിങ്ങളെ പ്രതിരോധത്തിലാഴ്ത്താത്ത ഓരോരോ ശബ്ദത്തിന്റെ രൂപം കൈവരിക്കും. അതിനു മൺപാത്രമായും കോഫിയായും ഒരു കഷണം ബ്രഡ്ഡായും തെർമോമീറ്ററായും കണ്ണാടിക്കുമുന്നിൽനിന്നു കൊണ്ട് മുഖം മിനുക്കുന്ന മനുഷ്യരൂപമായും നിലനില്ക്കുവാൻ കഴിയും. നമ്മുടെ ചലനങ്ങൾ മിക്കവാറും ഒന്നുപോലെയാണ് നാം അന്യോന്യം നോക്കുവാൻപോലും മിനക്കെടാറില്ല. അന്യോന്യം ബന്ധമില്ലെന്നു തോന്നുന്ന ചില രൂപങ്ങളും ചിത്രങ്ങളും ബന്ധിപ്പിക്കുവാൻ ശ്രമിക്കുന്ന കവിയെ നാമിവിടെ കാണുന്നു.

എനിക്കു മിറ്റ്സോസിനുവേണ്ടി ഒരു കവിത രചിക്കണമെന്നുണ്ട്. അത് ഒരിക്കലും വാക്കുകൾ കൊണ്ടായിരുന്നില്ല. നേരെമറിച്ച് മഞ്ഞ ലില്ലിപ്പൂക്കൾകൊണ്ടായിരുന്നു. കവിഭാവന ചിറകുവിരിക്കുമ്പോൾ ഉണ്ടാകുന്ന പുതിയ രൂപങ്ങൾക്ക് കാവ്യാത്മകമായ ഒരു സൗന്ദര്യവീക്ഷണത്തിന്റെ രൂപവും ഭാവവുമുണ്ട്. ചിത്രകാരനായ യാനിസ് സ്റ്റെഫാനിദിസ്, യാനിസ് റിറ്റ്സോസിനെക്കുറിച്ച് തന്റെ ഓർമക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒരു പ്രത്യേക രൂപത്തിലാണ്. യാനിസിനെ നമുക്കിങ്ങനെ ഉള്ളിലൊതുക്കാൻ കഴിയുന്ന

**മരുഭൂമിപ്രദേശത്തുള്ള ഒരു കോൺസെൻട്രേഷൻ ക്യാമ്പിൽനിന്നുള്ള ഈ കുറിപ്പുകളുടെ ഏകാന്തമായ ലോകം പുറത്തുകൊണ്ടുവരുന്നത് വലിയ വേദനയുടെ കഥകളാണ്. മാക്രാണിസോസിൽ തടവുകാർ കൊലചെയ്യപ്പെടുകയും പീഡനങ്ങൾക്ക വിധേയരാവുകയും അതോടെ അവർ ഭ്രാന്തമായ അവസ്ഥയിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യുന്നു.**

തിൽ നാം ഭാഗ്യവാന്മാരാണ്. അദ്ദേഹത്തോടൊപ്പം ഒരു വിഷമാവസ്ഥയുടെ കേന്ദ്രബിന്ദുവിനുള്ളിൽ സാംസ്കാരിക ജീവിതത്തിന്റെ തലങ്ങളെ നമുക്കുൾക്കൊള്ളുവാൻ കഴിയും. സാധാരണക്കാരായ തൊഴിലാളികൾക്കുപോലും റിറ്റ്സോസ് കവിതകൾ ആസ്വദിക്കാനാവും. റിറ്റ്സോസിന്റെ കരങ്ങളിലെ മാൻഡലിനിൽനിന്നു മൊസാർട്ടിന്റെയും ഷോപ്പിന്റെയും ഷൂമാനിന്റെയും മെലഡികൾ ഉതിർന്നുവരുന്നത് ഒരു പ്രത്യേക അനുഭവമാണ്. കലയെക്കുറിച്ചും കവിതയെക്കുറിച്ചും ചിത്രകലയെക്കുറിച്ചുമൊക്കെ റിറ്റ്സോസ് തന്റെ കുറിപ്പുകളിലൂടെ സംവദിക്കുന്നുണ്ട്. നിങ്ങൾ മുഖങ്ങളിലേക്കു നോക്കുമ്പോൾ മുഖങ്ങൾ സ്വയം മാറ്റത്തിനു വിധേയമാകുന്നു. ഒരുപക്ഷേ, നിങ്ങളും അപ്പോൾ മാറ്റത്തിനു വിധേയമാവുകയും ചെയ്യും. പിന്നീട് കൈകൾക്കുണ്ടാകുന്ന ചലനങ്ങളിലേക്കാണ് കവി നമ്മെ കൊണ്ടുപോകുന്നത്. കൂടുതൽ സുനിശ്ചിതമായ ദർശനത്തോടെയാണവ ചലനാത്മകമാവുന്നത്. അവ ഒരിക്കലും അത്ഭുതപ്പെടുന്നുമില്ല.

ഡയറിക്കുറിപ്പുകളുടെ രണ്ടാംഭാഗത്തിലേക്കുവരുമ്പോൾ ഏതാണ്ട് ഒരു വർഷത്തിനുള്ളിൽത്തന്നെ മുമ്പ് തിരിച്ചറിഞ്ഞിരുന്ന ചില പ്രധാന വ്യക്തിത്വങ്ങൾ അപ്രത്യക്ഷമാവുന്ന ദൃശ്യമാണുണ്ടാകുന്നത്. പാനൗസോസും പനായിയോറ്റിസും മിറ്റ്സോസും ബാർബ ഡ്രോസോസും... ഒന്നൊന്നായി അപ്രത്യക്ഷമാകുന്ന അനുഭവമാണുണ്ടാകുന്നത്. തടവുകാലത്തെ ദുരന്തസ്മൃതികൾക്കുള്ളിൽ സംഭവിച്ചുപോയ യാതനകളുടെ ചിത്രം പുറത്തുവരുകയും ചെയ്യുന്നു. ഒന്നും പുറത്തുപറയുവാൻ കഴിയുന്നതിനുമുമ്പുതന്നെ എല്ലാം വിസ്മരിക്കപ്പെട്ടുപോയിരുന്നു. അതോടെ നിശ്ശബ്ദത ഒരു തരത്തിലും ഒരു അഭയവും പങ്കുവയ്ക്കുവാനും കഴിയില്ല. തടവറയ്ക്കുള്ളിൽ ഒറ്റപ്പെട്ടുപോകുമ്പോൾ സ്വന്തം ഭൂമികയെക്കുറിച്ചോർക്കാതിരിക്കുവാൻ കവിക്കു കഴിയുന്നില്ല. നമ്മുടെ ജനങ്ങൾ വളരെ വിദൂരത്തിലെവിടെയോ ആണ്. കത്തുകൾ വരുന്നതും കുറഞ്ഞുപോയിരിക്കുന്നു. തണുപ്പിനുള്ളിൽ നിലനില്ക്കാനാവാതെ ഈച്ചകൾ മരിച്ചുവീഴുന്നു. അവ ഭൂമിയിൽ പതിക്കുന്നതും നമുക്ക് കാണേണ്ടിവരുന്നു. പിന്നീട് ഒന്നുമറിയാത്തവരെപ്പോലെ അവയുടെ നിശ്ചലരൂപങ്ങൾ നാം തൂത്തുവാരി മാറ്റിക്കളയുന്നു. ഈയൊരു നിശ്ചലചിത്രത്തിലൂടെ തടവറ ജീവിതത്തിന്റെ ദുരന്തപൂർണമായ ചിത്രത്തെയാണ് കവി ആവിഷ്കരിക്കുന്നത്. അഞ്ചുവരി കവിതയ്ക്കുള്ളിൽ ജീവിതത്തിന്റെ എല്ലാ സമസ്യകൾക്കും മറക്കാനാവാത്ത പ്രതിരൂപങ്ങൾ നല്കുന്നതിന്റെ ചിത്രം മറക്കാനാവില്ല. വാക്കുകൾക്കുപിന്നിൽ സുരക്ഷിതമായ ഒരിടം കണ്ടെത്തുവാൻ ശ്രമിക്കുന്ന കവിയെയും ഒരു കുറിപ്പിൽ നമുക്കു തിരിച്ചറിയുവാൻ കഴിയും. അതിന്റെ മറ്റേവശത്ത് ശൂന്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. കഴുത്തുവരെ ബട്ടനിട്ടു മുറുക്കിയ ഒരു ഓവർക്കോട്ടിന്റെ രൂപവും ഓർമകളും മാത്രം ബാക്കിയാവുന്നുണ്ട്.

മറ്റൊരു ഹ്രസ്വമായ കുറിപ്പിൽ വനരഥ്യകളിലേക്കു പ്രവേശിക്കുന്ന കവിയെ നമുക്കു കാണാം. വനത്തിനുള്ളിലെ അഗാധതയിൽ ഉറങ്ങുന്ന സിംഹമുണ്ട്. ചുമരിൽ ഒരു പക്ഷിയുമായി മന്ദം നടന്നു നീങ്ങുകയും ചെയ്യുന്നു. പ്രതീകങ്ങൾകൊണ്ട് കവി സൃഷ്ടിക്കുന്ന ലോകം കവിഭാവനയുടെ മാത്രം ജീവിതദർശനമാണ്. പെട്ടെന്നുതന്നെ പക്ഷികളുടേതായ ഒരു ഓർമ അജ്ഞാതമായ ഒന്നിനുള്ളിലേക്ക് താഴ്ന്നുപോവുകയും ചെയ്യുന്നു. നിന്റെ ഓർമകൾക്കുമീതെ ഞാനെന്റെ അധരങ്ങളെ അമർത്തിവയ്ക്കുന്നു. വേദനയുടെ

യും ആഹ്ലാദത്തിന്റെയും ഒരു ജാഗ്രത ഞാനവിടെ തിരിച്ചറിയുന്നു. കത്തിയെരിഞ്ഞ നാലു മെഴുകുതിരികളുടെ വരികൾക്കുള്ളിൽ ഇതു സംഭവിക്കുമ്പോൾ വേദനയും ആഹ്ലാദവും ചേർന്ന് പുതിയ ചിന്തകൾക്ക് രൂപം കൊടുക്കുന്നു. ഡയറിക്കുറിപ്പുകളുടെ മൂന്നാം ഭാഗത്ത് നിറയെ ഒരു അകർതൃകമായ (impersonal) നിങ്ങൾ(you)ക്കൊപ്പം ഒരു സമാഹൃതമായ (collective) നമ്മളും ഒത്തുചേരുമ്പോൾ പൂർണമായും ഏകവചനമായ ഞാൻ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. റിറ്റ്സോസ് ഒരിക്കലും കവിതയെ അശുഭാപ്തി വിശ്വാസത്തോടെ കാണാനാഗ്രഹിക്കാത്ത പ്രതിഭയായിരുന്നു. തടവറക്കാലത്ത് ഭാഷാപരമായുണ്ടായ തകർച്ചയെ വേദനയോടെയാണദ്ദേഹം അനുഭവിച്ചിരുന്നത്. തങ്ങളുടെ പേര് ചൊല്ലുന്നതിനുള്ള ഭാഷാപരമായ കഴിവും അവർക്ക് നഷ്ടപ്പെട്ടതായി അദ്ദേഹം സൂചിപ്പിക്കുന്നുമുണ്ട്. രാത്രിയിൽ മുഴുവൻ മരിച്ചുപോയവർ ചന്ദ്രനിൽനിന്നു മഞ്ഞുകട്ടകൾ കടിച്ചുപൊട്ടിക്കുകയായിരുന്നു. എന്താണ് ചെയ്യേണ്ടതെന്നോ എന്താണ് ശ്രവിക്കേണ്ടതെന്നോ ഞങ്ങൾക്ക് മുമ്പത്തെ പോലെ അറിഞ്ഞുകൂടാത്ത അവസ്ഥയായിരുന്നു. ഞങ്ങൾക്കായുള്ള റൊട്ടിക്കഷണം ചുണ്ടെലികൾ തിന്നുതീർത്തു. ഭയം കോപത്തെക്കാൾ കൂടുതൽ സാന്ദ്രവുമായിരുന്നു. പ്രത്യാശകൾ അറ്റുപോയ പ്രവാസിത്തടവുകാരുടെ മാനസികാവസ്ഥയുടെ തേങ്ങലുകൾ ഈ വരികളിലുണ്ട്.1950 കാലത്തെ കുറിപ്പുകളാണ് മൂന്നാം ഭാഗത്തുള്ളത്. നിങ്ങൾക്കു മരിക്കുവാനാഗ്രഹമില്ലെന്ന് നിങ്ങൾ തെറ്റായി ധരിച്ചുവച്ചിരിക്കുന്നു. ഒരുപക്ഷേ, മരിച്ചുപോയവർക്ക് വിശപ്പിന്റെ ആധിയും ഉണ്ടായിരിക്കാം. കുറിപ്പുകളിലെ ഈ വരികൾക്കുള്ളിൽ കവി ഒതുക്കിനിറുത്തിയിരിക്കുന്ന ആശങ്കകൾ അറിയാതെ തന്നെ പുറത്തേക്കുവരുകയും ചെയ്യും. ഉറക്കംവരാത്ത രാത്രികളിൽ, നിദ്രയ്ക്ക് തകർന്ന ജാലകപാളികളുടെ രൂപവും ഭാവവുമാണുള്ളതെന്ന് മെയ് മാസത്തിലെ ഒരു കുറിപ്പിൽ കവി ഏറ്റുപറയുന്നുണ്ട്. കൈകളില്ലാത്ത ഒരു പ്രതിമയുടെ രൂപത്തിൽപ്പോലും സൗന്ദര്യം കണ്ടെത്തുവാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്. അതെവിടേക്കാണ് വിരൽചൂണ്ടിയിരുന്നെന്നോ അത് എന്തായിരുന്നെന്നോ ആരും ശ്രദ്ധിച്ചിരുന്നുമില്ല. വേദനയ്ക്കുപോലും ഇവിടെ ക്ഷീണിതമായ ഒരു അവസ്ഥയാണുണ്ടായിരുന്നത്. ഏകാന്തതയ്ക്കാണ് ഒന്നുകൂടി സുനിശ്ചിതത്വം തോന്നിയിരുന്നത്. അതു നിങ്ങൾക്ക് കണ്ണുകളിൽനിന്നു മറച്ചുപിടിക്കുവാനും കഴിയുമായിരുന്നില്ല. കാവ്യാത്മകമായ ഈ കുറിപ്പുകളിലൂടെ കടന്നുപോകുമ്പോൾ ആസ്വാദകർക്കുണ്ടാകുന്ന അനുഭവങ്ങൾക്ക് ഒരു പ്രത്യേകതയും സൗന്ദര്യബോധവും ദർശനവുമുണ്ടാകും.

1950 മെയ് 29-ാം തീയതിയില കുറിപ്പിനെക്കുറിച്ചു ഒന്നു സൂചിപ്പിക്കാമെന്നു തോന്നുന്നു. തീർച്ചയായും മരണം ഞങ്ങൾക്ക് ശരിക്കും ഒത്തുപോകുവാൻ കഴിയുന്ന ഒന്നാണ്. ഞങ്ങൾ പരാജിതരായ വെളുത്തചുമരിന്റെ പശ്ചാത്തലത്തിലാവുമ്പോൾ അതിനൊന്നുകൂടി സാന്ദ്രതയേറും. വിസ്മരിക്കപ്പെട്ട സുന്ദരമായ ശിലാരൂപത്തിന് അവർ ചുവപ്പുചായക്കൂട്ടാണ് പകർന്നുകൊടുത്തിരുന്നത്. അതും മരണത്തിനു കീഴടങ്ങിയിരിക്കുന്നു.

1950 കാലത്ത് മാക്രാണിസോസ് കോൺസെൻട്രേഷൻ ക്യാമ്പിൽനിന്നു പുറത്തുവന്ന ഈ കുറിപ്പുകളിൽ കവിയുടെ ജീവിതസമസ്യകളുടെ അറിയപ്പെടാതെ കിടന്ന തലങ്ങളുടെ തേങ്ങലുകളുണ്ട്. അവയ്ക്കുമുകളിൽ ആകാരം ഒന്നുകൂടി വീണ്ടും വികസിതമാകുന്നു. അതു കൂടുതൽ വികസിതമാവുകയും അഗാധമാവുകയും ചെയ്യുമ്പോഴും അതിനൊരിക്കലും ക്ഷീണം അനുഭവപ്പെടുന്നില്ല. മരുഭൂമിപ്രദേശത്തുള്ള ഒരു കോൺസെൻട്രേഷൻ ക്യാമ്പിൽനിന്നുള്ള ഈ കുറിപ്പുകളുടെ ഏകാന്തമായ ലോകം പുറത്തുകൊണ്ടുവരുന്നത് വലിയ വേദനയുടെ കഥകളാണ്. മാക്രാണിസോസിൽ തടവുകാർ കൊലചെയ്യപ്പെടുകയും പീഡനങ്ങൾക്കു വിധേയരാവുകയും അതോടെ അവർ ഭ്രാന്തമായ അവസ്ഥയിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യുന്നു. ഏതാണ്ട് ഇരുപതിനായിരത്തോളം പുരുഷന്മാരും സ്ത്രീകളും കുട്ടികളുമാണവിടെയുണ്ടായിരുന്നത്. യാനിസ് റിറ്റ്സോസ് എന്ന ഗ്രീക്കുകവിയുടെ ഈ പ്രവാസി ഡയറിക്കുറിപ്പുകൾ വായനക്കാരെ കൂടുതൽ ചിന്തിപ്പിക്കുകയും അറിയപ്പെടാതെ കിടന്ന ഒരു ലോകത്തിന്റെ ജാലകങ്ങൾ തുറന്നു തരുകയും ചെയ്യും. മഹത്തായ ഗ്രന്ഥങ്ങൾ വായിക്കുന്നതിനു പകരം വയ്ക്കുവാൻ ഒന്നുംതന്നെയില്ല. ●

Diaries of Exile
(Yanis Ritsos)
Translation from Greek
Karen Emmerich and Edmund Keeley
Pub. Archipelago Books, Newyork
$ 15.00. Spl Indian price Rs.950/-



## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

കഥ, കവിത, ലേഖനം, ഫീച്ചർ തുടങ്ങിയ രചനകൾ അയക്കുമ്പോൾ വൃത്തിയായി എഴുതിയോ ഡി.റ്റി.പി ചെയ്തതോ അയയ്ക്കുക. കൈപ്പടയിലുള്ള രചനകൾ കഴിവതും പേജിന്റെ ഒരുവശത്ത് മാത്രമായിരിക്കണം. അധികം ദീർഘമല്ലാത്ത രചനകൾ അയയ്ക്കുന്നതാണ് അഭികാമ്യം. രചനയ്ക്കൊപ്പം പൂർണമേൽവിലാസവും, ഇ-മെയിലും ഫോൺനമ്പരും രചയിതാക്കളുടെ ഫോട്ടോയും ഉണ്ടായിരിക്കണം. അല്ലാത്തവ പരിഗണിക്കുന്നതല്ല. രചനകൾ കഴിയുന്നതും ഇ-മെയിലിൽ അയയ്ക്കണം. പ്രസിദ്ധീകരണയോഗ്യമായ രചനകൾ സംബന്ധിച്ച് മൂന്നുമാസത്തിനുള്ളിൽ വിവരം അറിയിക്കുന്നതായിരിക്കും. രചനകളെപ്പറ്റിയുള്ള വിവരമോ രചനകളുടെ നിലവാരം സംബന്ധിച്ച അഭിപ്രായങ്ങളോ ഓഫീസിൽനിന്ന് ലഭിക്കുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, എഴുത്ത് മാസിക, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17. ഇ-മെയിൽ: editorezhuthu@gmail.com

കവിത



വിമീഷ് മണിയൂർ

# യുദ്ധംകൊണ്ടുള്ള ആറേഴ് തമാശകൾ



**1.**

യുദ്ധം തുടങ്ങിയപ്പോൾ
ശ്മശാനത്തിനു വേണ്ടിയുള്ള തർക്കം തീർന്നു.
വെയിലുദിക്കുന്നതു മുതൽ
തകർന്ന ബങ്കറുകളിൽ
ഉപ്പുചാക്ക് കണക്കെയളിഞ്ഞ്
നേരം കറുപ്പിക്കുന്നു
ശ്മശാനങ്ങൾ അത്രയ്ക്ക് മോശം സ്ഥലമല്ല
സ്വന്തം ശവപ്പെട്ടികളിൽ ഇരുന്ന് ജോലി ചെയ്യാനും
ഉറങ്ങിയെഴുന്നേൽക്കാനും
ഏത് ജനതയ്ക്ക് സാധിക്കും?

**2.**

അടുത്ത തവണ ബോംബു വന്ന് വീഴുമ്പോൾ
ഞാൻ നിന്നെ ഉമ്മവെയ്ക്കുകയാണെന്ന് കരുതുക
അങ്ങനെയെങ്കിൽ നമുക്കൊന്നും പറ്റില്ല
ഒരു തവണ മരിച്ചുപോയാൽ പിന്നെ
മറ്റുള്ളവർക്ക് ശല്യപ്പെടുത്തുന്നതിൽ പരിധിയുണ്ട്

**3.**

ഉപ്പ, മരിച്ചിട്ടും കണ്ണ് തുറന്നുപിടിച്ചിരുന്നു
തൊട്ടുമുന്നിലുണ്ടായിരുന്ന ഒരു ക്ലോക്കിലെ
സമയമായിരുന്നു അപ്പോൾ
കണ്ണിലുറഞ്ഞ് കിടന്നത്
അതിനും മുമ്പത്തെ  പൊട്ടിത്തെറിയിൽ
നിന്നുപോയതായിരുന്നു അതിന്റെ കണ്ണുകൾ
എനിക്കറിയാം; സ്വഭാവം വെച്ച്,
സമയത്തെ ഏത് പള്ളിപ്പറമ്പിൽ കുഴിച്ചിടുമെന്ന്
തലപുകഞ്ഞാവും
ഉപ്പ ശരിക്കും മരിച്ചിട്ടുണ്ടാവുക.

**4.**

മരിച്ചന്ന് ഞാനൊന്നുംകൂടി
സ്കൂളിലേക്ക് ചെന്നുനോക്കി
എന്റെ ശവം കാണാൻ
വരാനാവാത്തതിലുള്ള സങ്കടം പറഞ്ഞ്
സ്കൂൾ പൊടിമണ്ണിലെറങ്ങിക്കിടന്ന് കരയുന്നു.

**5.**

യുദ്ധം നടക്കുന്ന ദിവസങ്ങളിൽ
രാത്രി, ചന്ദ്രൻ വലുതായി വരുന്നത്
ഞങ്ങൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു
ആ വെളിച്ചം കെടുത്താൻ
ആവുന്നതും ശ്രമിച്ചുനോക്കി
ഞങ്ങളെ കാണിച്ചുകൊടുക്കാനുള്ള
തിടുക്കം, ഉത്സാഹം മനസ്സിലാവുന്നുണ്ട്
ഞങ്ങളെന്ത് ചെയ്തിട്ടാണ് ?

**6.**

മനുഷ്യരെ തിന്നാമായിരുന്നെങ്കിൽ
യുദ്ധം ശരിക്കും ആഘോഷിക്കാമായിരുന്നു
അത്രയധികം പേരാണ്
ഒരോ ദിവസവും
ഒരുപകാരവുമില്ലാതെയാവുന്നത്
ഒന്നില്ലെങ്കിൽ ഒരു തോക്ക് തരിക
അല്ലെങ്കിൽ
വെടിയുണ്ട കേറിയഭാഗം ചെത്തിക്കളഞ്ഞ്
ബാക്കിയുള്ളതെങ്കിലും
തിന്നാനനുവദിക്കുക.

**7.**

ഞാൻ മരിച്ചുപോവും
എന്റെ പ്രതിഷേധം
മണ്ണിരകൾപോലും കേൾക്കാതെയാവും
എന്നിരുന്നാലും ഭൂമിക്കടിയിലെ
മുഴുവൻ തലയോടുകളും ചേർന്ന്
ഞങ്ങളെ രാജ്യം രൂപപ്പെടും
ഭൂപടങ്ങളിലേ ചില രാജ്യങ്ങൾ
കാണാതാവുന്നുള്ളൂ
തലയോട്ടികളിൽ പറ്റിപ്പിടിച്ച
മണ്ണെടുത്തുകളയാൻ
ആരെക്കൊണ്ടാവും? ●

മൊഴിയാഴം



എൻ.ഇ. സുധീർ

# ശങ്കരക്കുറുപ്പിന്റെ കത്തുകൾ

അരനൂറ്റാണ്ടിനിപ്പുറവും ആ പഴയ കത്തിലെ ആശയങ്ങൾ ചിന്തോദ്ദീപകങ്ങളാണ്. നമ്മുടെ പുതിയകാല എഴുത്തുകാരൊക്കെ മുമ്പേ നടന്നവർ എങ്ങനെയാണ് കാര്യങ്ങളെ വിലയിരുത്തിയത് എന്നു മനസ്സിലാക്കുന്നത് നല്ലതാണ്. അവരുടെ സാഹിത്യസംസ്കാരം ഇതിൽനിന്നു വായിച്ചെടുക്കാം.



ജി.ശങ്കരക്കുറുപ്പ്

"പ്രിയപ്പെട്ട എൻ.വി.,

'ഭൂമിക'കിട്ടി. ഇത്രയും ശ്രദ്ധിച്ച്, ശ്രദ്ധേയമായ ഒരവതാരിക എഴുതാൻ പ്രേരിപ്പിച്ച സൗഹൃദത്തെയും സൗമനസ്യത്തെയും ഞാൻ ആ രണ്ടിന്റെയും പൂർണമായ രൂപത്തിൽ കാണുന്നു; ആഹ്ലാദിക്കുന്നു. 'കഥാകാവ്യം' ഉപക്രമവിഷയമാക്കിയിരുന്നെങ്കിൽ, ഇത്രയും ഉജ്ജ്വലമാകുമായിരുന്നോ എന്നു സംശയമാണ് 'ഭൂമിക'.

അവതാരികയെക്കുറിച്ചു സന്തോഷിക്കയും ശ്ലാഘിക്കുകയും ചെയ്യുന്നതുകൊണ്ട്, അതിൽ എനിക്കു തന്നിട്ടുള്ള മേന്മ അങ്ങനെത്തന്നെ ഞാൻ വിശ്വസിക്കുന്നു എന്നോ, തെറ്റിദ്ധരിക്കരുത്. അതിൽ ഒരുകാര്യം എടുത്തുപറഞ്ഞതു നന്നായി. ഒറ്റയ്ക്കും കൂട്ടായും നിന്ന് എല്ലാ പയറ്റുമുറകളും ശീലിച്ചവർ നടത്തുന്ന ആക്രമണത്തിൽനിന്ന്, എന്റെ പേനയെയല്ല, എന്റെ ഹൃദയത്തെ ഞാൻ വീഴാതെ കാക്കുവാൻ ഇന്നോളം ശക്തനായി. ഈ വാക്യമെഴുതുമ്പോൾ എന്റെ ഹൃദയത്തിനുണ്ടാവുന്ന അസ്വസ്ഥത മറ്റാരും അറിയാതെ എനിക്കു സൂക്ഷിക്കാൻ കരുത്തുണ്ടാവട്ടെ.

നിരൂപണം എത്ര നിശിതമായാലും നിരൂപണമാണ്; അഭിലഷണീയമാണ്. അനുഭവാപഗ്രഥനവും അതിനു ശേഷമുള്ള ഉദ്ഗ്രഥനവും സത്യസന്ധമായിരുന്നാൽ മതി. സത്യത്തിനു പക്ഷപാതം വയ്യ. മറ്റു കാര്യങ്ങളെ ഉള്ളിൽ വച്ചുകൊണ്ടുള്ള അപഹാസങ്ങളും ഗർജനങ്ങളും നിരൂപണത്തിനുള്ള അവകാശവും മാന്യതയും പിടിച്ചടക്കുകയും വാഴുകയും ചെയ്യുമ്പോഴാണ് വിഷമം. ശ്രീ.സി.എച്ച്. കുഞ്ഞപ്പയ്ക്ക് നാലഞ്ചു കവിത അയച്ചിട്ടുണ്ട്. തിരുനാമം 'പാഥേയ' ത്തിൽ 264- പേജിലാണെന്നു തോന്നുന്നു. പുസ്തകം മുകളിൽ അച്യുതന്റെ കൈയിലായിരുന്നു. ഒന്നു ചൂണ്ടിക്കാണിക്കണേ. പകർത്താനുള്ള മടി. 'നേടുക വീര്യം' കഴിഞ്ഞ ലക്കം 'തിലക ' ത്തിലും.

ഈ കവിതകളിൽ നിന്ന്, ആരോഗ്യവും നൈസർഗികമായ ഉന്മേഷവും ഉള്ളവരെ വേർതിരിച്ചു നിർത്തി ഒരു സെലക്ഷൻ നടത്തി, മറ്റുള്ളവരെ, പിന്നെയൊരിക്കൽ വരൂ, എന്നു മടക്കിയാൽ മതി. അയച്ച കവിത എല്ലാം ചേർത്തേ കഴിയൂ എന്നില്ല. മുഖം നോക്കാതെ, നിർദയമായ തിരഞ്ഞെടുക്കലാവണം. സി.എച്ചിനു ഞാനെഴുതിയിട്ടുണ്ട്. ഭംഗിവാക്കല്ല എന്ന് ഒന്നു പറയണം. നമുക്ക് നല്ലൊരു കവിതാസമാഹാരം പ്രസിദ്ധപ്പെടുത്താൻ ഇപ്പോൾ കൈമുതലില്ലേ എന്നു സി.എച്ച്. തീർച്ചയാക്കട്ടെ.

ഇങ്ങനെയൊക്കെയായാലും എനിക്കു മനസ്സിനു വ്യഥയുണ്ട്. ഞാനെങ്ങനെയെത്ര വളരെ ശത്രുക്കളെ, ഈ ചെറിയ പേന മാത്രം വച്ചു കൊണ്ടു സമ്പാദിച്ചു.

സ്നേഹപൂർവം,

ജി.ശങ്കരക്കുറുപ്പ് "

1963 ഒക്ടോബർ മാസത്തിൽ മഹാകവി ജി.ശങ്കരക്കുറുപ്പ് എൻ.വി. കൃഷ്ണവാരിയർക്ക് അയച്ച ഒരു കത്താണിത് . 1954 മുതൽ 1978 വരെ ശങ്കരക്കുറുപ്പിൽനിന്നു തനിക്കു ലഭിച്ച കത്തുകളിൽനിന്ന് ചിലതൊക്കെ തിരഞ്ഞെടുത്ത് എൻ.വി തന്നെ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയ 'ഹൃദയത്തിന്റെ വാതായനങ്ങൾ' എന്ന പുസ്തകത്തിലാണ് ഞാനിതു വായിച്ചത്. ഇതിവിടെ പകർത്താൻ കാരണം മുൻ തലമുറയിലെ എഴുത്തുകാർ തമ്മിലുള്ള ക്രിയാത്മകബന്ധത്തെയും അവർ കാര്യങ്ങളെ നോക്കിക്കണ്ട രീതികളെയും ഓർമിപ്പിക്കാനാണ്. ഒരവതാരിക വായിച്ച് അതിനെ അപ്പാടെ സ്വീകരിച്ച് ആഹ്ലാദിക്കുവാൻ ജി. ശങ്കരക്കുറുപ്പ് തയാറാവുന്നില്ല. അവതാരികാകാരൻ പറഞ്ഞ മേന്മകൾ അപ്പാടെ വിശ്വസിക്കുകയോ സ്വീകരിക്കുകയോ ചെയ്തു എന്ന് കരുതരുത് എന്നാണ് കവി കത്തിൽപ്പറഞ്ഞിരിക്കുന്നത്. അതുപോലെ നിരൂപണത്തോടുള്ള കവിയുടെ സമീപനവും കത്തിൽ വിശദമാക്കുന്നുണ്ട്. നിശിതമായ നിരൂപണം അഭിലഷണീയമാണ്. അത് സത്യസന്ധമായിരിക്കണം എന്നു മാത്രം. ഒടുക്കം അദ്ദേഹം സ്വയം വിമർശനം നടത്തുന്നതും കാണണം. ഈ ചെറിയ പേന മാത്രം വച്ചുകൊണ്ട് താനെത്രമാത്രം ശത്രുക്കളെ സമ്പാദിച്ചു എന്നാണ് അദ്ദേഹം ആകുലതപ്പെടുന്നത്.

അരനൂറ്റാണ്ടിനിപ്പുറവും ആ പഴയകത്തിലെ ആശയങ്ങൾ ചിന്തോദ്ദീപകങ്ങളാണ്. നമ്മുടെ പുതിയകാല എഴുത്തുകാരൊക്കെ മുമ്പേ നടന്നവർ എങ്ങനെയാണ് കാര്യങ്ങളെ വിലയിരുത്തിയത് എന്നു മനസ്സിലാക്കുന്നത് നല്ലതാണ്. അവരുടെ സാഹിത്യസംസ്കാരം ഇതിൽനിന്നു വായിച്ചെടുക്കാം.

ഇത്തരം ധാരാളം കത്തുകൾ ഈ പുസ്തകത്തിലുണ്ട്. അത് കവിയുടെ ഉജ്ജ്വലമായ വ്യക്തിത്വത്തിലേക്ക് വെളിച്ചം പകരുന്നു. സാഹിത്യേതരമായ ധാരാളം സാമൂഹികവിമർശനങ്ങളും കത്തുകളിലുണ്ട്. കത്തെഴുത്ത് അവരുടെയൊക്കെ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗമായിരുന്നു. ഒരു കത്തിൽ ഇങ്ങനെ കാണാം. "പ്രിയപ്പെട്ട എൻ.വി., കത്തു കണ്ടിട്ടു നാളേറെയായി; എന്താണൊരു മന്ദത?" മറ്റൊരിടത്ത് - എൻ.വിയുടെ കൈയക്ഷരം കണ്ടിട്ടു കുറച്ചുനാളായി. ആ ഷാർപ് എഡ്ജുള്ള അക്ഷരവടിവ് എൻ.വി.യുടെ സവിശേഷ വ്യക്തിത്വത്തെയും പ്രതിഭയെയും ഓർമിപ്പിക്കാറുണ്ട് നാമെത്ര അടുത്ത സ്നേഹിതന്മാരാണ്? എന്നിട്ടും എന്നാണാദ്യം കണ്ടത്, ഏതു സന്ദർഭത്തിൽ - എനിക്കറിഞ്ഞുകൂടാ. എൻ.വി. വല്ലപ്പോഴും ഒരു നീണ്ടകത്ത് നമ്മുടെ ബന്ധം വളർന്നവഴിയിലെ മുഖ്യസ്ഥാനങ്ങൾ കാട്ടിക്കൊണ്ട് എഴുതിയാൽ എനിക്കു വലിയ സഹായമാവും."

എൻ.വി. പുസ്തകത്തിന്റെ ആമുഖത്തിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു. "അത്യന്തം ഭാവനാശാലിയായ ഈ കവിയുടെ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ നമുക്കു നേരിട്ടുകാട്ടിത്തരുന്ന വാതായനങ്ങളാണ് അദ്ദേഹത്തിന്റെ കത്തുകൾ. അതേസമയം, അതാതുകാലത്തെ കേരളത്തിലെ സാഹിത്യ-സാംസ്കാരികജീവിതത്തിന്റെ സ്പന്ദനങ്ങൾ അവ ഉൾക്കൊള്ളുകയും ചെയ്യുന്നു. അവ വായിക്കുമ്പോൾ നാം ജി.യുടെ ജീവിതത്തിൽ പങ്കാളികളാകുന്നു. കത്തെഴുതൽ സാഹിത്യകലയുടെ ഒരു സവിശേഷരൂപമാണെങ്കിൽ, മലയാളത്തിൽ ആ കലയുടെ ഉത്തമമാതൃകകളാണ് ജി.യുടെ കത്തുകൾ. തന്റെ കാവ്യസാധന പരമോൽകർഷത്തിലെത്തിനിന്നിരുന്ന വർഷങ്ങളിൽ മഹാകവി ജി.യുടെ ഹൃദയവ്യാ

**നിശിതമായ നിരൂപണം അഭിലഷണീയമാണ്. അത് സത്യസന്ധമായിരിക്കണം എന്നു മാത്രം.**






↘ എൻ.വി

പാരങ്ങളെ, പീഡാനുഭവങ്ങളെ, ധാർമികരോഷങ്ങളെ, ആഹ്ലാദസ്പന്ദനങ്ങളെ അവ വ്യക്തമാക്കിത്തരുന്നു."


കത്തുകൾ എന്ന സാഹിത്യശാഖയ്ക്ക് വംശനാശംവന്ന ഒരു കാലത്തിരുന്ന് ഇവയൊക്കെ വായിക്കുമ്പോൾ എന്റെ മനസ്സ് ഗൃഹാതുരത്വംകൊണ്ടു നിറയുന്നു. കാലത്തെയും സംസ്കാരത്തെയും അടയാളപ്പെടുത്താൻ കത്തുകൾക്ക് കഴിഞ്ഞതുപോലെ മറ്റൊന്നിനും കഴിഞ്ഞിട്ടില്ല. (ഹൃദയത്തിന്റെ വാതായനങ്ങൾ - മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ 131 കത്തുകൾ - സമ്പാ:- എൻ.വി. കൃഷ്ണവാരിയർ - നാഷണൽ ബുക്ക് സ്റ്റാൾ - കോട്ടയം 1986)

## ജീവനില്ലാത്ത കഥ

യാഥാർഥ്യത്തിൽ തുടങ്ങിയ ആഖ്യാനത്തെ അയഥാർഥ്യത്തിൽ അവസാനിപ്പിക്കുന്നരീതി പുതിയകാല കഥാകൃത്തുക്കളിൽ പലരും പരീക്ഷിക്കാറുണ്ട്. അതത്ര എളുപ്പമുള്ള ആഖ്യാനരീതിയല്ല. അതുകൊണ്ടുതന്നെ മിക്കവരും പരാജയപ്പെടും. കഥ കൈവിട്ടുപോവുകയും ചെയ്യും.

ദേശാഭിമാനിവാരികയുടെ ജൂൺ 14-ന്റെ ലക്കത്തിൽ ഉണ്ണി ബാലകൃഷ്ണൻ എഴുതിയ 'അനുജന്മാവ്' എന്ന കഥ ഇങ്ങനെ പരാജയപ്പെട്ട ഒന്നാണ്.

അയഥാർഥ്യത്തിൽ ആധികാരികത സൃഷ്ടിച്ചെടുക്കുന്നതിൽ കഥാകൃത്ത് ശ്രദ്ധിച്ചതേയില്ല. പെട്ടെന്നൊരുനാൾ കാണാതായ കുട്ടിക്കൃഷ്ണൻ ഇരുപതുവർഷങ്ങൾക്കുശേഷം തിരിച്ചുവരുന്ന പ്രതീതിയാണ് കഥയിലെ പ്രമേയം. കുട്ടിക്കൃഷ്ണന്റെ തിരോധാനത്തോട് ബന്ധുമിത്രാദികൾ പ്രതികരിക്കുന്നത് വിവരിച്ചുകൊണ്ടാണ് കഥ തുടങ്ങുന്നത്. കഥയിലെ കാലം ഒരിടത്തുവച്ച് ഒറ്റവരിയിൽ ഇരുപതുവർഷങ്ങൾ ചാടിക്കടക്കുന്നു. ഇരുപതുവർഷങ്ങൾക്കുശേഷം അയാളുടെ അനുജനെത്തേടി കുട്ടിക്കൃഷ്ണന്റെ ഒരു കത്തുവരുന്നു. അയാൾ തിരിച്ചുവരുന്നു




↘ ഉണ്ണി ബാലകൃഷ്ണൻ

**ദുരിതങ്ങളോട് എന്തു മനോഭാവം സ്വീകരിക്കണം എന്നത് തികച്ചും വ്യക്തിപരമാണ്. ഇതാണ് വിക്ടർ ഫ്രാങ്കൽ മുന്നോട്ടുവെച്ച വേറിട്ടചിന്ത. ഇതിനെ ഈ നോവൽ ഭംഗിയായി ചിത്രീകരിക്കുന്നുണ്ട്.**

എന്നറിയിച്ചുകൊണ്ടുള്ള കത്ത്. വരവറിയിച്ചുകൊണ്ടുള്ള കത്തിലെ കാലക്രമവും വിചിത്രമായിരുന്നു. കണക്കുകൂട്ടി ജ്യേഷ്ഠനെകാത്ത് അനുജൻ റെയിൽവേസ്റ്റേഷനിലെത്തുന്നു. അവിടെ സംഭവിക്കുന്നത് യാഥാർഥ്യമാണോ അയഥാർഥ്യമാണോ എന്ന് വായനക്കാർക്കും മനസ്സിലാകുന്നില്ല. രണ്ടിന്റെയും സൂചനകൾ അവിടെ ചേർത്തുവച്ചിരിക്കുന്നു. അയഥാർഥ്യത്തിന്റെ യുക്തിയെ കഥാകൃത്ത് തന്നെ ഭേദിച്ചുകളഞ്ഞു. അവിടെ കഥ ജീവനില്ലാത്തതാവുന്നു.

## വിക്ടർ ഫ്രാങ്കലിന്റെ ജീവിതം

"ഒരുദിവസം സ്ത്രീകളുടെ ടൈഫോയ്ഡ്ക്യാമ്പിൽ മൃതശരീരമെടുക്കാൻ വന്ന ഒരാൾ ഒരു ശവമെടുക്കുമ്പോൾ ഒരുനിമിഷം ഞെട്ടിത്തരിച്ചതുപോലെ സ്തബ്ധനായി നില്ക്കുന്നതുകണ്ടു. അടുത്തനിമിഷം ഒന്നും സംഭവിക്കാത്തതുപോലെ അയാളത് വലിച്ചെടുത്ത് ഉന്തുവണ്ടിയിലേക്കിട്ട് നടന്നുനീങ്ങി. വെറും ഒരു കൗതുകത്തിന് ഞാൻ അയാളുടെ പിന്നാലെ ചെന്നു.



↘ വിക്ടർ ഫ്രാങ്കൽ


'ഇത് പരിചയമുള്ള ആരുടെയെങ്കിലും മൃതദേഹമാണോ?' 'മകളാണ്.' അയാളുടെ മുഖത്ത് ഒരു വികാരവുമില്ലായിരുന്നു. പിന്നെയും മൃതദേഹങ്ങളെടുത്ത് ഉന്തുവണ്ടിയിലിടുന്നുണ്ടായിരുന്നു അയാൾ. കുറച്ചുകഴിഞ്ഞ് ഭക്ഷണപ്പുരയിലിരുന്ന് സാധാരണപോലെ റൊട്ടി തിന്നുന്നതും കണ്ടു"

മരണത്തിന്റെ അതീവ നിസ്സംഗമായ ഈ വിവരണം പി.എം.മധു എഴുതിയ 'ഒരു ബൊഹീമിയൻ ഡയറി' എന്ന നോവലിലെയാണ്. ഹിറ്റ്ലറുടെ കോൺസൺട്രേഷൻ ക്യാമ്പിൽ അതിക്രൂരപീഡനങ്ങളേറ്റതിനുശേഷം രക്ഷപ്പെടാൻ ഭാഗ്യമുണ്ടായ വിക്ടർ ഫ്രാങ്കൽ എന്ന വിഖ്യാത സൈക്യാട്രി പ്രഫസറുടെ ജീവിതകഥയാണ് പി.എം. മധു തന്റെ നോവലിലൂടെ പറയുന്നത്. വിക്ടർ, വിയന്നക്കാരനായ ഒരു ജൂതനായിരുന്നു. അയാളോടൊപ്പം തടവുപാളയത്തിലായ അച്ഛൻ, അമ്മ, സഹോദരി, ഭാര്യ എന്നിവരെല്ലാം നാത്സികളുടെ ക്രൂരപീഡനങ്ങളാൽ കൊല്ലപ്പെട്ടു. നാത്സിത്തടവറയിലെ പീഡനങ്ങളെ അതിജീവിച്ച വിക്ടർ അയാൾ കണ്ടതും അനുഭവിച്ചതുമായ ജീവിതത്തെ ഓർത്തെടുത്ത് ചില പുസ്തകങ്ങളെഴുതി. Man's Search for Meaning, The Doctor and the Soul, Viktor Frankl Recollections എന്നിവയാണ് പ്രധാനരചനകൾ. ഹോളോകോസ്റ്റ് ദുരന്തത്തെ അടയാളപ്പെടുത്തുന്നതിൽ ഇവ വലിയ പങ്കുവഹിച്ചു. സഹനത്തിന്റെയും അതിജീവനത്തിന്റെയും വേറിട്ട ആ ജീവിതത്തെയാണ് ഈ നോവൽ അടയാളപ്പെടുത്തുന്നത്. ദുരന്തങ്ങൾ എങ്ങനെയാണ് ഒരാളുടെ ജീവിതത്തിൽ ഇടപെടുക എന്നതു കാണിച്ചുതരികയാണ് നോവലിസ്റ്റ്. ദുരന്തങ്ങളെ സങ്കടമില്ലാതെ നേരിടാൻ സാധിക്കുമോ? പകയില്ലാതെ ഓർത്തെടുക്കാനാവുമോ? വിക്ടർ ഫ്രാങ്കൽ അതിനൊക്കെ ശ്രമിച്ചയാളാണ്. അയാൾ മനഃശാസ്ത്രജ്ഞനായിരുന്നു. ഏതൊരു സാന്ത്വനവഴിയും പരാജയപ്പെടുന്ന ക്രൂരതകളെയാണ് അന്നത്തെ ജനത നേരിടേണ്ടിവന്നത്. അത്തരം മനുഷ്യരുടെ മനസ്സിനെ പിടിച്ചുകെട്ടാനാണ് വിക്ടർ ഫ്രാങ്കൽ ശ്രമിച്ചത്. കൊടും ദുരിതങ്ങളുടെ ഇരയായിക്കൊണ്ടുതന്നെ സഹജീവികളുടെ കരുതൽ ഏറ്റെടുത്ത ഒരു മനുഷ്യനെ ഈ നോവലിൽ നമുക്കു കാണാൻ കഴിയും.

നാത്സികൾക്ക് എന്തും ചെയ്യാം. നമ്മളിൽനിന്നു എന്തും കവർന്നെടുക്കാം. എന്നാൽ, നമ്മുടെ മനോഭാവത്തെ മാറ്റുവാൻ അവർക്ക് കഴിഞ്ഞെന്നു വരില്ല. ദുരിതങ്ങളോട് എന്തു മനോഭാവം സ്വീകരിക്കണം എന്നത് തികച്ചും വ്യക്തിപരമാണ്. ഇതാണ് വിക്ടർ ഫ്രാങ്കൽ മുന്നോട്ടുവച്ച വേറിട്ടചിന്ത. ഇതിനെ ഈ നോവൽ ഭംഗിയായി ചിത്രീകരിക്കുന്നുണ്ട്.

വിക്ടർ ഫ്രാങ്കൽ എന്ന ചരിത്രപുരുഷന്റെ അനുഭവങ്ങളും അയാളുടെ ആലോചനകളും ചേർത്തുവച്ചു മുന്നേറുന്ന ഈ നോവൽ ഡയറിക്കുറിപ്പുകളുടെ രീതിയിലാണ് എഴുതിയിട്ടുള്ളത്. കഥാപാത്രത്തിന്റെ മാനസികസംഘർഷങ്ങൾ വായനക്കാരെ അസ്വസ്ഥരാക്കുകതന്നെ ചെയ്യും. അതേസമയം തീർത്തും അനാവശ്യമെന്ന് തോന്നിക്കുന്ന ചില വിവരണങ്ങൾ നോവലിൽ കടന്നുകൂടിയിട്ടുണ്ട്. അതു രചനയുടെ താളത്തെ ഇല്ലാതാക്കിക്കളയുന്നു എന്നാണ് എനിക്ക് പരാതിയായി പറയുവാനുള്ളത്. ക്യാമ്പിലെ അനുഭവചിത്രീകരണം കുറച്ചുകൂടി ശ്രദ്ധയോടെ കൈകാര്യം ചെയ്തിരുന്നെങ്കിൽ നന്നായേനെ. നോവൽ അവസാനിപ്പിക്കുവാനുള്ള ഒരു വ്യഗ്രത നോവലിസ്റ്റിന്റെ ഭാഗത്തുനിന്നുണ്ടായോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. പലേടത്തും അത്തരം എടു







↘ പി.എം.മധു

ത്തുചാട്ടങ്ങൾ കാണാനുണ്ട്. ആഖ്യാനത്തിൽ കുറച്ചുകൂടി കരുതൽ കൊടുത്തിരുന്നെങ്കിൽ ആഴമുള്ള ഒരു വേറിട്ട നോവലായി ഇത് വികാസം കൊള്ളുമായിരുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ യൂറോപ്യൻസാഹിത്യത്തെ അസാധാരണമാക്കുന്നത് ഹോളോകോസ്റ്റ്സാഹിത്യം എന്ന് പൊതുവിലറിയപ്പെടുന്ന, യുദ്ധാനുഭവങ്ങളിൽനിന്നു സൃഷ്ടിക്കപ്പെട്ട രചനകളാണ്. അവയിൽ നോവലുകളും ഓർമക്കുറിപ്പുകളും ഡയറിക്കുറിപ്പുകളും ഉൾപ്പെടുന്നു. അത്തരത്തിലൊന്ന് ഭാവനയിൽമെനഞ്ഞ് മലയാളത്തിലെഴുതി എന്നതാണ് 'ഒരു ബൊഹീമിയൻ ഡയറി' എഴുതിയ നോവലിസ്റ്റിന്റെ പ്രത്യേകത. പരിഭാഷകളിലൂടെ മാത്രം നമ്മളറിഞ്ഞ ഒരു ഭീകരകാലത്തെ ഒരു മലയാളി നോവലിസ്റ്റ് സാങ്കല്പിക ആഖ്യാനത്തിലൂടെ കാണിച്ചുതരികയാണ്. മനുഷ്യാവസ്ഥയുടെ വേറിട്ടൊരു കഥപറച്ചിൽ പുതിയൊരു സ്വരത്തിലൂടെ നമ്മളറിയുന്നു. പുതുവഴികൾക്കായുള്ള അന്വേഷണത്വര ഈ എഴുത്തുകാരനിൽ ഞാൻ കാണുന്നു. (ഒരു ബൊഹീമിയൻ ഡയറി- പി.എം. മധു - ചിന്ത പബ്ലിഷേഴ്സ് ).

## പ്രതിഭാശാലികളും വ്യക്തിജീവിതവും

പ്രതിഭാശാലികളെല്ലാം നല്ല മനുഷ്യരായിരിക്കുമോ? നമുക്കങ്ങനെ ആഗ്രഹിക്കാം എന്നേയുള്ളൂ. അതൊരു യാഥാർഥ്യമാവണമെന്നില്ല. ചരിത്രം കാണിച്ചുതരുന്നതും മറിച്ചാണ്. 1988-ൽ പുറത്തുവന്ന, പോൾ ജോൺസൺ രചിച്ച 'Intellectuals' എന്ന പുസ്തകം വായിച്ച്, മനസ്സിലെ പല വിഗ്രഹങ്ങളും ഉടഞ്ഞുപോയത് ഓർമയിലുണ്ട്. റൂസ്സോ, മാർക്സ്, ടോൾസ്റ്റോയി, സാർത്ര്, ചോംസ്കി തുടങ്ങിയവരുടെയെല്ലാം വ്യക്തിജീവിതത്തിലെ അധാർമിക സംഭവങ്ങൾ തുറന്നുകാട്ടുകയായിരുന്നു പോൾ ജോൺസൺ, തന്റെ പുസ്തകത്തിലൂടെ. അതൊരു ഞെട്ടിക്കുന്ന പുസ്തകമായിരുന്നു. അതോടൊപ്പം വലിയ തിരിച്ചറിവുതന്ന പുസ്തകവും.



↘ ആലീസ് മൺറോ

സർഗാത്മകത വേറെ - വ്യക്തിജീവിതം വേറെ. എഴുതുമ്പോൾ ടോൾസ്റ്റോയ് മറ്റൊരാളാണ്. അയാളുടെ പ്രതിഭ അവിടെ പ്രകാശനം ചെയ്യപ്പെടും. അവിടെ നീതിയുടെ പ്രസരിപ്പുണ്ടാവാം. ധാർമികതയുടെ കരുത്തു കാണും. എന്നാൽ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിൽ ഇതെല്ലാം ഉണ്ടെന്നു കരുതുക വയ്യ. ഈ വൈരുധ്യം ഏതൊരു കലാകാരന്റെയും പ്രതിഭാശാലിയുടെയും ജീവിതത്തിലും കണ്ടെന്നു വരാം.

മെച്ചപ്പെട്ട മനുഷ്യൻ, രാഷ്ട്രീയശരികളുള്ള സമൂഹജീവി ഇതൊക്കെക്കൂടിയാണ് കലാകാരന്മാർ- പ്രതിഭാശാലികൾ എന്നത് വെറും തോന്നലാണ്. അപൂർവം ചിലരിൽ ഇതെല്ലാം സമ്മേളിച്ചുകാണാം എന്നുമാത്രം. നല്ല മനുഷ്യരെല്ലാം നല്ല കലാകാരന്മാർ ആകാത്തതുപോലെ, നല്ല കലാകാരന്മാരെല്ലാം നല്ല മനുഷ്യരായെന്നും വരില്ല. ലോകം അങ്ങനെയൊക്കെയാണ്.

ഇതിപ്പോൾ ഓർമിക്കാനിടയായത് സാഹിത്യ നൊബേൽ ജേതാവ് ആലീസ് മൺറോയുടെ മകളെഴുതിയ ഒരു കുറിപ്പ് കണ്ടതുകൊണ്ടാണ്. മൺറോയുടെ രണ്ടാം ഭർത്താവ് ജെറാൾഡ് ഫ്രെംലിനിൽനിന്ന് തനിക്കനുഭവിക്കേണ്ടിവന്ന ലൈംഗികപീഡനത്തെപ്പറ്റിയാണ് അവൾ എഴുതിയിരിക്കുന്നത്. "1976-ൽ ഞാൻ അമ്മ ആലീസ് മൺറോയുടെ വേനൽക്കാലവസതിയിൽപ്പോയി. അമ്മയില്ലാതിരുന്ന ഒരു രാത്രി എന്റെ രണ്ടാനച്ഛൻ, മൺറോയുടെ ഭർത്താവ് ഉറങ്ങിക്കിടക്കുകയായിരുന്ന എന്നെ ലൈംഗികമായി ഉപദ്രവിച്ചു. മുമ്പും അയാൾ എന്നോട് അങ്ങനെ ചെയ്തിട്ടുണ്ട്. അന്നത് ലൈംഗിക ദുരുപയോഗമാണെന്ന് എനിക്കറിയില്ലായിരുന്നു." ഇതറിഞ്ഞിട്ടും അമ്മയായ ആലീസ് മൺറോ ഈ സംഭവത്തെ അവഗണിക്കുകയായിരുന്നു. സംഭവിച്ചതെല്ലാം മകൾക്കും രണ്ടാനച്ഛനും തമ്മിലാണെന്നും അതിൽ തനിക്ക് യാതൊരു ബന്ധവുമില്ല എന്നൊരു നിലപാടാണ് അവർ കൈക്കൊണ്ടത്. മകളുടെ പീഡകന്റെ പക്ഷത്തു നില്ക്കാനാണ് ലോകത്തിന്റെ പ്രിയ കഥാകാരി തയാറായത്.

ഇതോടെ മകൾ അമ്മയിൽനിന്നകന്നു. ആലീസ് മൺറോയുടെ മരണംവരെ അവർ തമ്മിൽ കണ്ടില്ല. ഈ കഴിഞ്ഞ മെയ് പതിമൂന്നിനാണ് ആലീസ് മൺറോ അന്തരിച്ചത്.

മൺറോയുടെ മകൾ ആൻഡ്രിയ റോബിൻ സ്കിന്നർ കാനഡയിലെ 'ടൊറാൺടോ സ്റ്റാർ' എന്ന പത്രത്തിലൂടെയാണ് ജൂലൈ മാസം ഈ അനുഭവം പങ്കുവച്ചത്. മൺറോയുടെ ആരാധകരുൾപ്പെടെയുള്ള സാഹിത്യലോകം ഏറെ ഞെട്ടലോടെയാണ് ഈ വാർത്ത അറിഞ്ഞത്. പോൾ ജോൺസൺ എഴുതിയ പുസ്തകത്തിൽ ഒരധ്യായംകൂടി എഴുതിച്ചേർക്കാമല്ലോ എന്നാണ് ഞാനാലോചിച്ചത്. ●

*തിരുത്ത്:*

*കഴിഞ്ഞലക്കം മൊഴിയാഴത്തിൽ ലീലാവതി ടീച്ചറുടെ ആത്മകഥയെപ്പറ്റി എഴുതിയ ഭാഗത്ത് ഒരു പിശക് സംഭവിച്ചിട്ടുണ്ട്. പേജ് 53-ൽ കോളം ഒന്ന് മക്കളെക്കാൾ മമത എന്നു തുടങ്ങുന്ന രണ്ടാം ഖണ്ഡികയിൽ, എനിക്ക് അഞ്ചു പെൺമക്കളാണ് അവരെ ഞാൻ എങ്ങനെയെങ്കിലും വളർത്തും എന്നത് - എനിക്ക് അഞ്ചു ആൺമക്കളാണ് എന്ന് തിരുത്തി വായിക്കാനപേക്ഷ. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.*

പണ്ട് ജൂതവേട്ടക്ക് തുനിഞ്ഞ ഭരണാധികാരിയായിരുന്നു ഹിറ്റ്ലർ. ഇഷ്ടമില്ലാത്ത പാർട്ടിവേണ്ട എന്ന ആശയത്തിന്റെ പൂരണമാണ് ഇഷ്ടമില്ലാത്ത മതംവേണ്ട എന്ന സങ്കല്പവും. ഒടുവിൽ ഹിറ്റ്ലർ ആത്മഹത്യചെയ്യുകയും രാജ്യമില്ലാതിരുന്ന ജൂതർക്ക് സ്വന്തമായി രാജ്യംകിട്ടുകയും ചെയ്തത് ചരിത്രം.

# വിയോജിക്കാനും ഇടംവേണം



എം.വി.ബെന്നി

പൊളിറ്റിക്കൽ ഹണിമൂൺ എന്നപ്രയോഗം നിങ്ങളും കേട്ടിട്ടുണ്ടാകും. രാഷ്ട്രീയമധുവിധുവെന്നു വേണമെങ്കിൽ നമുക്കതിനെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താം. പുതുതായി അധികാരത്തിലെത്തുന്ന പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും ഭരണ നിർവഹണത്തിന് പ്രാപ്തരായ ആളുകളെ കണ്ടെത്തി മന്ത്രിസഭ രൂപവത്കരിക്കണം, ഭരണമുന്നണിയുടെ നയപരിപാടികൾ നിശ്ശബ്ദമായും കാര്യക്ഷമമായും നടപ്പിലാക്കാൻ കെല്പുള്ള ഉദ്യോഗസ്ഥരെ മർമസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുകയും വേണം. അതിനൊക്കെശേഷമാണ് യഥാർഥഭരണം ആരംഭിക്കുന്നത്. അത്തരം ഭരണപരമായ നിയമനങ്ങൾക്കാവശ്യമായ ഏകദേശ സമയമായി ജനാധിപത്യ വ്യവസ്ഥിതി സങ്കല്പിച്ചിരിക്കുന്നത് ആറുമാസമാണ്. അതാണ് പുതിയ മന്ത്രിസഭയുടെ മധുവിധുകാലം.

ഹണിമൂൺകാലത്തെ ആഹ്ളാദനിമിഷങ്ങളിൽ ആരും ആരെയും ശല്യപ്പെടുത്താൻ പാടില്ല.

ഹണിമൂൺ കോട്ടേജിനുചുറ്റും ആരെങ്കിലും അകാരണമായി കറങ്ങിനടക്കുന്നത് സംസ്കാരസമ്പന്നതയുടെ ലക്ഷണമായി കണക്കാക്കുകയുമില്ല. അതുകൊണ്ടാണ്, പുതുതായി അധികാരത്തിലേറുന്ന മന്ത്രിസഭയെ ശക്തമായ ശല്യപ്പെടുത്തലുകളില്ലാതെ ഭരിക്കാൻ പ്രതിപക്ഷം അനുവദിക്കുന്നത്. ആദ്യത്തെ ആറുമാസം പ്രതിപക്ഷം മൃദുവിമർശനങ്ങളിൽ ഒതുങ്ങും.

എങ്കിലും ഇത്തവണ കേന്ദ്രത്തിൽ അധികാരത്തിലേറിയ മന്ത്രിസഭയ്ക്ക് പ്രതിപക്ഷം ഹണിമൂൺകാലം അനുവദിച്ചില്ല. തുടക്കംമുതൽ പാർലമെന്റ് പ്രക്ഷുബ്ധമായിരുന്നു. പുതിയ മന്ത്രിസഭയെന്ന് ആലങ്കാരികമായി പറയാമെങ്കിലും യഥാർഥത്തിൽ ഇതു പഴയ മന്ത്രിസഭയുടെ തുടർച്ചതന്നെയാണ്. മൂന്നാമതും അധികാരത്തിലെത്തിയ പ്രധാനമന്ത്രിയും പ്രധാന വകുപ്പുകൾ കൈകാര്യംചെയ്യുന്ന കേന്ദ്രമന്ത്രിമാരും പഴയമുഖങ്ങൾ. മർമപ്രധാനമായ വകുപ്പുകളിൽ കാര്യനിർവഹണം നടത്താൻ നിയുക്തരായ ഉദ്യോഗസ്ഥപ്രമുഖരിലും പഴമക്കാരുണ്ട്. ആ നിലയ്ക്ക് പുതിയമന്ത്രിസഭയ്ക്ക് മധുവിധുകാലം അനുവദിക്കേണ്ടതില്ലെന്ന് പ്രതിപക്ഷം തീരുമാനിച്ചാൽ അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. പഴയ മന്ത്രിസഭയുടെ നയസമീപനങ്ങൾ തുടരുന്നതിനാണ് പുതിയ മന്ത്രിസഭയും ജനങ്ങളോട് വോട്ടുചോദിച്ചത്. ആ നിലയ്ക്ക് ഭരണപരമായ എന്തെങ്കിലുമൊരു വ്യതിചലനം ആരും പ്രതീക്ഷിക്കുന്നുമില്ല. ഇതിനിടയിൽ, നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പ്രതിപക്ഷത്തിന് ആയുധമാകുകയും ചെയ്തു. സ്വാഭാവികമായും ബഹളത്തിൽ തുടങ്ങിയ പാർലമെന്റ് സമ്മേളനം ബഹളത്തിൽ തുടരുകയും ചെയ്തു. ആറുമാസത്തെ മധുവിധുകാലം ലഭിക്കാതിരുന്നതുകൊണ്ട്, ആർക്കും സ്വയംവിമർശനത്തിനു സമയമുണ്ടായില്ല. എന്തുകൊണ്ട് പാർലമെന്റിൽ സീറ്റ് കുറഞ്ഞുവെന്ന് ഭരണപക്ഷത്തിനോ, പരമാവധി വിമർശിച്ചിട്ടും എന്തുകൊണ്ട് പാർലമെന്റിൽ ഭൂരിപക്ഷം കിട്ടിയില്ലെന്ന് പ്രതിപക്ഷത്തിനോ, ജനങ്ങളോട് വിശദീകരിക്കേണ്ടിയും വന്നില്ല. ക്ലൈമാക്സിൽ തുടങ്ങിയ സിനിമപോലെയായി പാർലമെന്റ്.



മോദിക്കുമുമ്പും ചില ഇന്ത്യൻ ആദർശങ്ങൾ വിദേശങ്ങളിൽ ഇന്ത്യക്കനുകൂലമായ മതിപ്പ് സൃഷ്ടിച്ചിരുന്നു. ബുദ്ധനും ഗാന്ധിയും യോഗയും ബഹുസ്വരതയും മോദിക്കുമുമ്പുള്ള ഇന്ത്യൻ പ്രതിച്ഛായയുടെ അംബാസഡർമാർ ആയിരുന്നു. യോഗ ഇന്ത്യയിൽ പണ്ടേ ഉള്ളതാണെങ്കിലും അതിനെ ആഗോളപ്രശസ്തമാക്കിയതിന്റെ ക്രെഡിറ്റ് നരേന്ദ്രമോദിക്ക് നല്കണം. സ്ഥാനംകിട്ടാനും പണമുണ്ടാക്കാനും രാഷ്ട്രീയം ഉപയോഗിക്കപ്പെടുന്ന നാടുകളിൽപ്പോലും ശ്രീബുദ്ധന്റെ ഓർമ ജനങ്ങൾക്ക് പവിത്രമാണ്. അധികാരത്തിനു പിന്നാലെ പേപിടിച്ചോടുന്ന നേതാക്കളെമാത്രം കണ്ടുശീലിച്ച ജനങ്ങൾക്ക്, പരമ്പരാഗതമായി കിട്ടിയ രാജസ്ഥാനംപോലും ഉപേക്ഷിച്ച ശ്രീബുദ്ധൻ ഒരു മഹനീയ മാതൃകയാണ്. ഒരു പഞ്ചായത്ത് അംഗമോ, കോൺഗ്രസ് പാർട്ടിയുടെ ഒരു ബൂത്ത് കമ്മിറ്റി പ്രസിഡണ്ടോപോലും ആകാതെ, സ്വാതന്ത്ര്യസമരം നയിച്ച മഹാത്മാഗാന്ധിയും ലോകവിസ്മയം. നേടിയവരല്ല. തൃജിച്ചവരാണ് ചരിത്രം സൃഷ്ടിച്ചത്.

യോഗ ക്രോഡീകരിച്ചത് പതഞ്ജലിയാണെങ്കിലും യോഗയുടെ ആദിപിതാവ് പരമശിവനാണെന്ന് ഇന്ത്യയിൽ വിശ്വാസമുണ്ട്. ശിവൻ പാർവതിയെ യോഗപഠിപ്പിക്കുന്നത് മത്സ്യേന്ദ്രനാഥ് കണ്ടതാണ് ഇന്ത്യൻ കഥയിലെ മർമം. യുവാൽ നോഹ ഹരാരിയുടെ പ്രശസ്തമായ 21 Lessons for the 21st Century എന്ന പുസ്തകത്തിൽ, യോഗയുടെ ആദിപിതാവ് അബ്രഹാമാണ്. ജൂതർ അബ്രാം, ക്രിസ്ത്യാനികൾ അബ്രഹാം, മുസ്ലീങ്ങൾ ഇബ്രാഹിം എന്നും വിളിക്കുന്ന കഥാപാത്രമാണ് ജൂതചിന്തയിൽ യോഗയുടെ പിതാവ്.

ഇസ്രായേലിൽ യോഗപഠിക്കാൻ പോയ കഥ ഹരാരി എഴുതിയിട്ടുണ്ട്, "ഞാനൊരിക്കൽ ഒരു യോഗാധ്യാപകന്റെ അടുത്ത് ക്ലാസ്സിനുപോയി. ആദ്യത്തെ ക്ലാസ്സിൽ ഗൗരവമായി ത്തന്നെ അദ്ദേഹം വിശദീകരിച്ചത് യോഗകണ്ടുപിടിച്ചത് അബ്രഹാം ആണെന്നും യോഗയുടെ അടിസ്ഥാനപരമായ അംഗവിന്യാസങ്ങൾ ഹീബ്രു അക്ഷരമാലയിലെ അക്ഷരങ്ങളിൽനിന്ന് രൂപംകൊണ്ടതാണെന്നുമാണ്. അബ്രഹാം ഈ അംഗവിന്യാസങ്ങൾ തന്റെ വെപ്പാട്ടിമാരിലൊരാളുടെ മകനെ പഠിപ്പിക്കുകയും അയാൾ ഇന്ത്യയിൽച്ചെന്ന് ഇന്ത്യക്കാരെ യോഗ പഠിപ്പിക്കുകയും ചെയ്തു എന്നാണ് വിശ്വാസം" – ക്ഷോഭിക്കണ്ട, നല്ലതിന്റെ പിതൃത്വം ഏറ്റെടുക്കാൻ ഭൂമിയിൽ എല്ലായിടത്തും ആളുകളുണ്ടാകുമെന്ന അർഥത്തിലാണ് ഹാരാരിയും എഴുതിയിരിക്കുന്നത്.

പഴയ,ഇന്ത്യ-ചൈന യുദ്ധകാലത്തെ ഇ.എം.എസിന്റെ വിവാദ പ്രസ്താവന പോലെ, അവർ അവരുടേതെന്നും നമ്മൾ നമ്മുടേതെന്നും പറയുന്ന അതിർത്തി, നമ്മൾ നമ്മുടേതെന്നും അവർ അവരുടേതെന്നും പറയുന്ന യോഗ ഏതായാലും ഇപ്പോൾ ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. വംശീയ വിദ്വേഷത്തിന്റെ ചോരപ്പാടുകൾ നിറഞ്ഞ ചരിത്രമുള്ള ലോകത്തിന് ബഹുസ്വരത മനസ്സിലാക്കാനും വിഷമമില്ല. ഇപ്രകാരമാണ് നമ്മുടെ ആദർശങ്ങളെങ്കിലും യഥാർഥത്തിൽ ഭരണവണ്ടി ഓടിയിരുന്നത് രണ്ടുവീലുകളിലാണ്. വലതുപക്ഷ സാമ്പത്തികനയങ്ങളും ഹിന്ദുത്വ രാഷ്ട്രീയവുമായിരുന്നു അച്ചുതണ്ട്. ഇടതുപക്ഷം മിക്കവാറും അപ്രസക്തമായ ഇന്നത്തെ ആഗോളസാഹചര്യത്തിൽ വലതുപക്ഷംചേരാതെ ഭരണവണ്ടി ഓടിക്കുന്നത് എളുപ്പമല്ല. അതോടൊപ്പം ഹിന്ദുത്വവീലുകളും ഉരുളാൻ തുടങ്ങിയപ്പോൾ പലർക്കും ആശങ്കയായി. ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഇന്ത്യയിൽ ആരെങ്കിലും ഹിന്ദുത്വം പറയുന്നത്ര ലളിതമല്ല ഭരണകൂടം അതിനെ പുൽകാൻ ശ്രമിക്കുന്നത്. തുടക്കംമുതൽ ബി.ജെ.പി പറഞ്ഞുവന്ന കോൺഗ്രസ് മുക്തഭാരതം എന്ന ആശയവും, ഇടതുപക്ഷം പ്രചരിപ്പിച്ച സംഘിമുക്ത കേരളം എന്ന ആശയവും, വോട്ടർമാർ അംഗീകരിച്ചില്ല. ആദ്യമായി കേരളത്തിൽ ബി.ജെ.പിക്ക് ഒരു സീറ്റ് ലഭിക്കുകയും കേന്ദ്രത്തിൽ കോൺഗ്രസ്സിന് സീറ്റുകൾ കൂടുകയും ചെയ്തു. വിയോജിപ്പുള്ളവർക്കും ജനാധിപത്യത്തിൽ ഇടമുണ്ട് എന്നപാഠമാണ് ഇന്ത്യൻ വോട്ടർമാർ പാർട്ടികളെ പഠിപ്പിക്കാൻ ശ്രമിച്ചത്. ജനാധിപത്യവാദികളായ വോട്ടർമാർ പാർട്ടികളുടെ ഉന്മൂലനസിദ്ധാന്തം അംഗീകരിക്കുന്നില്ല. കോൺഗ്രസ് ജനാധിപത്യവിരുദ്ധമായി പെരുമാറിയ അടിയന്തരാവസ്ഥയിൽ ജനം അവർക്കെതിരെ വോട്ടുചെയ്തതും ഓർക്കുക.

**അധികാരത്തിനു പിന്നാലെ പേപിടിച്ചോടുന്ന നേതാക്കളെമാത്രം കണ്ടുശീലിച്ച ജനങ്ങൾക്ക്, പരമ്പരാഗതമായി കിട്ടിയ രാജസ്ഥാനംപോലും ഉപേക്ഷിച്ച ശ്രീബുദ്ധൻ ഒരു മഹനീയ മാതൃകയാണ്. ഒരു പഞ്ചായത്ത് അംഗമോ, കോൺഗ്രസ് പാർട്ടിയുടെ ഒരു ബൂത്ത് കമ്മിറ്റി പ്രസിഡണ്ടോപോലും ആകാതെ, സ്വാതന്ത്ര്യസമരം നയിച്ച മഹാത്മാഗാന്ധിയും ലോകവിസ്മയം. നേടിയവരല്ല തൃജിച്ചവരാണ് ചരിത്രം സൃഷ്ടിച്ചത്.**



↘ നരേന്ദ്ര മോദി

പണ്ട് ജൂതവേട്ടക്ക് തുനിഞ്ഞ ഭരണാധികാരിയായിരുന്നു ഹിറ്റ്ലർ. ഇഷ്ടമില്ലാത്ത പാർട്ടിവേണ്ട എന്ന ആശയത്തിന്റെ പൂരണമാണ് ഇഷ്ടമില്ലാത്ത മതംവേണ്ട എന്ന സങ്കല്പവും. ഒടുവിൽ ഹിറ്റ്ലർ ആത്മഹത്യചെയ്യുകയും രാജ്യമില്ലാതിരുന്ന ജൂതർക്ക് സ്വന്തമായി രാജ്യംകിട്ടുകയും ചെയ്തത് ചരിത്രം.

'ആത്മോപദേശശതകം' എന്ന കൃതിയിൽ, മതങ്ങൾ തമ്മിൽ പൊരുതി ജയിപ്പതസാധ്യമാണെന്ന് ശ്രീനാരായണഗുരു എഴുതിയിട്ടുണ്ട്. മതങ്ങളുടെ കാര്യത്തിൽ ശ്രീനാരായണഗുരു പറഞ്ഞ ദാർശനിക നിലപാട് രാഷ്ട്രീയപ്പാർട്ടികൾക്കും ബാധകമാണെന്ന് അവരും മനസ്സിലാക്കണം.

## അംഗുലപ്പുഴു

പഴയ തലമുറയിലെ പ്രഗത്ഭരായ സാഹിത്യാധ്യാപകർ അംഗുലപ്പുഴുവിനെ പരിചയപ്പെടുത്തിക്കൊണ്ടാണ് ക്ലാസ് ആരംഭിക്കുന്നത്.എന്തും അളക്കാനുള്ള

അളവുകോൽ തന്റെ കൈവശമുണ്ടെന്ന അഹങ്കാരം അംഗുലപ്പുഴുവിന് ഉണ്ടായിരുന്നു. അതുകൊണ്ട്, എന്തുകണ്ടാലും അംഗുലപ്പുഴു അളക്കും. ഓരോന്നും അളന്ന് അളവു പറയുകയും ചെയ്യും. എന്തും എത്ര അംഗുലമുണ്ടെന്ന് അംഗുലപ്പുഴുവിനറിയാം. എന്തും അളക്കാൻ പ്രാപ്തനാണ് താനെന്ന ഭാവവും.

ഒരിക്കൽ, ഒരു വാനമ്പാടിയെ അളക്കാൻ അംഗുലപ്പുഴു തുനിഞ്ഞപ്പോൾ വാനമ്പാടി പറഞ്ഞു, അതുവേണ്ട എന്റെ പാട്ടൊന്നളക്കൂ. എന്നിട്ട് വാനമ്പാടി മധുരമായി പാടാൻ തുടങ്ങി. വാനമ്പാടിയുടെ ഗാനം അളക്കാൻ കഴിയാതെ അംഗുലപ്പുഴു വിഷമിക്കുകയും ചെയ്തു. ആരുടെയും പ്രതിഭ അളക്കാൻ നമുക്ക് കഴിയില്ല. നിരൂപകർ അവരുടെ കൈയിലുള്ള റ്റൂളുകൾകൊണ്ട് കവിതയളക്കുന്നു, വേറൊരു കാലത്ത് വേറൊരു നിരൂപകൻ വേറൊരുറ്റൂളുകൊണ്ട് അതേ കവിത മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കുന്നു. മരണശേഷംമാത്രം ലോകം പ്രതിഭ മനസ്സിലാക്കിയ എഴുത്തുകാരുമുണ്ട്.

സ്വാതന്ത്ര്യത്തിനുമുമ്പ് ഗാന്ധിജിയും ടാഗോറും തമ്മിൽ നടന്ന സംവാദങ്ങളും ഓർക്കണം. രണ്ടുമഹാന്മാരും രണ്ടുവഴിക്കാണ് സഞ്ചരിച്ചത്. ഇപ്പോൾ നിയമനടപടികളുടെ ഭാഗമായി അരുന്ധതി റോയിക്കെതിരെ ആരംഭിച്ച കേസുകളുടെ വാർത്തകളും വരുന്നു. ആശയപ്രകാശനം സംബന്ധിച്ച കാര്യങ്ങളും രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളും എങ്ങനെ വിശകലനം ചെയ്യണമെന്നത് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം. എങ്കിലും, ലോകപ്രശസ്ത എഴുത്തുകാരൻ ഓർഹാൻ പാമുക്കിന്റെ ധീരമായ ഒരു വിവാദ പ്രസ്താവനയും വായനക്കാർ ഓർമിക്കണം.'ഉച്ചത്തിലും തെളിച്ചത്തിലും ഞാൻ പറയുന്നു, ഒരു ദശലക്ഷം അർമീനിയക്കാർ ടർക്കിയിൽ കൊലചെയ്യപ്പെട്ടിട്ടുണ്ട്' എന്നു പറഞ്ഞതിന് പാമുക്ക് വിചാരണ ചെയ്യപ്പെട്ടെങ്കിലും കോടതി ശിക്ഷ വിധിച്ചില്ല. എങ്കിലും കുറെയേറെ ടർക്കികൾക്ക് ഈ പച്ച മനുഷ്യൻ ഒരു വില്ലനായിത്തീർന്നു.

ആശയപ്രകാശനത്തിന് അവസരമുള്ള ലണ്ടനിലെ ഹൈഡ് പാർക്കിൽ പണ്ട് ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി വി.കെ. കൃഷ്ണമേനോൻ പ്രസംഗിച്ചിട്ടുണ്ട്. ആശയപ്രകാശനസ്വാതന്ത്ര്യവും രാജ്യസുരക്ഷയും തമ്മിലുള്ള അതിർവരമ്പുകൾ അരുന്ധതിയുടെ കാര്യത്തിൽ കോടതി തീരുമാനിക്കട്ടെ.

## മലിനം

മഴക്കാലം തുടങ്ങുമ്പോൾ ഫാക്ടറികൾ സൂക്ഷിച്ചുവച്ച വിഷമാലിന്യങ്ങൾ വലിയ അളവിൽ രഹസ്യമായി പുറത്തേക്ക് ഒഴുക്കും. സമീപത്തുള്ള നദികളിലേക്ക് ഒഴുക്കിവിടുന്ന വിഷവസ്തുക്കൾ താമസിയാതെ കടലിൽ പതിക്കും. ആദ്യം കായലും പിന്നെ കടലും മലിനമാകും.

പെരിയാറും കടലും സന്ധിക്കുന്ന ചിലഭാഗങ്ങൾ ഇക്കാര്യത്തിൽ പണ്ടേ കുപ്രസിദ്ധമാണ്. നാട്ടിലെ പൊലൂഷന്റെ അളവ് നിയന്ത്രിക്കാൻ സർക്കാർ ഏജൻസികൾ ഉണ്ടല്ലോയെന്ന് നിങ്ങൾ ചോദിക്കുമായിരിക്കും, അതിനുള്ള മറുപടി പണ്ട് 'കാട്ടുകുതിര' സിനിമയിൽ തിലകൻ അവതരിപ്പിച്ച കൊച്ചുവാവ പറഞ്ഞിട്ടുണ്ട്: "നമ്മളെ പിടിക്കാൻവരുന്ന എക്സൈസുകാർ കുഴപ്പത്തിലാകരുതല്ലോ എന്നുകരുതി അവർക്കുള്ള പടികൾ കൊച്ചുവാവ അവിടെ എത്തിക്കും".

നാട്ടിൽ കാൻസർ, കിഡ്നി, സ്ട്രോക്ക്, കരൾരോഗങ്ങൾ തുടങ്ങിയ മാരകമായ അസുഖങ്ങൾകൊണ്ട് വിഷമിക്കുന്നവരുടെ എണ്ണം കൂടിവരുന്നതുപോലെ നഗരങ്ങളിൽ ആശുപത്രികളുടെ എണ്ണവും വർധിക്കുന്നു. ഇതൊന്നും എറണാകുളം നഗരത്തിന്റെ മാത്രം പ്രശ്നമല്ല. മലിനമായ പ്രകൃതിയുള്ള എല്ലാനാടുകളും രോഗാതുരമായിട്ടുണ്ട്. മാലിന്യംനിറഞ്ഞ കൊച്ചിയുടെ ഗന്ധംകേട്ട് കൊച്ചിയായി എന്ന് തിരിച്ചറിയുന്ന മണവാളൻ എന്നൊരു കഥാപാത്രത്തെ സലിംകുമാർ പണ്ട് 'പുലിവാൽ കല്യാണം' സിനിമയിൽ അവതരിപ്പിച്ചിട്ടുണ്ട്.

ഈയിടെ പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതും വാർത്തയായിരുന്നു. കാരണമെന്തെന്ന് സർക്കാർ ഏജൻസികൾക്കിതുവരെ മത്സ്യതൊഴിലാളികളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട്, ഇതെഴുതുമ്പോഴും അവർക്ക് നഷ്ടപരിഹാരവും കിട്ടിയിട്ടില്ല. പെരിയാറിലേക്ക് ഒഴുക്കിവിട്ട വിഷമാലിന്യങ്ങൾകൊണ്ടല്ല, ജീവിത നൈരാശ്യംകൊണ്ടാണ് മത്സ്യങ്ങൾ കൂട്ടആത്മഹത്യചെയ്തതെന്ന് സർക്കാർ ഏജൻസികൾ റിപ്പോർട്ട് കൊടുത്താലും ജനം ഞെട്ടില്ല. 'കാട്ടുകുതിര' സിനിമ അവരും കണ്ടതാണല്ലോ.

**പെരിയാറിലേക്ക് ഒഴുക്കിവിട്ട വിഷമാലിന്യങ്ങൾകൊണ്ടല്ല, ജീവിത നൈരാശ്യംകൊണ്ടാണ് മത്സ്യങ്ങൾ കൂട്ടആത്മഹത്യചെയ്തതെന്ന് സർക്കാർ ഏജൻസികൾ റിപ്പോർട്ട് കൊടുത്താലും ജനം ഞെട്ടില്ല**

നോർവീജിയൻ നാടകകൃത്ത് ഇബ്സൻ 1882-ൽ, എഴുതിയ വിഖ്യാതനാടകമാണ്, 'AN ENEMY OF THE PEOPLE'. അധികാരവും പൊതുജനാഭിപ്രായവും നേരിട്ട് ഏറ്റുമുട്ടുമ്പോൾ ജനാധിപത്യത്തിൽ പൊതുജനാഭിപ്രായം വിജയിക്കുമെന്നാണ് എല്ലാവരും പറയുക. എങ്കിലും അതങ്ങനെയല്ല പലപ്പോഴും സംഭവിക്കുന്നത്, ജനങ്ങളോട് സത്യംപറയാൻ പരിശ്രമിച്ച കഥാപാത്രം ജനങ്ങളെ ഉപയോഗിച്ച് അധികാര സ്ഥാപനങ്ങൾക്കും സാമ്പത്തിക ശക്തികൾക്കും എതിരെ ശബ്ദിക്കുന്നതാണ് നാടകത്തിലെ പ്രമേയം. എങ്കിലും സത്യം പറയാൻ ആരെങ്കിലുമൊക്കെ സമൂഹത്തിൽ വേണം.

## ചിത്രശാല

മഹാരാജാസ് കോളെജിൽ ഞങ്ങളുടെ ഇംഗ്ലീഷ് അധ്യാപകനായിരുന്നു, ടി.ആർ. ആധുനിക മലയാളകഥയുടെ രാജകുമാരൻ. ബുദ്ധിജീവി, ഗുന്തർ ഗ്രാസുമായി സാഹിത്യം സംസാരിക്കാൻ കെൽപ്പുണ്ടായിരുന്ന മലയാളി. മക്കളില്ലാത്ത അദ്ദേഹത്തിന് ചെറുതല്ലാത്ത മദ്യപാനശീലവും ഉണ്ടായിരുന്നു. സാഹിത്യത്തിലായാലും ജീവിതത്തിലായാലും അദ്ദേഹം പദവികളുടെ പിന്നാലെ പോയതുമില്ല. കോളെജ് അധ്യാപകരെക്കാൾ ശമ്പളമുണ്ടായിരുന്ന ജോലി രാജിവച്ചാണ് അദ്ദേഹം കോളെജ് അധ്യാപകനാകുന്നത്. അമ്പതാം വയസ്സിൽ ആ ജോലി ഉപേക്ഷിക്കുകയും ചെയ്തു. ഇപ്പോൾ ജീവിച്ചിരിപ്പില്ലാത്ത ടി.ആർ എന്ന ടി.രാമചന്ദ്രന്റെ മൗലികതയുള്ള പുസ്തകമാണ്, 'ചിത്രകലയും ചെറുകഥയും'. രാഷ്ട്രീയക്കാരും എഴുത്തുകാരുമാണ് കേരളത്തിൽ താരങ്ങളെങ്കിലും മൗലികതയുള്ള ചിന്തതുടങ്ങുന്നത് അവരിൽനിന്നാണെന്ന് അദ്ദേഹം കരുതുന്നില്ല. ചിത്രകലയിലൂടെ വി

നിമയംചെയ്യപ്പെടുന്ന ആശയങ്ങൾ ശില്പകല, ഗൃഹനിർമാണം തുടങ്ങി സംസ്കാരത്തിന്റെ വിവിധമേഖലകളിൽ പ്രവർത്തിച്ച് സാഹിത്യത്തിലെത്തുകയാണ്. സാഹിത്യത്തിൽ വേരുറച്ച ആശയങ്ങൾ പിന്നീട് രാഷ്ട്രീയക്കാർ ജനകീയമാക്കും.

അതുകൊണ്ട്, എവിടെ ചിത്രപ്രദർശനം നടന്നാലും കാണണമെന്ന് ഞങ്ങളെ ഉപദേശിച്ചത് ടീയാറാണ്. ചിത്രഭാഷ മനസ്സിലാകാത്തവരും ചിത്രങ്ങൾ കാണണം. അദ്ദേഹത്തിന്റെ ഉപദേശം പരിമിതമായ അളവിലെങ്കിലും ഞങ്ങൾ പിന്തുടരുന്നുണ്ട്.

മറിയം ജാസ്മിൻ വരച്ച ചിത്രങ്ങളുടെ പ്രദർശനം ഈയിടെ കൊച്ചിയിൽ നടന്നു. മാധ്യമം, പച്ചക്കുതിര, പ്രസാധകൻ, മലയാളം തുടങ്ങിയ പല പ്രസിദ്ധീകരണങ്ങളിലും അവരുടെ ഇല്ലസ്ട്രേഷനുകൾ കണ്ടിട്ടുണ്ട്, മോശമല്ല. നമ്പൂതിരിയെപ്പോലെ പ്രശസ്തരായ പ്രതിഭകളോടൊപ്പം ജോലിചെയ്തിട്ടുള്ളതുകൊണ്ട്, ഞങ്ങളെപ്പോലുള്ളവർ മോശമല്ല എന്നുപറയുന്നതിന് പരിഗണിക്കണം എന്നുതന്നെയാണ് അർഥം. ഇല്ലസ്ട്രേഷൻ മേഖലയിലാണ് അറിയപ്പെടുന്നതെങ്കിലും അടിസ്ഥാനപരമായി അവരൊരു ചിത്രകാരിയാണ്. പലയിടങ്ങളിലും ഇതിനുമുമ്പും അവരുടെ ചിത്രപ്രദർശനങ്ങൾ നടന്നിട്ടുണ്ട്. പ്രദർശിപ്പിച്ച ചിത്രങ്ങളിൽ ഒരെണ്ണം വാട്ടർകളറും ബാക്കിയെല്ലാം അക്രിലിക്കിലുമാണ്. കേരളീയസമൂഹത്തിന്റെ നേർക്കാഴ്ചകളാണ് ചിത്രങ്ങൾ. ആദിവാസികൾമുതൽ മത്സ്യതൊഴിലാളികൾവരെയും അമ്മയും സെൽഫ്






↘ മറിയം ജാസ്മിൻ

പോർട്രെയ്റ്റും തൊഴിലുറപ്പ് സ്ത്രീകളും ഉൾപ്പെടെ പലതരം ജീവിതദൃശ്യങ്ങൾ. (ബ്ലാക്ക് ആൻഡ് വൈറ്റ് പേജിൽ പ്രിന്റുചെയ്യുന്ന ഈ ലേഖനത്തിൽ ചിത്രങ്ങൾ വിശദീകരിക്കുന്നതിന് പരിമിതികളുണ്ട്.) കലാകാരിയെ ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കാൻ മാത്രമാണ് ഈ കുറിപ്പ്.

## അടയാളങ്ങൾ

പോളച്ചിറയ്ക്കൽ കൊച്ചീപ്പൻ തരകൻ 1897-ൽ എഴുതിയ 'മറിയാമ്മ നാടകം' 1903-ലാണ് പ്രസിദ്ധപ്പെടുത്തിയത്. നാടകം സംവിധാനംചെയ്ത കണ്ടത്തിൽ വർഗീസ് മാപ്പിള മനോരമ നാടകകമ്പനിയിലൂടെ പലവേദികളിലും നാടകം അവതരിപ്പിച്ചു. മലയാളത്തിലെ ആദ്യത്തെ സോദ്ദേശ സാമൂഹികനാടകമായി പരിഗണിക്കപ്പെടുന്ന 'മറിയാമ്മ നാടക'ത്തിൽ അമ്മായിയമ്മ മരുമകൾ പ്രശ്നവും പരിശോധിക്കുന്നുണ്ട്.

പഴയ തലമുറയിലെ മനഃശാസ്ത്ര വിശകലന വിദഗ്ധനായ ആഡ്ലറും അമ്മായിയമ്മ മരുമകൾ കലഹത്തിന്റെ യഥാർഥകാരണം അന്വേഷിച്ചിട്ടുണ്ട്.





മകന്റെ/ഭർത്താവിന്റെ മേലുള്ള അധികാരസ്ഥാപനമാണ് ഇരുകൂട്ടരുടെയും പ്രശ്നം. ജീവിതസാഹചര്യങ്ങൾ മാറിയതുകൊണ്ട് പഴയമട്ടിലുള്ള അമ്മായിയമ്മ മരുമകൾ പ്രശ്നം ഇപ്പോൾ കുറവാണ്.

ഈയിടെ വെളിച്ചംകണ്ട, ക്രിസ്റ്റോ ടോമി തിരക്കഥയെഴുതി സംവിധാനം നിർവഹിച്ച, 'ഉള്ളൊഴുക്ക്' എന്ന സിനിമയും അമ്മായിയമ്മ മരുമകൾ ബന്ധം വിശകലനംചെയ്യുന്നുണ്ട്. ഉർവശി, പാർവതി തിരുവോത്ത് എന്നിവർ പ്രധാനകഥാപാത്രങ്ങളെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. തോരാതെ മഴപെയ്യുന്ന, വെള്ളം ഉയരുന്ന, കുട്ടനാടിന്റെ ഭൂപ്രകൃതിയാണ് ഉള്ളൊഴുക്കിലെ പ്രധാനകഥാപാത്രം. സ്വാർഥതയും നിസ്സഹായതയും നിറഞ്ഞ ഒരുകൂട്ടം മനുഷ്യർ. കറുപ്പും വെളുപ്പുമായല്ല ഗ്രേഷേഡിലാണ് കഥാപാത്രങ്ങൾ. ആ പശ്ചാത്തലത്തിൽ പരിശോധിക്കപ്പെടുന്ന അമ്മായിയമ്മ മരുമകൾ ബന്ധമാണ് സിനിമയുടെ പ്രമേയം.

ഉള്ളൊഴുക്കിന് ലഭിച്ചത്രയും പ്രശസ്തി 'ഗഗനചാരി' സിനിമയ്ക്ക് ലഭിച്ചില്ലെങ്കിലും മുന്നോട്ടുപോകുന്തോറും അതും കൂടുതൽ പ്രേക്ഷകരെ ആകർഷിക്കാതിരിക്കില്ല. അമ്മായിയമ്മ മരുമകൾ പ്രശ്നമല്ല, ലോകാവസാനത്തെക്കുറിച്ചുള്ള സൂചനകളാണ് അരുൺ ചന്തു രചനയും സംവിധാനവും നിർവഹിച്ച 'ഗഗനചാരി'യുടെ പ്രമേയം. മലയാള സിനിമയിൽ ഇതുവരെ വന്നിട്ടില്ലാത്ത കഥാപശ്ചാത്തലമാണ് സിനിമയ്ക്ക്. പോപ്കൾച്ചറിന്റെ അന്തരീക്ഷത്തിൽ ഡോക്യുമെന്ററിയുടെ സ്വഭാവവും ഹാസ്യാത്മകതയും കൂട്ടിക്കലർത്തി ഇംഗ്ലീഷിൽ 'Mockumentary' എന്ന ഒറ്റവാക്കിൽ വിശേഷിക്കപ്പെടുന്ന സ്വഭാവമാണ് സിനിമയ്ക്ക്. കെ.ബി.ഗണേഷ് കുമാർ, ഗോകുൽ സുരേഷ്, അജുവർഗീസ് എന്നിവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. അനാർക്കലി മരയ്ക്കാർ അന്യഗ്രഹജീവിയായി പ്രത്യക്ഷപ്പെടുന്നു.

ഒരു പരീക്ഷണചിത്രം തന്നെയാണ് 'ഗഗനചാരി'. കണ്ടുപരിചയമില്ലാത്ത കഥാപശ്ചാത്തലവും കഥാവതരണ ശൈലിയും. ലോകാവസാനത്തിന്റെ സൂചനകൾ പഠിക്കുന്ന ഇംഗ്ലീഷ് പദമാണ് Post Apocalyptic. അതാണ് ഈ സിനിമയുടെയും ചിന്താപരിസരം. മാറുന്ന കാലത്തിന്റെ അടയാളങ്ങളുണ്ട് സിനിമകളിൽ. ●

## കവിത



പി സുധാകരൻ


# ഇലകളുടെ ആൽബം



ഇലകളുടെ ആൽബമുണ്ടാക്കാൻ
പുസ്തകത്താളിൽ വച്ചുണക്കിയ
അനക്കമറ്റ ചിറകുകൾ...
പൂക്കാൻ മറന്ന വാകമരങ്ങൾക്കിടയിൽ
ജ്വലിക്കുന്നു അതേ നാട്ടുവഴികൾ,
എത്രയുണങ്ങിയാലും
നീരുവറ്റാതെ ബാക്കിയാവുമല്ലോ
സ്മൃതിയുടെ ഭ്രമണപഥങ്ങളിൽ
ചില ഇലകൾ,
സർവ ഋതുക്കളും ഉള്ളിൽ നിറച്ച
ഫോസിലുകളുടെ പുനർജന്മം.

ഉച്ചിയിലെ സൂര്യനെ നോക്കുന്നു
വേനൽ കത്തുന്ന ഓക്കുമരങ്ങൾ.
ഏതോ  കൈകളിൽ വിതുമ്പുന്നു
ചോരകിനിയുന്ന ഒലീവിലക്കണ്ണുകൾ.
വിറയ്ക്കുന്ന അരയാലിലയുടെ
ഞരമ്പുകളിൽനിന്നു
പിറക്കുന്നു കാലവർഷം,
സൈബീരിയൻ ദേവദാരുക്കളുടെ തണലിൽ
ഇഴചേരുന്നു നിഴലുകൾ,
ചിറകുവിടർത്തിയ സ്വപ്നങ്ങൾ.
കടലുകൾക്കപ്പുറത്തുനിന്നു
നീ പറത്തിവിടുന്നു
മേപ്പിളിലകളുടെ ശരത്കാലമന്ത്രണം,
ഋതുഭേദങ്ങളുടെ വർണരാജി.
ഇലകളുടെ ആൽബത്തിലുണ്ട്,
കൂട്ടംതെറ്റിയൊരോർമ,
ഒരിക്കലുമുണങ്ങാതെ.
സുഷുപ്തിയുടെ ആകാശംപോലെ.
ശിശിരഭൂമിയും കടന്നെത്തുന്നു
ചെറിമരങ്ങളുടെ വസന്താലിംഗനം.
അന്നേരം,
നിന്റെ കണ്ണുകളിൽ പുനർജനിക്കുന്നു
ശലഭഗീതങ്ങൾ,
ഒമ്പതാം സിംഫണി. ●

സമകാലികം



ഷാജു വി. ജോസഫ്

# പ്രതിസന്ധി നേരിടുന്ന അടിസ്ഥാനജന വിദ്യാഭ്യാസം

ആദിവാസി ദലിത് വിദ്യാർഥികളുടെ ഗ്രാന്റ് നിഷേധിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നടപടികൾ ഇവരുടെ കുടുംബങ്ങളെ ദുരിതത്തിലേക്കും കടക്കെണിയിലേക്കും തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ ചെലവിനുള്ള വക കാണാതെ നിരവധി വിദ്യാർഥികൾ പഠനം ഉപേക്ഷിക്കുന്നുണ്ട്. ഈ വിദ്യാർഥികളെയും രക്ഷിതാക്കളെയും സമരവഴിയിലേക്ക് ഇറക്കിവിടുകയല്ല, ചേർത്തുപിടിക്കുകയാണ് ചെയ്യേണ്ടത്.



അടിസ്ഥാനജനത (പട്ടികജാതി, പട്ടികവർഗ, പട്ടിക ജാതി ക്രൈസ്തവ) വിദ്യാഭ്യാസപുരോഗതിയിൽ എല്ലാക്കാലവും വളരെ പിന്നാക്കമായിരുന്നു. ആധുനിക (പാശ്ചാത്യ) വിദ്യാഭ്യാസത്തിനു തുടക്കംകുറിച്ച ബ്രിട്ടീഷ് കൊളോണിയലിസത്തിനു മുൻപ് അവർക്കു വിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. കൊളോണിയൽ കാലത്തു തുടർന്ന അവരുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ സ്വാതന്ത്ര്യാനന്തര കാലത്തും മാറ്റമില്ലാതെ തുടരുന്നു. പ്രവേശനംമുതൽ പരീക്ഷകളിലെ വിജയംവരെ ഈ പിന്നാക്കാവസ്ഥ നീണ്ടു പോകുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്താണ് ഈ സ്ഥിതി കൂടുതൽ രൂക്ഷമാകുന്നത്.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനജന പ്രാതിനിധ്യം

വിദ്യാഭ്യാസമേഖലയിലെ പ്രാതിനിധ്യം പ്രതിഫലിപ്പിക്കുന്ന പ്രധാനപ്പെട്ട സൂചകങ്ങളിലൊന്നാണ് ഗ്രോസ്സ് എൻറോൾമെന്റ് റേഷ്യോ (ജി.ഇ.ആർ.). ഉന്നതവിദ്യാഭ്യാസ പ്രായ വിഭാഗത്തിൽ (17 വയസ്സു മുതൽ 23 വയസ്സു വരെ) ഉന്നതവിദ്യാഭ്യാസം ചെയ്യുന്നവരും അതേ പ്രായത്തിലുള്ളവരുടെ ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് ഉന്നതവിദ്യാഭ്യാസത്തിലെ ജി.ഇ.ആർ. സാധാരണയായി ജി.ഇ.ആർ. രേഖപ്പെടുത്തപ്പെടുന്നത് ശതമാനത്തിലാണ്.

2022-ൽ ഇന്ത്യയിൽ എല്ലാ ജനവിഭാഗങ്ങളുടെയും ഉന്നതവിദ്യാഭ്യാസത്തിലെ ജി.ഇ.ആർ. 27.1 ശതമാനമായിരുന്നെങ്കിൽ കേരളത്തിൽ അത് 38.8 ശതമാനമായിരുന്നു (കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ 11.7 ശതമാനം കൂടുതൽ). പട്ടികജാതിക്കാരുടെ കാര്യത്തിൽ ഇത് യഥാക്രമം 23.4 ശതമാനവും 26.7 ശതമാനവുമാണ് (ദേശീയ ശരാശരിയെക്കാൾ കേരളത്തിൽ 3.3 ശതമാനം കൂടുതൽ). അതായത് ഇന്ത്യയിൽ ഒട്ടാകെ ഉന്നതവിദ്യാഭ്യാസംചെയ്യുന്ന പട്ടികജാതിക്കാരേക്കാൾ വെറും 3.3 ശതമാനം മാത്രം കൂടുതലാണ് കേരളത്തിൽ ഉന്നതവിദ്യാഭ്യാസംചെയ്യുന്ന പട്ടികജാതിക്കാരെന്നർഥം. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ ജി.ഇ.ആറും പട്ടികജാതിക്കാരുടെ ജി.ഇ.ആറും തമ്മിലുള്ള അന്തരം 12.1 ശതമാനമാണ്. ഇക്കാര്യത്തിൽ

ദേശീയ ശരാശരിയിലെ അന്തരത്തെക്കാൾക്കൂടുതൽ അന്തരമാണ് കേരളത്തിലേത്. ദേശീയതലത്തിൽ പട്ടികജാതിക്കാരുടെ ജി.ഇ.ആർ. കേരളത്തിലേതിനെക്കാൾ കൂടുതലായ പത്തിലധികം സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമുണ്ടെന്ന യാഥാർത്ഥ്യം ഇതിനോട് ചേർത്തുവായിക്കണം. കേരളത്തിലെ പട്ടികജാതിക്കാരുടെ ജി.ഇ.ആർ വളരെയേറെ പിന്നിലാണെന്ന വസ്തുതയാണ് ഈ സ്ഥിതിവിവരക്കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. പട്ടികവർഗ വിദ്യാർഥികളുടെ കാര്യത്തിൽ സ്ഥിതി ഇതിലും മോശമാണ്. പട്ടികജാതി ക്രൈസ്തവരുടെ ജി.ഇ.ആർ. കണക്കുകൾ ലഭ്യമല്ല.

ഇത് ഉന്നതവിദ്യാഭ്യാസം ചെയ്യുന്നവരുടെ കാര്യമാണെങ്കിൽ ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ ശതമാനം ഇതിലും താഴെയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തുതന്നെ ബിരുദാനന്തര, പ്രഫഷണൽ പഠനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണ വിഹിതംപോലും പട്ടികജാതി അപേക്ഷകരുടെ അഭാവത്തിൽ ഇപ്പോൾ പൂർണമായി നികത്തപ്പെടുന്നില്ലെന്ന വാർത്തകൾ പുറത്തുവരുന്നുണ്ട്. ശരാശരി രണ്ടു ശതമാനത്തിനു മുകളിലുള്ള കുറവാണിക്കാര്യത്തിൽ പ്രകടമാകുന്നത്. ശാസ്ത്ര, പ്രഫഷണൽ പഠനങ്ങൾക്കാണ് പ്രവേശനത്തിലെ സംവരണ വിഹിതം ഏറെയും പൂർത്തിയാക്കാത്തത്. അടിസ്ഥാനജന വിദ്യാർഥികൾ ഇത്തരം വിഷയങ്ങളിൽ പഠനം വിജയകരമായി പൂർത്തിയാക്കാത്തതോ കുറഞ്ഞ യോഗ്യത നേടാത്തതോ ആകാം ഇതിന്റെ കാരണം.

## കൊഴിഞ്ഞുപോക്ക്

വിദ്യാഭ്യാസരംഗത്തു അടിസ്ഥാനജനതയുടെ കൊഴിഞ്ഞുപോക്ക് സെക്കന്ററി തലംമുതൽ ആരംഭിക്കുന്നു. ഈ വിഷയത്തിൽ വിവിധ പഠനങ്ങൾ വ്യത്യസ്ത സ്ഥിതിവിവരക്കണക്കുകൾ പുറത്തിറക്കിയിട്ടുണ്ട്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ കൊഴിഞ്ഞുപോക്ക് 22 ശതമാനത്തോളമാണെന്നു 2022-ൽ കേരളത്തിൽ നടത്തിയ (ഇനിയും പ്രസിദ്ധീകരിക്കാത്ത) ഒരു പഠനം വ്യക്തമാക്കുന്നു. കൊഴിഞ്ഞുപോക്കിനുള്ള പ്രധാനകാരണങ്ങൾ സാമ്പത്തികബുദ്ധിമുട്ട്, പഠനത്തിൽ താത്പര്യമില്ലായ്മ, ഗൃഹാന്തരീക്ഷം എന്നിവയാണ്. ഏകദേശം 40 ശതമാനത്തോളം വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി അറിയില്ലെന്ന വസ്തുത പഠനത്തോടുള്ള താത്പര്യമില്ലായ്മയിലേക്കു നയിക്കുന്നുണ്ടാകാം. ഇവയെല്ലാം ഘടനാപരമായ പ്രശ്നങ്ങളാണ്. അതുകൊണ്ട് സമൂഹഘടനയുടെ പൊളിച്ചെഴുത്താണ് ആവശ്യം.

## നിലവാരത്തകർച്ച

വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയാണ് മറ്റൊരു പ്രധാന പ്രശ്നം. ഉന്നതവിദ്യാഭ്യാസരംഗത്തുനിന്നുള്ള സ്ഥിതിവിവരക്കണക്കുകളുടെ അഭാവത്തിൽ 2024-ൽ പ്രസിദ്ധീകരിച്ച കേരളത്തിലെ പത്താംക്ലാസ് പരീക്ഷാ ഫലം പരിശോധിക്കാം.

2015-ൽ പത്താംക്ലാസ് ജയിച്ചവരിൽ എല്ലാ ജാതി വിഭാഗങ്ങളിലും പെടുന്ന 27.96 ശതമാനം വിദ്യാർഥികൾക്ക് ഡി പ്ലസ് ഗ്രേഡ് ലഭിച്ചിരുന്നു. എന്നാൽ 2024 ആയപ്പൊഴേക്കും ജയിച്ചവരിൽ ഡി പ്ലസ് ഗ്രേഡ് കിട്ടിയ എല്ലാ ജാതി വിഭാഗങ്ങളിലും പെടുന്ന വിദ്യാർഥികൾ 9.44 ശതമാനവും പൊതു (ഉയർന്ന ജാതി) വിഭാഗത്തിൽ അതു 4.3 ശതമാനവുമായി കുറഞ്ഞു. വിജയിച്ച ആകെ വിദ്യാർഥികളിൽ ഡി പ്ലസ് ഗ്രേഡ് ലഭിച്ചവരിൽ കഴിഞ്ഞ പത്തു വർഷംകൊണ്ട് 18.52 ശതമാനം കുറവുണ്ടായി. അല്ലെങ്കിൽ എല്ലാ വിഭാഗങ്ങളിൽനിന്നും ജയിച്ച 18.52 ശതമാനം വിദ്യാർഥികൾ ഡി പ്ലസ് ഗ്രേഡിനു മുമ്പുള്ള എ പ്ലസ് ഉൾപ്പെടുന്ന ആറു ഗ്രേഡുകളിലേക്കു കഴിഞ്ഞ പത്തുവർഷം കൊണ്ടുയർത്തപ്പെട്ടു.

എന്നാൽ 2024-ൽ പത്താംക്ലാസ് ജയിച്ച പട്ടികജാതി വിദ്യാർഥികളിൽ ഡി പ്ലസ് ഗ്രേഡ് ലഭിച്ചവർ 18.34 ശതമാനവും പട്ടികവർഗ വിദ്യാർഥികളിൽ അതു 26.75 ശതമാനവുമാണെന്നതു ശ്രദ്ധിക്കുക. അങ്ങനെ നോക്കുമ്പോൾ, ഡി പ്ലസ് ഗ്രേഡ് കിട്ടിയ പട്ടികജാതി വിദ്യാർഥികൾ അത്തരം ആകെ വിദ്യാർഥികളെക്കാൾ 8.9 ശതമാനം കുടുതലും, ഉയർന്നജാതി വിദ്യാർഥികളെക്കാൾ 14 ശതമാനം കുടുതലുമാണെന്നു കാണാം. അതുപോലെ ഡി പ്ലസ് ഗ്രേഡ് കിട്ടിയ പട്ടികവർഗ വിദ്യാർഥികൾ അത്തരം ആകെ വിദ്യാർഥികളെക്കാൾ 17.31 ശതമാനം കുടുതലും, ഉയർന്നജാതി വിദ്യാർഥികളെക്കാൾ 22.45 ശതമാനം കൂടുതലുമാണ്.

പൊതു (ഉയർന്ന ജാതി) വിഭാഗത്തിലെ 28.15 ശതമാനം



വിദ്യാർഥികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് കിട്ടിയപ്പോൾ, എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് കിട്ടിയ പട്ടികജാതി വിദ്യാർഥികൾ ആകെ എ പ്ലസ് കിട്ടിയ വിദ്യാർഥികളുടെ 6.65 ശതമാനം മാത്രമാണ്. എ പ്ലസ് ഗ്രേഡ് ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ നാലു മടങ്ങിലധികമാണ് പൊതു (ഉയർന്ന ജാതി) വിഭാഗങ്ങളിലെ അത്തരം വിദ്യാർഥികൾ. എ പ്ലസ് ഗ്രേഡ് കിട്ടിയ പട്ടികവർഗ വിദ്യാർഥികൾ ഉയർന്നജാതി വിദ്യാർഥികളുടെ 2.47 ശതമാനം മാത്രമാണ്. എ പ്ലസ് ഗ്രേഡ് ലഭിച്ച പട്ടികവർഗ വിദ്യാർഥികളുടെ പതിനൊന്നു മടങ്ങിലധികമാണ് പൊതു (ഉയർന്ന ജാതി) വിഭാഗങ്ങളിലെ അത്തരം വിദ്യാർഥികൾ. പത്താംക്ലാസ് പരീക്ഷാഫലത്തിലെ ഗ്രേഡ് വിതരണം സാമൂഹികശ്രേണീകരണത്തിനു അനുസരിച്ചാണെന്നാണ് ഇതു വ്യക്തമാക്കുന്നത്.

ഇപ്പോൾ ലഭ്യമായ വിവരമനുസരിച്ച് ഉയർന്നഗ്രേഡ് ( എ പ്ലസ്) ലഭിക്കുന്ന അടിസ്ഥാനജന വിദ്യാർഥികളുടെ ശതമാനം വളരെ കുറവും ജയിക്കാൻവേണ്ടുന്ന താഴ്ന്ന ഗ്രേഡ് (ഡി പ്ലസ്) കിട്ടുന്ന വിദ്യാർഥികളുടെ ശതമാനംവളരെ കൂടുത

ലുമാണ്. ഈ വിദ്യാർഥികൾ ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലാണ് സാധാരണയായി താഴ്ന്ന ഗ്രേഡിലെത്തുന്നത്. ഒരേ വിദ്യാലയവും ഒരേ പാഠ്യപദ്ധതിയും ഒരേ അധ്യാപകരുമായിട്ടുകൂടി എന്തുകൊണ്ട് പട്ടികവിഭാഗ വിദ്യാർഥികൾ പരീക്ഷാഫലത്തിൽ പിന്നാക്കം പോകുന്നെന്ന വളരെ ഗൗരവമായ ചോദ്യം ഇവിടെ ഉയരുന്നു.

## സാമൂഹിക ശ്രേണീകരണത്തിന്റെ ഉപകരണം

ഇത്തരം നിരവധി പ്രശ്നങ്ങൾ നല്കുന്ന സൂചനകൾ നിർണായകമാണ്. പ്രവേശനത്തിന് അടിസ്ഥാനജന വിദ്യാർഥികൾക്ക് സംവരണം ലഭിക്കുന്നെണ്ടെങ്കിലും ഉയർന്ന ക്ലാസ്സുകളിൽ സംവരണംചെയ്ത സീറ്റുകൾ പൂർണമായി നികത്തപ്പെടാത്തതു സംവരണം നടപ്പാക്കുന്ന രീതിയിലെ പിശകും അടിസ്ഥാനജന വിദ്യാർഥികളുടെ താഴ്ന്നക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്കുംകൊണ്ടാണ്. വിദ്യാഭ്യാസവ്യവസ്ഥ ആകമാന സമൂഹവ്യവസ്ഥയുടെ ഉപവ്യവസ്ഥയാണെന്നതിനാൽ സമൂഹവ്യവസ്ഥയിൽ നിലനില്ക്കുന്ന ശ്രേണികളെ വിദ്യാഭ്യാസ വ്യവസ്ഥ പുനരുത്പാദിപ്പിക്കുന്നെന്ന വിദ്യാഭ്യാസത്തിന്റെ സാമൂഹികശാസ്ത്രപ്രമാണം ഇവിടെ യാഥാർഥ്യമാകുന്നു. സാമൂഹിക ഘടനാപരമായ പൊളിച്ചെഴുത്തലുകൾ കൂടാതെ അടിസ്ഥാനജനവിദ്യാർഥികളുടെ വിദ്യാഭ്യാസ ഗുണമേന്മ വർധിപ്പിക്കുവാൻ സർക്കാർ ചെലവാക്കിയ തുക പാഴായിപ്പോയതായി ഇപ്പോൾ നല്കിയ സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നത് അതു കൊണ്ടാണ്. അത്തരം പരിപാടികൾ കർശനമായ (അടിസ്ഥാനജന) പങ്കാളിത്ത വിലയിരുത്തലിനു (participatory appraisal) ശേഷം അടിമുടി പരിഷ്കരിക്കണമെന്നാണ് ഇവിടെ അവതരിപ്പിച്ച സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്.

**ഒരേ വിദ്യാലയവും പാഠ്യപദ്ധതിയും അധ്യാപകരുമായിട്ടുകൂടി എന്തുകൊണ്ട് പട്ടികവിഭാഗ വിദ്യാർഥികൾ പരീക്ഷാഫലത്തിൽ പിന്നാക്കം പോകുന്നെന്ന വളരെ ഗൗരവമായ ചോദ്യം ഇവിടെ ഉയരുന്നു..**

## പുതുക്കിയ സ്കോളർഷിപ് പദ്ധതി

മേൽവിവരിച്ച വിധം അടിസ്ഥാനജനവിദ്യാഭ്യാസം ദുർബലമായ സന്ദർഭത്തിലാണ് അടിസ്ഥാനജന വിദ്യാർഥികളുടെ സ്കോളർഷിപ് പദ്ധതിക്ക് കേന്ദ്ര സാമൂഹികനീതി, ശാക്തീകരണ മന്ത്രാലയം പുതുക്കിയ മാർഗ നിർദേശങ്ങൾ 2021-മാർച്ചിൽ പുറപ്പെടുവിപ്പിച്ചത്. ഒട്ടനവധി പ്രതിലോമ, ജനാധിപത്യവിരുദ്ധ, ഭരണഘടനാ ധ്വംസന വ്യവസ്ഥകൾ ഉൾപ്പെടുന്നതാണ് പുതുക്കിയ മാർഗനിർദേശങ്ങൾ. മേൽവിവരിച്ച കാതലായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിക്കുന്ന വ്യവസ്ഥകളില്ലാത്ത പുതുക്കിയ മാർഗനിർദേശങ്ങൾ അടിസ്ഥാനജനതയ്ക്കിന്നു വരെ ലഭ്യമായിരുന്ന പരിമിത അവകാശങ്ങളും സൗകര്യങ്ങളും കവർന്നെടുക്കുന്നെന്നതാണ് യാഥാർഥ്യം.

സ്കോളർഷിപ്പിനുള്ള അർഹത കുടുംബ വാർഷികവരുമാനം 2.5 ലക്ഷം രൂപയാക്കി നിശ്ചയിച്ചതും, സ്കോളർഷിപ് വിതരണരീതി പുതുക്കിയതുമാണ് ഈ വ്യവസ്ഥകളിൽ അടിസ്ഥാനജനവിദ്യാർഥികളെ ഏറെ പ്രതികൂലമായി ബാധിക്കുന്നത്. വളരെയധികം അടിസ്ഥാനജനവിദ്യാർഥികൾ 2.5 ലക്ഷം രൂപയെന്ന വരുമാന പരിധിക്കു പുറത്തായതിനാൽ സ്കോളർഷിപ്പിനു വെളിയിലാകും. ഇപ്പോൾ അങ്ങനെയുള്ള വിദ്യാർഥികൾക്കുള്ള മുഴുവൻ സ്കോളർഷിപ്പും കേരളസർക്കാർ നല്കുന്നുണ്ടെങ്കിലും കേരളസർക്കാരിന്റെ സാമ്പത്തികസ്ഥിതി ഈ നില തുടരുവാൻ കഴിയാതെ വരുമെന്നത് തീർച്ച. തൽക്കാലം വിദ്യാർഥികളുടെ ഭാഗിക സ്കോളർഷിപ് നല്കിയും സ്കോളർഷിപ് വിതരണം വൈകിപ്പിച്ചും സർക്കാർ മുഖം രക്ഷിക്കുവാൻ വിഫല ശ്രമം നടത്തുന്നു തത്ഫലമായി വിദ്യാർഥികളുടെ സ്കോളർഷിപ് മുടങ്ങുന്നു. സ്വതന്ത്ര ഇന്ത്യയിൽ 2021-വരെ തുടർന്നുവന്നിരുന്ന അടിസ്ഥാനജന വിദ്യാഭ്യാസ അവകാശത്തെ അഞ്ചുവർഷത്തെ പ്രൊജക്റ്റ് ആക്കി ചുരുക്കി അതിന്മേൽ സാമ്പത്തിക മാനദണ്ഡം അടിച്ചേല്പിച്ചതാണ് അതിലേറെ പ്രധാനപ്പെട്ടത്.

പരിഷ്കരിച്ച സ്കോളർഷിപ് വിതരണ രീതി അതുപോലെതന്നെ അപകടകരമാണ്. സ്കോളർഷിപ് തുകയുടെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന (കേരളാ) സർക്കാരുമാണ് നല്കേണ്ടത്. (മുമ്പ് ഇത് 50 ശതമാനം വീതമായിരുന്നു). സംസ്ഥാനവിഹിതം വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടിലെത്തി 15 ദിവസമെങ്കിലും കഴിഞ്ഞാൽ മാത്രമേ കേന്ദ്രവിഹിതം വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടിലെത്തുകയുള്ളൂ. ഇതാണ് പുതുക്കിയ മാർഗനിർദേശങ്ങളിലെ ഒരു നിബന്ധന. സംസ്ഥാനസർക്കാർ യഥാസമയം അതിന്റെ വിഹിതമടയ്ക്കാതിരുന്നാൽ വിദ്യാർഥികളുടെ സ്കോളർഷിപ് മുടങ്ങും. ഇപ്രകാരം രണ്ടിലധികം വർഷമായി സ്കോളർഷിപ് ലഭിക്കാത്ത അനവധി അടിസ്ഥാനജന വിദ്യാർഥികൾ ഇന്ന് കേരളത്തിലുണ്ട്. ഇതും പുതിയ മാർഗനിർദേശങ്ങളുടെ ഫലമാണ്.

സ്കോളർഷിപ്പിന് രണ്ടു ഭാഗങ്ങളുണ്ട് : വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചെല്ലേണ്ടുന്ന ഫീസും വിദ്യാർഥികളുടെ നിത്യചെലവിനായുള്ള അക്കാദമിക് അലവൻസുകളും (ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പൻഡ്, പോക്കറ്റ് മണി ഇത്യാദി). ഫീസ് സർക്കാർ നേരിട്ട് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അടയ്ക്കുകയും അക്കാദമിക് അലവൻസുകൾ വിദ്യാർഥിയുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുകയുമായിരുന്നു മുമ്പ്, 2021-ലെ പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചതു വരെ, ചെയ്തുപോന്നിരുന്നത്. പുതിയ മാർഗനിർദേശമനുസരിച്ച് സർക്കാരുകളിൽനിന്ന് സ്കോളർഷിപ്പ് ലഭിക്കുമ്പോൾ വിദ്യാർഥികൾ അവരുടെ ഫീസ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നേരിട്ടുനല്കണം. സ്കോളർഷിപ് വൈകുന്നതിനാൽ വിദ്യാർഥികൾക്കു ഫീസ് സമയത്തിനടയ്ക്കുവാൻ സാധിക്കുകയില്ല. അങ്ങനെ വരുമ്പോൾ വിദ്യാർഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കാതിരിക്കുകയോ അഥവാ, പരീക്ഷ എഴുതുവാൻ അനുവദിച്ചാൽ വിദ്യാർഥികളുടെ വിടുതൽ സർട്ടിഫിക്കറ്റു തടഞ്ഞുവയ്ക്കുകയോ ചെയ്യും. പഠനം തുടരുവാൻ വിദ്യാർഥികൾ ഏതു വിധേനയും ഫീസടയ്ക്കുവാൻ നിർബന്ധിതരാകും. അല്ലാത്തവർ വിദ്യാഭ്യാസത്തിനു വെളിയിലാകും. ഈ നില തുടർന്നാൽ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച കൊഴിഞ്ഞുപോക്ക് നിരക്ക് 22 ശതമാനത്തിനും മുകളിലാകും.

അടിസ്ഥാനജന വിദ്യാർഥികളുടെ വിദ്യാഭ്യാസപ്രശ്നത്തെ സമഗ്രമായി മനസ്സിലാക്കി, 2021-ലെ കേന്ദ്ര സാമൂഹികനീതി, ശാക്തീകരണ മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങൾ അടിയന്തരമായി റദ്ദാക്കേണ്ടതാണ്. ●

*(ലേഖകൻ : എ.പി.ഡി.എഫ്. ജനറൽ സെക്രട്ടറി)*

**അനുഭവം**





ഇ. എം. ഹാഷിം

എന്റെ ഭൗതികശരീരം മണ്ണിൽത്താഴ്ത്തിമൂടി ബന്ധുക്കളും സ്നേഹിതന്മാരും പിരിഞ്ഞുപോകുന്നു. ഒറ്റപ്പെട്ട ഞാൻ മണ്ണിന്നടിയിലെ നനവിൽ കിടക്കുമ്പോൾ നിലാവുപോലെ ശുഭ്രവസ്ത്രധാരിയായ ദൈവം കടന്നുവരുന്നു. പറയുന്നു, കുറേ യാത്ര ചെയ്തില്ലേ, ഇനി തനിച്ചിവിടെ കിടക്കൂ. ഞാനുണ്ടാവും കൂടെ എന്നെന്നേക്കുമായി.

# കബറിന്നടിയിലെ ദൈവം

ഓരോ മത, ജാതി, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അവരവരുടെ വിശ്വാസമനുസരിച്ച് വ്യത്യസ്തമായ മരണാനന്തര ചടങ്ങുകൾ ഉണ്ട്. ദഹനം, മണ്ണിന്നടിയിൽ അടക്കൽ, സ്ലാബിൽ വയ്ക്കൽ, കിണറിനു മേലെ വച്ച് കഴുകന്മാർക്ക് തിന്നാൻ കൊടുക്കൽ. അങ്ങനെ പലതും. മരണം ജീവിതത്തിന്റെ അവസാനമല്ലെന്നും അതിനപ്പുറം സ്വർഗ-നരകങ്ങളുണ്ടെന്നും മതം ആരംഭിക്കുന്നതിനു മുമ്പ് മനുഷ്യൻ വിശ്വസിച്ചിരുന്നില്ല. വിശ്വാസംതന്നെ ഉണ്ടായിരുന്നില്ല. പതുക്കെപ്പതുക്കെ വിശ്വാസം ആരംഭിച്ചപ്പോഴാണ് ദൈവവും ശിക്ഷയും സ്വർഗനരകങ്ങളും മനുഷ്യൻ സ്വീകരിച്ചത്. ബുദ്ധനാണ് സംഘം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. അതു പടരുകയും പിന്നീട് ഞാഞ്ഞൂൾ കൂട്ടായ്മകൾപോലും ആ വാക്ക് ഉപയോഗിക്കുകയും ചെയ്തു. ഇന്നും അതു തുടരുന്നു. മരണാനന്തരജീവിതത്തെക്കുറിച്ച് വളരെ ചെറുപ്പംമുതലേ മനസ്സിലാക്കിയിരുന്നു. മദ്രസയിലെ ഉസ്താദ് മുടിനാരേഴായ് ചീന്തിയാൽ ലഭിക്കുന്ന നേർത്തമുടിയുടെ പാലത്തിനുമേൽ നടക്കാൻ ആവശ്യപ്പെടുന്ന ദൈവത്തെ അവതരിപ്പിച്ചപ്പോൾ സംശയാലുക്കളായ ഞങ്ങൾ, അതൊന്നും ഇല്ലാത്തതാണെന്നും ശരിക്കും സ്വർഗ-നരകങ്ങൾതന്നെ മിഥ്യയാണെന്നും ഉസ്താദ് കേൾക്കാതെ പായ്യാരം പറഞ്ഞു. പത്താംക്ലാസ് പാസ്സായപ്പോൾ തുടർന്ന മതപഠനവും കോളേജിൽ പോക്കും വേണ്ടെന്ന് വച്ച് വണ്ടികയറി. ചെന്നൈയിലെത്തി ഒരു മരക്കമ്പനിയിൽ ജോലിചെയ്യുമ്പോൾ വയസ്സ് പതിനാറ്. അവിടെ വച്ച് തെലുങ്കനായ ഒരു ബ്രാഹ്മണ പ്രഫസറെ പരിചയപ്പെട്ടു. കുട്ടികളില്ലാത്ത അദ്ദേഹം വൈകുന്നേരങ്ങളിൽ കോളെജിൽ സ്വകാര്യ ടൂഷനെടുത്തു. ഇംഗ്ലീഷും തമിഴും പഠിപ്പിച്ചു. എന്നെ അയാൾ ബാബു എന്നു വിളിച്ചു. പേരിലൊരു അർഥവും മഹത്ത്വവുമില്ലെന്ന് അന്നേ മനസ്സിലാക്കിയിരുന്നു. പേര് ഒരു നമ്പർ ആയാലും മതി എന്ന് ഞങ്ങൾ പറയുമായിരുന്നു.

മദ്രസ്സയിൽ വച്ച് ലഭിച്ച മതവിദ്യാഭ്യാസം റെയിൽവേ സ്റ്റേഷനിൽ ഉപേക്ഷിച്ചാണ് തീവണ്ടി കയറിയത്. അത് ഗുണംചെയ്തു. തമിഴ്നാട്ടിലെ ആചാരങ്ങളിൽ അത്ഭുതമോ എന്റെ മതം മികച്ചതാണെന്നും മറ്റെല്ലാം അതിനു താഴെയാണെന്നുമുള്ള വിശ്വാസമോ ഇല്ലാതായി. നാലഞ്ചുവർഷങ്ങൾക്കുശേഷം തിരിച്ചെത്തിയപ്പോൾ വായന തുടങ്ങി. നോവലും ചെറുകഥകളും ആയിരുന്നു ഇഷ്ടം. അതിനൊപ്പം എഴുതുകയുംചെയ്തു. ചിത്രകാർത്തിക, മലയാളനാട്, ജനയുഗം, കുങ്കുമം തുടർന്ന് മാതൃഭൂമി, ദേശാഭിമാനി,





കലാകൗമുദി വാരികകളിൽ എഴുതിത്തുടങ്ങി. ഇരുപതാമത്തെ വയസ്സിലാണ് പ്രവാസജീവിതം ആരംഭിക്കുന്നത്.

പത്രത്തിൽ ജോലിചെയ്യണമെന്ന ആഗ്രഹം പണ്ടേ മനസ്സിലുണ്ട്. ഡോക്ടറാവാൻ ആഗ്രഹിച്ചിരുന്ന അനുജൻ അശറഫിനോട് പത്രപ്രവർത്തകനാകാൻ അപേക്ഷിച്ചപ്പോൾ അവനത് സമ്മതിച്ചു. ഇന്ന് ഇ.എം.അശറഫ് കേരളത്തിൽ അറിയപ്പെടുന്ന പത്രപ്രവർത്തകനാണ്. ദുബായിലെ ആദ്യത്തെ ഇംഗ്ലീഷ് പത്രമായ ഖലീജ് ടൈംസിൽ ജോലി ലഭിച്ചതും അവിടെ പതിനാറുവർഷം ജോലിചെയ്തതും പിന്നീട് ഗൾഫ് ടുഡേ, മിക്കി മാഗസിൻ എന്നീ പത്രസ്ഥാപനങ്ങളിലും ജോലിചെയ്തതും അതിലൊക്കെ ഉണ്ടായിരുന്ന വിദേശിയരുടെ സഹായംകൊണ്ടുമാത്രം.

എന്റെ അനുവാദം ചോദിക്കാതെയും ഞാൻ കാണാതെയും ഒരു വധുവിനെ കണ്ടെത്തി പെങ്ങൾ. അങ്ങനെ ചെയ്യാമോ എന്ന ചോദ്യം പല ചോദ്യങ്ങളെയുംപോലെ ഉയർന്നുവന്നിരുന്നു. എന്നാൽ, സ്നേഹത്തിന്റെ പ്രാചീനമായ മൗനം വായതുറക്കാൻ അനുവദിച്ചില്ല. സമ്മതിച്ചു. അവൾക്ക് പതിനാറ്. എനിക്ക് ഇരുപത്തിമൂന്നും. എന്റെ യാത്രകളോ ഉള്ളിലടക്കിവച്ച പ്രണയ വ്യാപനമോ അറിഞ്ഞുകൂടാത്ത വധു കുറെക്കാലം പെങ്ങൾക്കൊപ്പം ജീവിച്ചു. യാത്ര നീണ്ടുപോയി. അതിനൊരു ധീരമായ തിരിവ് സംഭവിക്കുന്നത് പേർഷ്യയിലേക്കുള്ള യാത്രയായിരുന്നു. തെഹ്റാനും, ശിറാസും ആ നാടുമായുള്ള വൈകാരികബന്ധത്തെ ഈടുള്ളതാക്കാൻ സഹായിച്ചു. അപ്പോഴേക്കും പത്രം വിടുകയും വേൾഡ് ട്രേഡ് എക്സിബിഷൻ കമ്പനിയിൽ ജോലി മാറുകയും ചെയ്തിരുന്നു. പ്രവാസം നല്കിയ ധൈര്യവും വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള ത്രാണിയും ആ ജോലിയെ സാധാരണ ജോലിയിൽനിന്ന് ധീരവും കർമനിരതവും സത്യസന്ധതയും ഉള്ളുറപ്പും കണ്ടെത്താൻ സഹായിച്ചു. ഇരുപത്തിനാലുമണിക്കൂറും ജോലിചെയ്യാമെന്നായി.അവിടെവച്ചാണ് ജീവിതത്തിന് മാറ്റം സംഭവിക്കുന്നത്.

നിരവധി വിദേശിയരായ സ്ത്രീപുരുഷന്മാരെയും ധിഷണാശാലികളെയും പരിചയപ്പെടാൻ സാധിച്ചു. പ്രത്യേകിച്ചും യൂറോപ്യന്മാരെ. ഫ്രഞ്ചുകാർക്കൊപ്പം ഫാഷൻഷോ നടത്താൻ ഇരുനൂറ്റിയൊമ്പത് സുന്ദരികൾക്കൊപ്പം അഞ്ചോളം രാജ്യങ്ങളിൽ യാത്രചെയ്തു. എക്സിബിഷൻ വ്യാപിപ്പിക്കണമെന്നും വരവ് കൂട്ടണമെന്നുമുള്ള കമ്പനിയുടെ ആജ്ഞ തലയ്ക്കുമുകളിൽ മൂർച്ചയുള്ള വാളായി വന്നപ്പോഴാണ്, കമ്പനി ബ്രോഷറുമായി ഓരോ വേൾഡ് എക്സിബിഷനിലും കറങ്ങി ബിസ്സിനസ്സ് പിടിക്കാൻ തുടങ്ങിയത്. അങ്ങനെ ഒരു പ്രദർശനത്തിൽവച്ചാണ് ഇറാൻ അംബാസിഡറെ പരിചയപ്പെടുന്നത്. പേർഷ്യൻ ഉൽപ്പന്നങ്ങൾ ഗൾഫ് മാർക്കറ്റിൽ പരിചയപ്പെടുത്താനെന്താണ് വഴി എന്ന് അന്വേഷിക്കുകയായിരുന്നു അദ്ദേഹം. എക്സിബിഷനാണ് ഏക വഴിയെന്ന് പറഞ്ഞപ്പോൾ അദ്ദേഹം സമ്മതിച്ചു. ദുബായിൽ നടക്കുന്ന ഒന്നുരണ്ട് സോളോ എക്സ്ബിഷൻ കാണുകയും എന്നെ തെഹ്റാനിലേക്ക് ക്ഷണിക്കുകയും ചെയ്തു. കമ്പനിയുടെ സമ്മതപ്രകാരം ഞാൻ പോയി. ഷാ ഭരണത്തിലായിരുന്നപ്പോഴൊരിക്കൽ ഇറാൻ സന്ദർശിച്ചിരുന്നു. അന്ന് മതവിലക്കുകൾ ഉണ്ടായിരുന്നില്ല. പാരീസിലെ കോഫിഷോപ്പുകൾപോലെ ധിഷണാശാലികൾ കൂടിയിരുന്ന് സ്വാതന്ത്ര്യത്തെപ്പറ്റിയും സാഹിത്യവും സിനിമയെപ്പറ്റിയും സംവദിക്കുന്ന കൂട്ടം തെഹ്റാൻ തെരുവുകളെ സമ്പന്നവും ശ്രദ്ധേയവുമാക്കിയിരുന്നു. ഖൊമേനി മതവിപ്ലവത്തിലൂടെ വരുത്തിയ മാറ്റം അവയെയെല്ലാം ഉടച്ചുകളഞ്ഞ കാലത്താണ് പിന്നെ ഞാൻ സർക്കാർ അതിഥിയായി പോകുന്നത്. ചുമരുകളിൽ വിപ്ലവത്തിൽ രക്തസാക്ഷികളായ യുവാക്കളുടെ പടങ്ങൾ. ഇങ്കുലാബ് സ്ക്വയറുകൾ, ആസാദി മുദ്രാവാക്യങ്ങൾ. എല്ലാവരും താടിവച്ചവർ. സംഗീതം നിഷിദ്ധം. ഞങ്ങൾ സഞ്ചരിച്ച കാറിൽ പോലീസ് പരിശോധന. കാസറ്റുണ്ടെങ്കിൽ പിടിച്ചെടുക്കൽ. ഭീകരവും ഭയപ്പെടുത്തുന്നതുമായ അവസ്ഥ. സ്വതന്ത്രരും മതനിരാസരുമായിരുന്ന സുഹൃത്തുക്കൾ, എന്നെ പഠിപ്പിച്ച ആദ്യ പേർഷ്യൻ വാക്കുകൾ കടുത്ത തെറികളായിയിരുന്നു. ഞങ്ങൾ ദുബായി ട്രേഡ് സെന്ററിൽ ഇറാനിയൻ ഷോനടത്തി. വിജയകരമായിരുന്നു. അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാനും ഏജൻസി എടുക്കാനും ആളുകൾ വന്നു.

അതോടുകൂടി ഇറാനിയൻ സുഹൃത്തുക്കളുണ്ടായി. വീണ്ടും തെഹറാനിലും മഹാനിലും ശിറാസിലും യാത്രചെയ്തു. മഹാനിലെ സൂഫി ഗുരു ഷാ നിയമത്തുള്ള വലിയുടെ കബറിടത്തിൽ സ്നേഹിതനൊപ്പം ഇരുന്നപ്പോൾ ഉൾക്കാമ്പിലുണർന്ന ബോധം സംഗീത സമൃദ്ധമായി അനുഭവപ്പെട്ടത് തുർക്കിയിലെ കോനിയയിൽ റൂമിയുടെ കബറിടത്തിൽ ഭ്രമണനൃത്തം നടക്കുമ്പോൾ ഒരരുകിൽ കണ്ണടച്ചിരുന്നപ്പോഴും ദില്ലിയിലെ ഹസ്രത്ത് ഇനായത്ത് ഖാന്റെ കബറി

**മദ്രസയിലെ ഉസ്താദ് മുടിനാരേഴായ് ചീന്തിയാൽ ലഭിക്കുന്ന നേർത്തമുടിയുടെ പാലത്തിനുമേൽ നടക്കാൻ ആവശ്യപ്പെടുന്ന ദൈവത്തെ അവതരിപ്പിച്ചപ്പോൾ സംശയാലുക്കളായ ഞങ്ങൾ, അതൊന്നും ഇല്ലാത്തതാണെന്നും ശരിക്കും സ്വർഗ–നരകങ്ങൾതന്നെ മിഥ്യയാണെന്നും ഉസ്താദ് കേൾക്കാതെ പായ്യാരം പറഞ്ഞു.**

ലിരുന്നപ്പോഴും ആയിരുന്നു. അങ്ങനെ മതം നിരോധിച്ച കബർ സന്ദർശനം എന്റെ ആത്മീയബോധത്തെ പുഷ്ടിപ്പിച്ചു. കുടുംബം, സുഹൃത്തുക്കൾ അകന്നുപോയി. ചൂടൻ എന്ന പേരുംവീണു. സാരമാക്കിയില്ല.

'മിസ്റ്റിസിസം ഒരു മുഖവുര' എന്ന പുസ്തകം തയാറാക്കുന്ന അവസരത്തിലാണ് താഹ മാടായിയെ പരിചയപ്പെടുന്നത്. മിസ്റ്റിക്ക് റിയാലിറ്റി എന്ന അഭിമുഖം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തി. 'സൂഫിസത്തിന്റെ ഹൃദയം', 'അഗ്നിക്കുപ്പായമണിഞ്ഞ സൂഫി വനിത'. 'ജലത്തിലെ ഗുപ്തസന്ദേശങ്ങൾ', എന്നീ ലേഖനങ്ങളും 'ബുദ്ധമാനസം', 'റൂമി ഉന്മാദിയുടെ പുല്ലാങ്കുഴൽ' എന്നീ നോവലുകളും മാതൃഭൂമി ബുക്സ് പ്രസിദ്ധപ്പെടുത്തി. കാലുകളുറപ്പിച്ച് നില്ക്കാമെന്നായി.

'അനുഭവങ്ങളുടെ യാത്ര', 'ഉള്ളിലുള്ളവർ' എന്നീ പരമ്പര മലയാളം വാരികയിലും വന്നു. ഇറാനിലെ പ്രസിദ്ധരായ സൂഫി കവികളുടെയും ഗുരുക്കന്മാരുടെയും കബറിടങ്ങൾ സന്ദർശിച്ചു. കബറിടങ്ങളോടുള്ള അടുപ്പം പഴയ പഠനങ്ങളെ തള്ളി സ്വാഭാവികമാക്കി. മലബാറിലെ മസ്ലീം സാംസ്കാരിക മണ്ണിലുണ്ടായിരുന്ന സൂഫിസം, ജമാഅത്തെ ഇസ്ലാമി, സലഫി, അഹമ്മദിയ്യാ വിഭാഗങ്ങൾ അവരുടെ ശ്രമങ്ങളാൽ കബറടക്കിയിരുന്നു. നേർത്തൊരു ഇളക്കം സംഭവിച്ചപ്പോൾ അത് ജലധാരപോലെ പൊട്ടിയുണർന്നു. ഇരുപത്തിയഞ്ചായിരത്തിലധികം സൂഫി സ്പർശമുള്ള പുസ്തകങ്ങൾ വിപണിയിലിറങ്ങി. ഇസ്ലാം മത വിശ്വാസികളല്ലാത്തവരും വായനക്കാരായി. ഒരു ഫാദറും സിസ്റ്ററും അതിൽപ്പെടും. 'റൂമിയുടെ പ്രണയകവിതകൾ' മൊഴിമാറ്റം നടത്തിയത് അമുസ്ലീമായ ഒരു വനിതയാണ്. സൂഫിസം മതാതീതമാണെന്ന് ഉറപ്പാക്കിയതിന് വേറെ ഉദാഹരണം ആവശ്യമില്ല. അത് മതേതരവും ആണ്.

**ഡയാലിസിസ് തുടങ്ങുന്നതിനും ആരോഗ്യം മോശമാവുന്നതിനും മുമ്പെ പ്രണയത്തിന്റെ പൂക്കുടയേന്തി സൂഫികവിതകളുടെ കിലുക്കവുമായി ഒരാൾ കടന്നു വന്നു. അതുവരെ അനുഭവിക്കാത്ത സ്വരച്ചേർച്ച കൗതുകത്തോടെ ഹൃദയത്തെ തഴുകി. വൈകിവന്ന വസന്തം എന്നതിനു പേരിട്ടു. കബറിടങ്ങളുടെ ബിംബം ഹൃദയത്തിൽ ഒട്ടിനിന്നതുകൊണ്ടാവണം അത് മൗനമായിക്കിടക്കുമ്പോഴൊക്കെ ഉണർന്നുവന്നത്.**



അജ്മീർ യാത്രയ്ക്കിടയിൽ പരിചയപ്പെട്ട ഒരു സൂഫി ജീവിച്ചിരിക്കെ തന്റെ കബർ സ്വന്തം വീടിനകത്ത് മണിയറപോലെ അലങ്കരിച്ച് സുഗന്ധം പൂശിവച്ചത് കണ്ടിട്ടുണ്ട്. വേറെ ഒരാൾ എന്റെ നാട്ടിലും അങ്ങനെ ഒരുക്കിവച്ചിരുന്നു. രണ്ടുപേരും മരിച്ചു. വീടിനകത്തെ കബറിൽ അടക്കംചെയ്തു. പറഞ്ഞുവച്ച ആചാരങ്ങൾക്കെതിരെയുള്ള അവരുടെ തീരുമാനമായിരുന്നു അത്. പൊടുന്നനെയാണ് ശരീരം പ്രതികരിക്കാൻ തുടങ്ങിയത്. ഡയാലിസിസ് വേണ്ടിവന്നു. ചോരശുദ്ധീകരണം നടക്കുന്നത് നോക്കിക്കിടക്കാൻ തുടങ്ങി. നിശ്ശബ്ദനായിക്കിടക്കുന്ന നാലുമണിക്കൂർ യാത്രയുടെ നനഞ്ഞതും, കുളിരുള്ളതും ബോധാവബോധത്തിന്റെ നൂലിഴയിലൂടെ ആത്മനിർവൃതമായ സ്വകാര്യതയും അനുഭവിക്കുന്നത് ആകിടത്തത്തിലാണ്. സൽസ്വഭാവമുള്ള നേഴ്സുമാർ, ഡോക്ടർ, ഒന്നിച്ച് ഡയാലിസ് ചെയ്യുന്ന ജോൺ, അദ്ദേഹത്തിന്റെ ഭാര്യ, മകൻ, മായ, ഭർത്താവ് മണികണ്ഠൻ, അശറഫ് തുടങ്ങിവർ സ്നേഹത്തിന്റെ നേർരേഖയിലൂടെ ഒപ്പം സഞ്ചരിച്ചു.

ഡയാലിസിസ് തുടങ്ങുന്നതിനും ആരോഗ്യം മോശമാവുന്നതിനും മുമ്പെ പ്രണയത്തിന്റെ പൂക്കുടയേന്തി സൂഫികവിതകളുടെ കിലുക്കവുമായി ഒരാൾ കടന്നു വന്നു. അതുവരെ അനുഭവിക്കാത്ത സ്വരച്ചേർച്ച കൗതുകത്തോടെ ഹൃദയത്തെ തഴുകി. വൈകിവന്ന വസന്തം എന്നതിനു പേരിട്ടു. കബറിടങ്ങളുടെ ബിംബം ഹൃദയത്തിൽ ഒട്ടിനിന്നതുകൊണ്ടാവണം അത് മൗനമായിക്കിടക്കുമ്പോഴൊക്കെ ഉണർന്നുവന്നത്. രാത്രി ഉറക്കം ഞെട്ടുമ്പോൾ, പ്രണയത്തിന്റെ അസ്തമിക്കാത്ത കുതൂഹലങ്ങളുടെ നേർത്ത നിലാവ് കാമുകിയുടെ നിറഞ്ഞമാറിടത്തിൽ വീഴുന്നതു കണ്ടതും അതു മറഞ്ഞുപോയ ആനന്ദത്തിന്റെ പുകച്ചുരുൾ മാത്രമാണെന്നറിയുകയും ചെയ്യുമ്പോൾ കബറിടം ഉയർന്നുവരും. എന്റെ ഭൗതികശരീരം മണ്ണിൽത്താഴ്ത്തിമൂടി ബന്ധുക്കളും സ്നേഹിതന്മാരും പിരിഞ്ഞുപോകുന്നു. ഒറ്റപ്പെട്ട ഞാൻ മണ്ണിന്നടിയിലെ നനവിൽ കിടക്കുമ്പോൾ നിലാവുപോലെ ശുഭ്രവസ്ത്രധാരിയായ ദൈവം കടന്നുവരുന്നു. പറയുന്നു, കുറേ യാത്ര ചെയ്തില്ലേ, ഇനി തനിച്ചിവിടെ കിടക്കൂ. ഞാനുണ്ടാവും കൂടെ എന്നെന്നേക്കുമായി. കാമുകിയെപ്പോലെ. കെട്ടിപ്പിടിച്ച് ഞാൻ പറയുന്നു. എന്റെ നിത്യപ്രണയമേ, നിന്നിൽനിന്ന് വമിക്കുന്ന ബക്കൂറ അത്തറിന്റെ മണം കാമുകിയുടെ വിയർപ്പിന്റെ മത്തുള്ള സുഗന്ധത്തെക്കാൾ ആസ്വാദ്യം. എഴുന്നേറ്റുപോകരുത്. മറ്റൊരു ആത്മാവിനെ സ്വീകരിക്കരുത്. നീ എന്റേതു മാത്രം. ഇതുവരെ കേൾക്കാത്ത സൂഫിക്കഥകൾ പറയൂ. മറ്റെല്ലാം മറക്കട്ടെ ഇലാഹീ.

കബറിന്നടിയിൽ ദൈവം എന്നോടൊപ്പം കിടന്നു. കെട്ടിപ്പിടിച്ച് ഞാനും. ●

കവിത



മാങ്ങാട് രത്നാകരൻ

# ആത്മകഥാ ശീർഷകങ്ങൾ



ആത്മകഥയെഴുതിത്തീർത്ത്
കേമമായി ജീവിക്കാമെന്നു
വിചാരിച്ചിരിക്കുകയായിരുന്നു.
മീശക്കാരൻ ദാലിയെപ്പോലെ
നാല്പതു പിന്നിടുംമുമ്പ്
രഹസ്യജീവിതമെഴുതി,
ശേഷം വേഷംകെട്ടി
കാലംകഴിക്കാമെന്നു വച്ചാലും
വൈകിപ്പോയി; വ-ള-രെ.
ഇനി കുറോസവ[1] ശരണം:
ആത്മകഥപോലെ ഒന്ന്
അഥവാ, സ്ത്രീയായിരുന്നെങ്കിൽ
ഇനിയും വൈകിയിട്ടില്ല:
ലീവ് ഉൾമനെപ്പോലെ:[2]
മാറിക്കൊണ്ടിരിക്കൽ
അല്ലെങ്കിൽ,
തിരഞ്ഞെടുക്കൽ

കുറിപ്പുകൾ
1. അകിര കുറോസവയുടെ ആത്മകഥയുടെ പേര് ഇംഗ്ലീഷിൽ: സംതിങ് ലൈക് ഏൻ ഓട്ടോബയോഗ്രഫി.
2. നോർവീജിയൻ അഭിനേത്രിയായ ലീവ് ഉൾമൻ ചേഞ്ചിംഗ്, ചോയ്സസ്, എന്നീ പേരുകളിൽ എഴുതിയ ആത്മകഥകൾ. ●



# വായനക്കാരുടെ വാക്കുകൾ

കത്തുകൾ ഇമെയിലിൽ അയക്കാം
ezhuthumagazine@gmail.com
ഫോൺ നമ്പർ നിർബന്ധം

## സദാ ഉണർന്നിരിക്കണം, അവബോധമുള്ളവരാകണം

2024-ലെ പാർലമെന്റ് തിരഞ്ഞെടുപ്പ് ഇന്ത്യൻ രാഷ്ട്രീയത്തിലെ സുപ്രധാന സംഭവമാണെന്നും തിരഞ്ഞെടുപ്പ് ഫലം ഇന്ത്യൻ ജനതയുടെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ ശക്തമായ പ്രകടനമാണെന്നും എഡിറ്റോറിയലിൽ (എഴുത്ത്-ജൂലൈ) എഴുതിയതിനോട് പൂർണമായി യോജിക്കുന്നു. ഇന്ത്യയിലെ സാധാരണജനങ്ങൾ അർപ്പിക്കുന്ന ജനാധിപത്യത്തിലുള്ള ശുഭാപ്തിവിശ്വാസമാണിത്. ലോകജനാധിപത്യത്തിന് ഇന്ത്യ നല്കുന്ന ശുഭപ്രതീക്ഷയുടെ ഈ പാഠങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യത്തിന്റെ ആരോഗ്യകരമായ ഭാവിയിലേക്കുള്ള ഈ ചുവടുവയ്പ്പ് വളരെയേറെ പ്രതീക്ഷകൾ നല്കുന്നു എന്ന, എഡിറ്റോറിയലിലെ നിഗമനം അർഥവത്താണ്. ഇന്ത്യയുടെ വൈവിധ്യത്തെയും ബഹുസ്വരതയെയും അരക്കിട്ടുറപ്പിക്കുന്ന ഈ ജനവിധി സാധാരണജനങ്ങളുടെ ശക്തിയെ വിലകുറച്ചു കാണുന്നവരെ നിശ്ശബ്ദരാക്കാൻ പോന്നതുതന്നെയാണ്. രാജ്യത്തിന്റെ ഭാവി ഭാഗധേയങ്ങളെ ശക്തമായി പ്രതിഫലിപ്പിക്കുന്ന ഈ തിരഞ്ഞെടുപ്പ്, ഭയപ്പെടുത്തി ഒരു വിഭാഗം ജനങ്ങളെ നിശ്ശബ്ദരാക്കാമെന്നുള്ള വ്യാമോഹത്തിന് ശക്തമായ താക്കീതാണ് നല്കുന്നത്.

ഇല്ലായ്മയും വല്ലായ്മയും ഉണ്ടെങ്കിലും ഈ നാട്ടിലെ ജനങ്ങളുടെ ഉള്ളിന്റെയുള്ളിൽ പ്രായോഗികവും സുചിന്തിതവുമായ അവബോധവും വിവേകവുമുണ്ടെന്ന് സി. രാധാകൃഷ്ണൻ എഴുതി. കിട്ടാവുന്നതിൽനിന്ന് ഏറ്റവും നല്ലത് തിരഞ്ഞെടുക്കുന്നതിൽ അവരുടെ മനസ്സ് സദാ ഉണർന്നിരിക്കുന്നു എന്നും അദ്ദേഹം എഴുതുന്നു. ജനായത്തക്രമം കാത്തുസൂക്ഷിക്കുന്നതിലും യോഗ്യരായ നേതാക്കളെ തിരഞ്ഞെടുക്കുന്നതിലും ജനങ്ങൾ ജാഗരൂകരാണ്. സ്ഥിരതയുള്ള ഒരു ക്ഷേമസങ്കല്പവും സ്വാഭാവിക നീതിനിർവഹണവുമാണ് ജനാധിപത്യരാജ്യത്തിന് അനുപേക്ഷണീയം. വിതയ്ക്കുന്നതേ കൊയ്യാനാകൂ. വെറുപ്പും വിദ്വേഷവും വിതച്ചാൽ വിളയുന്നത് അതു തന്നെയായിരിക്കും. ഭരണം ഏതെങ്കിലുമൊരു വിഭാഗത്തിനുള്ള പ്രീണനമായി അധഃപതിക്കരുത്. വിഭജനരാഷ്ട്രീയം രാജ്യത്തിനാപത്താണെന്നും സി. രാധാകൃഷ്ണൻ എഴുതുന്നു. ജനങ്ങൾ നല്കിയ ചുവരെഴുത്ത് വായിച്ച് ആത്മാർഥതയോടെ പെരുമാറിയാൽ അതൊരു നല്ല കാര്യമായിരിക്കും. ഉള്ളതുകൊണ്ട് ഓണംപോലെ കഴിയുകയും വലിയ അപകടങ്ങൾ ഒഴിവാക്കുകയും നാളെ നല്ലതായിരിക്കണം എന്ന ലക്ഷ്യത്തോടെ മുന്നേറുകയും ചെയ്താൽ രാജ്യത്തിന്റെ ഭാവി സുരക്ഷിതമായിരിക്കും.

ഈ രാജ്യത്തെ സാധാരണക്കാരന് ഈ അവബോധമുണ്ട് എന്നാണ് തിരഞ്ഞെടുപ്പ് ഫലം നമുക്കുമുന്നറിയിപ്പു നല്കിയിരിക്കുന്നത്. ചില നേതാക്കന്മാർക്കും ചരിത്രഗവേഷകർക്കും പണ്ഡിതന്മാർക്കും മാത്രമാണ് ഇതറിയാത്തത്. അഥവാ അറിഞ്ഞിട്ടും അവർ അറിഞ്ഞില്ലെന്നു നടിക്കുന്നു. ഉറങ്ങുന്നവരെ വിളിച്ചെഴുന്നേല്പിക്കാം ഉറക്കം നടിക്കുന്നവരെ എഴുന്നേല്പിക്കാനാകില്ലല്ലോ. ഉണർവാണ് ജനാധിപത്യത്തിന്റെ ആണിക്കല്ല് എന്നു തന്നെയാണ് അദ്ദേഹം പറയുന്നത്. നേതാക്കന്മാരായാലും സാധാരണക്കാരായാലും എപ്പോഴും ഉണർന്നിരിക്കണം. എങ്കിലേ, ജനാധിപത്യം വിജയിക്കുകയുള്ളൂ.

**സദാശിവൻ നായർ, എരമല്ലൂർ**

## സ്വയം പുതുക്കിപ്പണിയാൻ സമയമായി

മങ്ങുന്ന അപ്രമാദിത്വം എന്ന ശീർഷകത്തിൽ പ്രഫ. എം.പി.മത്തായി, കഴിഞ്ഞ 10 വർഷത്തെ മോദിയുടെ ഏകാധിപത്യ ദുർഭരണം വിലയിരുത്തിയത് അക്ഷരാർഥത്തിൽ അർഥഗർഭമാണ്. (എഴുത്ത്-ജൂലൈ) ശരിയായതു ചെയ്യുക എന്നതല്ല, താൻ ചെയ്യുന്നതാണ് ശരി എന്നു വിശ്വസിക്കുന്ന ആളുകളാണ് മോദിയും പിണറായി വിജയനും. ഹിന്ദുത്വത്തെ ഒരു സങ്കുചിത മതചിന്തയ്ക്കുപരിയായി ഭാരതമാകെ ആദരിക്കേണ്ട സനാതനധർമമായാണ് മോദി കാണുന്നത്. ജീവിച്ചിരിക്കുമ്പോൾത്തന്നെ ഒരു മിത്തായി മാറാൻകഴിഞ്ഞു എന്നതാണ് മോദിയുടെ പ്രത്യേകത. ബി.ജെ.പിയെ മുമ്പ് നയിച്ചിരുന്ന വാജ്പേയ്ക്കും അദ്വാനിക്കും ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണ് വരുംവരായ്കകൾ ഒന്നും നോക്കാതെ നരേന്ദ്രമോദി ചെയ്തത്. മുത്തലാഖ് നിരോധനം, നോട്ട് അസാധുവാക്കൽ, കശ്മീർ-മണിപ്പൂർ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത രീതി എന്നിവയൊക്കെ ഏതാനും ഉദാഹരണങ്ങൾ മാത്രം.

രാമക്ഷേത്രനിർമാണംപോലുള്ള ഹിന്ദുത്വപ്രചാരണങ്ങൾ ബി.ജെ.പിക്ക് അനുകൂലമായ തരംഗം ഉണ്ടാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടും ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾ ശ്രദ്ധിക്കാതെ വർഗീയത ആളിക്കത്തിക്കാനാണ് മോദി പരമാവധി ശ്രമിച്ചത്. അതിനുകിട്ടിയ തിരിച്ചടിയാണ് ഇന്ത്യയുടെ ഹൃദയഭൂമിയായ ഉത്തർപ്രദേശിൽ കണ്ടത്. എൻ.ഡി.എയ്ക്ക് ഭൂരിപക്ഷം നിലനിറുത്താൻ കഴിഞ്ഞെങ്കിലും മോദി എന്ന രാഷ്ട്രീയ നേതാവിന് പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പിലൂടെ ശക്തമായ താക്കീതാണ് ജനങ്ങൾ നല്കിയത്. വിജയം മാത്രം രുചിച്ചിരുന്ന മോദി പരാജയത്തിന്റെ കയ്പുനീർ കുടിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്ത്യയുടെ ബഹുസ്വരത ഹൃദയത്തിൽ ഉൾക്കൊണ്ട് സ്വയം പുതുക്കിപ്പണിയാൻ ഇന്ത്യ മുന്നണിക്ക് കിട്ടിയ ഈ സുവർണാവസരം എത്രമാത്രം പ്രയോജനപ്പെടുത്താൻ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിനു കഴിയുമെന്നത് കണ്ടറിയണം. ●

**ഫാ.ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**




## സാറയുടെ ബൈബിൾ


വി.വിജയകുമാർ

പഠനം

പ്രസാധകർ: പുസ്തക പ്രസാധക സംഘം, കോഴിക്കോട്

വില: 160 രൂപ

സാറാ ജോസഫിന്റെ കറ എന്ന നോവലിനെ വ്യത്യസ്ത കോണുകളിലൂടെ പഠനവിധേയമാക്കുന്ന കൃതി.



## മനുസ്മൃതി : വിമോചനത്തിന്റെ ധർമശാസ്ത്രം


ഡോ. എൻ. ആർ. ഗ്രാമപ്രകാശ്

പഠനം

പ്രസാധകർ: ഹരിതം ബുക്സ്,കോഴിക്കോട്

വില: 140 രൂപ

സനാതനധർമത്തിന്റെ പാഠപുസ്തകമായി കണക്കാക്കുന്ന മനുസ്മൃതിയിലൂടെയുള്ള വിമർശനാത്മക സഞ്ചാരം



## അലക്സാണ്ടർ പറമ്പിത്തറ: ആദർശം തന്നെ ജീവിതം


എം.കെ.ശശീന്ദ്രൻ

ജീവചരിത്രം

പ്രസാധകർ: പ്രണത ബുക്സ്, കൊച്ചി

വില: 100 രൂപ

കേരള രാഷ്ട്രീയരംഗത്തെ മാതൃകാപുരുഷനായ പറമ്പിത്തറ മാഷിന്റെ ലഘു ജീവചരിത്രം



## ജ്വാലി

ലത ഉദയൻ

നോവൽ

പ്രസാധകർ: പ്രണത ബുക്സ്, കൊച്ചി

വില: 150 രൂപ

കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ സംഭവവികാസങ്ങളുടെ സാങ്കല്പികമായ ആവിഷ്കാരം.

## ജനാധിപത്യവും ഫാസിസവും ഇറച്ചിക്കോഴികളും


ജോംജി

കവിത

പ്രസാധകർ: അനേക് ബുക്സ്, എറണാകുളം

വില: 110 രൂപ

നെറികെട്ട ലോകത്ത് നെറികേട് തീർക്കുന്നവർക്കെതിരെയുള്ള ശബ്ദമായി ഒരു പിടിക്കവിതകൾ.



## റായ്മോൺ പണിക്കർ ജീവിതവും ചിന്താശകലങ്ങളും

വർഗീസ് മണിമല

ജീവചരിത്രം

പ്രസാധകർ : കാർമൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം

വില : 750 രൂപ

മഹാപ്രതിഭയായ തത്ത്വശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞനുമായ ഒരു പണ്ഡിതനെ മലയാളി വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ഗ്രന്ഥം.




## ജീവിതത്തിന്റെ നാനാർഥങ്ങൾ


മോഹൻദാസ് മൊകേരി

കവിത

പ്രസാധകർ: സാഹിത്യ പുസ്തക പ്രസാധനം, കോഴിക്കോട്

വില: 120 രൂപ

വാക്ക് പൂക്കുന്ന പ്രാരബ്ധ ജീവിതവഴികളിലൂടെയുള്ള കവിയുടെ സർഗയാത്രയാണ് ഈ സമാഹാരത്തിൽ




## കന്മദം


വി.ടി.കുരീപ്പുഴ

കുറിപ്പുകൾ

പ്രസാധകർ: സ്ഥിതി പബ്ലിക്കേഷൻസ്, കൊല്ലം

വില: 120 രൂപ

സുവിശേഷവചനങ്ങൾ ലോകസാഹിത്യവുമായി താരതമ്യപ്പെടുത്തി ലളിതസുന്ദരമായി രചിച്ച കൃതി ●



കവിത



സതീഷ് കളത്തിൽ

# ഒരിക്കൽക്കൂടി

അജ്ഞേയമായേതോ വികാരമുള്ളിൻ
അഗ്രമുനയാൽ പോറിടുന്നു; മനം,
പേറിടുന്നതിൻ നനവാർന്ന നൊമ്പരം;
പേറ്റുനോവുപോലതു വന്നിടുന്നു നിന്നിടം.

പടുതിരിയായെരിയുമെന്നുയിരിൻ ചാരെ
പിടപ്പോടെ നിൻ നിഴലെത്തുവതും കാത്തു
പടിയുന്നെൻ മിഴികൾ, പടിയിലേക്ക്;
പരസ്പരം പങ്കിട്ടതിൻ പടികളുമെണ്ണി.

അന്നു നാം പിന്നിട്ട വഴിയിടങ്ങളിലിന്നും
അത്രമേൽ ഗാഢമായ് പൂക്കുന്നുവോ,
ആർദ്രമാം പ്രണയത്തിൻ സംലയങ്ങൾ; നമ്മുടെ,
ആർത്തിമുറ്റിയ പ്രണയത്തിൻ രജതചിത്രങ്ങൾ?

നീ കാണുന്നില്ലയോ, ഒരാത്മാവ് വേവുന്നത്;
നീന്തി കയറാനാകാത്ത കയത്തിലുഴലുന്നത്?
ഏത്ര കടലാഴങ്ങളിലിട്ടാലും വറ്റാത്ത നീറ്റൽ;
ഏത്ര കാറ്റ് കൊണ്ടാലും തീരാത്ത ഉഷ്ണം.

പാരതന്ത്ര്യം പ്രണയത്തെ വിഴുങ്ങിയാ രാവിൽ
പോരടിച്ചതും പിരിഞ്ഞതും നമ്മളാണ്, പ്രണയമല്ല.

പ്രണയമേ, നിലയ്ക്കാത്ത നിന്റെ ജ്വലനമാണെൻ
പ്രാണനെന്നു നീയെന്തേയിനിയും അറിയുന്നില്ല?

ഒരിക്കൽക്കൂടി നീയീ വഴി വരണം;
ഒളിച്ചുകളിയിൽ നമുക്കു കള്ളക്കണ്ണേറെറിയണം;
ഒരിക്കൽക്കൂടി പരസ്പരം പ്രണയിക്കണം;
ഒരിക്കൽക്കൂടി നിലാനടത്തം ചെയ്യണം.

ഒടുവിൽ,
ഒട്ടിപ്പിടിച്ചു കിടക്കണം... പുലർന്നിട്ടും പുലരാതെ,
ഒരു പിന്നാത്ത പ്രണയകുപ്പായത്തിനുള്ളിൽ.

ഒടുവിൽ,
ഒരിക്കൽക്കൂടി നമ്മൾക്കു പോരടിക്കണം,
ഒരിക്കലും പിന്നാത്ത പ്രണയത്തിന്റെ പേരിൽ.

ആ സമയം നിന്നിലും കേൾക്കാം,
അനശ്വരമായ പ്രണയത്തിന്റെ ഈരടികൾ. ●



സിനിമ / ഡോ. സെബാസ്റ്റ്യൻ ജോസഫ്



ഒട്ടകത്തിന്റെ കണ്ണുകളിൽ പ്രതിഫലിക്കപ്പെട്ട നജീബിന്റെ ഭീകരരൂപവും ഭാവവും പ്രേക്ഷരുടെ കണ്ണുകളിൽ ഉണ്ടാവേണ്ട ചരിത്രാനുഭവ പ്രതീതി തന്നെയാണ്. മാനവചരിത്രത്തെ വീക്ഷിക്കുന്ന മൃഗവീക്ഷണങ്ങളെ ഈ ചലച്ചിത്രം പ്രതിഫലിപ്പിക്കുമ്പോഴും, അതിന്റെ ചരിത്രാനുഭവത്തിന്റെ കാതൽതന്നെയാണ് ആടുജീവിതമെന്ന നോവലിന്റെ സിനിമാറ്റിക് ഭാവനയെ ആഗോളവത്കരിക്കുന്ന സൈദ്ധാന്തിക മാനം.

# പുഴയിൽനിന്നു മരുഭൂമിയിലെത്തിയ ആടുജീവിതം

ആടുജീവിതം ഒരു ചരിത്രസിനിമയാണെന്ന് അടിവരിയിട്ടു പറഞ്ഞുകൊണ്ട് ഈ ലേഖനം ഇവിടെ തുടങ്ങട്ടെ. മാഞ്ഞുപോയിത്തുടങ്ങിയിരുന്ന ജീവിതാനുഭവങ്ങളെ ഓർമിച്ചെടുക്കലിലൂടെ വീണ്ടെടുത്ത ഷുക്കൂറും (നജീബ് ), ആ ഓർമകളെ ഭാവനവത്കരണത്തിലൂടെ സാഹിത്യസൃഷ്ടിയാക്കിമാററിയ ബെന്യാമിനും, ജീവചരിത്രനോവലിനെ ചലച്ചിത്രചരിത്രമാക്കിയ ബ്ലസിയും കേരളത്തിന്റെ സാമൂഹികചരിത്രത്തിലെ ആരും അറിയപ്പെടാതെ പോകാമായിരുന്ന ചരിത്രത്തെ തിരിച്ചുപിടിച്ചതിന്റെ പൂർത്തീകരണമാണ് ആടുജീവിതം. ഒരു സാധാരണമനുഷ്യന്റെ ആഗ്രഹങ്ങളും, കൊച്ചുകൊച്ചു സ്വപ്നങ്ങളുമായി സൗദിയിലെ വിമാനത്താവളത്തിലെത്തിയ ഷൂക്കൂറിനെ, നജീബാക്കി മാറ്റിയ സന്ദർഭവും തികച്ചും ആകസ്മികമായിരുന്നു: നമ്മുക്കതിനെ സിനിമാറ്റിക്ക് ആകസ്മികതയെന്നു തന്നെ വിശേഷിപ്പിക്കാം. കാരണം, സൂപ്പർമാർക്കറ്റിലെ ജോലിക്കുള്ള വിസയുമായി വന്ന ഷൂക്കൂർ, തികച്ചും ഫ്രോഡായിട്ടു വന്ന അർബാബിന്റെ തട്ടിയെടുക്കലിനു വിധേയനായപ്പോൾ, ചലച്ചിത്രഭാവനപോലെ ഒരു പാവം മനുഷ്യന്റെ ജീവിതത്തെത്തന്നെ തകിടം മറിക്കുകയായിരുന്നു. ഈ സിനിമാറ്റിക് തകിടംമറിയലിലാണ് ആടുജീവിതം മറ്റൊരു ചരിത്രമായതും, കേരളത്തിന്റെ കൈയൊപ്പു പതിപ്പിച്ച പ്രവാസജീവിതത്തിന്റെ നോവലും, ചലച്ചിത്രവുമായി



മാറിയതും. ഷൂക്കൂർ എന്ന ആറാട്ടുപുഴക്കാരൻ നജീബ് എന്ന ചരിത്രപുരുഷനായി മാറിയതും ഈ തകിടംമറിയലിലാണ്. ഇത് ഞങ്ങളുടെ ജീവിതാനുഭവം മാത്രമാണെന്നും, ഇതിൽ കള്ളങ്ങളില്ലെന്നും നജീബിനെ 2024 ഏപ്രിൽ 7-ന് ഇന്റർവ്യൂ ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത് പാർശ്വവത്കരിക്കപ്പെട്ട ചരിത്രത്തെ വികലമാക്കത്തക്കരീതിയിൽ ചില വാഖ്യാനങ്ങൾനടത്തിയ അചരിത്രവാദികൾക്കെതിതിരായുള്ള പ്രതിഷേധം കൂടിയാണ്. നജീബിന്റെ താടി ചലച്ചിത്രത്തിൽ കാണുന്നത്ര നീളമുള്ളതായിരുന്നോ എന്നും, അവസാന രക്ഷപെടലിൽ ഇത്രമാത്രം കാൽ വലിച്ചുനീങ്ങിയിരുന്നോ എന്ന ചോദ്യങ്ങളൊക്കെ നജീബിനെയും, അയാളനുഭവിച്ച ദുരന്തജീവിതത്തെയും വസ്തുനിഷ്ഠതയുടെ പേരിൽ ഡേറ്റാവത്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണ്. ഇങ്ങനെ എത്രയോ ചരിത്രജീവിതങ്ങൾ ആർക്കൈവുകളിലെ ഫയലുകളിൽ വെറും അക്കങ്ങളായി, പ്രവാസജീവിതത്തിന്റെ സ്റ്ററ്റിസ്റ്റിക്കായി കിടക്കുന്നുണ്ട്. ആ ജീവിതങ്ങളുടെകൂടെ അലിയിപ്പിക്കൽ സാധ്യമാക്കുന്ന സാധ്യതയെയാണ്, നോവലും, ചലച്ചിത്രവും നമുക്കു കാണിച്ചുതരുന്നത്. ഇതുതന്നെയാണ് നോവൽ / ചലച്ചിത്ര ചരിത്രഭാവനകളുടെ സാമൂഹികപ്രസക്തിയും.

## ഗൾഫ് ജീവിതത്തിലെ അടിത്തട്ടു ചരിത്രം

ഗൾഫിലേക്കുള്ള മലയാളികളുടെ ഒഴുക്കും(ഗൾഫ് ബൂം) അവിടെ അവിചാരിതമായി മരുഭൂമിയിലോ, ഗാർഹിക ജോലിയിലോ, മറ്റേതെങ്കിലും അവിദഗ്ധ തൊഴിൽമേഖലയിലോ അടിമകളെപ്പോലെ പണിയെടുത്തവരുടെ ജീവിതങ്ങളുമാണ് ആടുജീവിതത്തിലെ അടിത്തട്ട് പ്രമേയം. ഗൾഫ് പ്രവാസലോകചരിത്രത്തിലെ അടിത്തട്ടുചരിത്രം തന്നെയാണ് നോവലും, ചലച്ചിത്രവും ചരിത്രഭാവനയുപയോഗിച്ച് പ്രശ്നവത്കരിച്ചത് എന്നതുതന്നെയാണ് ആടുജീവിതത്തിന്റെ സാമൂഹികപ്രസക്തി. നാട്ടിൽ ജീവിതം ദുരിതപൂർണമാകുമ്പോൾ കാലിഫോർണിയൻ ഗോൾഡ് റഷെന്നപോലെ ഗൾഫ്സ്വപ്നം ഒരു വികാരമായി മാറിയ മലയാളിയുവാക്കളുടെ സാമൂഹിക ചരിത്രത്തിലെ വ്യത്യസ്ത ഏടാണ് ആടുജീവിതം. ഈ പ്രശ്നത്തെ/മുഖ്യ പ്രമേയത്തെ ഒരു നോവലിസ്റ്റും, ചലച്ചിത്രകാരനും തങ്ങളുടെ ഭാവനയിലൂടെ കോറിയിട്ട പാഠ / ദൃശ്യ ആവിഷ്കാരമാണ് ആടുജീവിതമെന്ന നോവലും സിനിമയും. രണ്ടിലും പ്രവർത്തിക്കുന്നത് രണ്ട് ഭാവനരീതികളാണെങ്കിലും, മേൽ സൂചിപ്പിച്ച ചരിത്രപ്രമേയംതന്നെയാണ് ഈ സാഹിത്യചലച്ചിത്രഭാവനകളെ സവിശേഷമായി രൂപപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ അടിത്തട്ടിൽ കിടക്കുന്നത് നജീബായ പ്രവാസിയുടെ ഓർമകളും, വീക്ഷണങ്ങളും തന്നെയാണ്. ഷൂക്കൂറെന്ന നജീബ് ഒരു ചരിത്രപുരുഷനായി മാറുന്നതും ഇവിടെയാണ്.

ആടുജീവിതം എന്ന ചലച്ചിത്രം, ഒരു ചരിത്രസിനിമയെന്ന വിശേഷണത്തിന് അർഹത നേടുന്നത് മൂന്നു പരിണാമഘട്ടങ്ങളിലൂടെയാണ്. ഇതു മൂന്നും സംഭവിക്കുന്നത് 1991 മുതൽ 2024 വരെയുള്ള കാലഘട്ടത്തിനിടയിലാണ്. കൃത്യമായി പറഞ്ഞാൽ 2024, മാർച്ച് 28 നാണ് ഈ ദുരന്തജീവിതം ചരിത്രത്തിന്റെ ചലച്ചിത്രാവിഷ്കാരമായി മാറുന്നതും. ഈ നാളുമുതലാണ് നജീബെന്ന ഷുക്കൂറിന്റെ ജീവചരിത്രം പൊതുമണ്ഡലത്തിലെ പ്രധാനചർച്ചാവിഷയമാകുന്നതും. ഒരു കച്ചവടസിനിമയെന്നുതന്നെ ഉറപ്പിച്ചുപറയാവുന്ന ചലച്ചിത്രം ചർച്ചകൾക്കും, ജനപ്രിയ സംവാദങ്ങൾക്കും പാത്രീഭവിക്കുന്നത്, ഇതിലെ അനുഭവ ചരിത്രസത്യങ്ങൾ തന്നെയാണെന്നതിൽ സംശയംമില്ല. മേൽപ്പറഞ്ഞ മൂന്നു ഘട്ടങ്ങൾ നമ്മുക്കൊന്നു നോക്കാം.

**ഗൾഫ് പ്രവാസലോക ചരിത്രത്തിലെ അടിത്തട്ടുചരിത്രം തന്നെയാണ് നോവലും, ചലച്ചിത്രവും ചരിത്രഭാവനയുപയോഗിച്ച് പ്രശ്നവത്കരിച്ചത് എന്നതുതന്നെയാണ് ആടുജീവിതത്തിന്റെ സാമൂഹിക പ്രസക്തി**



↘ നജീബും ഭാര്യയും

## ആടുജീവിതം ഒന്നാം ഘട്ടം

ഒരു വാമൊഴി ചരിത്രകാരന്റെ അതേ രീതിശാസ്ത്രമുപയോഗിച്ചുതന്നെയാണ് ഇതിനുവേണ്ട തെളിവുകൾ ബെന്യാമിൻ ശേഖരിച്ചത്. എട്ടുമാസത്തോളം നീണ്ട ഇന്റർവ്യൂകളിലൂടെയാണ് (unstructured) ഷുക്കൂറിന്റെ (നജീബിന്റെ) ജീവിതസാക്ഷ്യങ്ങൾ (life narratives) തന്റെ നോവലിനുവേണ്ടി അദ്ദേഹം പകർത്തിയെടുത്തത്. ഒരേ സ്ഥാപനത്തിൽ ജോലിചെയ്തിരുന്നതിനാൽ അവർക്കു പരസ്പരം കാണുവാനും ഒഴിവുസമയങ്ങളിൽ അഭിമുഖങ്ങൾ നടത്തുവാനും സാധിച്ചിരുന്നു. ഷുക്കൂറിന്റെ ജീവിതകഥ ബെന്യാമിൻ എന്ന നോവലിസ്റ്റിന്റെ ഭാവനകളെ ഉണർത്തിയത് അദ്ദേഹത്തിന്റെ ഗൾഫിനെക്കുറിച്ചും മലയാളി പ്രവാസജീവിതത്തെക്കുറിച്ചുമുള്ള ജ്ഞാനാനുഭവ പരിസരത്തുനിന്നുമാണ്. ഷൂക്കൂറിന്റെ ഓർമ്മപ്പറച്ചിലുകളും, തിരയലുകളും ഈ ഘട്ടത്തിൽ സംഭവിക്കുന്നുണ്ട്. തന്റെതന്നെ ഗൾഫ് ജീവിതത്തിലെ ചരിത്രസന്ദർഭങ്ങളെ അയാൾതന്നെ ഓർമിച്ചെടുത്ത് പറയുന്നത് ചരിത്രദത്തംതന്നെ തന്റെ ജീവിതത്തെ ചരിത്രവത്കരിക്കുന്നതിലൂടെയാണ്. ഈ ജ്ഞാനപ്രവർത്തനം നടക്കുന്നത് അയാളുടെ സാങ്കേതിക ചരിത്രബോധം കൊണ്ടായിരിക്കില്ല. മറിച്ച്, നാട്ടിലെ ജീവിതം മുതൽ തിരിച്ച് രക്ഷപ്പെട്ട് നാട്ടിലെത്തുന്നതുവരെയുള്ള യഥാർഥ സംഭവങ്ങളെ ഒരു കഥപോലെതന്നെയാണ് അയാൾ കോർത്തെടുക്കുന്നത്

(ചരിത്രവത്കരിക്കുന്നത്). ഈ വേളയിൽത്തന്നെയാണ് ഷുക്കൂർ തന്റെ ഭൂതകാലത്തെക്കുറിച്ചുള്ള കൃത്യമായ ധാരണ വീണ്ടെടുക്കുന്നത്. നാട്ടിൽ തിരിച്ചെത്തിയ ശേഷം, ചില ഓർമകൾ തന്റെ ഓർമയിൽനിന്ന് സ്വാഭാവികമായും, ചിലപ്പോൾ ബോധപൂർവമായും മായ്ച്ചുകളഞ്ഞിരുന്നു. ഷുക്കൂറിന്റെതന്നെ പല അഭിമുഖങ്ങളിലും താനനുഭവിച്ച ദുരിതം ഭാര്യയോടുപോലും വിവരിച്ചു പറഞ്ഞിട്ടില്ല എന്നു പറയുന്നുണ്ട്. ഭാര്യ അതൊന്നും കേട്ടു വേദനിക്കേണ്ടയെന്ന ചിന്ത മൂലമാന്നെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

## ആടുജീവിതം രണ്ടാം ഘട്ടം

ഇങ്ങനെ ശേഖരിച്ച തെളിവു സംഭാഷണങ്ങളിൽനിന്നു തന്റെ ഭാവനകൂടി കലർത്തിയാണ് ആടുജീവിതത്തിന്റെ നറേറ്റീവ് ബെന്യാമിൻ പൂർത്തിയാക്കിയത്. ഈ നറേറ്റീവ് നോവൽ സാഹിത്യമായി മാറിയെങ്കിലും,അതിലെ കാതൽ മൂന്നുവർഷക്കാലം മരുഭൂമിയിൽ ആടുജീവിതം നയിച്ച ഷുക്കൂറിന്റെയും (നജീബ് ) സമാനരീതിയിൽ അടിമജോലിചെയ്യേണ്ടിവന്നവരുടെയും ജീവിതത്തിൽനിന്നു തന്നെയാണ് ബെന്യാമിൻ അടർത്തിയെടുക്കുന്നത്. ഒരു നോവലെന്നതിലുപരി, ആടുജീവിതം ഒരു ചരിത്രനോവലാണ്. മലബാർ കുടിയേറ്റത്തിന്റെ കഥാചരിത്രം പറഞ്ഞ പൊറ്റക്കാടിനെപ്പോലെ, ചരിത്രത്തെ കഥവത്കരിക്കുന്നതിലൂടെ ഒരു മനുഷ്യന്റെ ജീവചരിത്രത്തെ കഥാചരിത്രമാക്കിയിരിക്കുന്നു ബെന്യാമിൻ. ഷുക്കൂർ അങ്ങനെ ചെയ്തിരുന്നോ ഇല്ലയോ എന്നതിലല്ല കഥാചരിത്രവത്കരണത്തിലെ പ്രസക്തി. മറിച്ച്, കഥവത്കരിക്കപ്പെട്ട ചരിത്രത്തിലൂടെ, നജീബായ ഷുക്കൂറിലൂടെ നിങ്ങൾക്ക് ഒരു നിസ്സഹായന്റെ കുടിയേറ്റ / പ്രവാസചരിത്രത്തെ അനുഭവിക്കാൻ സാധിക്കുന്നുണ്ടോ എന്നതാണ്. ഇതിൽ ബെന്യാമിന്റെ ഭാവന ചരിത്രസംഭവങ്ങളെ വിട്ട് പ്രവർത്തിക്കുന്നത് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യമാണ്. എന്നിരുന്നാലും കേന്ദ്രബിന്ദുവായ ചരിത്രപ്രശ്നത്തിൽനിന്നു വിട്ടുമാറാതെ നില്ക്കുന്നതിലാണ് ആടുജീവിതം ചരിത്രനോവലായി മാറുന്നത്.

## ആടുജീവിതം മൂന്നാം ഘട്ടം

ഒരു ചരിത്രനോവലിന്റെ ചലച്ചിത്രാഖ്യാനമാണ് ബ്ലെസിയുടെ ആടുജീവിതം.



ആടുജീവിതം സിനിമയിലെ ഒരു രംഗം

**ഷുക്കൂർ അങ്ങനെ ചെയ്തിരുന്നോ ഇല്ലയോ എന്നതിലല്ല കഥാചരിത്രവത്കരണത്തിലെ പ്രസക്തി. മറിച്ച്, കഥാവത്കരിക്കപ്പെട്ട ചരിത്രത്തിലൂടെ, നജീബായ ഷുക്കൂറിലൂടെ നിങ്ങൾക്ക് ഒരു നിസ്സഹായന്റെ കുടിയേറ്റ / പ്രവാസചരിത്രത്തെ അനുഭവിക്കാൻ സാധിക്കുന്നുണ്ടോ എന്നതാണ്.**

ഇവിടെ മുഖ്യ ചരിത്രവിഷമായ ഷുക്കൂറിന്റെ (നജീബ്) ജീവിതംതന്നെയാണ് ചലച്ചിത്രത്തിന്റെ കേന്ദ്രബിന്ദുവായി നില്ക്കുന്നത്. ഇവിടെ സിനിമാറ്റിക് ഭാവന പ്രവർത്തിക്കുന്നത് സംഭാഷണങ്ങളിലൂടെയും അഭിനയശൈലിയിലൂടെയും അതിന്റെ സാങ്കേതികഘടകങ്ങളായ സംഗീതം,ശബ്ദം,സിനിമാറ്റോഗ്രാഫി എന്നിവകളിലൂടെയുമാണ്.



ബ്ലെസി

പ്രേക്ഷകരെ നജീബിനൊപ്പം മരുഭൂമിയിലെത്തിക്കുക എന്ന ശ്രമമാണ് ചലച്ചിത്രം നടത്തുന്നത്. ഒരു ദിവസം കൊണ്ടോ, ഒരു വർഷമെടുത്തോ നിങ്ങൾക്കു വായിക്കാവുന്ന നോവലിനെ 172 മിനിറ്റിലാക്കി കഥാചരിത്രവത്കരണം നടത്തുകയാണ് ചലച്ചിത്രംചെയ്യുന്നത്. ഒരു ഷോട്ടിൽനിന്നു അടുത്തതിലേക്ക് പോകുമ്പോൾ തുടർച്ചയായുള്ള അനുഭവം പ്രേക്ഷകർക്കു ലഭിക്കണമെന്നതാണ് സിനിമയുടെ ലക്ഷ്യം. ഇവിടെയാണ് സംശയങ്ങളില്ലാതെ നജീബിന്റെ കദനചരിത്രം പ്രേക്ഷകർ കണ്ടിറങ്ങുന്നത്.


മേൽപ്പറഞ്ഞ മൂന്നു ഘട്ടങ്ങളിലേക്ക് നമ്മുക്കൊന്നു വിശദമായി കണ്ണോടിക്കാം. 1993-ൽ ആണ് ഷൂക്കൂർ എന്ന ആറാട്ടുപുഴക്കാരൻ സൗദിയിലെത്തുന്നത്. അന്നുമുതൽ ഏകദേശം മൂന്നുവർഷക്കാലം വളരെ സിനിമാറ്റിക് ആയിട്ടുള്ള ഒരു ആകസ്മിക എയർപ്പോർട്ട് സംഭവത്തിലൂടെ അദ്ദേഹം മരുഭൂമിയിലെ അടിമ / ആട്ടിടയനായി മാറുന്നു. രണ്ടാമത്തെ നാഴികക്കല്ല് എന്നു പറയുന്നത് 1995-ൽ അദ്ദേഹം

മരുഭൂമിയിലൂടെ ഒന്നരദിവസം മരണഓട്ടം നടത്തി ജീവിതത്തിലേക്ക് തിരിച്ചെത്തി എന്നതാണ്. ഇതിനിടയിലുള്ള മൂന്നു വർഷക്കാലമാണ് ഷുക്കൂറിന്റെ ജീവചരിത്രത്തിലെ കറുത്തകാലം (dark age). ഈ കറുത്തകാലത്തെ കണ്ടെത്തുന്ന ശ്രമകരമായ ദൗത്യമായിരുന്നു നോവലിസ്റ്റ് ചരിത്രകാരന്റേത്. ഇത്രമാത്രം ദുരിതപൂർണമായ ഗൾഫ്ജീവിതം നജീബിനെ നിരാശപ്പെടുത്തുന്നില്ല. അടിമത്തകാലഘട്ടത്തിലെ ജീവിതത്തെ ഓർമ റദ്ദ് ചെയ്യലിലൂടെ അദ്ദേഹം വീണ്ടും ഗൾഫിലെത്തുന്നു. 90–കളിലെ ഒരു മലയാളിയുടെ സ്വപ്നത്തിൽ ഗൾഫ് എന്ന സ്വപ്നഭൂമി രണ്ടു ദശകത്തിലേറെയായി സൃഷ്ടിച്ച ചരിത്ര ഓർമയുടെ ഫലമാണ് നജീബിന്റെ ഗൾഫിലെ പുനരവതാരം. 2005–ൽ നജീബും നോവലിസ്റ്റ് ബെന്യാമിനും കണ്ടുമുട്ടുമ്പോൾ, ബെന്യാമിന്റെ പ്രവാസി–നോവൽസ്വപ്നം ഒരർഥത്തിൽ നജീബിന്റെ ഗൾഫ് സ്വപ്നത്തിനെ കടത്തിവെട്ടിയിരുന്നു എന്നുതന്നെ ഉറപ്പിക്കാം. സൗദിയിലെ ദുരന്തചരിത്രം മറക്കുവാൻ ആഗ്രഹിച്ച നജീബും ദൈവവും ഒരു മനുഷ്യനും മാത്രമായുള്ള കഥാസന്ദർഭത്തെ മനസ്സിൽ കനലായി കൊണ്ടുനടന്ന ബെന്യാമിനും കണ്ടുമുട്ടിയ ചരിത്രസന്ദർഭത്തിലാണ് ഷൂക്കൂർ നജീബും, ബെന്യാമിൻ ആടുജീവിതത്തിന്റെ എഴുത്തുകാരനുമായി മാറുന്നത്. തന്റെ മരുഭൂമിയിലെ ജീവിതം ഒരാടുജീവിതമായിരുന്നുവെന്ന് നജീബ് കണ്ടെത്തുന്നത് ബെന്യാമിന്റെ കഥാചരിത്രവത്കരണത്തിലൂടെയാണ്. അടിമത്ത ദുരിതകാലത്തെ മറന്നുതുടങ്ങിയ ചരിത്രപുരുഷൻ (ഷുക്കൂർ) നജീബാകുന്നതിന്റെ രൂപാന്തരീകരണം (metamorphosis) സംഭവിക്കുന്നത് ഒരേസമയം ഒരു നോവലിസ്റ്റും, ചരിത്രപ്രേമിയുമായ ബെന്യാമിനുമായുള്ള നിരന്തരസംഭാഷണത്തിലൂടെയാണ്. നോവലിസ്റ്റ്/ചരിത്രകാരൻ എന്ന് ബെന്യാമിനെ ഇവിടെ വിശേഷിപ്പിക്കുന്നത് ചരിത്രത്തിന്റെ കഥവത്കരണരീതിക്ക് പ്രാമുഖ്യംകൊടുത്തിട്ടുള്ള ഉത്തരാധുനിക ചരിത്രരചനാസമീപനത്തിനോടുള്ള ആഭിമുഖ്യംകൊണ്ടും, ചരിത്രമെന്നത് ചരിത്രലേഖനവിദ്യ എന്നതുമാത്രമല്ലെന്നും, അതിലെ ചിത്രചരിത്ര (Historiophoty) ആഖ്യാനരീതി കൂടിയാണെന്നും വാദിച്ച ഹെയ്ഡൻ വൈറ്റിന്റെ 'എംപ്ലോട്മെന്റ്' സിദ്ധാന്തത്തിനു ക്രെഡിറ്റ് കൊടുത്തുമാണ്. ചരിത്രമെന്നത്, കാലഗണന ക്രമമനുസരിച്ച് എഴുതുന്ന ഒരു സ്റ്ററ്റിസ്റ്റിക്കൽ ആഖ്യാനമാണെങ്കിൽക്കൂടി അതിൽ അന്തർലീനമായി ഉൾക്കൊള്ളുന്ന വികാര/വിചാരങ്ങളെ തെളിയിക്കണമെങ്കിൽ ചരിത്രകാരൻ ഒരു സാഹിത്യപ്രവർത്തനംതന്നെയാണ് നടത്തുന്നതെന്നതാണ് വൈറ്റിന്റെ ഹിസ്റ്റോറിയോഫോട്ടിയുടെ കാതൽ. ഏതൊരു ചരിത്രകാരന്റെ പാഠത്തിലും വികാരങ്ങൾ/വിചാരലോകങ്ങൾ വരുന്നുണ്ടെങ്കിലും അതിനെയൊക്കെ കാരണങ്ങൾ,സംഭവങ്ങൾ,ഫലങ്ങൾ എന്ന ശ്രേണീകരണത്തിലൂടെ വസ്തുനിഷ്ഠ വിവരണമാക്കാനാണ് ചരിത്രകാരൻമാർ ശ്രമിക്കുന്നത്. ഈ ശ്രമത്തിൽ വസ്തുനിഷ്ഠത വന്നുകൊള്ളുമെന്നും, ഭാവനയ്ക്ക് അതിൽ ഒരു രീതിശാസ്ത്ര പ്രവിശ്യ ഇല്ലയെന്നുമാണ് ചരിത്രകാരന്മാർ വാദിക്കുന്നത്. അവരുടെ വാദത്തിൽ സത്യമുണ്ട് / മിഥ്യയുമുണ്ട് എന്ന തിരിച്ചറിവിലാണ് ഹെയ്ഡൻ വൈറ്റിന്റെ കൂട്ടാളികളായ റോബർട് റോസൺ സ്റ്റോൺ, നതാലി സിമോൺ ഡേവിസ്, മാർക് ഫെറോ, പിയേറി സോർലിൻ എന്നീ ചരിത്രകാരന്മാർ സിനിമാചരിത്രപ്രതിനിധീകരണ സാധ്യതകളെ കണ്ടെത്തുവാൻ ശ്രമങ്ങൾ നടത്തിയത്.



↘ ഡോ. സെബാസ്റ്റ്യൻ ജോസഫും, നജീബും

**ഇത്രമാത്രം ദുരിതപൂർണമായ ഗൾഫ് ജീവിതം നജീബിനെ നിരാശപ്പെടുത്തുന്നില്ല. അടിമത്തകാലഘട്ടത്തിലെ ജീവിതത്തെ ഓർമ റദ്ദ് ചെയ്യലിലൂടെ അദ്ദേഹം വീണ്ടും ഗൾഫിലെത്തുന്നു. 90–കളിലെ ഒരു മലയാളിയുടെ സ്വപ്നത്തിൽ ഗൾഫ് എന്ന സ്വപ്നഭൂമി രണ്ടു ദശകത്തിലേറെയായി സൃഷ്ടിച്ച ചരിത്ര ഓർമയുടെ ഫലമാണ് നജീബിന്റെ ഗൾഫിലെ പുനരവതാരം.**




## ആടുജീവിതം: ഓർമിച്ചെടുക്കലും വീണ്ടെടുക്കലും

ഷുക്കൂർ ടു നജീബ് യാത്രയിലെ ആദ്യ സ്റ്റേജായിരുന്നു ബെന്യാമിൻ – ഷുക്കൂർ കണ്ടുമുട്ടലുകളും അഭിമുഖങ്ങളും. ഈ കാലത്ത് ഷുക്കൂർ തന്റെ ചരിത്രത്തെ ഓർത്തെടുക്കുകയും(recollection) ബെന്യാമിൻ തന്റെ നോവലിനുവേണ്ടി ഷുക്കൂറി

ന്റെ ചരിത്രത്തെ വീണ്ടെടുക്കുകയും (reclaim) ചെയ്യുകയായിരുന്നു. ബെന്യാമിന്റെ അഭിമുഖങ്ങളിലൂടെ നാം മനസ്സിലാക്കുന്ന എട്ടുമാസക്കാലം നീണ്ട അഭിമുഖങ്ങളാണ് ബെന്യാമിന്റെ ഓർമ-ചരിത്ര-ഗവേഷണ കാലഘട്ടവും ഷുക്കൂറിന്റെ ലൈഫ് സ്റ്റോറി തിരയൽ കാലഘട്ടവും നേർക്കുനേർ കാണുന്നത്. തന്റെ തൊടിക്കപ്പുറത്ത് ഒരു പുരാരേഖാ അവശേഷിപ്പുണ്ടെന്ന വിശ്വാസമാണ് ബെന്യാമിനെ ഷുക്കൂറിന്റെ അടുത്തെത്തിക്കുന്നതും ഷുക്കൂറിനെ മറന്നിട്ടുപോയ ഓർമകളെ തിരിച്ചുപിടിക്കാൻ പ്രചോദനമാകുന്നതും. നജീബിനെ ബെന്യാമിനു കാട്ടിക്കൊടുത്ത സുനിൽ എന്ന വ്യക്തി ഇവിടെ ഒരു നിമിത്തം മാത്രമായി മാറുകയായിരുന്നു.

## കണ്ണുകളിൽ കത്തുന്ന ചരിത്രം

ഏപ്രിൽ 7ാം തീയതി നജീബുമായി അദ്ദേഹത്തിന്റെ ഭവനത്തിൽ നടത്തിയ അഭിമുഖ വേളയിൽ അദ്ദേഹത്തിന്റെ ചുവന്നു കലങ്ങിയ കണ്ണുകൾ എന്നോട് ചരിത്രം പറയുന്നതായി തോന്നി. ഒരു മനുഷ്യന്റെ ദുരിതാനുഭവങ്ങളെ പേറുന്ന കണ്ണുകൾ എന്നെനിക്കു തോന്നിയിതിലും അപ്പുറത്തായിരുന്നു അദ്ദേഹത്തിന്റെ രണ്ടു കണ്ണുകൾ മരുഭൂമിചരിത്രത്തിന്റെ ദൃക്സാക്ഷികളായി മാറിയതെന്ന വാസ്തവം. നജീബിന്റെ കണ്ണുകൾ കാലത്തെയും സമയത്തെയും മറന്ന മനുഷ്യന്റെ ചരിത്രം വിളിച്ചോതുന്ന ചരിത്രദത്തങ്ങളാണ് , അല്ലെങ്കിൽ ജീവനുള്ള പുരാവസ്തുക്കളാണ്. അഭിമുഖത്തിൽ നജീബ് പറഞ്ഞത് തുടർച്ചയായുള്ള മണൽക്കാറ്റടിച്ച് കണ്ണുകൾ രക്തമയമായി എന്നാണ്. വൈദ്യശാസ്ത്രത്തിനു സൗഖ്യമാക്കാൻസാധിക്കാത്ത ചരിത്രംപേറുന്ന കണ്ണുകളായി അവ മാറിയിരിക്കുന്നു. ആടുജീവിതം എന്ന ചലച്ചിത്രത്തിൽ, നോവലിനു സാധിക്കുന്നതിലും കൂടുതൽ തീവ്രതയോടുകൂടി നജീബിന്റെ (പൃഥ്വിരാജിന്റെ) കണ്ണുകൾ നമ്മോട് സംസാരിക്കുന്നുണ്ട്. ഇതിന് സാക്ഷ്യംവഹിച്ച ആടുകളുടെയും ഒട്ടകങ്ങളുടെയും കണ്ണുകൾ കഥാപാത്രങ്ങളായി ചലച്ചിത്രത്തിൽ മാറുന്നുണ്ട്. സിനിമയിൽ ഫോക്കസ് ചെയ്യുന്നില്ലെങ്കിലും എത്രയോ ആടുകണ്ണുകൾ മനുഷ്യന്റെ ആടുജീവിതം കണ്ടിട്ടുണ്ട്. ഒരു ഒട്ടകത്തിന്റെ കണ്ണുകളിൽത്തെളിയുന്ന നജീബിന്റെ മുഖം സിനിമ സൃഷ്ടിക്കുന്ന മൃഗവീക്ഷണകോൺതന്നെയാണെന്നതിൽ തർക്കമുണ്ടാവില്ല. സിനിമാറ്റോഗ്രാഫിയുടെ സാധ്യതയും ക്രിയാത്മക ചരിത്രവത്കരണവും ചലച്ചിത്ര ചരിത്രാഖ്യാനത്തിന്റെ വിസ്മയ സാധ്യതകളെയാണ് ആ രംഗങ്ങളിൽ പ്രതിഫലിപ്പിക്കുന്നത്. ഒട്ടകത്തിന്റെ കണ്ണുകളിൽ പ്രതിഫലിക്കപ്പെട്ട നജീബിന്റെ ഭീകരരൂപവും ഭാവവും പ്രേക്ഷകരുടെ കണ്ണുകളിൽ ഉണ്ടാവേണ്ട ചരിത്രാനുഭവ പ്രതീതിതന്നെയാണ്. മാനവചരിത്രത്തെ വീക്ഷിക്കുന്ന മൃഗവീക്ഷണങ്ങളെ ഈ ചലച്ചിത്രം പ്രതിഫലിപ്പിക്കുമ്പോഴും, അതിന്റെ ചരിത്രാനുഭവത്തിന്റെ കാതൽതന്നെയാണ് ആടുജീവിതമെന്ന നോവലിന്റെ സിനിമാറ്റിക് ഭാവനയെ ആഗോളവത്കരിക്കുന്ന സൈദ്ധാന്തിക മാനം.


## ചരിത്രത്തിന്റെ ത്രിമാനസാധ്യത

ഒരു പ്രവാസിയുടെ ഗൾഫ് കുടിയേറ്റ ചരിത്രത്തെയും കബളിപ്പിക്കലിനെയും മരുഭൂമിയിലെ ദുരന്തകാലത്തെയും അദ്ഭുതകരമായ രക്ഷപെടലിനെയുമാണ് ആടുജീവിതം ഒരു ചരിത്രനോവൽ എന്ന നിലയ്ക്ക് തെളിയിക്കുന്ന യാഥാർഥ്യങ്ങൾ. ഇതിലെ മുഖ്യ ചരിത്രകഥാപാത്രം ഇപ്പോൾ നമ്മുടെ മുമ്പിൽത്തന്നെയുണ്ട്. അദ്ദേഹത്തിന്റെ ജീവചരിത്രം മുഖ്യവിഷയമായി നോവലെഴുതിയ എഴുത്തുകാരനും നമ്മുക്കൊപ്പമുണ്ട്. ഇതിനെ ജനപ്രിയ ചലച്ചിത്രമാക്കിയ ബ്ലെസിയും നമ്മുടെ ഇടയിൽത്തന്നെ ജീവിക്കുന്നു. ഷുക്കൂർ എന്ന ചരിത്ര പുരുഷനിൽനിന്നു തെളിവുകൾ ശേഖരിക്കുവാൻ ഏതൊരു ചരിത്രകാരനും സാധ്യമാണ്, കാരണം അയാൾ ജീവിക്കുന്ന പ്രാഥമിക ചരിത്രദത്തം കൂടിയാണ്. ഈ പ്രാഥമികദത്തത്തെ അഭിമുഖംനടത്തിയ ബെന്യാമിനുമായും നമുക്കു സംവദിക്കാം. ചലച്ചിത്രകാരൻ ബ്ലെസിയുമായും ചലച്ചിത്ര ചരിത്രവത്കരണത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ ചോദിച്ചറിയാം. ഒരു പ്രവാസിയുടെ ചരിത്രലോകത്തിലേക്ക് വിമർശകമായ ഒരു ഊളിയിട്ടിറങ്ങൽ സാധ്യമാക്കുന്ന ത്രിമാന പുനഃപരിശോധന സാധ്യമാക്കുന്ന ചരിത്രമാണ് ഷുക്കൂർ / നജീബിന്റേത്. നജീബിന്റെ ആത്മകഥാപരമായ ഓർമകളെ നോവലിസ്റ്റിന്റെ ഭാവനയിലൂടെ എഴുത്തിന്റെയും വായനയുടെയും ഓർമലോകത്തെയാണ് സൃഷ്ടിച്ചെടുത്തത്. നോവൽ ഒന്നാംഘട്ടത്തിൽ വീണ്ടെടുത്ത ആത്മകഥാപരമായ ഓർമകളെ, കുറെവർഷങ്ങളായുള്ള വായനകളിലൂടെയും നിരൂപണ-പഠനങ്ങളിലൂടെയും

**ഒരു മനുഷ്യന്റെ ദുരിതാനുഭവങ്ങളെ പേറുന്ന കണ്ണുകൾ എന്നെനിക്കു തോന്നിയിതിലും അപ്പുറത്തായിരുന്നു അദ്ദേഹത്തിന്റെ രണ്ടു കണ്ണുകൾ മരുഭൂമിചരിത്രത്തിന്റെ ദൃക്സാക്ഷികളായി മാറിയതെന്ന വാസ്തവം. നജീബിന്റെ കണ്ണുകൾ കാലത്തെയും സമയത്തെയും മറന്ന മനുഷ്യന്റെ ചരിത്രം വിളിച്ചോതുന്ന ചരിത്രദത്തങ്ങളാണ് , അല്ലെങ്കിൽ ജീവനുള്ള പുരാവസ്തുക്കളാണ്.**

↘ അമല പോൾ





ബെന്യാമിൻ

സംവാദങ്ങളിലൂടെയും സാധാരണ ദൈനംദിന പറച്ചിലുകളിലൂടെയും മലയാളിയുടെ പ്രവാസ–ചരിത്ര–ഓർമ ക്കൂട്ടത്തിലേക്ക് ഒരു വ്യത്യസ്ത സാമൂഹിക ഓർമത്തുരുത്തായി മാറുകയായിരുന്നു. സർവകലാശാലകളിലും മറ്റു സിലബസ്സിലേക്കും പഠനവിഷയമായി മാറിയ ആടുജീവിതം അധ്യാപക-വിദ്യാർഥിസമൂഹത്തിൽ അധ്യയനത്തിനും പഠന/പരീക്ഷകൾക്കുമപ്പുറം നിർമിച്ചെടുത്തതും പ്രവാസിലോകത്തെക്കുറിച്ചുള്ള ഓർമകളായിരുന്നു. മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളും പ്രവാസികളായുള്ള വിദ്യാർഥികൾ അവരെക്കുറിച്ചുള്ള ഓർമയിലേക്ക് തുന്നിച്ചേർത്ത ചരിത്രമായി മാറി നജീബിന്റെ ആടുജീവിതം. ഇങ്ങനെയെത്രയോ പേരുടെ സ്വകാര്യ ഓർമവത്കരണത്തിലൂടെ സൃഷ്ടിച്ച സാമൂഹിക ഓർമയാണ് പിന്നീട് ചലച്ചിത്രമായി മാറുന്നത്, ബ്ലെസിയിലൂടെ, പൃഥ്വിരാജിലൂടെ. ഇതിനെല്ലാം തുടക്കംകുറിച്ചത്, ഷുക്കൂർ / ബെന്യാമിൻ അഭിമുഖങ്ങളായിരുന്നു.

## ചരിത്രത്തിന്റെ സംക്ഷേപിക്കലും പരത്തലും

നജീബിന്റെ വാമൊഴിചരിത്രസാക്ഷ്യങ്ങൾ, ബെന്യാമിനുമായി പങ്കിടുമ്പോൾത്തന്നെ അയാളുടെ ദൈനംദിനചരിത്രം സംക്ഷേപിക്കലിനു പാത്രീഭവിക്കുന്നുണ്ട്. രാവിലെ ഞാൻ ആടിനെ മേയ്ക്കാൻപോയി എന്ന ഓർമിച്ചെടുക്കലിൽ, നജീബ് ഒരു വടിയെടുക്കുന്ന രംഗമോ, ആടുകളെ ക്രമമായി തുറന്നുവിടുന്നതോ ഒരു സീരിയൽ ക്രമത്തിൽ അദ്ദേഹം പറയേണ്ടതില്ല. അതായത് ദൈനംദിനചരിത്രത്തിന്റെ കുറുക്കൽ അദ്ദേഹം നോവലിസ്റ്റുമായി നടത്തിയ അഭിമുഖത്തിൽ സംഭവിക്കുന്നുണ്ട്. ഇതിന്റെ യുക്തിപരമായ പരത്തൽ (വിടർത്തൽ) നോവലിലും സിനിമയിലും സംഭവിക്കുന്നുണ്ട്. രണ്ടിലും രണ്ടു രീതിയിലാണെങ്കിലും. നോവലിൽ ഈ മരുഭൂമി അനുഭവം വാക്കുകളിലൂടെ സംഭവിക്കേണ്ട അനുഭവരസമാണ്. അവിടെ കുറച്ചു വിശദമായിത്തന്നെ നജീബിന്റെ പ്രവർത്തനങ്ങളെയും, സന്ദർഭങ്ങളെയും, വിചാരങ്ങളെയുമൊക്കെ മസറയുടെയോ മരുഭൂമിയുടെയോ പശ്ചാത്തലത്തിൽ വിവരിക്കേണ്ടതുണ്ട്. നജീബിന്റെ സാക്ഷ്യപ്പെടുത്തലുകൾ കാമ്പായി നിൽക്കുമ്പോഴും കഥപറച്ചിലിന്റെ രീതിശാസ്ത്രത്തിനനുസൃതമായി നജീബിന്റെ ലോകത്തെ വിവരിക്കുന്നത് വായനക്കാരുടെ അനുഭവത്തിനും തുടർഭാവന കാണലിനും അവസരമൊരുക്കുവാനാണ്. നജീബിന്റെ ജീവചരിത്രത്തിന്റെ മൂല്യം വായനക്കാരുടെ മനസ്സിൽ ഉണ്ടായാലേ നോവലിന്റെ ചരിത്രപരത അനുഭവതലത്തിൽ എത്തിക്കുവാൻ പറ്റൂ. ചലച്ചിത്രത്തിൽ ആവിഷ്കരിക്കപ്പെടുന്നത് സൂക്ഷ്മമായി തിരഞ്ഞെടുക്കപ്പെട്ട ചരിത്രസന്ദർഭങ്ങളുടെ പരത്തലാണ്. നജീബ് പറഞ്ഞ സാക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന നോവലിന്റെ പരത്തൽ ചലച്ചിത്രത്തിൽ സാധ്യമാക്കുന്നത് ചില സവിശേഷ ഭാവങ്ങളുടെയും, വികാരങ്ങളുടെയും, സംഭവങ്ങളുടെയും ദൃശ്യ-ശ്രാവ്യ സാങ്കേതികയിലൂന്നിയുള്ള വികാസമാണ്. ഇത് ഒരോ ഷോട്ടിലൂടെ നിശ്ചിത സമയത്തിനുള്ളിൽ സംഭവിക്കേണ്ട പെട്ടെന്നുള്ള അർഥവിനിമയം സാധ്യമാക്കുവാനാണ്. നോവലിൽ തിരിച്ചുംമറിച്ചും വായിച്ച് കഥാഭാഗത്തിന്റെ പൊരുൾ വായനക്കാർക്ക് മനസ്സിലാക്കാം. ചലച്ചിത്രത്തിൽ പ്രേക്ഷകന് ഒരോ സെക്കൻഡിലും അർഥം മനസ്സിലാകേണ്ടതുണ്ട്. മൂന്നു മണിക്കൂറിൽ നജീബ് ഒരു വർഷത്തോളമെടുത്തു പറഞ്ഞ ജീവിതാനുഭവങ്ങളും, ബെന്യാമിന്റെ 300 പുറങ്ങളിലുള്ള വിവരിക്കലും ചലച്ചിത്രത്തിന് കാഴ്ചാനുഭവത്തിലൂടെ പ്രേക്ഷകർക്ക് തെളിയിച്ചുകൊടുക്കണം. ദൈനംദിന ജീവിതത്തിന്റെ സൂക്ഷ്മതയെത്തന്നെയാണ് ചലച്ചിത്രം വിവിധ രംഗങ്ങളിലൂടെ വികസിപ്പിക്കുന്നത്. ഇവിടെയാണ്, ദൈനംദിന ജീവിതത്തെ മ്യൂസിയവത്കരിച്ച ആർക്കൈവുകളായ നജീബിന്റെ ഭാഷണങ്ങളും ബെന്യാമിന്റെ വാക്കുകളും അതിന്റെ ചലച്ചിത്ര ചരിത്രാനുഭവമായി പരിണമിക്കുന്നത്. ബെന്യാമിനും നജീബും ഒറ്റയ്ക്കൊറ്റയ്ക്ക് വീണ്ടെടുത്ത ചരിത്രജീവിതത്തെ ചലിപ്പിക്കുന്ന കഥാചരിത്രമാക്കി മാറ്റുന്ന ചലച്ചിത്രം കൂട്ടുപ്രവർത്തനത്തിലൂടെയാണ് ഇതു സാധ്യമാക്കുന്നത്. ഇവിടെ മുഖ്യസ്ഥാനത്തു നില്ക്കുന്ന സംവിധായകനും, തിരക്കഥാകൃത്തിനും കഥാകാരനും അഭിനേതാക്കൾക്കും ഒപ്പം നിരവധി സാങ്കേതികപ്രവർത്തകരുടെ ഇടപെടലുകൾകൂടി നടക്കുമ്പോഴാണ് ചലച്ചിത്രം ചരിത്രമായി മാറുന്നത്. ഈ ചലച്ചിത്രത്തിന്റെ വേഷാലങ്കാരം ചെയ്ത സംവിധായക പറയുന്നതുപോലെ ഒരു ഷോട്ടിൽ ഉടുപ്പിൽവീണ വെള്ളം വരുത്തിയ പാടുകളും അടയാളങ്ങളും കാലക്രമത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ ചലച്ചിത്രത്തിന് അതേ വസ്ത്രത്തിൽനിന്നുണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഒരു ഷർട്ടിൽനിന്നു അടർന്നുവീണ ബട്ടൻസു പോലും കഥാപാത്രമായി മാറുകയാണ് ചലച്ചിത്രത്തിൽ. അതുപോലെത്തന്നെയാണ് അച്ചാറുകുപ്പിയിൽനിന്നു നജീബ് പെറുക്കിയെടുക്കുന്ന കഷണങ്ങളും. അച്ചാറും അച്ചാറിന്റെ ഗന്ധവും പ്രേക്ഷകർക്ക് അനുഭവരസത്തിന്റെ ആക്കംകൂട്ടുന്ന വസ്തുക്കളായി മാറുകയാണ് ചലച്ചിത്രത്തിൽ.

## ചരിത്രപുരുഷൻ പ്രേക്ഷകനായി മാറിയപ്പോൾ

സാധാരണമായി ബയോപിക്കുകളി

ലെ ചരിത്രപുരുഷന്മാർ വീരനായകന്മാരാണ്. പഴശ്ശിരാജാവിനോ, മഹാത്മാ ഗാന്ധിക്കോ അവരുടെ ബയോപിക്കുകൾ കാണുവാൻ സാധിച്ചിരുന്നില്ല. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ ചില രംഗങ്ങളിൽ അവർ വികാരധീനരാവുമായിരുന്നു. ആടുജീവിതത്തിലെ ചരിത്രപുരുഷൻ ഇന്ന് നമ്മോടൊപ്പം ജീവിക്കുന്നു. ഈ ജീവിതത്തെ ഒപ്പിയെടുക്കാൻ ധാരാളം ആധാരരേഖകളോ, മറ്റു ഗ്രന്ഥങ്ങളോ ഇവിടെയില്ല. അയാൾതന്നെ ജീവിക്കുന്ന രേഖയായി നമുക്കുമുന്നിൽ നില്ക്കുന്നു. അയാളുടെ കലങ്ങിച്ചുവന്ന കണ്ണുകൾതന്നെ നമ്മോട് ചരിത്രം വിളിച്ചുപറയുന്നു. അയാൾതന്നെ തന്റെ ജീവിതത്തെ ആസ്പദമാക്കി നിർമിച്ച ചലച്ചിത്രം ഒരു പ്രേക്ഷകനായി കാണുന്നു. നജീബുമായി (ഷുക്കൂർ) നടത്തിയ അഭിമുഖത്തിൽ അദ്ദേഹം പറയുന്നുണ്ട്, ചില രംഗങ്ങൾ കണ്ടപ്പോളുണ്ടായ വികാരത്തെ അതിജീവിക്കാൻ കഴിഞ്ഞില്ലെന്ന്. തന്റെ ഭാര്യയുടെ പേരുവിളിച്ച് ഉറക്കെ കരയുമ്പോളും, രക്ഷപ്പെടുന്നതിന് തൊട്ടുമുൻപ് ഇട്ട പാന്റ്സ് ഊരിപ്പോയപ്പോൾ കെട്ടിവച്ചതുമൊക്കെ തീയറ്ററിൽക്കണ്ട് പ്രേക്ഷകർക്കൊപ്പം കരഞ്ഞ നജീബ് തന്റെതന്നെ ചരിത്രസിനിമയുടെ പ്രേക്ഷകനായി മാറുകയായിരുന്നു. താൻ മറക്കാനാഗ്രഹിച്ച ചരിത്രനിമിഷങ്ങളെ വീണ്ടും വീണ്ടെടുക്കാൻ അദ്ദേഹത്തിനു സാധിച്ചപ്പോൾ, കേരളസമൂഹവും പ്രവാസജീവിതത്തിന്റെ ദുരിതജീവിതങ്ങളെ നേരിൽക്കണ്ടെന്നതുപോലെ അനുഭവിക്കുകയായിരുന്നു. ഇവിടെ സംഭവിച്ചത് ചരിത്രാനുഭവത്തിന്റെ വീണ്ടെടുക്കലായിരുന്നു. ആടുജീവിതം നോവൽവഴിയാണ് നജീബിന്റെ കദനകഥ സ്വന്തം ഭാര്യപോലും പൂർണമായിട്ടറിയുന്നത്. ഒരാളുടെ ഓർമകളെ മറക്കാൻ ശ്രമിക്കുന്നത് കഴിഞ്ഞകാല ദുരിതങ്ങളുടെ ചരിത്രത്തെ ഇല്ലാതാക്കലാണ്. തന്റെ കുടുംബവുമൊന്നിച്ച് തന്റെ ചരിത്രജീവിതത്തെ തീയേറ്ററിൽ വീണ്ടും കാണുവാൻ സാധിച്ച നജീബ്, റോളാങ്ങ് ബാർത് പറഞ്ഞതുപോലെ തന്റെതന്നെ ചരിത്രത്തിന്റെ സാക്ഷിയായി മാറുകയായിരുന്നു. ആർക്കൈവിലെയോ മ്യൂസിയത്തിലെയോ ആധാരരേഖയോ, മറ്റു തെളിവുസാധനങ്ങളോ, അതിന്റെ ജീവിതലോകത്തിലേക്ക് കടന്നുകയറുന്നതുപോലെ. ഇവിടെയാണ് ചരിത്രം ചലച്ചിത്രത്തെ കാണുന്നത് , അല്ലെങ്കിൽ ചരിത്രപുരുഷൻ ആടുജീവിതത്തെ വീണ്ടും അനുഭവിക്കുന്നത്.

## ചലച്ചിത്രം സാധ്യമാക്കിയ ചരിത്രസാക്ഷരത

ചലച്ചിത്രം നജീബിന്റെ ആരാലും അറിയപ്പെടാതെ കിടന്ന ദുരിതജീവിത (ആടുജീവിതം) ഓർമകളെ സ്വകാര്യ ഓർമയിൽനിന്നു പൊതു സാമൂഹിക ഓർമയിലേക്ക് കൊണ്ടുവന്നിരിക്കുന്നു. സിനിമ റിലീസ് ആകുന്നതിനു മുമ്പും, അതിനു ശേഷവും നജീബിന്റെ ജീവചരിത്രത്തെ അന്വേഷിച്ചിറങ്ങിയവർ അനേകമാണ്. ഇത് ചരിത്രത്തിലുള്ള ഒരു കൗതുകം, അല്ലെങ്കിൽ മരുഭൂമിയിലെ അയാളുടെ ജീവിതം അറിയാനുള്ള ജിജ്ഞാസ എന്നിവമൂലം ഒരു കൂട്ട ചരിത്രത്തിരയിലിനു (collective searching for history) കാരണമായി. നജീബിന്റെ ഗൾഫ് യാത്രയ്ക്കു മുമ്പുള്ള ആറാട്ടുപുഴയിലെ ജീവിതം, അയാളുടെ വിവാഹം, കുടുംബം, എയർപ്പോർട്ടിൽ സംഭവിച്ച ആകസ്മികമായ സംഭവം, മരുഭൂമിയിലെ ദുരിതം, രക്ഷപ്പെടുവാനുള്ള രണ്ടുദിവസത്തെ നിർത്താതെയുള്ള ഓട്ടം, അവസാനം രക്ഷപെട്ട് ബത്തയിൽവന്ന ദിവസം, ജയിൽവാസവും പരേഡും, അവസാനം എയർ ഇന്ത്യയിൽ നാട്ടിലേക്കു തിരിച്ച യാത്ര, എന്നിവയൊക്കെയാണ് അയാളുടെ ജീവിതത്തിലെ സുപ്രധാന ചരിത്രസംഭവങ്ങൾ. ഇതു തിരയുന്ന കൂട്ടം, സ്വാഭാവികമായും പ്രവാസചരിത്രം, മരുഭൂമിജീവിതം, അടിമകളാക്കപ്പെട്ട മറ്റു ആട്ടിടയന്മാർ, എന്നിവയിലേക്കും എത്തപ്പെടുന്നു. നജീബിന്റെ ജീവിതത്തെ കേന്ദ്രബിന്ദുവിൽ നിറുത്തിയുള്ള ടി.വി,യുട്യൂബ്, സോഷ്യൽമീഡിയ ചർച്ചകളും, റീലുകളുമൊകെ ഒരു പൊതു ചരിത്രസാക്ഷരതവത്കരണത്തിനിടയാക്കി. യുട്യൂബിലും മററും വന്നിരിക്കുന്ന കമന്റുകൾ സൂക്ഷ്മമായി അപഗ്രഥനം ചെയ്താൽ, നജീബിന്റെ ആട്ടിടയജീവിതത്തെ ജനങ്ങൾ ഏറ്റെടുത്ത ചരിത്രസംഭവമായി നമുക്കു മനസ്സിലാക്കാം. ഈ ചലച്ചിത്രത്തിൽ (1:08:20 – 1:08:43) നജീബായിട്ട് വേഷമിട്ട പൃഥ്വിരാജ് തന്റെ രൂപമാറ്റം വാഹനത്തിന്റെ കണ്ണാടിയിൽക്കൂടി കണ്ട് ഞെട്ടുന്ന ഒരു രംഗമുണ്ട്. തങ്ങളുടെ വർത്തമാനത്തെ ഇല്ലാതാക്കുന്നത്, ചരിത്രമെന്ന കണ്ണാടിയെ ഇല്ലാതാക്കിയാണെന്ന വാസ്തവം സിനിമ പറയാതെ നമുക്കു കാണിച്ചുതരുന്നതും ഇവിടെത്തന്നെയാണ്. ആടുജീവിതങ്ങൾക്ക് ഇനിയുമെത്രയോ കഥകൾ (ചരിത്രങ്ങൾ) പറയാനുണ്ടിവിടെ. ●

**ചലച്ചിത്രം നജീബിന്റെ ആരാലും അറിയപ്പെടാതെ കിടന്ന ദുരിതജീവിത (ആടുജീവിതം) ഓർമകളെ സ്വകാര്യ ഓർമയിൽനിന്നു പൊതു സാമൂഹിക ഓർമയിലേക്ക് കൊണ്ടുവന്നിരിക്കുന്നു.**




*References:*

*ഷുക്കൂർ (നജീബ് ). അഭിമുഖം. ഏപ്രിൽ 7, 2024*

*ബെന്യാമിൻ. ആടുജീവിതം. ഗ്രീൻ ബുക്ക്സ്. 2008*

*ബ്ലെസി. ആടുജീവിതം (ചലച്ചിത്രം). 173 mts, 28/3/2024*



*(മേധാവി, എൻവയോൺമെന്റൽ ഹിസ്റ്ററി ആൻഡ് ആന്ത്രോപോസീൻ സ്റ്റഡീസ്, ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കളോജിക്കൽ സയൻസസ് (TIES) കോട്ടയം, കേരളം)*

• പീസ് കോർണർ •



കെ.പി.ഫാബിയാൻ

# സമൂഹമൈത്രി മാനുഷികതയുടെ വിളക്ക്



യോജിപ്പിനുപകരം പലപ്പോഴും സംഘർഷം വളർത്തുന്ന ധ്രുവീകരണത്തിന്റെ ആഗോള സംഭവങ്ങൾക്കു വിരുദ്ധമായി, രാഷ്ട്രീയത്തിന് സംസ്കാരത്തോടും പരസ്പര ആദരവോടുംകൂടി എങ്ങനെ വികസിക്കാമെന്നതിന്റെ വ്യക്തമായ ഓർമപ്പെടുത്തലായി ഇംഗ്ലണ്ടിലെ തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമായി പര്യവസാനിച്ചു. യാതൊരു അഭിപ്രായഭിന്നതയുമില്ലാതെ തിരഞ്ഞെടുപ്പ് ഫലം വേഗത്തിൽ പ്രഖ്യാപിക്കാൻ കഴിഞ്ഞു. തങ്ങളുടെ മണ്ഡലങ്ങളിലെ ഫലമറിയാൻ രാഷ്ട്രീയഭേദമെന്യേ സ്ഥാനാർഥികൾ ഒത്തുചേർന്നു. ജയിച്ചവർ എതിരാളികളെ ഹസ്തദാനം ചെയ്തുകൊണ്ട് ആത്മാർഥതയോടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നല്ല രീതിയിൽ പ്രചാരണം നടത്തിയതിന് ഉദാരമായി പ്രകീർത്തിച്ചു. ആരോപണങ്ങൾ, തർക്കങ്ങൾ, ആക്രമണങ്ങൾ എന്നിവയോടൊപ്പം തിരഞ്ഞെടുപ്പുകൾ നടക്കുന്ന ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമായി ഈ രംഗം നിലകൊള്ളുന്നു.

ധ്രുവീകരണം സങ്കീർണത നിറഞ്ഞ ഒരു പദമാണ്. വിവിധ സമൂഹങ്ങളിൽ ഇത് വ്യത്യസ്ത രൂപഭാവങ്ങളിൽ പ്രകടമാണ്. ഈ പദം ഭൗതികശാസ്ത്രത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതാണ്. അവിടെ ഈ പദത്തിന്റെ വേരുകൾ കാണാം. പിന്നീട്, ഇത് രാഷ്ട്രീയ സൈദ്ധാന്തികർ സ്വീകരിച്ച സംജ്ഞയാണ്. വരുമാനത്തിലുള്ള അസമത്വം, പ്രത്യയശാസ്ത്രപരമായ അന്തരം എന്നീ വിവിധ സ്രോതസ്സുകളിൽനിന്ന് ഉടലെടുക്കുന്ന സാമൂഹികവിഭജനത്തെയാണ് ഈ പദംകൊണ്ട് വിവക്ഷിക്കുന്നത്. അതിന്റെ ഉൾക്കാമ്പ് പ്രതിഫലിപ്പിക്കുന്നത് മറ്റുള്ളവരിലെ മനുഷ്യത്വത്തെ തിരിച്ചറിയാനുള്ള മനസ്സില്ലായ്മയെയോ കഴിവില്ലായ്മയെയോ ആണ്. അതുവഴി ഓരോ വ്യക്തിക്കും അർഹമായ അടിസ്ഥാന അവകാശങ്ങളും അന്തസ്സും ഇല്ലാതാവുന്നു. അത്തരം ധ്രുവീകരണത്തിന്റെ ഉദാഹരണങ്ങൾ തിരഞ്ഞെടുപ്പുപ്രക്രിയകളിൽ മാത്രം ഒതുങ്ങുന്നില്ല. പ്രത്യുത, ചരിത്രത്തിലുടനീളം, എല്ലാ ഭൂഖണ്ഡങ്ങളിലും ഇതുകാണാം. തെക്കേ ആഫ്രിക്കയിലെ വർണവിവേചനം മുതൽ പലസ്തീനിലും ഉക്രൈനിലും നടക്കുന്ന സംഘർഷങ്ങൾവരെ ഇതിനുദാഹരണമാണ്. മറ്റുള്ളവരുടെ മാനവികതയെ അംഗീകരിക്കാനുള്ള വൈമുഖ്യം മാനവികവും ധാർമികവുമായ വലിയ പ്രതിസന്ധി തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്.


പലസ്തീൻകാർ മനുഷ്യരിൽ താഴെയുള്ളവരാണെന്ന് ഇസ്രയേലിൽ പ്രസ്താവനയുണ്ടാകുമ്പോൾ അക്രമത്തിന്റെയും അനീതിയുടെയും ഒരു ദൂഷിതവലയംതന്നെയാണ് സൃഷ്ടിക്കപ്പെടുക. അതുപോലെത്തന്നെ വൻശക്തികൾ നയതന്ത്രതലത്തിലുള്ള ചർച്ചകൾക്ക് തയാറാകാത്തതും വിനാശകരമായ ഒരു സംഘർഷം കൂടുതൽ രൂക്ഷമാക്കുകയുണ്ടായി. പരസ്പരമുള്ള വെടിവയ്പിൽ ജീവൻ നഷ്ടപ്പെടുന്ന സാധാരണജനങ്ങളുടെ എണ്ണം അവഗണിക്കപ്പെടുന്നു. എന്നിരുന്നാലും, ധ്രുവീകരണം മറികടക്കാനാവാത്ത ഒന്നല്ലെന്ന് ചരിത്രം കാണിച്ചുതന്നിട്ടുണ്ട്. അടിമത്തത്തിന് എതിരെയുള്ള പ്രസ്ഥാനങ്ങൾ, സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾ, പൗരാവകാശ പ്രസ്ഥാനങ്ങൾ എന്നിവ മാറ്റം സാധ്യമാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. വ്യക്തികളും സമൂഹങ്ങളും സർവമനുഷ്യരുടെയും മൗലികമായ മാനുഷികതയെ അംഗീകരിക്കുകയും ആദരിക്കുകയും വഴിയാണ് ഇതു സാധ്യമാവുക. ഈ ഒരു പ്രതിബദ്ധത ഏറെ നിർണായകമാണ്.

രാഷ്ട്രീയം, പ്രത്യയശാസ്ത്രങ്ങൾ, അസമത്വങ്ങൾ എന്നിവയാൽ ധ്രുവീകരിക്കപ്പെട്ട ഒരു ലോകത്തിലൂടെ നാം യാത്ര ചെയ്യുമ്പോൾ ബ്രിട്ടീഷ് തിരഞ്ഞെടുപ്പിലൂടെ ലഭിച്ച പാഠം ഉജ്വലമായ ഒരു ഓർമപ്പെടുത്തലാണ്. സംസ്കാരത്തെയും പരസ്പരമുള്ള ആദരവിനെയും പൊതുവായ മാനവികതയെയും ആശ്ലേഷിക്കുകവഴി സമൂഹങ്ങൾക്ക് ധ്രുവീകരണത്തെ അതിജീവിക്കാനും ഏവർക്കും ശാശ്വതമായ ശാന്തിയും നീതിയും ലഭ്യമാക്കാനും വഴിയൊരുക്കുമെന്നു പ്രത്യാശിക്കാം. •

മൊഴിമാറ്റം: മാത്യു കുരിശുംമൂട്ടിൽ

# PaxLumina

A Quest for Peace and Reconciliation



For E- Reading (Free Access)
www.paxlumina.com

A bi-monthly published by
LOYOLA INSTITUTE OF PEACE AND INTERNATIONAL RELATIONS (LIPI),Kochi

**Nodal Platform for Peace and Reconciliation Network, JCSA**

Ponoth Road, Kaloor, Kochi-17, Kerala, India.
www.lipijesuits.org

EZHUTHU CHINTHIKKUNNA HRUDAYANGALKKU
VOL. 9 / ISSUE 10/ 2024 AUGUST / PRICE ₹ 40

Registered KL/EKM/746/2022-24
RNI REG. NO. KERMAL/2015/65234

MALAYALAM MONTHLY/ KOCHI
NO. OF PAGES: 76/ DATE OF PUBLICATION: 03-08-2024

Licence No. : KL/CR/EKM/WPP-2/2022-24 Licensed to Post Without Prepayment




Printed and Published by Binoy Jacob; On behalf of Loyola Peace Trust; Published from Loyola Research Institute of Peace and International Relations Ponoth Road, Kaloor, Kochi-7, Ernakulam. Printed at Sterling Print House Pvt. Ltd., Ponekkara, Cheranelore Road, Cochin-682041. Editor : Biju George